

ഒക്ടോബർ 2021
പുസ്തകം5/ലക്കം 4

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

**വിദ്യാരംഭം പതിപ്പ്**

**പുതിയ വിദ്യകളിലേക്ക് നമ്പൂതിരിയെ ഉപനയിക്കണം**

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

## ഇന്ത്യൻ ഫുട്ബോളിലെ നമ്പൂതിരി

Front inner
Kottakkal




Email: swasthitrimonthly@gmail.com

യോഗക്ഷേമസഭ കോഴിക്കോട്
ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5122 പൗഷം
കൊല്ലവർഷം 1196 മകരം ഗ്രീഷ്മ ഋതു

ചീഫ് എഡിറ്റർ
കൊയ്ത്തൊടി ചെറുമുക്ക് പരമേശ്വരൻ
മൊബൈൽ: 9072383651

അസോസിയേറ്റ് എഡിറ്റർ
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

മാനേജിംഗ് എഡിറ്റർ
വിനോദ് മങ്ങത്തായ 9895621493

അംഗങ്ങൾ
ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി 9496727616
വി.ഇ. നാരായണൻ നമ്പൂതിരി 9446372698

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471
ധനകാര്യം: നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
പരസ്യം & സർക്കുലേഷൻ
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
സംസ്ഥാന വൈസ് പ്രസിഡന്റ്
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9947196571
ജില്ലാ സെക്രട്ടറി
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337
വര: കൃഷ്ണൻ പാതിരിശ്ശേരി 9447884600

Yogakshemasabha Swasthi Trimonthly
Printed & Published by K.I. Vishnu Namboodiri on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Lekha Offset Printers, Kadalundi Road, Feroke, Calicut 673631, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017.
Editor K M Parameswaran
Vol No:5 Issue No: 3
For private circulation only.

ഡിസൈനിംഗ് :റീഡിഫൈൻ ഗ്രാഫിക്സ്,
കോയൻകോ ബസാർ, കോഴിക്കോട് -673001,
മൊബൈൽ: 9847941277, 9847907630



യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

2021 ഒക്ടോബർ
October
Kozhikode
Volume No: 5
Issue No: 4


# ധന്യമായ പ്രതികരണം

സ്വസ്തി വായനക്കാരുടെ വാട്ട്സ് അപ്പ് കൂട്ടായ്മയാണ് സ്വസ്തി വായനക്കൂട്ടം. ഇക്കഴിഞ്ഞ ഓണക്കാലത്ത് ആ ഗ്രൂപ്പിൽ ഒരു ചർച്ച നടന്നു. കാളൻ ഓലൻ തുടങ്ങി സദ്യയുടെ വിഭവങ്ങളെപ്പറ്റിയും നാക്കിലയിൽ അത് വിളമ്പേണ്ട ക്രമങ്ങളെപ്പറ്റിയും എല്ലാമായിരുന്നു ആ ചർച്ച. അതിനിടയിലാണ് ഒരു സർറിയലിസ്റ്റിക് ചിത്രം പോലെ ഒരു ഫോട്ടോ ആ ഗ്രൂപ്പിൽ വന്നു വീണത്.

കത്തിച്ചു വച്ച നിലവിളക്ക്. കഴുകിത്തുടച്ച നാക്കില. വാല് ഇടത്തോട്ട് ആക്കിയ പലക. വെള്ളം നിറച്ചു വച്ച കിണ്ടിയും. എന്നാൽ നാക്കിലയിൽ വിളമ്പിയതോ സ്വസ്തിയുടെ ഓണപ്പതിപ്പ്.! സ്വസ്തിപ്രവർത്തകരെ വല്ലാതെ സ്പർശിച്ച ഒന്നാണ് ഈ ദൃശ്യം. കക്കോടി ഉപസഭയിലെ പറമ്പിടി മനോജ് കുമാറാണ് നാക്കിലയിൽ സ്വസ്തി വിളമ്പിക്കൊണ്ട് വാട്ട്സ് അപ്പ് ഗ്രൂപ്പിൽ സർഗ്ഗാത്മകസദ്യ ഒരുക്കിയത്.

അതെന്തായലും ഓണപ്പതിപ്പിനെ നാടെങ്ങും നന്നായി സ്വീകരിച്ചു എന്നാണ് വിവിധ സ്ഥലങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാവുന്നത്. പുതുതായി അഞ്ഞൂറിലേറെ വരിക്കാരെയാണ് ഓണപ്പതിപ്പിലൂടെ ലഭിച്ചത്. നമ്പൂതിരിമാർ പുതിയ വിദ്യകൾ സ്വാംശീകരിക്കേണ്ടതിന്റെ ആവശ്യത ഈ വിദ്യാരംഭം പതിപ്പിലെ വിഭവങ്ങൾ സൂചിപ്പിക്കുന്നു.

നമ്പൂതിരിമാരുടെ ഉല്പന്നങ്ങളെയും സേവനങ്ങളെയും പരിചയപ്പെടുത്തുന്ന ഒരു സ്പെഷ്യൽ ഫീച്ചറാണ് ഈ ലക്കത്തിലെ പ്രത്യേകവിഭവം. നിരവധിപേരാണ് ഈ വിഷയത്തിൽ പ്രതികരിച്ചത്. അറയേങ്ങ നമ്പൂതിരി, ഇല്ലപ്പെരുമ തുടങ്ങിയ പതിവു വിഭവങ്ങളിലൊന്നായി സർവീസ് ആൻഡ് പ്രൊഡക്സ് കൂടി ഇനി എല്ലാ ലക്കത്തിലും ഉൾപ്പെടുത്താനിരിക്കുകയാണ്. ഇതും വായനക്കാർ സ്വീകരിക്കുമെന്ന പ്രതീക്ഷയിലാണ്.

ഒരു കുടുംബം പോലെ പ്രവർത്തിക്കുന്ന സ്വസ്തി ഈ ലക്കത്തോടെ അഞ്ചു വർഷം പിന്നിടുന്നു. വായനക്കാരും പരസ്യക്കാരും നൽകുന്ന അത്യുജ്ജ്വലമായ പിന്തുണയാണ് സ്വസ്തിയുടെ കരുത്ത്. അത് ഇനിയും ഉണ്ടാവണമെന്ന അഭ്യർത്ഥനയോടെ.

**പത്രാധിപർ**


പ്രതിനിധികൾ

ന്യൂഡെൽഹി: സിജു കുറിയേടം ശ്രീകുമാർ 9811905204/മുംബൈ പൻവേൽ: രവി തെക്കേടം 9867203567/ഗോവ: കൃഷ്ണൻ പുളിയശ്ശേരി 9765277893/പൂനെ: ദിനേശ് വിഷ്ണു 9923024959/ബംഗളൂരു: കൃഷ്ണപ്രസാദ് കെ.കെ. 9739342061ബഹറിൻ: ജിതിൻ വെള്ളിമുറ്റം 00993 36123 335 / യു.എ.ഇ: പാലയൂർ ശങ്കരനാരായണൻ +971504980513/കന്യാകുമാരി: ഗീതാനന്ദൻ വെൺമാറനല്ലൂർ 8300186475/തിരുവനന്തപുരം: അഭിജിത് അമുന്തുരുത്തി മഠം 7356062941/ആലപ്പുഴ: മുണ്ടോളി കളം വിഷ്ണു ബാബു 9946669124/വൈക്കം : ജയൻ പുതുമന 8330086062/എറണാകുളം: പുലിയന്നൂർ പ്രസാദ് നമ്പൂതിരിപ്പാട് 9400785628/തൃശൂർ: ഹരികുമാർ മൂസത് 7012416659/കുട്ടനല്ലൂർ പരിയാനമ്പറ്റ നാരായണൻ 9847668696/ഗുരുവായൂർ: മൂത്തേടം ആനന്ദ് 9846418181/പാലക്കാട് :രാമപ്രസാദ് നരിക്കാട്ടരി 9496234515/മലപ്പുറം: പ്രിജു കരിപ്പം 9895161042/കണ്ണൂർ: പുടയൂർ ജയനാരായണൻ 9544075519/കാഞ്ഞങ്ങാട് : വി.പി.ഹേമ ഗോശാല ഇല്ലം 9400802151

കോഴിക്കോട് ജില്ല പ്രതിനിധികൾ

ജില്ലാ ഓഫീസ് കോവൂർ : തിരുമംഗലം കൃഷ്ണൻ നമ്പൂതിരി 8848910238/കോഴിക്കോട്സിറ്റി: ശ്രീരേഖ മാടമന 9495178644/ചേവായൂർ: സന്തോഷ് തായാട്ട്: 7293751990/കണ്ണിപറമ്പ്: ലത തലപ്പണ 9747051050/പെരുമണ്ണ: രേഖ തരുപ്പ 7025662924/ഫറോക്ക്:രാമനുണ്ണി മുല്ലപ്പള്ളി 9947413193/മുക്കം: കൊല്ലോറ്റ ഉണ്ണിക്കൃഷ്ണൻ 8606208060/ചാത്തമംഗലം: കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951/ ഉച്ചക്കാവ്: സ്മിത ചെറുവക്കാട് 9495533013/താമരശ്ശേരി:കളം പ്രസാദ് 8848286062/രാമല്ലൂർ: തെഞ്ചേരി ഹരിനാരായണൻ :9847564517/കക്കോടി: പറമ്പിടി മനോജ് കുമാർ 9495039892/ ബാലുശ്ശേരി: കളം വേണുനാഥ് :8281984397/കൊയിലാണ്ടി: ഹനീഷ് എരഞ്ഞോളി 9446561754/വടകര: അമ്പിളിക്കുന്നം ഹരി :9400980039/മുയിപ്പോത്ത്: മുണ്ടോട്ട ഉണ്ണിക്കൃഷ്ണൻ :9446159842

# വിദ്യാരംഭം കരിഷ്യാമി


## വിദ്യാരംഭം പതിപ്പിലെ സ്പെഷ്യൽ ഫീച്ചർ
## പുതിയ വിദ്യകളിലേക്ക്
## നമ്പൂതിരിയെ ഉപനയിക്കണം പേജ് 16

പുതിയ മേഖലകളിൽ നിന്ന് ഊർജം കണ്ടെത്തുന്ന യുവജനങ്ങൾ പലർക്കും മാതൃകയാണ്. ഈ ലക്കം മുതൽ  സംരംഭകരെയും സംരംഭങ്ങളെയും പരിചയപ്പെടുത്തുന്ന പംക്തി ആരംഭിക്കുകയാണ് സ്വസ്തി.

## സർവീസ് ആൻഡ് പ്രൊഡക്ട്സ്
കോ ഓർഡിനേറ്റ് ചെയ്തത്
ജയൻ പഴങ്ങോട്ടു പൊറ്റ/
വി.പി. ഹേമ ഗോശാല ഇല്ലം




### ഒരു മഹാകാവ്യം പിറന്ന വിദ്യ
കൈതക്കൽ ജാതവേദൻ നമ്പൂതിരിയെപ്പറ്റി
ശ്രീജ പട്ടലൂർ / പേജ് 38

### ശരീരം ആശുപത്രിയ്ക്ക്
പാലേലി നാരായണൻ നമ്പൂതിരിയപ്പറ്റി
അനിയൻ പാലേലി മോഹനൻ / പേജ് 40

### യുക്തിവിചാരം
അച്ഛൻ താലികെട്ടുന്നതിലെ നമ്പൂതിരി യുക്തി
ബാണത്തൂർ വാസുദേവൻ
നമ്പൂതിരിപ്പാടുമായി സംസാരിച്ച്
എടവല്ല്യം ദാമോദര ശർമ്മ തയ്യാറാക്കിയത് /പേജ് 41

### കവർ സ്റ്റോറി
ഇന്ത്യൻ ഫുട്ബോളിലെ
ഐ ലീഗിൽ കളിക്കുന്ന
പതിനെട്ടുകാരൻ
ഹൃഷികേശ്
നമ്പൂതിരിയെക്കുറിച്ച്
പദ്മനാഭൻ നമ്പൂതിരി

### 3 അനുഭവങ്ങൾ
ഒടുവിൽ ഐസിയുവിൽ നിന്ന് ജീവനോടെ തിരിച്ചെത്തി
ഈശ്വരൻ പുതുമന എഴുതുന്നു / പേജ് 52
വേളി കഴിക്കണമെങ്കിൽ  മന്ത്രം മനഃപാഠമാക്കണം
പൊത്തോപ്പുറം കേശവൻ ജയന്തൻ / പേജ് 58
യാത്ര അയപ്പില്ലാതെ
വി.എം.ഹേന പരിയാനമ്പറ്റ / പേജ് 56



### മോക്ഷം കിട്ടിയ ബാലി
നെല്ലിയോട് വാസുദേവൻ നമ്പൂതിരിയ്ക്ക്
സ്വസ്തിയുടെ പ്രണാമം
പേജ് 5



### അറിയേണ്ട അന്തർജനം
നമ്പൂതിരി വിദ്യാലയത്തിന്റെ സന്തതി
മുട്ടത്തു കാട്ടിൽ മാമുണ്ണ്
പ്രിയദത്ത അന്തർജ്ജനം  പേജ് 11



### അറിയേണ്ട നമ്പൂതിരി
വടക്കുന്നാഥ സുപ്രഭാതം
ഈ നമ്പൂതിരിയുടേതാണ്
പെരുന്തലക്കാട് കേശവൻ നമ്പൂതിരി
പേജ് 34



### നമുക്കിടയിലെ പ്രതിഭ
ദേശീയ സംഗീത മത്സരത്തിൽ
ഒന്നാമതെത്തിയ കുട്ടി
അവണാവ് മനയിലെ ഗായത്രിയെപ്പറ്റി
സുബാഷ്  മുല്ലനേഴി  പേജ് 68



### സ്വസ്തി ഇന്റേൺഷിപ്പ്
എന്റെ അമ്മേടെ അമ്മാത്ത്
പാക്കനാരുടെ പലകയുണ്ട്
നിയതി ദർശൻ  പേജ് 64

### ഇല്ലപ്പെരുമ/ പി.കെ.വാര്യരുടെ ഇല്ലം
കോട്ടക്കൽ ആര്യവൈദ്യശാലയുടെ മാനേജിംഗ് ട്രസ്റ്റിയായിരുന്ന  നൂറുപിറന്നാൾ ഉണ്ട ആയുർവേദാചാര്യൻ ഡോ. പി. വാര്യരുടെ ഇല്ലമായ
കോടിത്തലപ്പണ ഇല്ലത്തെ പെരുമകളെപ്പറ്റി / പേജ് 46

ചെറുപ്പക്കാർക്ക് ഒരു ഉറക്കുഗുളിക
വിഷ്ണു തേൻകൂട് /പേജ് 61


ജില്ലാവാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, വായനക്കാരുടെ കത്തുകൾ തുടങ്ങി സ്ഥിരം പംക്തികളും



### സ്വസ്തി കുട്ടിക്കൂട്ടത്തിൽ

ഒരേ ഇല്ലത്തേക്ക്  മൂന്നാം വട്ടവും ഫുൾ മാർക്ക് ● ആര്യേന്ദു പരത ഇല്ലം/ഡിജിറ്റൽ ബന്ധങ്ങളും ഇൻറർനെറ്റ് പക്വതയും ● നന്ദകിഷോർ പാലിക ഇല്ലം/ലക്ഷ്യം 98.76% ലഭിച്ചത് 98.75% ● സാവിത്രി പാനാട്ട് ഇല്ലം/ തണുപ്പ് കാരണം കരഞ്ഞുപോയി ● ശ്രുതദേവ്  മേച്ചേരി മന / യു ട്യൂബ് ചാനലിലെ ദത്തന്റെ ക്രിയേഷൻസ് ● ദേവദത്തൻ ആലംപാടി /കണ്ണടയുടെ പവർ കൂട്ടേണ്ടി വന്നു(-3.5 ഉള്ളത് -5 ആയി) ● നവമി ഏഴിക്കോട് /കുളത്തിലെ കുഞ്ഞിമീൻ ● ആര്യ നാറണിയാട് എഴുതിയ കഥ / ഇവരുടെ ചിത്രങ്ങളും ● ആരാധ്യ പി ശ്രീരാജ് പഴയില്ലം ● ദേവമിത്ര മേലേടത്ത് ഇല്ലം ● ഭവ്യ എ ജി  പെരുന്തിട്ട കക്കാട് മന ● ധന്വന്ത് കെ. കോതാവൂർ ഇല്ലം ● ദേവപ്രിയ പൂത്രികോവിൽ ഇല്ലം ● ദീത്യ ഹരി  അണലക്കാട്ട് ഇല്ലം ● ശിവാനി ശ്രീജിത്ത്  ചെറുതയൂർ മന ● ശിവദ ശ്രീശൻ  പുതിയടം ഇല്ലം ● അനന്തകൃഷ്ണൻ പി പാക്കത്തില്ലം ● ഹരിശങ്കർ നമ്പൂതിരി കല്ലംവള്ളി ഇല്ലം ● നിവേദ്യ നമ്പൂതിരി  കൊട്ടില പാപ്പനോട്ട് ഇല്ലം

# മോക്ഷം കിട്ടിയ ബാലി

## നെല്ലിയോട് വാസുദേവൻ നമ്പൂതിരിയ്ക്ക് സ്വസ്തിയുടെ പ്രണാമം



കഥകളിയിലെ കുചേലമുഖമായിരുന്നു നെല്ലിയോട്. എന്നാൽ, ജീവിതത്തിന്റെ അവസാനഅരങ്ങിൽ ആ മുഖത്തു കണ്ടത് ബാലിയെ. മനസുകൊണ്ട് ബാലിയായി വേഷമിട്ടായിരുന്നു അന്ത്യം. ശ്രീരാമന്റെ കൈകൾ കൊണ്ടുള്ള മോക്ഷം. ഇങ്ങനെ വേറൊരാൾ ഉണ്ടാവില്ല.

പ്രകൃത്യാ സാത്വികനായ നെല്ലിയോടിന്റെ അരങ്ങത്തെ താമസ വേഷപ്പകർച്ച ആവോളമനുഭവിച്ചവരുണ്ട്. അവർ പോലും ആഗ്രഹിച്ചിട്ടുണ്ടാവുക ദാനവാരി മുകുന്ദനെ സാനന്ദം കണ്ടീടാൻ നാമം ജപിച്ച് നടന്നുനീങ്ങിയ വിപ്രനായി വിഷ്ണുലോകം പൂകുന്ന നടനെ കാണാനാവും. എന്നാൽ ദാനവാരിയുടെ അടുത്തേക്ക് മഹാനടനെത്തിയത് ബാലിയുടെ ഭാവത്തിൽ!!

താമസപ്രകൃതരിലും കണ്ടേക്കുമല്ലൊ ധർമ്മദീപ്ത വികാരങ്ങൾ. അവ കണ്ടെത്തി അവതരിപ്പിക്കാറുള്ള ജ്ഞാനിയായ കലാകാരന്റെ മനോധർമ്മമാവാം ഇതും. അല്ലെങ്കിൽ സ്വധർമ്മത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതെ ആടിത്തീർക്കുന്ന ജീവിതവേഷം അഴിച്ചുവെക്കുമ്പോൾ ധർമ്മവിഗ്രഹനായ രാമന്റെ തൃക്കൈകൊണ്ടുള്ള അഭിനന്ദനമാണ് വരേണ്യമെന്ന ബോധമാവാം. അരങ്ങൊഴിയും മുമ്പേയുള്ള ബാലിയുടെ കലാശമെങ്ങനെയാവണമെന്നു പോലും മനസ്സിൽ ദർശിച്ചിരുന്നു ഈ യോഗിവര്യൻ.

കളിവിളക്കിന്റെ വെളിച്ചമില്ല. ചുട്ടിയും ഉടുത്തുകെട്ടുമില്ല. ചെണ്ടയും വാദ്യവുമില്ല. പൊന്നാനിയും ശിങ്കിടിയുമില്ല. അരങ്ങും സദസ്യരുമില്ല. എന്നിട്ടും ബാലിയായി ഈ കലാകാരൻ! ശ്രീരാമനെത്തി മോക്ഷം നൽകാൻ!!

ഇങ്ങനെയായിരുന്നുവല്ലൊ ആ നിമിഷങ്ങൾ.

നിഷ്ഠയോടെ പരദേവതയെ പൂജിച്ചു. നേരം തെറ്റാതെ സന്ധ്യാവന്ദനം ചെയ്തു. ഗംഗാതീർത്ഥത്താൽ അമൃതാപിധാനം ചെയ്തു. മനസ്സിരുത്തി സഹസ്രനാമം ചൊല്ലി കുടുംബാംഗങ്ങളെ മാത്രം അടുത്തേക്കു വിളിച്ചു. എന്നിട്ടോ, അവരെ കാണികളാക്കി ഇഷ്ടവേഷമായ ബാലിയിലേക്കൊരു പരകായപ്രവേശം! പല കുറി വേദികളിലാടിയ ബാലിവധത്തിലെ ശ്രീവത്സവത്സ! രാമ! ശ്രീരാമ ചന്ദ്ര! ജയ ഗോവിന്ദ! മുക്തിം ദേഹി എന്ന പദം ചുണ്ടിൽ. അവസാനമായി അത് ആവിഷ്ക്കരിക്കുമ്പോൾ നടൻ പൂർണ്ണമായി കഥാപാത്രത്തോട് താദാത്മ്യപ്പെട്ടു.

ഗോവിന്ദാ.... മുക്തിം ദേഹി, ഗോവിന്ദാ.... മുക്തിം ദേഹി,ഗോവിന്ദാ.... മുക്തിം ദേഹി എന്ന് ആവർത്തിച്ചു കരഞ്ഞു കൊണ്ടേയിരുന്നു. സാവധാനം ആ ശബ്ദം നിലച്ചു, ശ്വാസവും. രാമപാദാരവിന്ദങ്ങളിൽ കലാജീവിതം സമർപ്പിച്ച പോലെ. അതുല്യനായ ആ പ്രതിഭയെ മര്യാദാപുരുഷോത്തമൻ പിടിച്ചുയർത്തിയത് അനശ്വര കലാകാരൻ എന്ന പദവിയിലേക്കാണ്. ഇന്നുവരെ ആരും കണ്ടിട്ടുണ്ടാവില്ല, ബാലിയുടെ പകർന്നാട്ടത്തിൽ അത്രയും ആത്മാർത്ഥമായ സമർപ്പണഭാവം. അത്രമേൽ വികാരനിർഭരമായ അരങ്ങൊഴിയൽ. മോഹിച്ചു പോവുന്ന മരണരംഗം. പുണ്യപാദർക്ക് മാത്രം സാധ്യമാവുന്ന സ്വച്ഛന്ദമരണം. നെല്ലിയോടാശാന്റെ ഈ മോക്ഷപ്രാപ്തിയുടെ കഥ ലോകമെന്നും വാഴ്ത്തും. വരും തലമുറയും ഇത് കേട്ട് വിസ്മയിക്കും. കഥകളിയെക്കുറിച്ച് ഒന്നുമറിയാത്തവർ പോലും നമിച്ചു പോവും. അരങ്ങത്തെ ജീവിതം പോലെത്തന്നെ അണിയറയിലേക്കുള്ള മടക്കവും. ധന്യ കലാജീവിതം. സാർത്ഥക ജന്മം. അതുല്യ കലാകാരന് സ്വസ്തിയുടെ ആദരം !

## കവർ സ്റ്റോറി

# ഇന്ത്യൻ ഫുട്ബോളിലെ നമ്പൂതിരി

### പാഠപുസ്തകത്തിൽ നിന്നല്ല പഠിച്ചത്

ഈ ചെറു പ്രായത്തിൽ തന്നെ ലോകത്തെ മികച്ച ഫുട്ബോൾ രാജ്യമായ ജർമ്മനി നോട്ടമിട്ടു ഹൃഷികേശിനെ. അതു കൊണ്ടാണല്ലോ ജർമ്മൻ ഫുട്ബോൾ അക്കാഡമിയിൽ നിന്ന് പരിശീലനം നേടാനായത്. നോർവീജിയൻ ക്ളബ്ബ് ഹൃഷികേശുമായി കരാറൊപ്പിട്ടത്. ഐ ലീഗിൽ കളിക്കാനിടയായത്.



**പദ്മനാഭൻ നമ്പൂതിരി**



വരുന്ന സീസണിൽ ഇന്ത്യൻ ഫുട്ബോളിന്റെ കളിക്കളത്തിൽ ഒരു നമ്പൂതിരിയുമുണ്ടാവും! ഹൃഷികേശ് നമ്പൂതിരി!! 2021- 22 സീസണിലെ ഐ ലീഗിലാണ് കളി. മിഡ് ഫീൽഡിൽ നിറഞ്ഞു കളിക്കേണ്ട ആക്രമണകാരി. വലിയ കരുത്തരോട് വേണം ഈ പതിനെട്ടുകാരൻ ഏറ്റുമുട്ടേണ്ടത്. സന്തോഷിക്കാം അയാളെയോർത്ത്. അഭിമാനിക്കാം ഈ നേട്ടത്തിൽ. പ്രാർത്ഥിക്കാം അയാൾക്കു വേണ്ടി.

ഫുട്ബോളിനു മേൽ കാലുയർത്തി വച്ച ആ ഉറച്ച പേശികൾ ഒന്നു കൂടി നോക്കുക. മാവേലിപ്പരുവത്തിൽ കുടവയറുള്ള കൺവെഷണൽ നമ്പൂതിരിയിൽ നിന്ന് വളരെയേറെ ദൂരമുണ്ട് ഹൃഷികേശിന്റെ പേശിപ്പെരുമയിലേക്ക്. ഈ ചെറു പ്രായത്തിൽത്തന്നെ ലോകത്തെ മികച്ച ഫുട്ബോൾ രാജ്യമായ ജർമ്മനി നോട്ടമിട്ടു ഹൃഷികേശിനെ. അതുകൊണ്ടാണല്ലൊ ജർമ്മൻ ഫുട്ബോൾ അക്കാഡമിയിൽ നിന്ന് പരിശീലനം നേടാനായത്. നോർവീജിയൻ ക്ളബ്ബ് ഹൃഷികേശുമായി കരാറൊപ്പിട്ടത്. ഐ ലീഗിൽ കളിക്കാനിടയായത്.

ആരാണ് ഹൃഷികേശ് നമ്പൂതിരി. തൃപ്പൂണിത്തുറയിലെ തൽപ്പണശ്ശേരി ഇല്ലത്തെ ഹരി നമ്പൂതിരിയുടെയും സരസ്വതിയുടെയും മകൻ. ശാന്തിക്കാരനായ അച്ഛൻ. വീട്ടമ്മയായ അമ്മ. അവരുടെ ഏകമകൻ.

പതിനെട്ടാം വയസ്സിൽ സീനിയർ കളിക്കാരനായി ഇന്ത്യൻ കളിക്കളത്തിൽ വലിയ കളിക്കാരോട് ഏറ്റുമുട്ടുമ്പോഴും പ്ളസ് വൺ പരീക്ഷയെഴുതുകയാണ് ഹൃഷികേശ്. അതേ, സ്വസ്തിക്കു വേണ്ടി വിളിക്കുമ്പോൾ പരീക്ഷക്കു വേണ്ടിയുള്ള പ്രിപ്പറേഷനിലായിരുന്നു.

പതിനെട്ടായപ്പോഴേക്കും സീനിയർ കളിക്കാരനായെങ്കിലും പ്ളസ്ടു കഴിഞ്ഞിട്ടില്ല. കളിയെ കാര്യമായെടുത്തപ്പോൾ അക്കാഡമിക് വർഷങ്ങൾ ചിലതു പിറകിലായി. പരീക്ഷയുടെ സമയത്ത് അതെഴുതാൻ പറ്റാതെ പോയി. സ്കൂളിന്റെ കാര്യത്തിൽ അങ്ങനെ ചില നഷ്ടങ്ങൾ. എന്നാൽ ആ നഷ്ടം ഫുട്ബോളിന്റെ നേട്ടമായി. ചെറിയ നഷ്ടങ്ങൾ

> ഏറ്റവും സന്തോഷം തോന്നിയ നിമിഷം
>
> **ജർമ്മനിയിൽ പോയി നന്നായി പെർഫോം ചെയ്യാൻ കഴിഞ്ഞ നിമിഷം. ഐ ലീഗിൽ കളിക്കാനായി തിരഞ്ഞെടുക്കപ്പെട്ടത് അറിഞ്ഞ നിമിഷം**




*നെറോക്ക ഫുട്ബോൾ ക്ളബിന്റെ ജേഴ്സിയണിഞ്ഞ് ഹൃഷികേശ് നമ്പൂതിരി*

## ദിനചര്യ

അഞ്ചരക്ക് എണീക്കും. ആറേകാലിന് കളിക്കാൻ പോവും.ഏതാണ്ട് മൂന്നു മണിക്കൂർ നേരം.ക്രിക്കറ്റ് താരം ശ്രീശാന്തിന്റെ മേൽനോട്ടത്തിലുള്ള ഒരു ടർഫുണ്ട് എറണാകുളത്ത് എരൂരിൽ. മികച്ച ഫുട്ബാളർ ആയതിനാൽ അവിടെ ഫ്രീയായി പരിശീലനം നടത്താം. അവിടെ പേഴ്സണൽ കോച്ചുമുണ്ട്. നാഷണൽ ജിംനാസ്റ്റിക് പ്ളേയറായ അംബരീഷ്. വൈകീട്ട് അഞ്ചുമുതൽ ഏഴുവരെയും വീണ്ടും കളി. രണ്ടു വർഷത്തിലേറെയായി ഇതാണ് ദിനചര്യ.

365 ദിവസവും ഫുട്ബാളാണ്. 24 മണിക്കൂറും ഫുട്ബാളിനെക്കുറിച്ചാണ് ചിന്ത. 65 കിലോ ഭാരം. 167 സെന്റീമീറ്റർ പൊക്കം. വായിക്കുന്നത് ഫുട്ബാൾ ജേണലുകൾ. അതും അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾ. പിന്നെ യൂട്യൂബിലാണ്. ഓൺലൈനിലാണ്. പതിനെട്ടുകാരായ മറ്റു പയ്യന്മാർ ട്രോളുകൾ കണ്ടു സമയം കൊല്ലുമ്പോൾ ഫുട്ബോളിന്റെ പുതിയ ടെക്നിക്കൽകാര്യങ്ങളിലാണ് ഹൃഷികേശിനു കമ്പം. പുതിയ കാലത്തെ പ്രവണതകൾ , അന്താരാഷ്ട്ര ഫുട്ബോൾ നിയമങ്ങളിലുണ്ടാവുന്ന മാറ്റങ്ങൾ.

---

കൊണ്ടുണ്ടാക്കിയ വലിയ നേട്ടം!

ഇപ്പോൾ ഇരുമ്പനം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പ്ളസ്ടുവിന് പഠിക്കുകയാണ്. അതോടൊപ്പം ഐ ലീഗിൽ കളിക്കാനൊരുങ്ങുന്ന നൊറോക്ക എഫ്സിയുടെ മിഡ് ഫീൽഡ് അറ്റാക്കറും. സെപ്തംബറിലായിരുന്നു പ്ളസ് വണ്ണിന്റെ പരീക്ഷ. അത് എഴുതിക്കഴിഞ്ഞതോടെ മണിപ്പൂരിലേക്ക് പോയി. അവിടെയാണ് ഇനി പരിശീലനം.

അഞ്ചാം ക്ളാസിൽ പഠിക്കുമ്പോൾ മുതൽ ഫുട്ബോൾ കളിക്കാറുണ്ട്. തിരുവാങ്കുളം ഭവൻസ് സ്കൂളിലായിരുന്നു. ഫ്രണ്ട്സിന്റെ കൂടെ. സ്കൂൾ ടീമിൽ. പഠിക്കുന്നതിനു പകരം കളിച്ചു നടന്നിരുന്ന ഹൃഷികേശിനെ അച്ഛൻ വഴക്കു പറഞ്ഞില്ല. പകരം നല്ല കളിക്കാരനാവാൻ പറഞ്ഞു. പഠനവുമില്ല കളിയുമില്ല എന്നാവരുത്. അത്രയേ പറഞ്ഞുള്ളൂ. ഏതെങ്കിലും ഒന്നിൽ കോൺസൻട്രേറ്റ് ചെയ്യാൻ പറഞ്ഞു. ഹൃഷികേശ് കളി തിരഞ്ഞെടുത്തു. പിന്നെ സംഭവിച്ചത് ചരിത്രം.

കൊച്ചിയിൽ കേരളാ ബ്ളാസ്റ്റേഴ്സിന്റെ ഫുഡ്ബോൾ അക്കാഡമിയുണ്ട്. എട്ടാം ക്ളാസിലായിരുന്ന ഹൃഷികേശിനെ അവിടെ പരിശീലനത്തിനു ചേർത്തു. മക്കളെ ഡോക്ടറാക്കാൻ വേണ്ടി എൻട്രൻസ് കോച്ചിംഗിനു ചേർക്കാറില്ലേ . അതു

പോലെ. മാസം മൂവായിരത്തോളം രൂപ വേണം. ശാന്തിപ്പണിയിൽ നിന്നു കിട്ടുന്ന തുച്ഛമായ ശമ്പളത്തിൽ നിന്ന് ഒരു തുക അതിനായി നീക്കി വച്ചു. പരിശീലനം മാത്രം പോരാ . നല്ല ഭക്ഷണം കൂടി വേണം. നേദ്യച്ചോറും തൈരും കടുമാങ്ങയുമെന്ന നമ്പൂതിരിയുടെ പരമ്പരാഗത ഭക്ഷണം മതിയാവില്ല.

സ്റ്റാമിന കൂടണം. മസിലുകൾ പുഷ്ടിപ്പെടണം. എതിരാളികളെ ആക്രമിച്ചു കീഴ്പ്പെടുത്താനുള്ള മെയ്‌വഴക്കും പേശീബലവും വേണം. കാർബോഹൈഡ്രേറ്റിന്റെ അളവ് ഇരുപതു ശതമാനവും പ്രോട്ടീന്റെ അളവ് എൺപതു ശതമാവും എന്ന തോതിൽ ഭക്ഷണം മാറ്റി. സ്കൂളിലെ ഹോം വർക്കിനേക്കാൾ പ്രാധാന്യം ശരീരത്തിന്റെ വർക്കൗട്ടിനായി. പ്രോട്ജീ സ്പോർട്സ് പോലുള്ളവ കൊച്ചു ഹൃഷികേശിനെ സ്പോൺസർ ചെയ്തു.

അങ്ങനെയിരിക്കെ ഒരിക്കൽ പേപ്പറിൽ ഒരു വാർത്ത കണ്ടു. കൊച്ചിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് ഒരു ഫുട്ബോൾ ഹണ്ട് നടത്തുന്നു. ജർമ്മൻ സ്പോർട്സ് അക്കാഡമിയാണ് അഖിലേന്ത്യാ തലത്തിൽ ഹണ്ട് നടത്തുന്നത്. ഇന്ത്യയിലെ പല നഗരങ്ങളിലും അതിന്റെ ഭാഗമായി ഫുട്ബോൾ ട്രയൽസ് നടത്തുന്നുണ്ട്. മികച്ച കുട്ടികളെ ചെല്ലും ചെലവും കൊടുത്ത് ജർമ്മനിയിലേക്ക് കൊണ്ടുപോയി ഫുട്ബോളിൽ പരിശീലനം നടത്താനാണ് അത്.

പെർഫോമൻസും കോൺഫിഡൻസും മാത്രം പോരാ. ഭാഗ്യവും വേണം. പൂർണ്ണത്രയീശൻ തുണച്ചു. ശാന്തിക്കാരന്റെ പ്രാർത്ഥന ചക്കും കുളങ്ങരയിലെ ദേവനും കേട്ടു. ഇന്ത്യയിൽ നിന്ന് വെറും പതിനാല് കുട്ടികളെയാണ് ജർമ്മനി തിരഞ്ഞെടുത്തത്. കേരളത്തിൽ നിന്ന് ഒരേയൊരാളെ. ഹൃഷികേശ് നമ്പൂതിരിയെ.

2019 മേയ് മാസത്തിലായിരുന്നു അത്. മികച്ച പരിശീലന കേന്ദ്രമായിരുന്നു അത്. അതൊരു വഴിത്തിരിവായി.

ബറൂഷ്യ ഡോർട്ട്മണ്ടിലെ ആ പരിശീലനം വേറെയും നേട്ടങ്ങൾക്ക് കാരണമായി. ആ പരിശീലനം എന്നാൽ ലോക ഫുഡ്ബാൾ രംഗത്തെ അതികായർക്ക് മുന്നിൽ സ്റ്റേജ് ഷോ നടത്തുന്നതിനു തുല്യമാണ്. ഓരോ ശരീരചലനവും മികവും കമ്പ്യൂട്ടർ വച്ചു നിരീക്ഷിക്കും. റീടേയ്ക്ക് പോലെ. തലനാരിഴ കീറും പോലെ.



## നമ്പൂരിത്തം

**തൃപ്പൂണിത്തുറയിലെ അന്യോന്യത്തിൽ വച്ചായിരുന്നു ഉപനയനം. പൂണൂൽ ഉപേക്ഷിച്ചിട്ടില്ല. ആണിയിന്മേൽ തൂക്കാറുമില്ല. ജർമ്മനിയിൽ പോയപ്പോഴും പൂണൂലുള്ള നമ്പൂതിരി തന്നെയായിരുന്നു ഹൃഷികേശ്. അസ്സലായി പൂജയും പഠിച്ചിട്ടുണ്ട്. പുലിയന്നൂർ പ്രസാദ് നമ്പൂതിരിപ്പാടാണ് പൂജയിലെ ഗുരുനാഥൻ.**

*പരിശീലനത്തിനിടയിൽ*

## ഭക്ഷണം

വെജിറ്റേറിയൻ, എഗ്ഗിറ്റേറിയൻ, നോൺ വെജിറ്റേറിയൻ. ഇതിൽ രണ്ടാമത്തെ ഗണത്തിലാണ്.

രാവിലെ ഒരു ഏത്തപ്പഴം പുഴുങ്ങിയത്. കട്ടൻ ചായയും. മധുരം കഴിക്കില്ല. പ്രോട്ടീൻ ഫുഡ് എന്ന് ഒറ്റവാക്കിൽ പറയാം. കടല, മുതിര, പ്രൊക്കോളി, ഏത്തപ്പഴം, പീനട്ട് ബട്ടർ, പാൽ, ഡേറ്റ്സ്, നട്ട്സ്, വെജിറ്റബിൾ സലാഡുകൾ, പിസ്ത, ബദാം. പിന്നെ ഫുഡ് സപ്ളിമെന്റുകളും എടുക്കും. ഉച്ചക്ക് ബസുമതി അരിയുടെ ഒരു ചട്ടുകം ചോറ്. അതിൽ ഫാറ്റ് കണ്ടന്റ് കുറയും. സാധാരണ അരിയുടെ ചോറുണ്ടാൽ തടിവയ്ക്കും.ഭക്ഷണവും വ്യായാമവുമെല്ലാം പരിശീലകനാണ് ചിട്ടപ്പെടുത്തുന്നത്. ഏത്തപ്പഴം കഴിക്കുമ്പോൾ പുഴുങ്ങിയത് മാത്രമേ കഴിക്കൂ.

---

ജർമ്മനിയിലെ ടോപ്പ് ക്ളബ്ബാണത്.

അവർ മറ്റു ചില അവസരങ്ങൾ കൂടി നൽകി. ജർമ്മനിയിലെ മറ്റു ടീമുകൾക്കൊപ്പം കളിക്കുക. സ്വപ്നത്തിൽ പോലും നിനച്ചിട്ടില്ലാത്ത കാര്യം. ജർമ്മനിക്കാർക്ക് ഹൃഷികേശിനെ അത്രക്കങ്ങ് പിടിച്ചു. തീർന്നില്ല. പിന്നെ അവസരങ്ങൾ വന്നു തുരുതുരാ മുട്ടാൻ തുടങ്ങി. മികച്ച പരിശീലനത്തിന്റെ ഗുണം. നോർവീജിയൻ ടോപ് ഡിവിഷൻ ക്ളബ്ബായ വൈക്കിംഗ് എഫ് കെയിൽ കളിക്കാനുള്ള ക്ഷണം. ഒരു നമ്പൂതിരിക്കും ഇതുപോലൊരു അവസരം ഉണ്ടായിട്ടില്ല. മൂന്നു കൊല്ലത്തേക്കായിരുന്നു കോൺട്രാക്ട്.

കോവിഡ് 19 വരും മുമ്പായിരുന്നു അതിലേക്ക് ക്ഷണം കിട്ടിയത്. ഒരു അന്താരാഷ്ട്ര ക്ളബ്ബിൽ ലോകം കാണുന്ന കളി. എന്നാൽ അതിൽ കളിക്കാൻ അവസരമുണ്ടായില്ല. എല്ലാ കളികളും മാറ്റി വയ്ക്കപ്പെട്ടു. കോവിഡ് ആഞ്ഞടിച്ചു യൂറോപ്പാകെ ഉലഞ്ഞപ്പോൾ അതു നടന്നില്ല. വല്ലാത്ത നിരാശ തോന്നി.

നാട്ടിൽ തിരിച്ചെത്തി. രണ്ടു മാസം വിശ്രമമായിരുന്നു. ശരീരമാകെ പല തരം ഇഞ്ചുറികൾ. അതെല്ലാം ഭേദമായപ്പോൾ വീണ്ടും ഫീൽഡിലേക്ക്. റോയൽ ബാസ്കോയിൽ പരിശീലനം. കോവിഡിന്റെ പേരിൽ വെറുതെയിരുന്നാൽ ശരീരം പെരുക്കും. ഫ്ളെക്സിബിലിറ്റി ഇല്ലാതാവും. കഴിയുന്ന രീതിയിലെല്ലാം പരിശീലനം തുടർന്നു.

ആയിടക്കാണ് ജർമ്മൻ അക്കാഡമിയിലെ പരിശീലകനായ മണിപ്പൂരി സ്വദേശി കിഷൻ സിംഗ് ഒരു ട്രയലിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തിയത്. 2021 ജൂലായിലായിരുന്നു അത്. ഡൽഹിയിൽ വച്ച് ഫുട്ബോൾ ട്രയൽസ്. അതിൽ നിന്നാണ് ഐ ലീഗിനുള്ള കളിക്കാരെ തിരഞ്ഞെടുക്കുന്നത്. അഖിലേന്ത്യാതലത്തിലായിരുന്നു ട്രയൽസ്. അതിൽ നിന്ന് മണിപ്പൂരി ക്ളബായ നൊരോക്ക എഫ് സി മുപ്പത് പേരെ തിരഞ്ഞെടുത്തു. അവരാണ് ക്ളബിന്റെ ഓറഞ്ച് സക്വാഡ്. മിഡ് ഫീൽഡ് അറ്റാക്കർ ആയാണ് ഹൃഷികേശിന്റെ സ്ഥാനം.

നല്ല അറ്റാന്നർ ഇല്ലാത്തതിനാൽ കഴിഞ്ഞ സീസണിൽ പിറകിലായിപ്പോയ ടീമാണ് നൊറോക്ക എഫ് സി. ഇനി ഹൃഷികേശ് വേണം അവരെ ടീമിനെ കളത്തിന്റെ മറുപകുതിയിലേക്ക് ആക്രമിച്ച് മുന്നേറേണ്ടത്. ഒരു വർഷത്തേക്കാണ് കരാർ. 2022 ഏപ്രിൽ30 വരെയാണ് കാലാവധി. അതായത് ഒരു ഫുട്ബോൾ സീസൺ മുഴുവൻ ഇന്ത്യൻ കളിക്കളത്തിൽ നിറഞ്ഞു കളിക്കുക. ഇന്ത്യൻ ഫുട്ബോൾ ടീമിലേക്കുള്ള എൻട്രി ഡോർ കൂടിയാണ് അത്. അടുത്ത ലക്ഷ്യം അതാണ്.

ഫുട്ബോൾ കൊണ്ട് ജീവിക്കാൻ പറ്റുമോ. പഠിച്ച് ഡിഗ്രിയെടുത്ത് മക്കൾ വല്ല സർക്കാർ ജോലിയിലും കയറിക്കൂടണമെന്നാവും രക്ഷിതാക്കൾക്ക്. പ്രത്യേകിച്ചും സാധാരണക്കാരായ അച്ഛനമ്മമാർക്ക്. ദേവസ്വം ബോർഡ് അമ്പലത്തിൽ ശാന്തിക്കാരനായിട്ടും ആ സാധാരണ ആഗ്രഹത്തിൽ തളച്ചിട്ടില്ല ഹരിനമ്പൂതിരി. ഒരു ഘട്ടത്തിൽ ഹൃഷികേശ് ഫോൺ അച്ഛനു കൊടുത്തു. സംസാരിച്ചപ്പോൾ ആ അച്ഛൻ ഞെട്ടിച്ചു കളഞ്ഞു.

കുട്ടികൾക്ക് പല താല്പര്യങ്ങളുമുണ്ടാവും. അത് നമ്മൾ അപ്രീഷ്യേറ്റ് ചെയ്യാറില്ല. പല കുട്ടികളും എന്നോട് പറഞ്ഞിട്ടുണ്ട്. ഹര്യേട്ടാ അച്ഛൻ സമ്മതിക്കുന്നില്ലെന്ന്. അവരെ കളിക്കാൻ വിടാത്തതിനാണ് അവരുടെ പരിഭവം. ഞാൻ സീറോയിൽ നിന്ന് തുടങ്ങിയ ആളാണ്. സ്വത്തില്ല. ജീവിക്കാൻ മാർഗമില്ല. എട്ടാം ക്ളാസിൽ പഠിക്കുമ്പോൾ മുതൽ ഒപ്പം കൂടിയതാണ് ശാന്തിപ്പണി. ഒരു നേരത്തെ ശാന്തി. പതിനെട്ടു കഴിഞ്ഞപ്പോൾ ദേവസ്വം ബോർഡിൽ ശാന്തിക്കാരനായി. അന്ന് വേറെ സാഹചര്യങ്ങളില്ല. അറിവുമില്ല.

മകന്റെ കാര്യത്തിൽ ഒട്ടും വേവലാതിയില്ല ഈ അച്ഛന്. ഫുട്ബോൾ ഒരു പ്രൊഫഷൻ ആക്കുന്നതിനെപ്പറ്റി ഒട്ടുംആശങ്കയില്ല ഈ ശാന്തിക്കാരന്. പ്രൊഫഷൻ ആക്കുകയെന്നാൽ എറ്റു സെഡ് പ്രൊഫഷണൽ ആവണം. അതിനു തയ്യാറാണെങ്കിൽ നോക്കിക്കോളാൻ പറഞ്ഞു. രണ്ടും ഇല്ലാത്ത അവസ്ഥയാവരുത്. നമ്പൂതിരിയാണ് എന്നു വച്ച് ഒരു മേഖലയിലും പിന്നിലേക്ക് നിൽക്കേണ്ടതില്ല എന്നാണ് ഞാൻ നൽകിയ സന്ദേശം. മികവു കാണിക്കുന്നവർക്ക് എല്ലാ മേഖലയിലും സ്കോപ്പുണ്ട്. മികച്ച ഔട്ട് പുട്ട് കൊടുത്താൽ ഇൻപുട്ടും മികച്ചതാവും.



## വ്യായാമം

ആദ്യ പരിഗണന ആരോഗ്യത്തിന്, ശരീരത്തിന്. ശരീരത്തിൽത്തന്നെ കാലിനാണ് ടോപ് പരിഗണന. കാലിന്റെ നീളക്കൂടുതലാണ് ശരീരത്തിലെ പ്രത്യേകത. അത് ഫുട്ബാളിന് ഗുണകരമാണ്. കാഫ് മസിലുകളെല്ലാം അതിൽ ഉൾപ്പെടും. ചിലർ ചോദിച്ചിട്ടുണ്ട് മെഡിസിൻ എടുത്തിട്ടാണോ മസിലുകൾ കൂടിയതെന്ന്. മസിലുകൾക്കായി മെഡിസിനുണ്ടെന്നു പോലും അറിയില്ലായിരുന്നു. വർക്ക് ഔട്ട് ചെയ്തതിന്റെ റിസൽട്ടാണ് കാഫ് മസിലുകൾ.

ഓട്ടം, സൈക്കിളിംഗ് എന്നിവയ്ക്കു പുറമെ ആഴ്ചയിൽ രണ്ടു തവണ നീന്തലുമുണ്ട്.

വൈറ്റിലയിൽ പേഴ്സണൽ ഡോക്ടർ ഉണ്ട്. ഫിസിയോതെറപ്പിയിൽ സ്പെഷ്യലിസ്റ്റ്. കളിക്കാർക്കെല്ലാം ചികിത്സ നിർദേശിക്കുന്ന ആളാണ്. മസിലുകൾ ടൈറ്റ് ആവാതിരിക്കാൻ ഇടക്കിടെ മസാജ് ചെയ്യണം. ഒരു മാച്ച് കഴിഞ്ഞാൽ ഐസ് ബാത്ത് ചെയ്ത് റിലാക്സ് ചെയ്യും. ഐസ് ബാത്തിനായി പ്രത്യേക സംവിധാനവും ഇല്ലത്ത് ഒരുക്കിയിട്ടുണ്ട്.



സാധാരണക്കാരനായ ഒരു ശാന്തിക്കാരൻ എന്ന നിലയിലായിരുന്നു സമീപിച്ചത്. എന്നാൽ അസാധാരണ വിഷനുള്ള ഒരു വലിയ മനുഷ്യനാണ് താനെന്ന് ഒരോ വാക്കിലും അദ്ദേഹം തോന്നിച്ചു. മക്കളെക്കുറിച്ച് സാധാരണ മനുഷ്യർക്കുള്ളതായിരുന്നില്ല ഈ നമ്പൂതിരിയുടെ സങ്കല്പം.

ഇപ്പോൾ ഫിഫയുടെ ലിസ്റ്റിൽ പേരുള്ള ഇന്ത്യൻ ഫുട്ബോളറാണ് അവൻ. ടീമിൽ എടുത്തു എന്നതുകൊണ്ട് ചിലപ്പോൾ കളിക്കാൻ അവസം കിട്ടിക്കൊള്ളണമെന്നില്ല. ഒരു പക്ഷേ, റിസർവിലാവാം. കളിക്കാൻ ചലപ്പോൾ പത്തു മിനുട്ടേ ലഭിച്ചുള്ളൂ എന്നുവരാം. ആ മിനുട്ടുകളിൽ നന്നായി കളിക്കുയെന്ന് മകനെ ഉപദേശിക്കാനുള്ള കരുതലും അദ്ദേഹത്തിന്റെ വാക്കുകളിൽ കണ്ടു.

പാഴൂർ പടിപ്പുരയെന്ന് കേട്ടിട്ടില്ലേ. അവിടെയാണ് പഴയ ഇല്ലം. പിറവത്ത്. പക്ഷേ, കണിയാന്റെ പ്രവചനത്തിലല്ല കളിയുടെ കരുത്തിലാണ് വിശ്വാസം. ശരീരമാദ്യം ഖലു ധർമ്മ സാധനം. തൊടുപുഴയിലെ എരളിയൂർ ആണ് അമ്മാത്ത്.

ഭാവി ഫുട്ബോളിൽത്തന്നെയാണ്. ലോവർ ഏജ് ലിമിറ്റ് പതിനെട്ടാണ്. അതിന്റെ തുടക്കത്തിൽത്തന്നെ സീനിയർ ടീമിൽ ഇടം കിട്ടി. ഫുട്ബോളിൽ അപ്പർ ഏജ് ലിമിറ്റ് ഇല്ല. കളിക്കാൻ കഴിയുന്നേടത്തോളം നല്ല പെർഫോമൻസ് നൽകാൻ കഴിയുന്നേടത്തോളം കളിക്കാൻ പറ്റും. ഇന്ന് ഇന്ത്യൻ ഫുട്ബാൾ ക്യാപ്റ്റനായ സുനിൽ ഛേത്രിയുടെ 37 ാം പിറന്നാളാണ്. ഈ പ്രായത്തിലും നന്നായി കളിക്കാനാവുന്നുണ്ട്. ടീമിനെ നയിക്കാനാവുന്നുണ്ട്. അതുപോലെ ചില സ്വപ്നങ്ങൾ ഉള്ളിലുണ്ട്. വലിയ ആഗ്രഹം ഇന്ത്യൻ ടീമിൽ ഇടം പിടിക്കുകയെന്നതാണ്. റോൾ മോഡൽ റൊണാൾഡോയും.

അമ്മയുടെ സങ്കടം മാറിയത് ടെലിവിഷനിൽ മകനെ കണ്ടപ്പോൾ

അവിയലും പുളീഞ്ചിയുമൊക്കെ കാളനുമൊക്കെ നല്ല ഇഷ്ടമായിരുന്നു മകന്. അതെല്ലാം കൂട്ടി നന്നായി ഊണു കഴിച്ചിരുന്നു. എന്നാൽ കളിക്കു വേണ്ടി പ്രോട്ടീൻ ഫുഡിലേക്ക് മാറിയതോടെ ഊണു കഴിക്കാതായി. ഫുട്ബോൾ കമ്പം തുടങ്ങിയതോടെ പഠനത്തിലും ഉഴപ്പാൻ തുടങ്ങി. ഉണ്ണാതെ പഠിക്കാതെ മകൻ കളിച്ചു നടന്നാൽ ഏത് അമ്മയും വിഷമിക്കും. ആണും പെണ്ണുമായി ഒരേ ഒരാളേയുള്ളൂ. എസ് എസ്. എൽ.സി ക്ക് മക്കൾ എ പ്ളസുമായി വരുന്നത് ഏതൊരാളുടെയും സ്വപ്നമാണ്. പത്രത്തിൽ ഫോട്ടൊ വരും. എന്നാൽ എഴുപത് ശതമാനം മാർക്കോടെ കഷ്ടിച്ച് ബിപ്ളസ് മാത്രം. നല്ല വിഷമം തോന്നി.



*അമ്മ സരസ്വതിയും അച്ഛൻ ഹരി നമ്പൂതിരിയുമൊത്ത്*

**നോർവെയുടെ ഫുട്ബാൾ ക്ളബുമായി മൂന്നു കൊല്ലത്തെ കരാറിലൊപ്പിട്ടു. അപ്പോൾ അവൻ കളിക്കളത്തിൽ പ്രാക്ടീസ് ചെയ്യുന്ന ദൃശ്യങ്ങൾ ടെലിവിഷൻ സ്ക്രീനുകളിൽ നിറഞ്ഞു. പുളീഞ്ചി കഴിക്കാത്തതും ചോറുണ്ണാത്തതും പഠിക്കാതിരുന്നതും കാരണം അമ്മയ്ക്കുണ്ടായ വിഷമം അതോടെ മാറി. ഇപ്പോൾ അവനെയോർത്ത് അമ്മ അഭിമാനം കൊള്ളുന്നു.**

ഒരു കൊല്ലം കഴിഞ്ഞില്ല. എല്ലാ വിഷമവും മാറി. അവനെ ജർമ്മൻ ഫുട്ബോൾ അക്കാഡമി റാഞ്ചിയെടുത്തു. നോർവെയുടെ ഫുട്ബാൾ ക്ളബുമായി മൂന്നു കൊല്ലത്തെ കരാറിലൊപ്പിട്ടു. അപ്പോൾ അവൻ കളിക്കളത്തിൽ പ്രാക്ടീസ് ചെയ്യുന്ന ദൃശ്യങ്ങൾ ടെലിവിഷൻ സ്ക്രീനുകളിൽ നിറഞ്ഞു. പുളീഞ്ചി കഴിക്കാത്തതും ചോറുണ്ണാത്തതും പഠിക്കാതിരുന്നതും കാരണം അമ്മയ്ക്കുണ്ടായ വിഷമം അതോടെ മാറി. ഇപ്പോൾ അവനെയോർത്ത് അമ്മ അഭിമാനം കൊള്ളുന്നു.

ഇല്ലത്ത് നാലുപേരേയുള്ളൂവെങ്കിലും നാലു തരത്തിൽ വേണം ഭക്ഷണമുണ്ടാക്കാൻ. എൺപത്തിനാലുകാരായായ മുത്തശ്ശിക്ക് പൊരിയരിക്കഞ്ഞി. ഭർത്താവിന് ചോറും ഇഡലിയും മറ്റും. മകന് കടലയും ചെറുപയറും ചപ്പാത്തിയും മറ്റും. അവന് വേണ്ട പ്രത്യേക പ്രോട്ടീൻ ഭക്ഷണങ്ങൾ ഉണ്ടാക്കാൻ യൂട്യൂബ് നോക്കി പഠിക്കുകയും ചെയ്തു. പിന്നെ ഷുഗർ പ്രശ്നമുള്ള തനിക്ക് പഥ്യാഹാരങ്ങൾ വേറെയും. ഇപ്പോൾ ഇതിലൊന്നും ഒരു വിഷമവും തോന്നുന്നില്ല. ശരീരവും ഭക്ഷണവും വ്യായാമവുമെല്ലാം കൃത്യമായി സൂക്ഷ്മമായി ശ്രദ്ധിച്ചാലേ പ്രൊഫഷണൽ കളിക്കാരൻ ആവാൻ കഴിയൂ എന്നറിയാം. ഒരു പ്രൊഫഷണൽ കളിക്കാരന്റെ അമ്മയ്ക്കുമുണ്ട് അവന്റെ കാര്യത്തിൽ നല്ല റോൾ. സപ്പോർട്ട് ചെയ്യാം നമുക്കെല്ലാം. ഇതേ വരെ ഒരു നമ്പൂതിരിയും എത്തിപ്പിടിക്കാത്ത മേഖലയിൽ ഈ ചെറു പ്രായത്തിൽത്തന്നെ എത്തിയതിന്.


വിളിക്കാം ഈ മൊബൈൽ
നമ്പറിൽ 7012782633
അച്ഛൻ ഹരി നമ്പൂതിരി
മൊബൈൽ 9446624013

# അറിയേണ്ട അന്തർജനം

## നമ്പൂതിരി വിദ്യാലയത്തിന്റെ സന്തതി

**വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പദവിയിലെത്തിയ ഒരേ ഒരു അന്തർജനം. മറക്കുടക്കുള്ളിലെ മഹാനരകമായിപ്പോവുമായിരുന്നു ഇവരുടെ ജീവിതവും. അടുക്കളയായിപ്പോവുമായിരുന്നു അരങ്ങ്. എന്നാൽ ഇന്നുവരെ ഒരന്തർജനവും എത്താത്ത പദവിയിലെത്തി. ആ അനുഭവം സ്വസ്തിക്കു വേണ്ടി അവർ എഴുതുന്നു.**



*മുട്ടത്തു കാട്ടിൽ മാമുണ്ണ്
പ്രിയദത്ത അന്തർജ്ജനം*

**പ്രിയദത്ത അന്തർജ്ജനം**

ഇക്കാലത്ത് സങ്കല്പിക്കാൻ പോലുമാവില്ല. നമ്പൂതിരിക്കുട്ടികൾക്ക് മാത്രം പഠിക്കാനായി ഒരു വിദ്യാലയം! നാലുകെട്ടിൽ നിന്ന് പുറത്തിറങ്ങാൻ പോലും അനവധി വിലക്കുകൾ ഉണ്ടായിരുന്ന കാലമായിരുന്നു. ചിലരെല്ലാം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം പകർന്നു നൽകാനായി ഗുരുക്കൻമാരെ ഇല്ലത്തേക്ക് വരുത്തിയിരുന്ന കാലം. ആ പഠനവും ഋതുമതിയാവുന്നതോടെ അവസാനിക്കും. ഇത്തരമൊരു സാഹചര്യത്തിലാണ് ഉല്പതിഷ്ണുക്കളായ മാത്തൂർ വാസുദേവൻ നമ്പൂതിരിപ്പാടും മറ്റും ചേർന്ന് പാഞ്ഞാളിൽ ഇംഗ്ളീഷ് നമ്പൂതിരി ബാലികാവിദ്യാലയം ആരംഭിച്ചത്. വി.ടി ഭട്ടതിരിപ്പാടും ഇ.എം.എസും മറ്റും തുടക്കമിട്ട നവോത്ഥാനത്തിന്റെ ഫലമായിരുന്നു അത്.

അതുകൊണ്ടെന്തുണ്ടായി?

പാഞ്ഞാളിലെ കയ്പ്പഞ്ചേരി മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരിയുടെയും പാർവതി അന്തർജനത്തിന്റെയും സീമന്തപുത്രിയായ പ്രിയദത്ത എന്ന എനിക്കും ആ സ്കൂളിൽ ചേരാനായി. അച്ഛൻ പുരോഗമനാശയക്കാരനായിരുന്നു. മാത്രമല്ല, ഇല്ലത്തു നിന്ന് നോക്കിയാൽ കാണുന്ന ദൂരമേ അങ്ങോട്ടുള്ളൂ. നമ്പൂതിരി കുട്ടികൾക്ക് മാത്രമാണ് പ്രവേശനം. മാഷ്മാരാണെങ്കിൽ നമ്പൂതിരിമാരോ വാര്യന്മാരോ ഒക്കെയാവും. മൂന്നു കുട്ടികളേ അന്ന് ഏഴാം ക്ളാസിൽ ഉണ്ടായിരുന്നുള്ളൂ. അത്രക്ക് പരുങ്ങലായിരുന്നു പെൺകുട്ടികളുടെ വിദ്യാഭ്യാസം.

സ്ഥലപരിമിതി കൊണ്ടാണോ എന്നറിയില്ല ആറു കൊല്ലം കൊണ്ട് ഏഴാം ക്ളാസ് പാസായി. ഏഴിൽ ഗവർമെണ്ട് പരീക്ഷയായിരുന്നു. അത് ഒന്നാം ക്ളാസിൽ പാസായി. സാധാരണ നിലയിൽ അതോടെ അവസാനിക്കും പഠിത്തം. എന്നാൽ അച്ഛൻ പുരോഗമനാശയക്കാരനായതും ചേലക്കര ലിറ്റിൽ ഫ്ളവർ ഗേൾസ് സ്കൂൾ ഹൈസ്കൂളായി ഉയർത്തിയതും പ്രയോജനപ്പെട്ടു. ആ സ്കൂളിനടുത്തായി വല്യച്ഛന്റെ മക്കളും താമസിച്ചിരുന്നു. അതിനാൽ ഹൈസ്കൂളിനടുത്ത് താമസിക്കാനും പറ്റും. ഇതെല്ലാം കൂടി ഒത്തു വന്നപ്പോൾ ഹൈസ്കൂളിൽ ചേരാനായി. അല്ലെങ്കിൽ ആ ഏഴാം ക്ളാസിൽ അവസാനിച്ചേനേ. ഇങ്ങനെയൊന്ന് എഴുതാനുള്ള സാഹചര്യം ഉണ്ടാവാനിടയില്ല.

അക്കാലത്ത് ഉച്ച ഭക്ഷണം എന്ന ഏർപ്പാടില്ല. വൈകുന്നേരം സ്കൂൾ വിട്ടുവന്ന് കുളിച്ചാണ് ഭക്ഷണം. ആരോഗ്യക്കുറവു കൊണ്ടാവാം പല വിധ അസുഖങ്ങളും കൂടെക്കൂടി. മൂന്നു മാസത്തോളം സ്കൂളിൽപ്പോവാനാവാതെ കിടപ്പിലായി. ആ സമയത്ത് പഠിപ്പിച്ച പാഠഭാഗങ്ങൾക്കായി പിന്നെ പ്രത്യേക ട്യൂഷൻ വേണ്ടി വന്നു. ഇങ്ങനെയൊക്കെ ആയെ

ങ്കിലും പത്താം ക്ലാസ് ജയിച്ചത് ഫസ്റ്റ്ക്ലാസോടെ. 1949 ലാണ് ഇതെന്നോർക്കണം. അത്യപൂർവം പേർക്കേ അക്കാലത്ത് ഫസ്റ്റ്ക്ലാസ് കിട്ടൂ. അവരിലൊരാളായി.

ഇവിടെയും പഠനം അവസാനിക്കാം. അക്കാലത്തെ പെൺകുട്ടികളെ സംബന്ധിച്ച് പത്താം ക്ലാസ് തന്നെ അധികമാണ്. എന്നാൽ അച്ഛന് സംശയമുണ്ടായില്ല. ഏറ്റവും അടുത്തുള്ള കോളേജിൽ ചേർക്കാൻ തീരുമാനിച്ചു. വിദ്യാധനം മാത്രമേ തനിക്ക് നൽകാനാവൂ എന്നാണ് അച്ഛൻ പറയാറ്. പാഞ്ഞാൾ ദേവസ്വത്തിലെ മാനേജർ എന്ന പണിയുണ്ടായിരുന്നെങ്കിലും സാമ്പത്തികമായി അച്ഛന്റെ സ്ഥിതി അത്ര മെച്ചമായിരുന്നില്ല. എന്നാൽ എനിക്കു താഴെയുള്ള കുട്ടിയുമായി പത്തു വയസ് വ്യത്യാസമുണ്ടായിരുന്നതിനാൽ ഒരേ സമയം രണ്ടു പേരെ പഠിപ്പിക്കേണ്ട സ്ഥിതി വന്നില്ല. അതും ഒരു കാരണമാവാം. 35 രൂപയായിരുന്നു മാസംഹോസ്റ്റൽ ഫീസ് നൽകേണ്ടത്. അക്കാലത്ത് അത് വലിയ തുകതന്നെയാണ്. എങ്കിലും അച്ഛൻ അതുണ്ടാക്കി നൽകി.

തൃശൂർ സെന്റ് മേരീസ് കോളേജിൽ ഫസ്റ്റ് ഗ്രൂപ്പിനു ചേർന്നു. അക്കാലത്ത് പ്ലസ് ടു സ്കൂളിന്റെ ഭാഗമല്ല. ഇന്റർമീഡിയറ്റ് എന്ന പേരിൽ കോളേജിന്റെ ഭാഗമാണ്. പഠിപ്പിക്കുന്നതാണെങ്കിൽ ഇംഗ്ലീഷിൽ. താമസം തൃശൂരിലെ വിദ്യാർത്ഥിനീസദനത്തിലും. നമ്പൂതിരിവിദ്യാർത്ഥിനികൾക്ക് താമസിക്കാനായി ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചതാണ് അത്. നെന്മിനിമംഗലം ദാമോദരൻ നമ്പൂതിരി വാർഡനും പാറോലി ദേവകി ലേഡീവാർഡനും. ഹൈസ്കൂളിലെയും കോളേജിലെയും കുട്ടികളാണ് അന്നുണ്ടായിരുന്നത്. വെള്ളം കോരൽ വിളമ്പൽ തുടങ്ങി അവിടത്തെ ജോലികൾ കുട്ടികൾ ഊഴമിട്ടായിരുന്നു ചെയ്തിരുന്നത്.

രാവിലെ എട്ടു മണിക്ക് ഊണ് കഴിച്ചാണ് കോളേജിൽ പോവുക. പിന്നെ ഭക്ഷണം രാത്രി എട്ടുമണിക്കാണ്. കോളേജ് ഇല്ലാത്ത ദിവസങ്ങളിൽ സദനത്തിൽ തന്നെയാവും മുഴുവൻ സമയവും. അപ്പോൾ വിശപ്പ് അറിയാതിരിക്കാനായി പുസ്തകമെടുത്ത് നടന്ന് കൊണ്ട് വായിക്കും. ഒരിടത്ത് ഇരുന്നാൽ വിശപ്പ് തോന്നും. അങ്ങനെയാണ് രാത്രിയിലെ ഭക്ഷണം വരെയുള്ള സമയംകഴിച്ചുകൂട്ടിയിരുന്നത്. മുതിർന്ന പെൺകുട്ടികളായതു കൊണ്ട് മാസമുറക്കാലത്ത് മാറിയിരിക്കണം. മുങ്ങിക്കുളിച്ച് ശുദ്ധമാവുകയും വേണം. തൃശൂർ വടക്കേച്ചിറയിലായിരുന്നു അക്കാലത്തെ മുങ്ങിക്കുളി. കൂടെ തുണയ്ക്കായി വേറെ ഏതെങ്കിലും കുട്ടികളെയും അയക്കും. ഇതായിരുന്നു രീതി. ഇക്കാലത്ത് ഏതെങ്കിലും ഹോസ്റ്റലിൽ ഇങ്ങനെയൊന്ന് സങ്കല്പിക്കാനാവുമോ. ഇല്ലങ്ങളിൽപ്പോലും അന്യമാവുകയാണ് ഇതെല്ലാം.



*വിദ്യാഭ്യാസമന്ത്രിയായിരുന്ന ടി. എം.ജേക്കബുമൊത്ത് ഒരു വേദിയിൽ*

## ശുദ്ധമാവാൻ ഹോസ്റ്റലിലും മുങ്ങിക്കുളി

**മുതിർന്ന പെൺകുട്ടികളായതു കൊണ്ട് മാസമുറക്കാലത്ത് മാറിയിരിക്കണം. മുങ്ങിക്കുളിച്ച് ശുദ്ധമാവുകയും വേണം. തൃശൂർ വടക്കേച്ചിറയിലായിരുന്നു അക്കാലത്തെ മുങ്ങിക്കുളി. കൂടെ തുണയ്ക്കായി വേറെ ഏതെങ്കിലും കുട്ടികളെയും അയക്കും. ഇതായിരുന്നു രീതി. ഇക്കാലത്ത് ഏതെങ്കിലും ഹോസ്റ്റലിൽ ഇങ്ങനെയൊന്ന് സങ്കല്പിക്കാനാവുമോ. ഇല്ലങ്ങളിൽപ്പോലും അന്യമാവുകയാണ് ഇതെല്ലാം.**

ഇല്ലത്തു നിന്ന് മാറിയുള്ള ഹോസ്റ്റൽ വാസം, വിശപ്പ് സഹിച്ചുള്ള പഠനം ( അല്പാഹാരം എന്ന വിദ്യാർത്ഥിലക്ഷണം അക്കാലത്ത് അനുഭവിച്ചറിഞ്ഞു.) ഇംഗ്ലീഷ് എന്ന അധ്യയന മീഡിയം, ഇതെല്ലാം പുതിയ അനുഭവമായിരുന്നു. അങ്ങനെയുള്ള കോളേജ് ജീവിതത്തിന്റെ ഒടുവിൽ പരീക്ഷ നടക്കുന്നതിനിടയിലാണ് ആ വാർത്ത വന്നത്. ചേലക്കരയായിരിക്കെ എന്റെ രക്ഷിതാവായിരുന്ന ഏട്ടന്റെ മരണം. അത് മാനസികമായി തളർത്തി. അല്ലാത്തൊരു ആഘാതമായി. അതു വരെയുള്ള എല്ലാ പരീക്ഷകളും ഫസ്റ്റ് ക്ലാസിൽ പാസായിട്ടും ഡിഗ്രി സെക്കൻഡ് ക്ലാസിലായി.

അക്കാലത്ത് മാത്സ് ബിരുദം ബി.എ എന്ന പേരിലാണ് അറിയപ്പെടുക. ബി.എസ്.സി അല്ല. മാത്രമല്ല രണ്ടു വർഷം മതി ബി.എ പാസാവാൻ. അങ്ങനെ പതിനെട്ടാം വയസ്സിൽ ബി.എ. മാത്സ് പാസായി. അതിനു മുമ്പു തന്നെ പി.എസ്.സിക്ക് അപേക്ഷിച്ചിരുന്നു. ഡിഗ്രി റിസൽട്ടിനൊപ്പം തന്നെ പി.എസ്.സി നിയമനവും കിട്ടി. 1953 ജൂലായ് 20 ന് ചെറുതുരുത്തി ഗവ. ഹൈസ്കൂളിൽ എച്ച്.എസ്.എ ആയി നിയമിതയായി. അദ്ധ്യാപക ട്രെയിനിംഗ് എല്ലാം സർവീസിൽ ചേർന്ന് നാലഞ്ചുകൊല്ലം കഴിഞ്ഞാണുണ്ടായത്. തൃശൂർ ഗവ. ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.എ ബി ടി അധ്യാപക പരിശീലനം പൂർത്തിയാക്കിയത 1956ൽ. ഇതും ഇക്കാലത്ത് നടപ്പില്ലാത്തതാണ്.

അക്കാലത്ത് ഞാൻ പഠിപ്പിക്കുന്ന ക്ലാസിൽ എന്നേക്കാൾ പ്രായമുള്ള ആൺകുട്ടികൾ ഉണ്ടായിരുന്നു. നമ്പൂതിരിമാരായ പലരും ഉപനയനവും സമാവർത്തനവുമെല്ലാം കഴിഞ്ഞ് നാലു കൊല്ലം വൈകിയാവും സ്കൂളിൽ ചേർന്നിട്ടുണ്ടാവുക. 22 വയസ്സുള്ള കുട്ടികൾ പോലും എന്റെ ക്ലാസിലുണ്ടായിരുന്നു. ഞാനോ പതിനെട്ടുകാരിയും. ആ കുട്ടികളോട് അച്ഛൻ പറയാറുണ്ട്. ടീച്ചറെ ഒന്ന് ശ്രദ്ധിക്കണേയെന്ന്! സാധാരണയായി കുട്ടികളെ ശ്രദ്ധിക്കാൻ ടീച്ചർമാരോടാണ് പറയുക. ഇത് നേരെ തിരിച്ച്.

പാഞ്ഞാളിൽ നിന്ന് ചെറുതിരുത്തിയിലേക്ക് അഞ്ചു കിലോമീറ്റർ നടന്നാണ് പോവാറ്. സ്കൂളിലേക്കുള്ള കുറെ കുട്ടികളും പിറകെയുണ്ടാവും. ചെറുതിരുത്തിയെത്തുമ്പോഴേക്കും അത് ഒരു ട്രെയിന്റെ വലുപ്പമായിട്ടുണ്ടാവും. അതിനാൽ പാഞ്ഞാൾ എക്സ്പ്രസ് എന്ന പേരുമുണ്ടായി അക്കാലത്ത്.

അന്നൊക്കെ മിക്കവാറും ഏഴു പീരീയേഡും ക്ളാസ് വേണ്ടിവന്നു. മാത്രമല്ല, ഒഴിവുദിവസങ്ങളിൽ സ്പെഷ്യൽ ക്ളാസും. പത്താം ക്ളാസ് പരീക്ഷക്ക് ഹൈസ്കൂൾ ക്ളാസിലെ മുഴുവൻ പാഠഭാഗങ്ങളിൽ നിന്നും ചോദ്യമുണ്ടായിരുന്ന കാലമാണ്. രാവിലെ എട്ടരക്ക് നടക്കാൻ തുടങ്ങിയാൽ പത്തു മണിയാവുമ്പോഴക്കും സ്കൂളിലെത്തും. ദിവസം പത്തു കിലോമീറ്റർ നടത്തം.

അതിനും മുമ്പേ ഒന്നുണ്ടായത് പറയാൻ വിട്ടുപോയി. ബി. എ പരീക്ഷ കഴിഞ്ഞ ഉടനെ 1953 ജൂണിൽ പതിനെട്ടു ദിവസം എന്റെ ആദ്യവിദ്യാലയമായ നമ്പൂതിരി വിദ്യാലയത്തിൽ ഹെഡ് ടീച്ചറായി പ്രവർത്തിക്കാനും യോഗമുണ്ടായി. അതും പതിനെട്ടാം വയസ്സിൽ.

1955 ലായിരുന്നു വേളി. മുട്ടത്തുകാട്ടിൽ മാമുണ്ണിലെ നീലകണ്ഠൻ നമ്പൂതിരി. അക്കാലത്ത് മദ്രാസിലായിരുന്നു അദ്ദേഹത്തിനു ജോലി. പിന്നെ ബെംഗളൂരുവിൽ. അതു കഴിഞ്ഞ് കാലടി കോളേജിലും ജോലിചെയ്തു. പിന്നെയാണ് ആലുവായിലെ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സിൽ ഉദ്യോഗസ്ഥനായത്. ഒരു കാര്യം പറയാൻ വിട്ടു പോയി. മറ്റാർക്കും ഉണ്ടായിട്ടില്ലാത്ത ഒരനുഭവം. എന്റെ ഒരു കാത് കുത്തിയത് ഭർത്താവിന്റെ അച്ഛനാണ്. മാമുണ്ണ് ഇട്ടിരവി നമ്പൂതിരി. എന്റെ വേളിക്ക് മുമ്പ് പതിനൊന്ന് വയസ്സിലായിരുന്നു അത്. അച്ഛന്റെ അടുത്ത സ്നേഹിതനായിരുന്നു അദ്ദേഹം. എന്റെ കാതു കുത്തു ദിവസം ചടങ്ങുകൾക്കായി വന്നതായിരുന്നു. ഒരു കാത് അച്ഛൻ കുത്തി. ശേഷം മറ്റേ കാത് കുത്താൻ അദ്ദേഹത്തെ ഏല്പിച്ചു. ഇന്നത്തെപ്പോലെ സ്വർണ്ണക്കമ്പി കൊണ്ട് തട്ടാനല്ല, കുത്തിയിരുന്നത്. കാതു കുത്തുന്നത് മുള്ളു കൊണ്ടാണ്.

പാഞ്ഞാളിൽ വിദേശികൾക്കു വേണ്ടി 1975ൽ നടത്തിയ സുപ്രസിദ്ധമായ യാഗമില്ലേ. അതിന്റെ മുഴുവൻ സൂത്രധാരനും മാമുണ്ണ് ഇട്ടിരവി നമ്പൂതിരിയായിരുന്നു. വിദേശികൾക്കു പഠിക്കാൻ വേണ്ടി സാമ്പ്രദായികരീതിയിൽ എല്ലാ ചിട്ടവട്ടങ്ങളും പാലിച്ച് നടത്തിയതായിരുന്നു ആ



*ഭർത്താവും മക്കളും പേരക്കുട്ടികളുമൊത്ത് പ്രിയദത്ത അന്തർജനം*

**ക്ളാസിൽ എന്നേക്കാൾ പ്രായമുള്ള ആൺകുട്ടികൾ**

**അക്കാലത്ത് ഞാൻ പഠിപ്പിക്കുന്ന ക്ളാസിൽ എന്നേക്കാൾ പ്രായമുള്ള ആൺകുട്ടികൾ ഉണ്ടായിരുന്നു. നമ്പൂതിരിമാരായ പലരും ഉപനയനവും സമാവർത്തനവുമെല്ലാം കഴിഞ്ഞ് നാലു കൊല്ലം വൈകിയാവും സ്കൂളിൽ ചേർന്നിട്ടുണ്ടാവുക. 22 വയസ്സുള്ള കുട്ടികൾ പോലും എന്റെ ക്ളാസിലുണ്ടായിരുന്നു. ഞാനോ പതിനെട്ടുകാരിയും.**

യാഗം. രാഷ്ട്രപതിയിൽ നിന്ന് സംസ്കൃതഭാഷയിലെ പാണ്ഡിത്യത്തിന് പുരസ്കാരമെല്ലാം നേടിയ ആൾ. സാമവേദിയാണ്. നെല്ലിക്കാട്ട് മാമുണ്ണും മുട്ടത്തു കാട്ടിൽ മാമുണ്ണും സാമവേദികളാണ്. പത്തും പുലക്കാരും.

വേളികഴിഞ്ഞ് 1961 മുതൽ 78 വരെ ഇടപ്പള്ളി ഗവ. ഹൈസ്കൂളിലായിരുന്നു. അക്കാലത്ത് 78 ഡിവിഷൻ വരെ ഉണ്ടായിരുന്നു ആ സ്കൂളിൽ. 78 ജൂണിൽ പ്രൊമോഷനായി. ഹെഡ്മിസ്ട്രസായി. അങ്ങ് അകലെ കോഴിക്കോട് ജില്ലയിലെ വടകരയിൽ. നാദാപുരം കല്ലാച്ചി വഴി ഉള്ളിലേക്ക് കുറെ സഞ്ചരിച്ചാലേ വളയത്ത് എത്തൂ. അവിടത്തെ ഹൈസ്കൂളിലാണ് നിയമനം. പരിചയക്കാരായി ആരുമില്ല. ഭാഷ മലയാളമാണെങ്കിലും മനസ്സിലാക്കാൻ പ്രയാസം. എന്താ ഓളീ സുഖല്ലേ എന്നൊക്കെ കേട്ടപ്പോൾ ആദ്യം ഒരു അസ്ഖ്യത. അറിയാത്ത നാട് അറിയാത്ത ഭാഷ. ആകെ വിഷമം തോന്നി. എന്നാൽ വളയത്ത് ഒരു ഇല്ലമുണ്ടായിരുന്നു. മൊളേരി. ശാന്തിക്കാരായ കുടുംബം. അവിടെ ഒരമ്മയും രണ്ടാൺമക്കളും അവരുടെ ഭാര്യമാരും. അവരെനിക്ക് ആ ഇല്ലത്ത് കഴിയാൻ അനുവാദം തന്നു.

ആ അമ്മയെപ്പറ്റി എത്ര പറഞ്ഞാലും അധികമാവില്ല. അവരെന്റെ സ്വന്തം അമ്മയായി. ആ ഇല്ലം എന്റെ രണ്ടാമത്തെ ഇല്ലമായി. അവിടത്തെ പുത്രവധു എന്റെ അനിയത്തിയായി. വളരെ പരിമിതമായിരുന്നു സൗകര്യം. അവിടത്തെ പത്തായമായിരുന്നു എന്റെ കട്ടിൽ. സ്റ്റൂൾ വച്ച് വേണം അതിൻമേൽ കയറാൻ. അവിടെ സെപ്റ്റിക് ടാങ്കും പുതിയ കക്കൂസും മറ്റും ഉണ്ടാക്കിയത് ഞാൻ ചെന്നശേഷമാണ്. ഉച്ചയ്ക്ക് ചൂടുള്ള ചോറ് ഇല്ലത്ത് നിന്ന് കൊണ്ടു വന്നു തരും. എന്നാൽ അവരുടെ സ്നേഹം പരിമിതികളും പരിധികളുമില്ലാത്തതായിരുന്നു. ശാന്തിക്കാരായ അവരുടെ ജീവിതത്തെ മെച്ചപ്പെടുത്തണമെന്ന് വല്ലാതെ തോന്നാൻ തുടങ്ങി.

ശാന്തിക്കാരനായ നാരായണന്റെ ഭാര്യ ലീലയോട് ടി.ടി.സിയെപ്പറ്റി പറഞ്ഞു.അതു കഴിഞ്ഞാൽ ടീച്ചറാവാമെന്നും. എന്നാൽ അമ്മയോ മകനോ ആ കുട്ടിയോ അതിനു താല്പര്യം കാട്ടിയില്ല. എന്നാൽ ശ്രമം അവസാനിപ്പിച്ചില്ല. ആലപ്പുഴയിൽ ഒരു സ്കൂളിൽ ടി.ടി.സിയ്ക്ക് സീറ്റ് ശരിയാക്കാമെന്നു പറഞ്ഞെങ്കിലും വടകരയിൽ നിന്ന് അത്രയും അകലെപ്പോയി രണ്ടുകൊല്ലം താമസിച്ചു പഠിക്കുന്നത് അവർക്കൊന്നും ചിന്തിക്കാനായില്ല. മാത്രമല്ല ആയിടക്ക് ആ കുട്ടി ഗർഭിണിയുമായി. അതോടെ ആലപ്പുഴക്ക് പോവുന്ന കാര്യം ആലോചനേ വയ്യാതായി. എനിക്കാകെ നിരാശയായി. ആ കുട്ടിയെ ടീച്ചറാക്കണമെന്ന് മനസ്സ് പറഞ്ഞു കൊണ്ടി

രുന്നു. ഇടക്കിടെ ആ കാര്യം അവർ മൂന്നു പേരോടും പറയും. അതിനിടെ അബോർഷനായി. ഇനി ഗർഭമെന്ന തടസ്സമില്ലല്ലൊ. വീണ്ടും ശ്രമം തുടർന്നു. ഉടുവിൽ മനസ്സില്ലാ മനസ്സോടെ അവർ ആലപ്പുഴയിൽ ടി.ടി.സിക്ക് ചേരാൻ തയ്യാറായി.

എന്റെ അനിയത്തിയുടെ ഭർത്താവിന്റെ ബന്ധു ചങ്ങനാശ്ശേരിയിലെ കൈനിക്കര നമ്പൂതിരിയുടെ ഇല്ലത്ത് ആ കുട്ടിക്ക് താമസസൗകര്യം ഏർപ്പാടാക്കി. ഫീസും മറ്റു കാര്യങ്ങളുമെല്ലാം കൈനിക്കര നമ്പൂതിരി നൽകി. വളയത്തെ രണ്ടു വർഷം ജീവിതത്തിലെ ഏറ്റവും ധന്യമായ കാലമായി. ആ കുടുംബവുമായി ഇന്നും ഏറ്റവും അടുപ്പത്തിലാണ്. ലീലയ്ക്ക് പി.എസ്.സി നിയമനം കിട്ടി. രണ്ടാൺകുട്ടികളുണ്ടായി. അവരുടെ വിശേഷങ്ങളിൽ സ്വന്തം ഇല്ലത്തുള്ളർവക്കു നൽകുന്ന പോലുള്ള പരിഗണന ഇന്നും നൽകുന്നു. ലീലയും ഇപ്പോൾ റിട്ടയർ ചെയ്തു.

1953 ൽ ചെറുതിരുത്തി ഹൈസ്കൂളിൽ അദ്ധ്യാപിക ആയപ്പോൾ ആദ്യ ശമ്പളം 50രൂപയായിരുന്നു. 33 രൂപ അലവൻസും. പിന്നെ ഫസ്റ്റ് ഗ്രേഡ് എച്ച് എസ്. എ ആയ കാലത്ത് 310 രൂപയായി. 89 ൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായി പിരിയുമ്പോൾ 3420 രൂപയും. ഇപ്പോൾ 86 വയസ്സായി. എൺപതു കഴിഞ്ഞാൽ 1000 രൂപ അധിക പെൻഷൻ ലഭിക്കും. അതുൾപ്പെടെ 41000 ത്തോളം രൂപ പെൻഷനും ലഭിക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് ചുമതലയുള്ള കനത്ത ഉത്തരവാദിത്തമുള്ള ജോലിയാണ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടേത്. താഴെ തലത്തിലുള്ള നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ട ചുമതല. പരിക്കില്ലാതെ രക്ഷപ്പെട്ടത് ഈശ്വരാധീനം കൊണ്ട് മാത്രമാണ്. ഒരു സംഭവം പറയാം.

ഒരു ദിവസം വൈകീട്ട് അഞ്ചര മണിക്ക് വിദ്യാഭ്യാസ ഡയറക്ടറുടെ ഫോൺ.

അർജന്റായി ഒരു കാര്യം അറിയണം. വിദ്യാഭ്യാസമന്ത്രി താങ്കളോടു കോപിച്ചിരിക്കുകയാണ്. സ്പെൻഡ് ചെയ്യാൻ തയ്യാറായി. ഞാനൊന്ന് അന്വേഷിക്കട്ടെ എന്നു പറഞ്ഞ് സമാധാനിഞ്ഞിച്ചതാണ്. ലീവ് കഴിഞ്ഞു ജോയിൻ ചെയ്ത ഒരു ടീച്ചറുടെ ശമ്പളം ശരിയാക്കിക്കൊടുത്തിട്ടില്ല എന്നതാണ് ആക്ഷേപം.

അങ്ങനെ ഒന്നുണ്ടാവില്ല എന്നുറപ്പുണ്ടെങ്കിലും മന്ത്രി അങ്ങനെ ധരിച്ചു വശായി സസ്പെന്റ് ചെയ്യാൻ ഒരുങ്ങി നിൽക്കുകയാണ്. ഇന്നു വരെ ചുവന്ന മഷി വീണിട്ടില്ല സർവീസ് ബുക്കിൽ. ഇതിപ്പോൾ. കിടന്നിട്ട് ഉറക്കം വരുന്നില്ല. രാവിലെ വളരെ നേരത്തെ ഓഫീസിൽ ചെന്നു സംഭവമെന്തെന്നു തിരക്കി. കാര്യം നിസ്സാരം. ശമ്പളം വ്യവസ്ഥ ചെയ്യേണ്ടത് ഡി.ഇ.ഒ ആണ്. ഡി.ഡി. അല്ല. ഡി.ഇ.ഒ തയ്യാറാക്കുന്ന റിപ്പോർട്ട് മുകളിലേക്ക് അയച്ചു കൊടുക്കുകയേ വേണ്ടൂ. അതു ചെയ്തിട്ടുമുണ്ട്. സമാധാനമായി. വിരവം മുകളിലേക്ക് വിളിച്ചു പറയുകയും സസ്പെൻസ് തീരുകയും ചെയ്തു. അന്ന് വൈകീട്ട് അഞ്ച് മണിക്ക് ഓഫീസിൽ നിന്ന് ഇറങ്ങിയിരുന്നെങ്കിൽ സസ്പെൻഷൻ ഉറപ്പാവുമായിരുന്നു. സമയം വൈകിയും ഓഫീസിൽ ഇരിക്കാനുള്ള സന്നദ്ധതയാണ് തുണയായത്.

കളമശ്ശേരി സ്കൂളിലായിരുന്നു ഒരിക്കൽ ചുമതല. 108 സ്റ്റാഫ്. കൗരവന്മാരുടെ സ്കൂൾ എന്നാണ് പറഞ്ഞിരുന്നത്. മൂവായിരം കുട്ടികൾ . മൂന്നു ഷിഫ്റ്റ് പ്രവർത്തനം. എട്ടു മുതൽ പന്ത്രണ്ടു വരെ യു.പി സ്കൂൾ. അതേ സ്കൂൾ ഉച്ചക്ക് ഒന്നു മുതൽ അഞ്ചു വരെ ഹൈസ്കൂൾ. രാവിലെ പത്തു മുതൽ നാലു വരെയുള്ള സാധാരണ സമയത്ത് മൂന്നാമതൊരു ഷിഫ്റ്റായി എൽ. പി വിഭാഗവും.കുട്ടികളും സ്റ്റാഫും മാറി വരുമ്പോഴും ഹെഡ് മിസ്ട്രസ് ഒരാൾ തന്നെ. ആ സ്കൂളിലെ മുഴുവൻ സ്ഥലവുമെടുത്താലും പത്താം ക്ത്താസ് പരീക്ഷക്ക് കുട്ടികളെ ഇരുത്താനാവില്ല. അതു കൊണ്ട് പകുതി കുട്ടികളെ തൊട്ടടുത്തുള്ള എച്ച്.എം.ടിയുടെ സ്കൂളിൽ കൊണ്ടു പോയാണ് പത്താം ക്ളാസിലെ പൊതു പരീക്ഷ എഴുതിച്ചത്. രണ്ടിടത്തും നിയന്ത്രണച്ചുമതലയും വേണം. രണ്ടു കൊല്ലം ഉണ്ടായി ആ അനുഭവം. പതിമൂന്നു തരം ബില്ലുകൾ ഒപ്പിടണം.

ഡി. ഡി. ആയിരിക്കെ ഒപ്പു വച്ച ഒരു ഫയൽ ഇന്നും ഓർമ്മയിലുണ്ട്. ഹൈസ്കൂളിൽ എന്നെ പഠിപ്പിച്ച ഒരു ടീച്ചറുടെ പെൻഷൻ ഫയൽ.

ആലുവ ഡി.ഇ.ഒ ഓഫീസിൽ നിന്ന് ഡി.ഇ.ഒ ആയി പിരിഞ്ഞ ഒരാൾ എത്രയോ വർഷമായി പെൻഷൻ കിട്ടാതെ കഴിയുകയായിരുന്നു. എനിക്കു മുമ്പ് രണ്ടു ഡി. ഇ. ഒമാർ ആ ഓഫീസിൽ ജോലി ചെയ്തിട്ടുണ്ട്. അവരുടെ കാലത്തൊന്നും അദ്ദേഹത്തിന്റെ പെൻഷൻ പേപ്പർ ശരിയായില്ല. ഡി.ഇ.ഒ ഓഫീസിൽ നിന്ന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയാലേ പെൻഷൻ പേപ്പർ മുകളിലേക്ക് പോവൂ. ഒരു സ്വകാര്യ സ്കൂളിൽ അർഹതയില്ലാത്ത തസ്തികയിൽ ഒരുദ്ധ്യാപകനെ നിയമിച്ച് കുറച്ചു കാലം ശമ്പളം നൽകിയിരുന്നു. അത് ഓഡിറ്റർമാർ പിടിച്ചു. ആ പണം തിരിച്ചടച്ചാലേ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകാനാവൂ. ആ ഡി.ഇ.ഒയുടെ ഉറ്റ ചങ്ങാതിമാരായിരുന്ന രണ്ടു ഡി.ഇ.ഒമാർ ഉണ്ടായിരുന്നപ്പോഴും ശരിയാക്കാത്ത കാര്യം.

ഇപ്പറഞ്ഞ ഡി.ഇ.ഒയുടെ കീഴിൽ കളമശ്ശേരിയിൽ ഹെഡ്മിസട്രസ് ആയിരുന്നു ഞാൻ. എനിക്ക് അദ്ദേഹത്തെ സഹായിക്കാതെ മുന്നോട്ടു പോവാനായില്ല. ഞാൻ ആ സ്കൂളിൽ സ്റ്റാഫ് ഫിക്സേഷനു ചെന്നു. അന്നത്തെ ഹെഡ്മാഷോട് ആ തുക ത്തിരിച്ചടപ്പിക്കാൻ വേണ്ട കർശന നിർദേശം നൽകി. അതു പ്രകാരം ബാദ്ധ്യത ക്ളിയർ ചെയ്തു.

അതിനു ശേഷം അദ്ദേഹത്തിന്റെ ഒരു കത്തു കിട്ടി. പ്രഗല്ഭരായ എന്റെ രണ്ടു സുഹൃത്തുക്കൾ ചെയ്യാത്തത് പ്രിയദത്ത ചെയ്തു തന്നതിന് വളരെയധികം നന്ദിയുണ്ട്. അതായിരുന്നു അതിലെ വാചകം.അദ്ദേഹം മരിക്കും മുമ്പ് പെൻഷൻ ലഭിച്ചു എന്ന സന്തോഷമായിരുന്നു അതിൽ. ഇതൊന്നും മറക്കാനാവില്ല.

ഭൂമിയുടെ പര്യായമാണ് പ്രിയദത്ത. ഭൂമി ക്ഷമ കൂടിയാണല്ലൊ. അതു വേണ്ടുവോളം പഠിച്ചു.

ഇല്ലത്ത് അവകാശപ്പേരായി കിട്ടിയതാണ് പ്രിയദത്ത. വല്യച്ഛന്റെ മകളും പ്രിയദത്തയായപ്പോൾ ഒരാൾ വല്യത്തത്തയായി. മറ്റേയാൾ കുഞ്ഞിത്തത്തയും. എൺപത്താറിലും കുഞ്ഞിത്തത്തയെന്ന പേര് മാറാതെ കിടക്കുന്നു.

പാഞ്ഞാളിലെ തുപ്പേട്ടനെ മബലാറിലെ നാടകപ്രസ്ഥാനക്കാരൊക്കെ അറിയും. ഭർത്താവിന്റെ നേരെ ഏട്ടനാണ് അദ്ദേഹം. മകൻ മോഹന കൃഷ്ണൻ സെയിൽസ് ടാക്സ് ഓഫീസർ. മകന്റെ ഭാര്യ പ്രീത ടീച്ചർ. പേരക്കുട്ടി അമൽ കൃഷ്ണൻ ട്രിച്ചി എൻ. ഐ.ടിയിൽ പി. എ്ച് ഡി ചെയ്യുന്നു. മൂത്ത മകൾ ജയശ്രീയെ വേളി കഴിച്ചത് വിഷ്ണു പോറ്റി. റിട്ട ഫോറൻസിക് ലബോറട്ടറി ഡയറക്ടർ. സുജാത പി. റിട്ട. പി.ഡബ്ളിയു. ഡി എക്സി എഞ്ചിനിയർ. നരിക്കാട്ടിരി ജാതവേദനാണ് ഭർത്താവ്. ഷിപ്പിൽ ചീഫ് എഞ്ചിനീയർ. പതിനെട്ടാം വയസ്സിൽത്തന്നെ ഗവ. സർവീസിൽ കയറി. ഇപ്പോൾ 86 പിന്നിട്ട് കൊച്ചി ഇടപ്പള്ളിയിലാണ് താമസം. ●

പ്രിയദത്ത അന്തർജ്ജനം
ഫോൺ: (0484) 2968692



# ടി.സി. നാരായണൻ നമ്പൂതിരി

**റിട്ട. ഡെപ്യൂട്ടി കളക്ടർ, യോഗക്ഷേമസഭ മുൻ സംസ്ഥാന സെക്രട്ടറി, തരുപ്പയിൽ ഇല്ലം, പെരുമണ്ണ പി.ഒ., കോഴിക്കോട്, Mob. 9946202218)**

ഒരു വലിയ കുടുംബത്തിന്റെ നെടുംതൂണായി നിന്ന് തന്റെ കർത്തവ്യങ്ങളെല്ലാം ഭംഗിയായി നിറവേറ്റി ഒടുവിൽ 93-ാം വയസ്സിൽ എല്ലാ വേഷങ്ങളും അഴിച്ചുവെച്ച് നികത്താനാവാത്ത ഒരു ശൂന്യത മാത്രം ബാക്കിയാക്കി അച്ഛൻ യാത്രപോയിട്ട് രണ്ടു മാസം കഴിഞ്ഞിരിക്കുന്നു.

ഈശ്വരൻ ഞങ്ങൾക്കു തന്ന ഏറ്റവും വലിയ ഭാഗ്യം. എന്റെ ഏറ്റവും നല്ല കൂട്ടുകാരൻ. ഈ അച്ഛന്റെയും അമ്മയുടെയും മകളായി ജനിക്കാൻ സാധിച്ചതുതന്നെ സുകൃതം! ജീവിതത്തിലും മരണത്തിലും ഒരുപോലെ 'ഭാഗ്യവാൻ' എന്ന വിശേഷണം അന്വർത്ഥമാക്കിയ പുണ്യാത്മാവ്!

പെരുമൺപുറയപ്പന്റെയും ഭഗവതിയമ്മയുടെയും സഹായത്താൽ പോയ വഴികളൊക്കെയും സുഗമമായി താണ്ടി അച്ഛൻ ഭഗവാന്റെ തൃപ്പാദത്തിൽ ലയിച്ചു എന്ന ഉറച്ച വിശ്വാസത്തോടെ എന്നും അച്ഛനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട്

അച്ഛന്റെ സ്വന്തം കുട്ടി
**ശ്രീന സജീവ്**

**സ്നേഹാഞ്ജലികളോടെ**

| | |
|---|---|
| പ്രിയപത്നി | **ശ്രീദേവി** |
| മരുമകൻ | **സജീവ് നല്ലൂർപ്പുള്ളി** |
| പേരക്കുട്ടി | **നൈതിക് നാരായണൻ** |
| സഹോദരപുത്രൻ | **മനോജ്, ബിന്ദു, ദേവാനന്ദ്, ദേവിക, കുടുംബവും** |
| സഹോദരിമാർ | **ശ്രീദേവിയും കുടുംബവും (പാറക്കോട്ടില്ലം)ദേവിയും കുടുംബവും** |

**(താഴത്തുംകുന്നത്ത് കണ്ടമംഗലം തരുപ്പയിലെ മറ്റു കുടുംബാംഗങ്ങൾ)**

## പുതിയ വിദ്യകളിലേക്ക്

# നമ്പൂതിരിയെ ഉപനയിക്കണം



ഈ ലക്കം മുതൽ സംരംഭകരെയും സംരംഭങ്ങളെയും വായനക്കാർക്ക് പരിചയപ്പെടുത്തുന്ന പുതിയ പംക്തി ആരംഭിക്കുകയാണ് സ്വസ്തി. സർവീസ് ആൻഡ് പ്രൊഡക്ട്സ്. നമ്മുടെ സമുദായാംഗങ്ങൾ നടത്തുന്ന സംരംഭങ്ങളെ പരിചയപ്പെടുത്തുന്നതിനും കൂടുതൽ പേരെ അതിലേക്ക് ആകർഷിക്കുന്നതിനും ഇത് ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതോടൊപ്പമുള്ള കത്ത് വായനക്കാരുടെ ചർച്ചയ്ക്കായി നൽകുന്നു. കഴിഞ്ഞലക്കം സ്വസ്തിയിൽ അലക്കുകാരിയായ ഒരു അന്തർജനത്തെപ്പറ്റി നൽകിയിരുന്നു. വിഴുപ്പലക്കുകയെന്നത് ഒരു തൊഴിൽ സംരംഭമാക്കിയ അന്തർജനം. വേറെയും ചില സംരംഭകരെ സ്വസ്തി പരിചയപ്പെടുത്തിയിരുന്നു.

വായനക്കാരിൽ നിന്ന് അദ്ഭുതകരമായ പ്രതികരണങ്ങളാണ് ഇവയ്ക്ക് ലഭിച്ചത്. പുതിയ മേഖലകളിൽ നിന്ന് ഊർജം കണ്ടെത്തുന്ന നമ്മുടെ യുവജനങ്ങൾ പലർക്കും മാതൃകയാണ്. പ്രചോദനവുമാണ്. സമുദായത്തെ അടിമുടി മാറ്റിമറിക്കാൻ പോകുന്നതാണ് ഈ കൊച്ചു കൊച്ചു മാറ്റങ്ങൾ.

***പത്രാധിപർ***

സ്വസ്തി ഓണപ്പതിപ്പിൽ സംരംഭകരെക്കുറിച്ചുള്ള ഫീച്ചർ കണ്ടു. പാരമ്പര്യ സാമുദായിക മനോഭാവത്തെക്കുറിച്ച് സംരംഭകനായ എന്റെ അനുഭവം കുറിക്കട്ടെ. ധാരാളം ഭൂമിയുണ്ടായിരുന്ന നമ്മുടെ സമുദായം അത് പലവിധത്തിൽ നഷ്ടപ്പെടുത്തിയപ്പോൾ ഞാൻ അത് പരമാവധി സംരക്ഷിച്ച് അഭിവൃദ്ധിപ്പെടുത്തി.

സംരംഭകത്വ മനോഭാവം എന്റെ മകനെ ആയുർവേദ മേഖലയിലെത്തിച്ചു. ഇപ്പോൾ മുക്കം നഗര കേന്ദ്രത്തിൽ സ്വന്തം കെട്ടിടത്തിൽ അഞ്ചാറു പേർക്ക് ജോലി കൊടുത്ത് വിശാലമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നു. മകന്റെ വിവാഹം ആലോചിച്ചു തുടങ്ങിയപ്പോൾ ആർക്കും ഇതൊന്നും കേൾക്കുകയേ വേണ്ട. വിവാഹം നടക്കണമെങ്കിൽ സ്കൂളിന്റെ തൂണെങ്കിലുമാകണം. വ്യവസായം നടത്താൻ കേരളം വിടേണ്ടിവന്ന കിറ്റക്സിനെപ്പോലെ വിവാഹത്തിന് സമുദായം വിടേണ്ടിവരുമോ? സംരംഭകരുടെ പരിഗണനക്ക് ഇതും വിഷയമാകണം.,

**കെ.കെ. കൃഷ്ണൻ നമ്പൂതിരി,**
കുളങ്ങരക്കാരാട്ടില്ലം,
അളി.പി.ഒ, മുക്കംൻപിൻ 673 602,മൊബൈൽ 9946986361

## ബിടെക്കും എംബിഎയും കഴിഞ്ഞ

# സംരംഭക




**വി.പി.ഹേമ ഗോശാല**



കോവിഡ് മഹാമാരി നമ്പൂതിരി സമുദായത്തിന് പുതിയൊരു വഴിത്തിരിവ് ഉണ്ടാക്കി എന്നത് തർക്കമില്ലാത്ത കാര്യമാണ്. നമ്മുടെ പല ചിന്താഗതികളെയും മാറ്റിമറിച്ച ദിവസങ്ങളാണ് കടന്നു പോയത്.

തന്ത്രം, ശാന്തി, പരികർമ്മം, തുടങ്ങി പരമ്പരാഗത തൊഴിലിടങ്ങൾ അത്രത്തോളം സുരക്ഷിതമല്ലെന്ന തിരിച്ചറിവ് സാമുദായിക സമ്പദ്ഘടനയിലും സാമൂഹ്യ ജീവിതത്തിലും ദൂരവ്യാപകമായ മാറ്റങ്ങൾ ഉണ്ടാക്കുന്നവയാണ്. ആ കംഫർട്ട് സോണിൽ നിന്ന് പുറത്തുകടന്ന് കുറച്ച് കൂടി മത്സരാധിഷ്ഠിതമായ പുതിയ സാമൂഹിക ക്രമത്തിലേക്ക് ഇറങ്ങി വരാൻ ഈ തിരിച്ചറിവ് നമ്മളെ സഹായിക്കും.

ജീവിതം മുന്നോട്ടു നീങ്ങാൻ ചെറുതെങ്കിലും സുരക്ഷിതമായ വരുമാനത്തിന്റെ ആവശ്യകത ഇപ്പോൾ നമുക്ക് ബോധ്യമായിട്ടുണ്ട്. ഒന്നിൽ നിന്നുള്ള വരുമാനം നിലച്ചുപോയാലും, അത് ജീവിതത്തെ ബാധിക്കാത്ത വിധത്തിൽ, സമാന്തരമായൊരു വരുമാന സ്രോതസ് കൂടി കണ്ടെത്തണമെന്ന് കോവിഡ് കാലം നമ്മെ പഠിപ്പിച്ചിരിക്കുന്നു.

അതോടൊപ്പം ഗൃഹനാഥൻ മാത്രം സമ്പാദിക്കുക എന്ന രീതി മാറി. വനിതകളുടെ പങ്കാളിത്തവും അംഗീകരിക്കപ്പെട്ടിരിക്കുന്നു. പാരമ്പര്യമായി പകർന്നു കിട്ടിയ കുറേ അറിവുകളും കഴിവുകളുമുണ്ട്. അവയെ എങ്ങനെ വരുമാന മാർഗ്ഗമായി മാറ്റാം എന്ന പുതിയ പരീക്ഷണങ്ങൾ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. കുറഞ്ഞ മൂലധനത്തിൽ, ചുറ്റിലുമുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് , നമ്മുടെ ഇഷ്ടവും അറിവുമുള്ള മേഖലകൾ തെരഞ്ഞെടുക്കാനാണ് മിക്കവരും താൽപ്പര്യപ്പെടുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്.

**മറ്റ് മേഖലകളിൽ നിന്ന് വ്യത്യസ്തമായി സമൂഹവുമായി നിരന്തരം ഇടപെടേണ്ടി വരുന്ന മേഖലയാണ് സംരംഭകത്വം. പൊതുവേ ഉൾവലിഞ്ഞ സ്വഭാവക്കാരായ നമുക്ക് സമൂഹവുമായി നല്ലൊരു ബന്ധവും ആത്മവിശ്വാസവും നൽകാൻ ഈ ബിസിനസ് സംരംഭങ്ങൾ പ്രാപ്തരാക്കും.**

ഒപ്പം നമ്മൾ കൂട്ടായ്മയുടെ സാധ്യതകൾ കൂടി തിരിച്ചറിയുന്നു. സോഷ്യൽ മീഡിയയുടെയും ആധുനിക സാങ്കേതിക വിദ്യകളുടെയും സാധ്യതകൾ കൂടി എല്ലാവരും പ്രയോജനപ്പെടുത്തുന്നുണ്ട്.

ഒറ്റയടിക്ക് വലിയൊരു വരുമാനം ഉറപ്പില്ലെങ്കിലും ക്രമേണ സ്ഥിരമായൊരു വരുമാനവും അതേ സമയം സ്വയം പര്യാപ്തതയും ലഭിക്കുമെന്നതാണ് സംരംഭങ്ങളുടെ ഒരു പ്രത്യേകത. മറ്റ് മേഖലകളിൽ നിന്ന് വ്യത്യസ്തമായി സമൂഹവുമായി നിരന്തരം ഇടപെടേണ്ടി വരുന്ന മേഖലയാണ് സംരംഭകത്വം. പൊതുവേ ഉൾവലിഞ്ഞ സ്വഭാവക്കാരായ നമുക്ക് സമൂഹവുമായി നല്ലൊരു ബന്ധവും ആത്മവിശ്വാസവും നൽകാൻ ഈ ബിസിനസ് സംരംഭങ്ങൾ പ്രാപ്തരാക്കും.

*മറ്റുള്ളവരുടെ സന്തോഷത്തിൽ ഞാനും കൂടി കാരണമാവുന്നു എന്നുള്ളതിൽ അഭിമാനിക്കുന്നു, സന്തോഷിക്കുന്നു. കസ്റ്റമറുടെ ഇഷ്ടത്തിനും ബഡ്ജറ്റിനും അനുസരിച്ചാണ് ഗിഫ്റ്റുകൾ ചെയ്തു കൊടുക്കുന്നത്.*

**തിരുവനന്തപുരം പാൽക്കുളങ്ങര ഉപസഭയിലെ അംഗമാണ് കാവ്യ വിഷ്ണു. മൊബൈൽ 7907466754**

തിരുവനന്തപുരത്തെ ഒരു ചെറുപ്പക്കാരിയെ പരിചയപ്പെടാം. കാവ്യ വിഷ്ണു. ബിടെക്കും എംബിഎയും ബിസിഎയും കഴിഞ്ഞ് കാവ്യ തെരഞ്ഞെടുത്തത് സ്വന്തം വഴി . തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആർട്ട് ആൻഡ് ക്രാഫ്റ്റ് ഫീൽഡ്. ഹാൻഡ് മെയ്ഡ് ഗിഫ്റ്റ്സ് ഉണ്ടാക്കുന്ന ലിയോ ക്രാഫ്റ്റി എന്ന സംരംഭത്തിന്റെ ഉടമയാണ് കാവ്യ .

ഫോട്ടൊ ആൽബം, ബർത്ത്ഡേ കാർഡ്സ്, ഡെകോർസ്, പാർട്ടി ഡെകോർസ്, ഗിഫ്റ്റ് ബോക്സ്, ഹമ്പേഴ്സ് തുടങ്ങിയവയൊക്കെ ലിയോ ക്രാഫ്റ്റിയിലൂടെ ലഭിക്കും. 2 വർഷമാകുന്നു സംരംഭം തുടങ്ങിയിട്ട്. തനിക്ക് ഇഷ്ടപ്പെട്ട മേഖലയിൽ തൊഴിൽ ചെയ്യുന്നതിലുള്ള ആത്മസംതൃപ്തി കാവ്യ മറച്ചുവയ്ക്കുന്നില്ല.

തുന്നൽ, പോട്ട് വർക്ക്, എംബ്രോയ്ഡറി, റിബ്ബൺ വീവിങ്ങ്, ഫ്ളവർ മേക്കിങ്ങ്, അജന്തകന്യക, ടോയ്സ് വർക്ക്, മത്സ്യകന്യക, ഗ്ലാസ്, സാരി, മയിൽ, വീണ ത്രഡ് വർക്കിങ്ങ്, നിബ്ബ് പെയ്ന്റിങ്ങ്, പേൾ, മണ്ണ്, പേപ്പർ , റൊട്ടി, ജൂട്ട് - ജ്വലറി, ടെക്സ്റ്റൈൽ പ്രിന്റിങ്ങ് , ബ്യൂട്ടിഷൻ വർക്ക്, സെക്കറേഷൻ വർക്ക്, ബുക്ക് ബൈന്റിങ്ങ്, ബാഗ് നിർമാണം, പേപ്പർ കവർ നിർമ്മാണം, പാഴ് വസ്തു നിർമ്മാണം, റൂളൽ വർക്ക്, കുട നിർമ്മാണം, മെഴുകുതിരി, സോപ്പ് നിർമ്മാണം തുടങ്ങി ബഹുമുഖ മേഖലയിലാണ്

രത്നംപി.പാറക്കോട്ട്ഇല്ലം,പെരുമണ്ണ ,കോഴിക്കോട്.ഫോൺ : 9995470962

# ഇടിഞ്ഞു പൊളിഞ്ഞ നാലുകെട്ടല്ല
# ഇല്ലം ഹെറിറ്റേജ്

ഇല്ലം എന്നാൽ ഒരു ഇടിഞ്ഞു പൊളിഞ്ഞ നാലുകെട്ട്. ഇതാണ് പലരുടെയും മനസ്സിലുള്ള ചിത്രം. എന്നാൽ ഇതു നോക്കൂ. ഇല്ലം ആയുർ ഹെറിറ്റേജ്. ഓട്ടിസം ചികിത്സയ്ക്ക് പേരു കേട്ടതാണ് തണ്ണീർമുക്കം ഇല്ലം ആയുർ ഹെറിറ്റേജ് . അതേ നമ്പൂതിരി മാറുകയാണ് കാലത്തിനൊപ്പം. അല്ലെങ്കിൽ കാലത്തിനു മുമ്പേ. വർഷങ്ങൾക്കു മുമ്പ് ഇങ്ങനെയൊന്നും നമ്മുടെ ചിന്തയിൽ പോലും ഉണ്ടാവില്ല.

ഓട്ടിസം ബാധിതർക്ക് ആശ്വാസവുമായി തണ്ണീർമുക്കം ഇല്ലം ആയുർ ഹെറിറ്റേജ്. ആയുർവേദവും യോഗയും ആഹാര പഥ്യങ്ങളും മറ്റ് തെറാപ്പികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അഷ്ടാംഗ പ്രോട്ടോകോൾ എന്ന പദ്ധതിയാണ് ഓട്ടിസം ചികിത്സയ്ക്കായി ആവിഷ്കരിച്ചിരിക്കുന്നത്. ഇന്ത്യക്കകത്തും പുറത്തും ഉള്ള ഒട്ടനവധി പേർ ഇവിടെ എത്തുന്നുണ്ട്. പാരമ്പര്യ ആയുർവേദ ചികിത്സാരീതിയാണ്. പള്ളിപ്പാട്ട് ഇല്ലം വകയാണ് ഈ സ്ഥാപനം. കേരളത്തിൽ ആദ്യമായി വൈദ്യരത്നം ലഭിച്ച തൃപ്രങ്ങോട് പരമേശ്വരൻ മൂസതിന്റെയും തിരുനാവായ ശങ്കരൻ മൂസതിന്റെയും ആയുർവേദ പാരമ്പര്യത്തിന്റെ പിന്മുറക്കാരാണ് പള്ളിപ്പാട്ട് ഇല്ലത്തുള്ളവർ. സുബ്രഹ്മണ്യം മൂസതാണ് ചെയർമാൻ. ഡോക്ടർ ശങ്കർ പ്രശാന്ത് മെഡിക്കൽ ഡയറക്ടറും. (ഇല്ലം ആയുർ ഹെറിറ്റേജ്, പള്ളിപ്പാട്ട് ഇല്ലം ,തണ്ണീർമുക്കം ,ആലപ്പുഴ–688527 ഫോൺ: 9895443112 )

മോക്ഷത്തിന്റെ കവാടമാണ് ഗുരുവായൂർ. വാതാലയേശനാണ് ഗുരുവായൂരപ്പൻ. അവിടെയുണ്ട് മോക്ഷ ആയുർവേദ ചികിത്സാലയം. അക്കാരപള്ളി മനയ്ക്കലെ മനു മാധവനാണ് മോക്ഷയിലെ ഡോക്ടർ. മേൽപ്പുത്തൂരിന് വാതരോഗശമനം നടത്തിയ ഭഗവാന്റെ സവിധത്തിൽ മോക്ഷയിലുമുണ്ട് വാതചികിത്സ.

ആമവാതം, രക്തവാതം, ഉയർന്ന രക്ത സമ്മർദ്ദം, പ്രമേഹം, ത്വക്ക് രോഗങ്ങൾ, ഉദര സംബന്ധമായ രോഗങ്ങൾ, അർശസ്സ് എന്നിവയെല്ലാം ഇവിടെ ചികിത്സിക്കുന്നു.




രോഗങ്ങൾക്ക് ചെയ്യേണ്ട യോഗസനങ്ങളും വ്യായാമ മുറകളും നിർദ്ദേശിക്കുന്നു. ഇതിനു പുറമെ കിടത്തി ചികിത്സ വിഭാഗത്തിൽ നവരകിഴി , പൊടികിഴി, ശിരോധാര, ശിരോവസ്തി, കായസേകം തുടങ്ങിയ കേരളീയ പഞ്ചകർമ്മ ചികിത്സാവിധികളും, രസായന വാജീകരണ ചികിത്സകളും വിധിപ്രകാരം ചെയ്യുന്നു. (കോട്ടപ്പടി പി ഒ ഗുരുവായൂർ ,680605, ഫോൺ: 9446996244Email : mokshaayurvedam@gmail.com ഫോൺ : 9447746323 )

അങ്ങ് കണ്ണൂരിലേക്ക് പോയാൽ കേശവതീരമുണ്ട്. പേരു കേട്ടാൽ ആയുർവേദ ആശുപത്രിയാണെന്നു തോന്നില്ല. വിശാലമായ ഒരില്ലപ്പറമ്പ് പഴയമട്ടിൽ തന്നെ നാലുകെട്ടു മാതൃകയിൽ ആശുപത്രിയാക്കിയതാണ് കേശവതീരം. സന്ധിവേദന, വാതരോഗം, നടുവേദന, കഴുത്ത് വേദന , കൈ കാൽ കടച്ചിൽ തരിപ്പ് , അലർജി , ചർമ്മരോഗം , വന്ധ്യത , സ്ത്രീരോഗം , ബാലരോഗം , അമിതവണ്ണം , വാർദ്ധക്യ രോഗം , പക്ഷാഘാതം, പ്രസവരക്ഷാ ചികിത്സ, പ്രമേഹം , രസായന ഉത്തേജന ചികിത്സ , ഉദര രോഗം , മൂലവ്യാധി , മാനസിക ആരോഗ്യം , നേത്ര രോഗം എന്നിവയാണ് പ്രത്യേക ചികിത്സാവിഭാഗങ്ങൾ. വെദിരമന വിഷ്ണു നമ്പൂതിരിയാണ് മാനേജിങ്ങ് ഡയറക്റ്റർ. ഡോ:വി. കേശവൻ നമ്പൂതിരി മെഡിക്കൽ ഡയറക്ടറും. (കേശവതീരം ആയുർവേദ ആശുപത്രി,പുറച്ചേരി, ഏഴിലോട് (പി.ഒ) കണ്ണൂർ– 670309 ഫോൺ: 0497 2800298, 9495014766 )

തൃശൂരിലെ നെല്ലുവായ് ഉപസഭാംഗം ശ്രീധരൻ ചെമ്മങ്ങാട്ട് മന 2015 ൽ തുടങ്ങിയ സ്ഥാപനമാണ് സഹ്യാദ്രി ആയുർവേദിക്സ്. എരുമപ്പെട്ടിയിലെ കടങ്ങോട് റോഡ് ജംഗ്ഷനിൽ മസ്കട്ട് ബിൽഡിംഗിലാണ് പ്രവർത്തനം. മൊബൈൽ : 9995022999

നാഷണൽ അക്രെഡിറ്റേഷൻ ഫോർ ഹോസ്പിറ്റൽസിന്റെ സമ്പൂർണ്ണ അംഗീകാരം നേടിയ ചികിത്സാ സ്ഥാപനമാണ് ആലപ്പുഴ നഗരത്തിലെ ശ്രീരുദ്ര ആയുർവേദ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി. കോവിഡ് പ്രതിരോധം ആയുവേദത്തിലൂടെ എന്ന കാമ്പെയിന്റെ ഭാഗമായി വിവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഡോ കെ എസ് വിഷ്ണു നമ്പൂതിരിയാണ് ചീഫ് കൺസൾട്ടൻ ആൻറ് മെഡിക്കൽ ഡയറക്ടർ. (കൈതവന ആലപ്പുഴ 688003 ഫോൺ 0477 2266778 ,9847948218 )




*കേശവതീരം.*



# പഴമ

**പൂച്ചിന്നിപ്പാടം**
**(തൃശ്ശൂർ - ഇരിങ്ങാലക്കുട റൂട്ട്), തൃശ്ശൂർ ജില്ല.**
**ഫോൺ: 9847616608**





## പഴമയുടെ ശേഖരത്തിലുള്ളവ

- നമ്പൂതിരി ഇല്ലങ്ങളിൽ ഉണ്ടാക്കുന്ന അച്ചാറുകൾ
- കൊണ്ടാട്ടങ്ങൾ
- കറിക്കൂട്ടുകൾ
- പരിശുദ്ധമായ വെളിച്ചെണ്ണയിൽ വറുത്തെടുത്ത ചിപ്സ്
- കൂത്താമ്പുള്ളി സെറ്റ്മുണ്ട്
- നല്ല വെള്ളിയിലുള്ള ആഭരണങ്ങൾ മാത്രം
- പൂജാ സാധനങ്ങൾ





കീർത്തിരാജ് കെ.വി.
കിഴിയേടത്ത് മന.
ഫോൺ: 9847616608






പഴമയെക്കുറിച്ച് കൂടുതൽ അറിയുവാനായി
പഴമയുടെ Facebook പേജ് സന്ദർശിക്കുക.
www.facebook.com/Pazhama-100438418043215/




# വിളിക്കാം സമന്വയ രാമല്ലൂരിനെ

പരസ്പര സഹായം ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലയിലെ രാമല്ലൂരിൽ 27 ബ്രാഹ്മണ കുടുംബങ്ങൾ ചേർന്ന് 2010 ൽ രൂപീകരിച്ച കൂട്ടായ്മയാണ് സമന്വയ രാമല്ലൂർ .

2018 ലെ പ്രളയകാലത്താണ് കൂട്ടായ്മയുടെ കരുത്ത് കൂടുതൽ പ്രകടമായത്. പ്രളയ ബാധിതരെ സഹായിക്കാൻ സംഘം മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു.കോഴിക്കോട് മെഡിക്കൽ കോളേജിലെ നിർധന രോഗികൾക്ക് സർജറിക്ക് ആവശ്യമായ കാര്യങ്ങൾ എത്തിച്ച് നൽകിയതും എടുത്തു പറയേണ്ടതാണ്.

സമന്വയയുടെ ആഭിമുഖ്യത്തിൽ മുപ്പതോളം പേർ കലാമണ്ഡലം ശിവദാസ മാരാരുടെ ശിക്ഷണത്തിൽ ചെണ്ട മേളം പഠിച്ച് അരങ്ങേറ്റം നടത്തി. പുല്ല് വെട്ട് യന്ത്രം, പുൽപ്പായ തുടങ്ങിയവ അംഗങ്ങൾക്ക് ആവശ്യമാവുമ്പോൾ നൽകുന്നുണ്ട്. കിടപ്പു രോഗികൾക്ക് സാമ്പത്തിക സഹായവും കൂട്ടായ്മക്ക് അകത്തും പുറത്തും മരണാനന്തര സഹായവും നൽകി വരുന്നു. കൂട്ടായ്മക്ക് അകത്തും പുറത്തും വേളി , ഉപനയനം , പിറന്നാൾ മറ്റു വിശേഷ അവസരങ്ങളിൽ ആവശ്യമായ ഒരുക്കങ്ങൾ എന്നിവ ഉൾപ്പെടെ സംഘടന ഉത്തരവാദിത്തത്തോടെ ഏറ്റെടുത്ത് നടത്തുന്നു. പ്രസിഡന്റ് ,കുട്ടമംഗലം രാധാകൃഷ്ണൻ നമ്പൂതിരി ,9947965878 ,സിക്രട്ടറി മധു, പൗർണ്ണമി,9495389261, ട്രഷറർ വേണു നമ്പൂതിരി,ചേക്രക്കൽ,9745128719

## Home shop & Home delivery

സേവനസന്നദ്ധരായ ഒരു കൂട്ടം ആളുകളുടെ കൂട്ടായ്മ. വാട്സ് അപ്പ് ഗ്രൂപ്പ് വഴി ആവശ്യക്കാർക്ക് അവശ്യ സാധനങ്ങൾ എത്തിച്ചു നൽകുന്നു.കോവിഡ് രോഗികൾക്കും , സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്കും പരമാവധി സഹായങ്ങൾ നൽകുന്നു വിവരവങ്ങൾക്ക്,സുരേഷ് നാരായണൻ പി കെ , പറമ്പൂരില്ലം, കുടമാളൂർ,ഫോൺ 8089906372,8075289013

**ശ്രീകൃഷ്ണപുരം ശ്രമസംഘം**
മധു, ആട്ടാല മന,
ശ്രീകൃഷ്ണപുരം പാലക്കാട്
ഫോൺ: : 9495356201

**മിത്ര ശ്രമസംഘം**
പട്ടാമ്പി,പാലക്കാട്
ടീം ലീഡർ മഞ്ഞപ്പറ്റ അഷ്ടമൂർത്തി നമ്പൂതിരി
ഫോൺ: 9447995539
ഓഫീസ് :9895252888

### കിടങ്ങഴിയത്തു മനയിൽ നിന്ന് നല്ല വാർത്തകൾ കേൾക്കാം

# ശൃണുവാമ ശരദശ്ശതം

ശ്രവണസംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് ലോകോത്തര ചികിത്സയും അനുബന്ധ സേവനങ്ങളും നൽകുന്ന ഒരു സ്ഥാപനം എറണാകുളത്തെ കാക്കനാട്ട് ഉണ്ട്. ഹിയർ വൺ എന്ന് പേര്.

കേൾവിയുടെ ഒരദ്ഭുത ലോകം തന്നെയാണ് ഇത്. കേവലം ശ്രവണസഹായികൾ മാത്രമല്ല ഇവിടെ. അദൃശ്യങ്ങളായ ശ്രവണസഹായിക , റീചാർജ് ചെയ്യാവുന്ന ശ്രവണസഹായികൾ, ബ്ലൂടൂത്ത് ശ്രവണ ശ്രവണസഹായികൾ, മൊബൈൽ അപ്ലിക്കേഷനുകൾ വഴി നിയന്ത്രിക്കുന്ന ശ്രവണസഹായികൾ, ഡിജിറ്റൽ ശ്രവണസഹായികൾ, ഫോൺ / വീഡിയോ കോൾ സ്ട്രീമിംഗ്



ശ്രവണസഹായികൾ. അങ്ങനെയങ്ങനെ... 5,900 മുതൽ 4.5 ലക്ഷം രൂപ വരെ വിലയുള്ള ശ്രവണസഹായികളുണ്ട്. ജെർമനി, യുഎസ്എ, ഡെൻമാർക്ക്, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്നുള്ള ലോകത്തെ മുൻനിര ശ്രവണസഹായികൾ. കിടങ്ങഴിയത്തു മനയിലെ അംഗിരസ് വിഷ്ണുവാണ് ഇതിന്റെ മേധാവി. വിളിക്കുക / വാട്ട്സ്ആപ്പ്: 8547832924, 8129772924 വെബ്സൈറ്റ്: https://www.hearone.in



*അംഗിരസ് വിഷ്ണു*
*കിടങ്ങഴിയത്തു മന*



മൂത്തേടം ആനന്ദ്

### ഗുരുവായൂരിലെ കീഴ്ശാന്തിക്കുമാവാം

# സ്വസംരംഭം

ഗുരുവായൂർ ക്ഷേത്രത്തിലെ കീഴ്ശാന്തി മൂത്തേടം ആനന്ദ് ലോക് ഡൗൺ കാലത്ത് ആരംഭിച്ച സംരംഭമാണ് ആനന്ദം ട്രഡീഷണൽ സ്റ്റോർ. തൃശൂർ ജില്ലയിലെ വിവിധ ഇല്ലങ്ങളിൽ ഉണ്ടാക്കുന്ന കടുമാങ്ങ, ഉപ്പുമാങ്ങ, എരിമാങ്ങ, ആവക്ക തുടങ്ങിയ പലതരം അച്ചാറുകൾ,സാമ്പാർ പൊടി, ചട്ണി പൊടി, ചമ്മന്തിപ്പൊടി തുടങ്ങിയ കറി പൗഡറുകൾ,വറവു സാധനങ്ങൾ തുടങ്ങിയവയുടെയെല്ലാം ഓൺ ലൈൻ വിപണനമാണ് ഇതിലൂടെ നടക്കുന്നത്. കൂടാതെ കുത്താമ്പുള്ളി സെററ് മുണ്ടുകൾ, കോട്ടൺ സാരികൾ തുടങ്ങിയവ ഓർഡർ പ്രകാരം അയച്ചുകൊടുക്കുകയും ചെയ്യുന്നു. വിളിക്കാം ആനന്ദിനെ Mob: 9846418181(Anand M, Sivadam, Moothedath Mana, Near Perunthatta Siva Temple, Guruvayoor, Thrissur 680101)

ലോക് ഡൗൺ കാലത്ത് അവശ്യ സാധനങ്ങൾ പോലും വാങ്ങാൻ കഴിയാതെ ബുദ്ധിമുട്ടിയ കുന്നംകുളം, ഗുരുവായൂർ ഭാഗത്തെ നൂറോളം കുടുംബങ്ങൾക്ക് രക്ഷയായത് ചേലപ്പറമ്പ് സുനിലിന്റെ സി എം എസ്. ഹോം ഡെലിവറിയാണ്. കഴിഞ്ഞ ഓഗസ്റ് 15നാണ് ആശയം പ്രാവർത്തികമായത്. 100 ഓളം പേരെ ഉൾപ്പെടുത്തി ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയാണ് ആദ്യം ചെയ്തത്. ആവശ്യക്കാർക്ക് പലചരക്ക്, പച്ചക്കറി, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ വാട്ട്സ്അപ്പിലൂടെ ഓർഡർ നൽകാം. സാധനങ്ങൾ കൃത്യസമയത്ത് ഇല്ലങ്ങളിൽ എത്തിച്ചേരും. വിളിക്കാം സുനിൽ ചേലപ്പറമ്പിനെ 8075656362

ഉച്ചയൂണ് വിളമ്പി മൂന്നാം വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിയ്ക്കുകയാണ് കൊയിലാണ്ടിയിലെ മനവെജ്

**APN ATRIUM**
new business facility for
*Attupuram Enterprise
( pharamedical Distribution )
*Attupuram Drugs
( Pharamedical Distributors )
*Attupuram Engg.Co ( P ) Ltd.
*Attupuram Plantations
*APN Foundation
Attupuram Establishments
15/88G&H, Udaya Nagar ,KozhikodeRoad,Manjeri -676121,MalappuramDist ,Kerala , Email: attupuram.enterprises@gmail.com
**Ph: 9495915636**

**JAYAN NAMBOODIRI**
Karakkatt Mana
Peramangalam post
Thrissur 680545
Psychotherapist/
Psychological Counselor
FOCUSING AREA THROUGH BEHAVIOR TECHNOLOGY& COUNSELING:
Family counseling, Stress & Anger management, Sex therapy , Learning problems, Behavioral problems, Anxiety , Phobias, OCD , Smoking quit , Bed wetting, Eating diosrder, Sleeping diosrder, Addictions , etc
**Mob9846919084**

**Bio care medical systems**
Pulse oximeters/ pulse oximeters with NIPB & ECG, Multiparameter Monitors , Syringe Infusion Pumps / Infusion Pumps, Fetal Monitors , Capnograph , Entonox ( painless delivery system ) , Surgical Diathermy Units , Suction Irrigation Pumps, Infant Warmers / Phototherapy Units, Medical Gas pipeline project works , Acceosries for all medical equipments.16/797 A , 2nd floor , Jumana Building , Railway station Road , Calicut -2,E-mail : info@biocarecalicut.comwww.biocarecalicut.com
**Linesh Thamarakulam**
**Mob: 9847009640**

**Denta Care**
Multispeciality Dental clinic
New Kerala Germin Bank , Kovoor , Calicut - 673017
Time :10.00 am to 07.30 pm
Sunday by Appointment
**Dr. Mrudula KI ( BDS , MDS )**
**Mob: 9656350119**

ഫുഡ്സ് & കാറ്ററിംഗ്. കൊയിലാണ്ടി നരിക്കുനി എടമന ഇല്ലത്തെ എഴുപത്തിയാറുകാരി സാവിത്രി അന്തർജ്ജനത്തിന്റെ പ്രേരണയാണ് മകൻ അനിൽകുമാറിനും ഭാര്യ രാധികയ്ക്കും മനവെജിന് തുടക്കമിടാൻ പ്രചോദനമായത്. കൊയിലാണ്ടി കോതമംഗലത്ത് മേപ്പാട് ടവറിലാണ് ഉച്ചക്ക് 12 മണി മുതൽ 3 വരെ മനവെജ് ഉച്ചയൂണ് വിളമ്പുന്നത്. സദ്യയൊരുക്കാനും വിളമ്പാനും മന വെജിലേയ്ക്ക് വിളിക്കൂ. അനിൽ കുമാർ എൻ ഇ. നരിക്കുനി എടമന ഇല്ലം.പി.ഒ കുറുവങ്ങാട് ,വഴി കൊയിലാണ്ടി.പിൻ 673620 ഫോൺ .9562437474

പഴമയ്ക്ക് പുതുമയേറും കാലമാണ്. ഗുണമേന്മയും പാരമ്പര്യ തനിമയും ഉള്ള ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ മെച്ചപ്പെട്ട സേവനത്തോട് കൂടി ഉപഭോക്താക്കൾക്ക് ലഭിക്കുക കൂടി ചെയ്താലോ ! അങ്ങനെയാണ് ചുരുങ്ങിയ കാലം കൊണ്ട് പഴമ വൻ ഹിറ്റായി മാറിയത്. തൃശ്ശൂർ ജില്ലയിലെ ചേർപ്പ് കിഴിയേടത്ത് മനയ്ക്കൽ കീർത്തി രാജ് 2017 ജൂൺ 26 നാണ് പൂച്ചിന്നിപ്പാടത്ത് പഴമ എന്ന പേരിൽ സംരംഭം തുടങ്ങിയത്. മാർക്കറ്റിംഗിൽ എം ബി എ കഴിഞ്ഞ ശേഷം കേരളകൗമുദിയിൽ ജോലി ചെയ്യുകയായിരുന്നു. ആ ജോലി ഉപേക്ഷിച്ചാണ് സ്വപ്ന പദ്ധതിക്ക് തുടക്കമിട്ടത്.

പൂജാ സാധനങ്ങൾ, നമ്പൂതിരി ഇല്ലങ്ങളിൽ ഉണ്ടാക്കുന്ന വിവിധ തരം അച്ചാറുകൾ, കറിക്കൂട്ടുകൾ, ശുദ്ധമായ വെളിച്ചെണ്ണയിൽ വറുത്തെടുക്കുന്ന ചിപ്സ്, പാലക്കാടൻ കൊണ്ടാട്ടങ്ങൾ, ജൈവ ഉൽപ്പന്നങ്ങൾ, കൂത്താമ്പുള്ളി തുണിത്തരങ്ങൾ, പരിശുദ്ധമായ വെള്ളിയിലുള്ള വിവിധ തരം ആഭരണങ്ങൾ എന്നിവയുടെ ശേഖരമാണ് പഴമയിലുള്ളത്. കിഴിയേടത്ത് മനയ്ക്കൽ വിഷ്ണു നമ്പൂതിരിയുടേയും രമണി അന്തർജനത്തിന്റേയും മൂത്ത മകനാണ് കീർത്തിരാജ് . 9847616608

### നാല് ഇല്ലക്കാർ ചേർന്ന് ഒരു സംരംഭം

# തുരുമ്പുപിടിക്കാത്ത ജനലും വാതിലും

ബ്രിസ്റ്റേ എന്നാണ് പേര്. ആലപ്പാട്ട് മന ശ്രീപ (കൂർക്കഞ്ചേരി ഉപസഭ), ചെറുവള്ളുർമന സുരേഷ്, പടിഞ്ഞാറേകുത്തുള്ളി ഹരിശ്യാം, ചെമ്മന്തട്ടമഠം സൗമ്യ എന്നിവരുട ഉടമസ്ഥതയിലാണ് ബ്രിസ്റ്റേ കമ്പനി. ഗുണനിലവാരമുള്ള ടാറ്റാ സ്റ്റീൽ ഉപയോഗിച്ച് കൊണ്ടുള്ള തുരുമ്പുപിടിക്കാത്ത ജനലുകളുടെയും വാതിലുകളും ഉണ്ടാക്കിക്കൊടുന്നു .മരത്തേക്കാൾ ലാഭകരവും കൂടിയ ബലവും, ഈടും .പരമ്പരാഗതമായ ഉരുപ്പടികളുടെ ആകൃതിയും ഭംഗിയും നിലനിർത്തി യന്ത്രോപകരണങ്ങളുടെ സഹായത്താൽ നിർമ്മിക്കുന്നു.കേരളത്തിൽ എല്ലായിടത്തും എത്തിച്ചു കൊടുക്കും. ആവശ്യം വന്നാൽ വിളിച്ചോളൂ ഇവരെ. 90484 55840
ബ്രിസ്റ്റേ,റെയ്സ് കോംപ്ലക്സ്, ശങ്കരയ്യ റോഡ്,തൃശ്ശൂർ-680004
ഇ മെയിൽ: info@briztey.com,വെബ്സൈറ്റ്: https://briztey.com

## ഡ്രസ്സ് കോഡ് അനുസരിച്ച് പുതിയ ഫാഷനിൽ

സെറ്റുമുണ്ട്, സെറ്റ് സാരി, ഡ്രസ്സ് കോഡ് അനുസരിച്ച് പുതിയ ഫാഷനിൽ ഉള്ള കൈത്തറി വസ്ത്രങ്ങൾ എന്നിവ ഓർഡർ അനുസരിച്ച് എത്തിച്ചു നൽകുന്നു.ശ്രീവിദ്യ പി പാലാഞ്ചേരി ഇല്ലം, പി.ഒ പെരുമണ്ണ , കോഴിക്കോട് , 673019 , മൊബൈൽ 9747710153

## നൃത്ത സംബന്ധമായ ഡ്രസ്സുകൾ

നൃത്ത സംബന്ധമായ ഡ്രസ്സുകൾക്കും മെയ്ക്കപ്പ് മെറ്റീരിയലുകൾക്കും മെയ്ക്കപ്പിനും സമീപിക്കുക. ഗായത്രി കലക്ഷൻസ്, വൈകുണ്ഠം , ബാലുശ്ശേരി,കെ. ഐ. വിഷ്ണു നമ്പൂതിരി, ഫോൺ: 9496925471

## കുത്താമ്പുള്ളി കൈത്തറി

പവിത്രം ഹാൻഡ്ലൂംസ്: കുത്താമ്പുള്ളി കൈത്തറി ഉൽപ്പന്നങ്ങൾ എവിടേയും എത്തിക്കുന്നു സൗമ്യ നീലകണ്ഠൻ,തിരുമംഗലത്ത് ഇല്ലം,ഒളവണ്ണ പി ഒ,കോഴിക്കോട്,ഫോൺ :8075843604


### HEALTH INSURANCE

ചുരുങ്ങിയ പ്രീമിയം അടച്ചു ആരോഗ്യ ഇൻഷുറൻസ് സ്വന്തമാക്കൂ, അടുത്തുള്ള ഹോസ്പിറ്റലുകളിൽ സൗജന്യ ചികിത്സ ലഭ്യമാക്കൂ...
SUDHEESH KESAVAN
MANGULAM ILLAM , NAREEKKAMVALLI POST ,PILATHARA ,KANNUR 670501
**Mob 9747369702**

### ഹോപ്പ് ഓൺ ഹോളിഡേയ്സ്

ഹോപ്പ് ഓൺ ഹോളിഡേയ്സ് നാരായണൻ തേവർക്കാട് മാനേജിംഗ് പാർട്ട്ണർ - 9747403604 ഡിഗ്രാന്റ്മാൾ, പട്ടാമ്പി റോഡ് ,പെരിന്തൽമണ്ണ, മലപ്പുറം 679322

### വെന്ത വെളിച്ചെണ്ണ

കല്പശുദ്ധി,എ പി കേശവൻ നമ്പൂതിരി, അമ്പലപുത്തൂർ മന, നാച്ചുറൽ ഇന്റസ്ട്രീസ്,അവിട്ടനല്ലൂർ, കൂട്ടാലിട,മൊബൈൽ 860697020

### ഹോം അപ്ലയൻസസ്

നമ്പൂതിരീസ് ഹോം അപ്ലയൻസസ്,ആറ്റുതൃക്കോവിൽ കോംപ്ലക്സ് , മേലാറ്റൂർഫോൺ: 0493 2788433സർവ്വീസ് ഹെൽപ്പ് ലൈൻ : 8592099 921

### കണ്ണൂർ എയർപോർട്ടിൽ നിന്ന്

നാലുകിലോമീറ്റർ ദൂരമേയുള്ളൂ. ശ്രീപത്മനാഭ ഷോപ്പിങ് കോംപ്ലക്സ്. അവിടെ ഫസ്റ്റ് ഫ്ളോർ 6 മുറികളും സെക്കൻഡ് ഫ്ളോറിൽ 3 മുറികളും വിശാലമായ വരാന്തയും. ആവശ്യക്കാർക്ക് വിളിക്കാം. ഫോൺ.8086771361ബാവോട്ട് പാറയിലാണ് സ്ഥാപനം. വിലാസം:(പോസ്റ്റ്) കയനി,(വഴി )മട്ടന്നൂർഫോൺ നമ്പർ (0490) 2477103

### ഇൻവെസ്റ്റ്മെന്റ്

ഇൻവെസ്റ്റ്മെന്റ് അഡ്വൈസ് സർവീസ് ആണ് എം ആർ വീനസ് കോമ്പിനേഷൻസ്. ഇക്വിറ്റി, മ്യൂച്ചൽ ഫണ്ട്, ബോണ്ടുകൾ, ഗോൾഡ് ഇൻവെസ്റ്റ്മെന്റ്, ജനറൽ, ലൈഫ് & ഹെൽത്ത് ഇൻഷുറൻസ് തിരഞ്ഞെടുക്കാൻ സഹായിക്കുന്നു. വിളിച്ചോളൂ. വേണുനാഥ് നമ്പൂതിരി. ഗായത്രി നിവാസ് ,കളത്തില്ലം. തൃക്കുറ്റിശ്ശേരി വാകയാട് ഫോൺ 8281994397,7306774851

# ആ 21കാരൻ വൻകിട വ്യാപാരിയായി



പി ഇ ഷാജിത്.

വ്യാപാരമേഖലയുമായിപുല ബന്ധം പോലുമില്ലാത്ത കുടുംബം. അവിടത്തെ ഒരു 21കാരൻ 2002 ൽ നീലേശ്വരത്ത് മാർജിൻ ഫ്രീ മാർക്കറ്റ് തുറന്നു. ഇന്ന് കാസർകോട് ജില്ലയിലെ നമ്പൂതിരി സമുദായത്തിൽ നിന്നുള്ള ആദ്യത്തെ വൻകിട വ്യാപാരികളിൽ ഒരാളാണ് പി ഇ ഷാജിത്.

ചുരുങ്ങിയ കാലം കൊണ്ട് ഏറ്റവും മികച്ച വ്യാപാര സ്ഥാപനങ്ങളിൽ ഒന്നായി മാർജിൻ ഫ്രീ . പിന്നീട് ബിസിനസ് മലബാറിലെ ഏറ്റവും വലിയ റീറ്റെയ്ൽ ചെയിൻ ആയ റിയൽ ഹൈപ്പർ മാർക്കറ്റുമായി പാർട്ണർഷിപ്പ് തുടങ്ങി. ഇതു കൂടാതെ കൃഷ്ണ അസ്സോസിയേറ്റ് എന്ന പേരിൽ ഒരു ഹോൾ സെയിൽ ഡിസ്ട്രിബ്യൂഷൻ സ്ഥാപനവും. ഇതിനു പുറമെയാണ് വൻകിട വ്യവസായികൾക്ക് ഉപകരിക്കുന്ന വിധത്തിൽ കൃഷ്ണ ആർക്കേഡ് എന്ന ബിൽഡിംഗും പ്രവർത്തനം ആരംഭിച്ചത്.

അവിടെയും നിൽക്കുന്നില്ല, സിവിൽ എഞ്ചിനീയർ എന്ന നിലയിൽ തന്റെ ഇഷ്ടപ്പെട്ട മേഖലയായ കെട്ടിട നിർമ്മാണ രംഗത്തും സജീവമാണ്. സുഹൃത്തുമായി ചേർന്ന് തുടങ്ങിയ കൃഷ്ണാ ബിൽഡേഴ്‌സ് എന്ന സ്ഥാപനം രൂപകൽപ്പന, അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണ കരാറുകൾ, പ്ലാൻ തയ്യാറാക്കൽ, കെട്ടിട നിർമ്മാണം എന്നീ മേഖലകളിലാണ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നത്. കൂടാതെ വില്ലകൾക്കും ബംഗ്ലാവുകൾക്കുമായി ഇന്റീരിയർ ഡിസൈൻ, ഡെക്കറേഷൻ, ലാൻഡ്‌സ്‌കേപ്പിംഗ്, റിയൽ എസ്റ്റേറ്റ് തുടങ്ങിയവയും കൃഷ്ണാ ബിൽഡേഴ്‌സ് ഏറ്റെടുക്കുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഷാജിത് തുല്യ പ്രാധാന്യം കൊടുക്കുന്നുണ്ട്. റോട്ടറി ക്ലബിന്റെയും നീലേശ്വരത്തെ കരുണ പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ഷാജിത്താണ്. നിർധനരായ രോഗികളെയും കുടുംബങ്ങളെയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് ചാരിറ്റബിൾ സൊസൈറ്റി നടത്തുന്നത്. ചികിത്സാ സൗകര്യം നൽകുന്നതു തൊട്ട് വീട് ഇല്ലാത്തവർക്കായി വീട് വച്ചു നൽകുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വർഷങ്ങളായി ഷാജിത്തിന്റെ നേതൃത്വത്തിൽ സംഘടന നടത്തുന്നു. സിവിൽ എഞ്ചിനീയറെ ആവശ്യമാവുമ്പോൾ വിളിക്കാം ഷാജിത്തിനെ: 9447242526

കാസർകോട് നീലേശ്വരം പട്ടേന പഴനെല്ലി ഇല്ലത്തെ റിട്ടയർഡ് അധ്യാപകൻ കൃഷ്ണൻ നമ്പൂതിരിയുടെയും സരസ്വതി അന്തർജ്ജനത്തിന്റെയും മകനാണ്. ഭാര്യ ദിവ്യ പെരിയ കേന്ദ്ര സർവകലാശാലയിൽ നഴ്സിംഗ് ഓഫീസർ ആണ് . മക്കൾ കാഷി കൃഷ്ണ, കൃഷവ് കൃഷ്ണ

ഇ മെയിൽ: krishnabuildernslr@gmail.comഎഫ് ബി പേജ് : https://www.facebook.com/Builders.Krishna

### സ്ഥലം പ്രയോജനപ്പെടുത്താൻ ആഗ്രഹമുള്ളവർക്ക് അണ്ടലാടിയിൽ നിന്ന് ചിലത് പഠിക്കാനുണ്ട്.

# പട്ടാമ്പിയിലുണ്ട് അണ്ടലാടിയുടെ ഓഡിറ്റോറിയം

പാലക്കാട് ജില്ലയിൽ പട്ടാമ്പിക്കടുത്താണ് അണ്ടലാടി മന. ഈശ്വരസേവ ധാർമിക ഉത്തരവാദിത്തമായി കാണുന്ന താന്ത്രിക കുടുംബം. കേരളത്തിലെ ഒട്ടുമിക്ക ജില്ലകളിലെ ക്ഷേത്രങ്ങളിലുമായി അഞ്ഞൂറിലേറെ സ്ഥലങ്ങളിൽ താന്ത്രിക അവകാശമുണ്ട്. എന്നാൽ ഇല്ലപ്പറമ്പ് കാടു പിടിച്ചു കിടക്കുന്ന പതിവു നമ്പൂതിരി സ്റ്റൈലിലല്ല ഈ മന.

സ്ഥലത്തെ പ്രധാനപ്പെട്ട പല സർക്കാർ സ്ഥാപനങ്ങളും മനയുടെ കീഴിലുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതോടൊപ്പം മറ്റ് സ്ഥാപനങ്ങൾക്കും കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കാറുണ്ട്. ഇതുകൂടാതെ ചിത്ര ഓഡിറ്റോറിയം മേലെപട്ടാമ്പി , എ എം സി ഓഡിറ്റോറിയം എന്നിവയും അണ്ടലാടി മന വകയാണ്. സ്ഥലം പ്രയോജനപ്പെടുത്താൻ ആഗ്രഹമുള്ളവർക്ക് അണ്ടലാടിയിൽ നിന്ന് ചിലത് പഠിക്കാനുണ്ട്. വിളിച്ചോളൂ.പരമേശ്വരൻ നമ്പൂതിരിപ്പാട്, അണ്ടലാടി മന (തറവാട് ), മരുതൂർ (പിഒ) പട്ടാമ്പി +919745843121; അണ്ടലാടി ദിവാകരൻ നമ്പൂതിരിപ്പാട്. 9447466380

കണ്ണിപറമ്പ് ഉപസഭയിലെ വനിതാ സഭയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന സോപ്പ് , സോപ്പു ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാരേറുന്നു. 2015ലാണ് വനിതാ സഭ സോപ്പു നിർമ്മാണം തുടങ്ങിയത്. മാതൃസഭയിലെയും യുവജന സഭയിലെ അംഗങ്ങൾ സഹായത്തിനായി എത്തി. ഉപസഭയിലെ എല്ലാ ഇല്ലങ്ങളിലും ഉൽപ്പന്നങ്ങൾ എത്തിച്ചു കൊടുക്കുകയാണ് പതിവ്. വിവരങ്ങൾക്ക് ലത തലപ്പണ 9747051056 പുതുമന രമണി 9745013042

ഫ്ളൂട്ട്, വോക്കൽ(കർണാടിക്) സംഗീതക്ലാസുകൾ നടത്തുകയാണ് പുളിയപ്പിലാശ്ശീരി മുല്ലപ്പള്ളി ഇല്ലം ഗോപിനാഥൻ നമ്പൂതിരി പി.എം. എഐആർ ഗ്രേഡഡ് ആർട്ടിസ്റ്റാണ്
മൊബൈൽ:. 9846479428

ഇന്റീരിയർ ഡിസൈനിംഗ് സംബന്ധിയായ എല്ലാ വിധ ജോലികളും ഏറ്റെടുത്ത് ഉത്തരവാദിത്തത്തോടെ ചെയ്തു കൊടുക്കുന്ന ഒരു ശ്രീദേവി നമുക്കിടയിലുണ്ട്.

ശ്രീസ് ഇന്റീരിയർ സ്റ്റുഡിയോ എന്ന പേരിൽ ഒരു സ്ഥാപനവും നടത്തുന്നു. ത്രീഡി വിഷലൈസേഷൻ,ഇന്റീരിയർ ഡിസൈനിംഗ് കൺസൾട്ടേഷൻ,ഡിസൈൻ എക്സിക്യൂഷൻ,ഫാൾസ് സീലിംഗ്,പെയിന്റിംഗ്,വാൾഡ്രോബ്സ്,മോഡുലാർ കിച്ചൻ,കർട്ടൻ വർക്കുകൾ തുടങ്ങി എല്ലാം ചെയ്തു തരും. ശ്രീദേവി കിഷൻ, വരവൂർ കപ്ലിങ്ങാട്, ഹൗസ് നമ്പർ 63,കോലഴി,തൃശൂർ.മൊബൈൽ:9567196489

## നാഷണൽ പെർമിറ്റോടു കൂടി

# ആദ്യത്തെ ലോറി ഇറക്കിയ നമ്പൂതിരി

മലപ്പുറം ജില്ലയിൽ നാഷണൽ പെർമിറ്റോടു കൂടി അശോക് ലെയ്‌ലന്റിന്റെ ആദ്യത്തെ ലോറി ഇറക്കിയത് ഒരു നമ്പൂതിരിയാണ്. അതും കച്ചവട രംഗത്തേക്ക് ആളുകൾ കടന്നുവരാൻ മടിച്ചിരുന്ന കാലത്ത് . പട്ടല്ലൂർ വാസുദേവൻ നമ്പൂതിരിയാണ് ആ ലോറിയുടമ. 1970 ലാണ് അദ്ദേഹം ഉമ ട്രാൻസ്പോർട്ട് എന്ന പേരിൽ ലോറി സർവ്വീസ് ആരംഭിച്ചത്.

ഓട്ടോമൊബൈൽ, ഹാർഡ്‌വെയർ സാധനങ്ങൾ വിൽക്കുന്ന ഒരു കുഞ്ഞു കടയിലൂടെയാണ് അദ്ദേഹം കച്ചവട രംഗത്തേക്ക് കടന്നുവരുന്നത്. മുപ്പതു വയസ്സുവരെ താൻ നേടിയിട്ടുള്ള അനുഭവ സമ്പത്തിന്റെ ബലത്തിൽ 1965 ൽ മഞ്ചേരിയിൽ ഒരു ചെറിയ കെട്ടിടം വാടകയ്ക്കെടുത്തു. മകളുടെ പേരിലെ ആദ്യത്തെ രണ്ടക്ഷരം എടുത്ത് ഉമ എന്ന പേരും നൽകി.

കാളവണ്ടിയിൽ കോഴിക്കോട് പോയി സിമന്റും മറ്റ് സാധനങ്ങൾ കൊണ്ടുവന്ന് വിറ്റിരുന്ന ഒരു കാലം. പത്തു വർഷത്തിനു ശേഷം സ്വന്തമായ ഒരു ഒറ്റ നില കെട്ടിടത്തിലേക്ക് മാറി.നിർമ്മാണ സാമഗ്രികളും സാനിറ്ററിയും തന്നെയാണ് പ്രധാനമായി ഉണ്ടായിരുന്നത്. എ സി സി, ശങ്കർ എന്നീ സിമൻറ് കമ്പനികളുടെ മലപ്പുറം ജില്ലയിലെ ആദ്യ സ്റ്റോക്ക്സ്റ്റ് ആയിരുന്നു അദ്ദേഹം . മലബാറിലെ പ്രധാന ഓട് കമ്പനിക്കാരുമായല്ലാം ബിസിനസ് ഉണ്ടായിരുന്നു .1980 ൽ മകളുടെ പേരിലെ ബാക്കി രണ്ടക്ഷരം ചേർത്ത് ദേവി ട്രേഡേഴ്സ് എന്ന സ്ഥാപനവും തുടങ്ങി. കച്ചവടം അഭിവൃദ്ധി പ്രാപിച്ചതിനാൽ 90 ൽ കട നിന്നിരുന്ന കെട്ടിടത്തിന്റെ മുകളിലേക്ക് രണ്ട് നിലകൾ കൂടി പണിതു. ഇന്ന് ആദ്യ നിലയിൽ ബാങ്ക് ഓഫ് ഇന്ത്യയും മുകളിലെ നിലയിൽ മനോരമ പത്രത്തിന്റെ ഓഫീസും പ്രവർത്തിക്കുന്നു. 1995 ൽ ഉമ ഫിനാൻസ് എന്ന സ്ഥാപനവും തുറന്നു. ഇപ്പോൾ സാനിറ്ററി & പ്ലംബിങ് മെറ്റീരിയൽസിന് പ്രാധാന്യം നൽകി അദ്ദേഹത്തിന്റെ മക്കളാണ് കച്ചവടം നോക്കി നടത്തുന്നത്.



*പട്ടല്ലൂർ വാസുദേവൻ നമ്പൂതിരി*

മൊബൈൽ: ശ്രീജ പട്ടല്ലൂർ
**9946188670**


## നമ്പൂതിരി സർവ്വസ്വം പ്രസിദ്ധീകരിക്കുന്നു

കാണിപ്പയ്യൂർ പഞ്ചാംഗം പുസ്തകശാല, നമ്പൂതിരിമാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നമ്പൂതിരിസർവ്വസ്വമെന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിക്കുന്നു. മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയ പ്രഗത്ഭരായ നമ്പൂതിരിമാരുടെ ചുരുക്കവിവരം ഒരു പേജിൽ കവിയാതെ അയച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു .കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാട് മൊബൈൽ 9447615604 വാട്ട്സ് അപ്പ് (സുബ്രഹ്മണ്യൻ പെരുമ്പിള്ളി ): 9495693442 ഇമെയിൽ: kanippayurpanchangam@gmail.com

### കൺസൾട്ടൻസി സർവ്വീസ്

ടാക്സേഷൻ (ഇൻകം ടാക്സ് & ജി എസ് ടി), അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്, മാനേജ്മെന്റ്, ബിസിനസ് ഡെവലപ്പ്മെന്റ്
Naveen Thenjeeri & Associates,Business Consultancy Services,Pottathil Building,Nallurangadi, Feroke, Kozhikode-673631
Mob-9995395427,9746357183,Mail-ntnbizconsults@gmail.com

### കേരള സദ്യകൾക്ക്

നമ്പൂതിരി കാറ്ററിംഗ് സർവ്വീസ്,നമ്പില്ലം, ആലത്തിയൂർ,തിരൂർ 2 മൊബൈൽ: 9446252327

### വീഡിയോ ചിത്രീകരണം

2 ഡി, 3ഡി ആനിമേഷൻ, വീഡിയോ എഡിറ്റിങ്ങ് , ഗ്രാഫിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, വെബ് ഡിസൈനിംഗ്, പരസ്യങ്ങൾ, സിനിമാപ്പരസ്യങ്ങൾ, ഫോട്ടോ ഷൂട്ട്, മാർക്കറ്റിംഗ് ആവശ്യങ്ങൾക്കായി പ്രൊഡക്ട് ഷൂട്ടിംഗ്, സീരിയലുകൾക്കും സിനിമകൾക്കുമായി വിഷ്വൽ എഫക്ട്, ഗെയിമിങ്ങ് മോഡലുകളുടെ നിർമ്മാണം. വാസുദേവൻ കെ എസ്+91-9483196606, 8073087699 vasudevan.korattikkara@gmail.com

### അണു നശീകരണ സേവനങ്ങൾ

അനന്തു എൻ കിഴക്കില്ലം,മധുമന്തിർ,കുടമാളൂർ പി ഒ,കോട്ടയം 686017

Mecon pumb color
write up half page



# പാള പെറുക്കിയും ബിസിനസ് ചെയ്യാം

എഞ്ചിനിയറിങ് ബിരുദധാരികളായ ദേവകുമാറും ശരണ്യയും വിദേശത്തെ ജോലി ഉപേക്ഷിച്ചാണ് നാട്ടിലൊരു സംരംഭം എന്ന ആഗ്രഹം സഫലമാക്കിയത്. സ്വന്തം നാട്ടിലെ കവുങ്ങിൻ കർഷകരെക്കൂടി മുന്നിൽക്കണ്ട് തുടക്കമിട്ടതാണ് പാള പ്ലേറ്റ് നിർമ്മാണ യൂണിറ്റ്. വിവിധ തരം പ്ലേറ്റുകൾ, കപ്പ്, സ്പൂൺ, തൊപ്പി, ബാഡ്ജ് തുടങ്ങി ഇരുപതോളം വ്യത്യസ്ത ഉല്പന്നങ്ങളാണ് ഇവിടെ നിർമിക്കുന്നത്.

പ്ലാസ്റ്റിക്കിന് പകരം കവുങ്ങിൻ പാള ഉല്പന്നങ്ങളുമായി പാപ്ല . കാസർകോട് മടിക്കൈ സ്വദേശികളായ ദേവകുമാറും ഭാര്യ ശരണ്യയുമാണ് പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് ഒരു ബദൽ മാർഗ്ഗം കണ്ടെത്തിയിരിക്കുന്നത്.

കാസർകോട് മുതൽ കോഴിക്കോട് വരെ ഉള്ള എല്ലാ super/hyper മാർക്കറ്റുകളിലും പാപ്ല ഉൽപ്പന്നങ്ങൾ ലഭ്യമാണ്. ഓൺലൈൻ വഴിയും ഓർഡർ സ്വീകരിക്കും.അഞ്ചു പേർക്ക് നേരിട്ടും 50 ലധികം കവുങ്ങ് കർഷകർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ പാപ്ല കമ്പനിക്ക് സാധിക്കുന്നുണ്ട്.




*പാപ്ളയുടെ ശരണ്യയെ കാണാൻ ധനമന്ത്രിയായിരുന്ന തോമസ് ഐസക് വന്നപ്പോൾ*




*പാളപെറുക്കി ബിസിനസ് ചെയ്യുന്ന കഥയറിയാൻ വിളിക്കാം*

Mob :6235726264
https://papla.in
https://papla.linker.store

**Papla, Chalakkadavu,Madikai P O, Nileswaram Via,, Kasargod 671 314**

# ശ്രീകോവിൽ വൃത്തിയാക്കണോ ? ടീം റെഡി

ഉത്സവാഘോഷങ്ങളോടനുബന്ധിച്ച് ക്ഷേത്രം ശുചീകരിച്ച് മോടി കൂട്ടാൻ ഭക്തർ ഉൾപ്പെടെയുള്ള വലിയ വിഭാഗത്തിന്റെ സഹായം ലഭിക്കാറുണ്ട്. എന്നാൽ ശ്രീകോവിലും ഗർഭഗൃഹവും (ഉൾവശം) അശുദ്ധിയാവാതെ ഭംഗിയായി വൃത്തിയാക്കാൻ അവിടുത്തെ ശാന്തിക്കാരനെ കൊണ്ട് മാത്രം സാധിച്ചെന്നു വരില്ല. അതിനു പരിഹാരവുമായിട്ടാണ് ഒരു കൂട്ടം ചെറുപ്പക്കാരായ ബ്രാഹ്മണർ രംഗത്ത് വന്നിരിക്കുന്നത്. ക്ഷേത്രം തന്ത്രിയുടെ പൂർണ്ണ അനുവാദത്തോടെയായിരിക്കും ശുചീകരണം നടത്തുക. കഴുകി വൃത്തിയാക്കുന്നതിനോടൊപ്പം ചായം തേച്ച് മനോഹരമാക്കുകയും ചെയ്യും രണ്ട് വർഷം മുൻപാണ് ഇങ്ങനൊരു സേവന പ്രവർത്തനം തുടങ്ങുന്നത്. ഏകദേശം 25 ഓളം വലുതും ചെറുതുമായ ക്ഷേത്രശ്രീലകങ്ങൾ ഇതുവരെ വൃത്തിയാക്കി പെയിന്റ് ചെയ്ത് കൊടുത്തു.



നരിക്കാട്ടിരി മന രാമപ്രസാദ് നമ്പൂതിരി
ഫോൺ 09496234515

S&P Service Products

# നൂറോളം പശുക്കളുണ്ട് തൊഴുത്തിൽ

### പേരാങ്ങല്ലൂർ പരമേശ്വരനല്ല, പശുപതിയാണ്

പേരാമങ്ങല്ലൂർ മനക്കലെ പരമേശ്വരൻ നമ്പൂതിരിയുടെ തൊഴുത്തിൽ ഇപ്പോൾ നൂറോളം പശുക്കളുണ്ട്. തൊഴുത്തിലല്ല ഫാമിൽ. ഗോബ്രാഹ്മണേഭ്യ സുഖമസ്തു നിത്യം. പശുവളർത്തൽ മുഖ്യ ജീവിതോപാധിയാക്കിയ ഒരുപാട് പേർ നമുക്ക് ചുറ്റിലുമുണ്ട്. എന്നാൽ ബൃഹദ് സംരംഭമായി ഈ രംഗത്തേക്ക് കടന്നുവന്ന നമ്പൂതിരിമാരുടെ എണ്ണം തുലോം കുറവാണ്. അങ്ങനൊരാൾ പട്ടാമ്പിയിലെ ഓങ്ങല്ലൂരിൽ ഉണ്ട് . 20 വർഷത്തിൽ കൂടുതലായി പശുവളർത്തലും, പാൽ ഉൽപ്പന്ന വില്പനയും നടത്തുന്ന പേരാമങ്ങല്ലൂർ മന പരമേശ്വരൻ നമ്പൂതിരി. പൂർണ്ണമായും യന്ത്രവൽകൃത ഫാമാണ് അദ്ദേഹത്തിന്റേത്. സമാന്തരമായി കൃഷിയുമുണ്ട്. ഓങ്ങല്ലൂരിൽ പ്രത്യേക ഔറ്റ്ലറ്റും പ്രവർത്തിച്ചു വരുന്നു. ഫാം നടത്താൻ താല്പര്യമുള്ളവർ വിളിച്ചോളൂ :9495658577പരമേശ്വരൻ നമ്പൂതിരി, പേരാമങ്ങല്ലൂർ മന ,ഓങ്ങല്ലൂർ, പട്ടാമ്പി

### ഫോട്ടോഗ്രഫിയിലെ നമ്പൂതിരി സാന്നിദ്ധ്യം

ഫോട്ടോഗ്രഫിയിൽ ആറ് വർഷത്തെ സേവന പാരമ്പര്യവുമായി കോഴിക്കോട്കണ്ണിപറമ്പ് ഉപസഭയിലെ പൊറവണ്ണൂർ എടക്കാട് ഇല്ലം. പിറന്നാൾ, ചോറൂണ്,ഉപനയനം സമാവർത്തനം, വിവാഹം തുടങ്ങി നമ്പൂതിരിമാരുടെ എല്ലാ ചടങ്ങുകളും ( ഫോട്ടോ& വീഡിയോ) ചിത്രീകരിക്കുന്നു മൊബൈൽ :9745744664/ 9074090899

### ക്ഷീരമുദകം ഘൃതം മധു പയക്കീലാലം

തർപ്പിക്കാൻ വരട്ടെ. ശുദ്ധമായ തേൻ വേണ്ടേ. ഇതാ ഇല്ലം ഹണിയിൽ നിന്ന് അത്തരമൊരു തേൻ. തേനീച്ച വളർത്തലിലൂടെയും തേൻ വിപണനത്തിലൂടെയും മികച്ചൊരു വരുമാനം നേടാമെന്ന് തെളിയിക്കുകയാണ് അരീക്കോട് കൊഴക്കോട്ടൂരിലെ ആറ്റുപുരം നാരായണൻ നമ്പൂതിരി. ഇല്ലം ഹണി എന്ന ബ്രാൻഡിൽ അദ്ദേഹം പുറത്തിറക്കുന്ന തേനിന് കേരളത്തിനകത്തും പുറത്തും ആവശ്യക്കാർ ഏറെയാണ്. 1979 ൽ റേഡിയോണിക് സെന്റർ എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങിയാണ് ബിസിനസ് രംഗത്തേക്ക് അദ്ദേഹം കടന്നുവന്നത്. കൊഴക്കോട്ടൂരിൽ അച്ഛൻ തുടങ്ങിയ എ യുപി സ്കൂളിന്റെ നടത്തിപ്പും ഏറ്റെടുത്തു. ഇത്തരം തിരക്കുകൾക്കിടയിലും കൃഷിയോടുള്ള താൽപ്പര്യം അദ്ദേഹം കൈവിട്ടില്ല. അതിന്റെ ഫലമാണ് ഇല്ലം ഹണി.

വിലാസം. നാരായണൻനമ്പൂതിരി. ആററുപുറം. കൊഴക്കോട്ടൂർ. അരീക്കോട്.പി.ഒ. 673639. ഫോൺ. 9447926162(w). 9496510691(m).



### വെന്ത വെളിച്ചെണ്ണ

പരിശുദ്ധമായ വെന്ത വെളിച്ചെണ്ണ,ചിരകിയ നാളികേരം എന്നിവയ്ക്ക് സമീപിക്കുക
Phone: 9072888828,9037999929
18/862,kooriyal lane , PO . ചാലപുരം , കോഴിക്കോട് , -673002, E-mail : goorganic15@gmail.com

### ഛായാമുഖി

നമ്മുടെ ചടങ്ങുകൾ ദൃശ്യവൽക്കരിക്കുമ്പോൾ നമ്പൂരിത്തം അറിയുന്നവർ ഉണ്ടായാൽ നന്ന് എന്ന് തോന്നാറില്ലേ. ഈ ഒരു വലിയ വിടവ് നികത്താൻ ശ്രമിക്കുകയാണ് ഛായാമുഖി. 2017ലാണ് ഛായാമുഖി ആരംഭിച്ചത്. ഫോട്ടൊഗ്രഫി ആവശ്യമാവുമ്പോൾ വിളിക്കാം.സജിത്ത് മൂത്തകുരമ്പ്. വളാഞ്ചേരി ഉപസഭ. 9746661515 /9072311511

### തവിട് കളയാത്ത

തവിട് കളയാത്ത ഉണങ്ങല്ലരി, സെമി പോളിഷ്ഡ് പുഴുങ്ങല്ലരി, ശുദ്ധമായ നാടൻ മഞ്ഞൾപൊടി എന്നിവയ്ക്ക് :
E. M. P. Namboodiri, Edamana Mana, Post Kanippayyur, Thrissur District.... Pin code : 680 517
Contact number :9447412690, 8304052690

## കൃഷി ഹൈടെക് /കർഷകർക്ക് സ്റ്റാർട്ടപ്പ്

B.T. NAMBOODIRI'S Haritha AGRITECH

ഫാമും ഡെയറിയും സജ്ജമാക്കാൻ സഹായിക്കുന്ന സംരംഭമാണ് ബി ടി നമ്പൂതിരീസ് ഹരിത അഗ്രി ടെക് അക്കിക്കാവ് . പശുവളർത്തലിൽ നിന്ന് വരുമാനം കണ്ടെത്തുന്നവർക്ക് ഏറെ പ്രയോജനപ്പെടുന്നതാണ് ഇവരുടെ സേവനങ്ങൾ . പരിപാലന ചെലവും സമയവും ബുദ്ധിമുട്ടും ഗണ്യമായി കുറച്ച് വരുമാനം കൂട്ടാൻ സഹായിക്കുന്ന യന്ത്രവൽക്കരണത്തിനുള്ള സഹായം കർഷർക്ക് ലഭിക്കും. ക്ഷീരോത്പാദന മേഖലയിലെ നവ സംരംഭകർക്ക് വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ പരമാവധി ലഭിക്കുന്ന തരത്തിൽ മാർഗ്ഗനിർദ്ദേശം നൽകുന്നു. അതോടൊപ്പം തൊഴുത്തും ആട്ടിൻ കൂടും തയ്യാറാക്കി കൊടുക്കും. ആടിനും മാടിനും മതിയായ സുരക്ഷാസംവിധാനം ഒരുക്കാനുള്ള എല്ലാ ഉപകരണങ്ങളും ലഭ്യമാണ്.

വിളിക്കൂ : 9447324468 , 9544900447ബി ടി നമ്പൂതിരീസ് ഹരിത അഗ്രി ടെക്, അക്കിക്കാവ്, പിഒ തൃശ്ശൂർ 04885 282924, 9447324468ഇമെയിൽ : btnamboodiri@gmail.com/ www.harithaagritech.com

Service Products

# നെന്മിനി മനയിൽ നിന്ന് ട്രാവൽ ചെയ്യാം

e-mail:sreevidya@travelexcelholidays.com
Website: www.travelexcelholidays.com

ട്രാവൽ എക്സൽ ഹോളിഡെയ്സ് വിനോദസഞ്ചാര മേഖലയിലെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് കോയമ്പത്തൂരിലെ ട്രാവൽ എക്സൽ ഹോളിഡെയ്സ്. വിമാന ടിക്കറ്റുകൾ, ആഭ്യന്തര അന്താരാഷ്ട്ര ടൂർ പാക്കേജ്സ്, വിസ അസിസ്റ്റൻസ്, ട്രാവൽ ഇൻഷുറൻസ് എന്നിവയാണ് പ്രധാന സേവനങ്ങൾ. ഇന്ത്യക്കകത്തും, വിദേശ രാജ്യങ്ങളിലേക്കും വിവിധ ടൂർ പാക്കേജുകൾ ചെയ്തു കൊടുക്കുന്നുണ്ട്. അതാതു ടൂറിസ്റ്റ് സ്ഥലങ്ങളിൽ നിപുണരായ കോർഡിനേറ്റർമാരുടെ സേവനവും ഉണ്ടാവും. ഈ മേഖലയിൽ15 വർഷത്തെ പരിചയ സാമ്പത്തുള്ള നെന്മിനി മനയിലെ ശ്രീവിദ്യയുടെ ഉടമസ്ഥതയിലാണ് ഈ സ്ഥാപനം. ചിറക്കമിറ്റം മഹളും ഗുരുവായൂർ നെന്മിനി മനയിലെ നാരായണന്റെ ഭാര്യയുമാണ് ശ്രീവിദ്യ.
വിളിക്കേണ്ട നമ്പർ : 7708485577, 9442764020.






## ഗുരുവായൂർ സിസ്റ്റംസ്

ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തി മഞ്ചിറ മന കൃഷ്ണപ്രസാദ് നമ്പൂതിരിയും, എളവള്ളി എപ്പുറത്തു മനക്കൽ കൃഷ്ണൻ നമ്പൂതിരിയും ചേർന്ന് 10 വർഷമായി ഗുരുവായൂരിൽ നടത്തുന്ന കമ്പ്യൂട്ടർ സെയിൽസ് &സർവീസ് സ്ഥാപനമാണ് *ഗുരുവായൂർ സിസ്റ്റംസ്* ബാങ്കുകൾ, സ്കൂളുകൾ, സ്ഥാപനങ്ങൾ, വീടുകൾ, എന്നിവിടങ്ങളിലൊക്കെ സേവനം ലഭ്യമാണ്. ഓൺലൈൻ സെയിൽസ് ഉം ചെയ്തുവരുന്നു..
മൊബൈൽ: 9846669780



## 5ജി കണക്ഷൻ & റീച്ചാർജ്ജ്

ഇന്ത്യയിലെ എല്ലാ മൊബൈൽ സേവനദാതാക്കളുടേയും പ്രമുഖ ഡിറ്റിഎച്ച് സേവനദാതാക്കളുടെയും പുതിയ കണക്ഷൻ, റീചാർജ്,പോർട്ടിംഗ്, നമ്പർ സെലക്ഷൻ, ഡ്യൂപ്ലിക്കേറ്റ് സിം തുടങ്ങിയ എല്ലാ സർവീസും ലഭിക്കുന്നു. ഒരു ഫോൺ കോളിലൂടെ സേവനങ്ങൾ ലഭ്യമാണ്.
ഉന്മേഷ് പി,പുത്തൂർ ഇല്ലം കോവിലകം കുണ്ട്,
മഞ്ചേരി 676121.മൊബൈൽ 7021855225



## മഥന തൈര് കടയൽ യന്ത്രം

തൈര് കടഞ്ഞ് വെണ്ണയും മോരും വേർതിരിക്കുന്നതിന് വളരെ സൗകര്യപ്രദമായ യന്ത്രം.22വർഷങ്ങളായി കേരളത്തിലെ ഭവനങ്ങളിലേക്ക് കൊറിയർ വഴി എത്തിച്ചു നൽകുന്നു.ഒരു ലിറ്റർ മുതൽ 5 ലിറ്റർ വരെ കടയാൻ പറ്റുന്നു.ചെറിയ വൈദ്യുതി ഉപഭോഗം. ചെറിയ സ്പീഡിൽ മാത്രം കറങ്ങുന്നത് കൊണ്ട് വെണ്ണ ഉരുകിപ്പോകാതെ തന്നെ പരമാവധി ലഭിക്കുന്നു. വിവരങ്ങൾക്ക്.ദിലീപ് വാഴുന്നവർ, നീലേശ്വരം. 9447449720.




## ശ്രീ സദാശിവം ടൂർസ് പയ്യന്നൂർ

എല്ലാ മാസവും ഉത്തര ദക്ഷിണ ഭാരത തീർത്ഥ യാത്രകൾ സംഘടിപ്പിക്കുന്നു. താമസവും ഭക്ഷണവും ഉൾപ്പെടുന്ന പാക്കേജ്. യാത്ര മാനേജർ എം. ശ്രീധരൻ നമ്പൂതിരി കണ്ണൂർ, കൊടക്കാട് ഉപസഭ സെക്രട്ടറി . പയ്യന്നൂർ 9447445401, 9495179697

## കൂട്ടായ്മക്കൊരു കൂട്ടുകെട്ട് ...

പൂജാ, ക്ഷേത്രം. വേദം വൈദ്യം, അദ്ധ്യാപനം, തുടങ്ങി ജോലികൾ ഏതുമാകട്ടെ – KIOS - IN ലൂടെ അധികവരുമാനം നേടാം. പഴയ കാലത്തെ നന്മകളെയും ആധുനിക സാങ്കേതിക സംവിധാനങ്ങളെയും കോർത്തിണക്കിയാലോ ? അങ്ങനൊരു ആശയത്തിലൂടെ പിറവിയെടുത്തതാണ് KIOS - IN എന്ന ഓൺലൈൻ ആപ്ലിക്കേഷൻ . ഒരൊറ്റ ക്ലിക്കിലൂടെ വലിയൊരു കൂട്ടുകുടുംബത്തിന്റെ ഭാഗമായി പരസ്പരം താങ്ങാവുക എന്നതാണ് KIOS - IN ന്റെ ലക്ഷ്യം. ഇത് ഒരു മൊബൈൽ ആപ്ലിക്കേഷനാണ്. പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് നമുക്ക് ഇതിൽ അംഗമാകാം. വിവിധ ഉൽപ്പന്നങ്ങൾ വാങ്ങാനും വിൽക്കാനും ഉള്ള സംവിധാനം ഇതിലുണ്ട്. അതോടൊപ്പം വിവിധ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്.

വിവിധ സേവനങ്ങൾ ചെയ്യാൻ താൽപര്യമുള്ളവർക്കും ഇതിൽ രജിസ്റ്റർ ചെയ്യാം. ഹൈദരാബാദിൽ താമസമാക്കിയ ഉണ്ണികൃഷ്ണൻ നമ്പൂതിരിയാണ് ഇതിന്റെ സാരഥി
Team KIOS-IN.
8333937994,9550045994
info@kios-in.com

S&P Service Products

# എല്ലാം തവിടു പൊടിയാക്കാം

## അക്കൂരത്ത് മന റൈസ് മിൽ/ശ്രീപത്മനാഭ ഫ്ളോർ മിൽസ്/ അശോകാ റൈസ് ഫോർ&ഓയിൽ മിൽ

പട്ടാമ്പി ഭാഗത്തെ ആദ്യകാല മില്ലുകളിലൊന്നാണ് അക്കൂരത്ത് മനറൈസ് മിൽ.1964ലാണ് അക്കൂരത്ത് മന നീലകണ്ഠൻ നമ്പൂതിരി റൈസ് മിൽ തുടങ്ങിയത്. അന്ന് സഹായിക്കാനായി സഹോദരൻ പുരുഷോത്തമൻ നമ്പൂതിരിയും ഒപ്പമുണ്ടായിരുന്നു. ഇന്ന് മകൻ നീലകണ്ഠൻ നമ്പൂതിരിയുടെ ഉടമസ്ഥതയിലാണ് മില്ല് .

ഒരു പാട്ടനെല്ല് കുത്താൻ 20 രൂപയേ ഈടാക്കുന്നുള്ളൂ. ഒരു കിലോ കൊപ്ര ആട്ടാൻ 10 രൂപയാണ് ചാർജ് . നെല്ല് കുത്തൽ മാത്രമേ ഇവിടെ ഉള്ളൂ. പൊടിക്കലില്ല. പുഴുക്കനെല്ലും, ഒണക്കനെല്ലും കുത്തിക്കൊടുക്കും.

കൊപ്ര മുമ്പ് ആട്ടിയിരുന്നത് ചക്കിലായിരുന്നു. 72 ൽ തുടങ്ങിയ ചക്ക് 98 ൽ യന്ത്രത്തിലേക്ക് മാറ്റി. വലിയ മാറ്റങ്ങളൊന്നും വരുത്താതെയാണ് ഇന്നും റൈസ് മിൽ പ്രവർത്തിക്കുന്നത്.

### ഉരുവച്ചാലിൽ

36 വർഷമായി ശ്രീപത്മനാഭ ഫ്ളോർ മിൽസ് നെല്ല് കുത്തി കൊടുക്കുന്നു.അരി, മഞ്ഞൾ മല്ലി മുളക് ഗോതമ്പ് മരുന്ന്, ഈ ന്ത് മുതലായവ പൊടിച്ചു കൊടുക്കുന്നു. പ്രൊപ്രൈറ്റർ.ശ്രീ അഴകത്ത് ഇല്ലത്തെ പത്മനാഭൻ നമ്പൂതിരി. പെരിഞ്ചേരി. ഉരുവച്ചാൽ , കണ്ണൂർ. ശ്രീപത്മനാഭ ഫ്ളോർ മിൽസ് വാവോട്ടു പാറ,പോസ്റ്റ് കയനി,വഴി മട്ടന്നൂർ,കണ്ണൂർ ഡിസ്ട്രിക്ട്,പിൻ കോഡ്..670702/ഫോൺ 8086771361 /(0490)2477103

### ശ്രീകൃഷ്ണപുരത്ത്

തിരുന്നാരായണപുരത്ത് കിഴിയേടത്ത് മനയുടെ ഉടമസ്ഥതയിലുള്ള അശോകാ റൈസ് ഫോർ&ഓയിൽ മില്ലിന് നാടിന്റെ ചരിത്രഗതിയെത്തന്നെ മാറ്റിമറിച്ച കഥയാണ് പറയാനുള്ളത്.

എല്ലാവരും ശാന്തി, കൃഷി തുടങ്ങിയ പാരമ്പര്യ ജോലികളിലേക്ക് തിരിഞ്ഞപ്പോൾ തിരുവില്ല്യാ മല കുന്നത്തെ കേശവൻ നമ്പൂതിരി വ്യത്യസ്തമായ ഒരു പാത തെരഞ്ഞെടുത്തു. ഒരു മില്ല് സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ശ്രീകൃഷ്ണപുരത്ത് കറന്റ് വരുന്നതിനും ഒരു വർഷം മുമ്പ് 1961ലാണ് അദ്ദേഹം ഒരുപാട് നൂലാമാലകൾ കടന്ന് മില്ല് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയത്. അക്കാലത്ത് മില്ല് പ്രവർത്തിപ്പിക്കാൻ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ലൈസൻസ് വേണമായിരുന്നു.

തുടക്കം ഡീസലിൽ പ്രവർത്തിയ്ക്കുന്ന മില്ലായിട്ടായിരുന്നു. കിഴിയേടത്ത് മന കൃഷ്ണൻ നമ്പൂതിരി ,ശാസ്ത്ര ശർമ്മൻ നമ്പൂതിരി എന്നിവർ സഹായികളുമായി റൈസ് മിൽ പ്രവർത്തനമാരംഭിച്ചു. പിന്നീട് 1964 ലാണ് കറന്റ് കണക്ഷൻ കിട്ടുന്നത് . അരിയും ധാന്യങ്ങളും പൊടിച്ചെടുക്കാൻ തൃശ്ശൂരിൽ നിന്ന് പ്രത്യേകം മിഷ്യൻ വരുത്തി... ഇത്രയും സൗകര്യങ്ങളുള്ള ഒരു മിൽ അക്കാലത്ത് ഈ പ്രദേശത്തൊന്നുമില്ലായിരുന്നു.പിന്നീട് മില്ലിന്റെ പൂർണ്ണ നിയന്ത്രണം ശാസ്ത്ര ശർമ്മൻ നമ്പൂതിരി ഏറ്റെടുത്തു.ഈ അടുത്ത കാലം വരെയും അദ്ദേഹം മില്ല് നടത്തിവന്നു.

ഇപ്പോൾ അദ്ദേഹത്തിന്റെ ജേഷ്ട പുത്രൻ അശോകൻ നമ്പൂതിരിയാണ് നടത്തിപ്പ്.ഇപ്പോൾ മില്ലിൽ കൊപ്ര, എള്ള്, കടല എന്നിവ ആട്ടലും, അരി വറുത്ത് പൊടിച്ച് കൊടുക്കലുമുണ്ട്. അത്യാവശ്യക്കാർക്ക് ശുദ്ധമായ ആട്ടിയ എണ്ണ ഇവിടെ നിന്ന് ലഭിയ്ക്കും . ശ്രീകൃഷ്ണപുരത്തെ വ്യവസായത്തിളക്കം.അശോകാ റൈസ് ഫോർ&ഓയിൽ,അശോകൻ നമ്പൂതിരി, ഷെഡുംകുന്ന്, ശ്രീകൃഷ്ണപുരം. പാലക്കാട് ( ജില്ല ) Ph: 944610614 9

### ഹോമദ്രവ്യങ്ങൾ

പൂജാദ്രവ്യങ്ങൾ, വെള്ളിക്കുടം, വെള്ളി ശംഖ്, പ്രതിമകൾ, ചമതകൾ, വിളക്കുകൾ, ഹോമകുണ്ഡം എന്നിവയ്ക്കും ക്ഷേത്രങ്ങളിലെ ഉത്സവം, ശുദ്ധി, പ്രതിഷ്ഠ, കലശം തുടങ്ങി വിവിധതരം പൂജകൾക്കാവശ്യമായ എല്ലാ സാധനങ്ങൾക്കും സമീപിക്കുക.ശിവാഞ്ജലി പൂജാ സ്റ്റോഴ്സ്, ചെത്തുകടവ്, കുന്ദമംഗലം.
ശ്രീജിത്ത് കൊറ്റിവട്ടം :9447357865
വാസുദേവൻ പേരൂർ : 9446356185
ശ്രീകാന്ത് കൊറ്റിവട്ടം :9745012354
Email : kottivattam@gmail.com

### ഏലസ്സുകൾ

ജാതക പരിശോധനക്കും ഹോമങ്ങൾക്കും വിവിധ യന്ത്രങ്ങൾക്കും ഏലസ്സുകൾക്കും ജ്യോത്സൻ രാമകൃഷ്ണ ഹരി നമ്പൂതിരി. ശ്രീമൂകാംബിക ജ്യോതിഷാലയം,തളി റോഡ്, കോഴിക്കോട് -2 ബുക്കിംഗിന് : 9495892653
email:rkhnamboodiri@gmail.com

### പൂജ പഠിപ്പിക്കുന്നു

ശ്രീരുദ്രം, ധാര, പൂജ, പുണ്യാഹം ഇവ പഠിപ്പിക്കുന്നു ചോറൂണ് ഉപനയനം, സമാവർത്തനം, മുതലായ ഷോഡശക്രിയകൾ ക്രിയകൾ നടത്തിക്കൊടുക്കുന്നു
Sankarannamboodiri
Korambatta illam,Post. Choolur (Via ). NIT Calicut,Kozhikode dst. Pin 673601,Phone.. 9946438951

### പൂജാപാത്രങ്ങൾ

ശുദ്ധി, ഉത്സവം, പ്രതിഷ്ഠ, കലശം തുടങ്ങി പുജകൾക്കാവശ്യമായ ഹോമാദ്രവ്യങ്ങൾ, പൂജാദ്രവ്യങ്ങൾ, ചമതകൾ, ഹോമകുണ്ഡം , പൂജാപുഷ്പങ്ങൾ, കെട്ടുനിറ സാധനങ്ങൾ, എന്നിവലഭിക്കുന്നു.പൂജാപാത്രങ്ങൾ വാടകയ്ക്കും വിലയ്ക്കും ലഭിക്കുന്നു. ന്യൂ വൈഷ്ണവം,ശ്രീ ശൈലം ബിൽഡിംഗ് , ക്ഷേത്രം റോഡ് , അരുകിഴായ , മഞ്ചേരി 676121
ഫോൺ: 9388022040

### തളി പൂജാ സ്റ്റോർ

ഗണപതിഹോമം, ഭഗവതിസേവ തുടങ്ങി എല്ലാവിധ പൂജകൾക്കും ആവശ്യമായ ദ്രവ്യങ്ങൾ,ശബരിമല യാത്രയ്ക്കുള്ള കെട്ടുനിറ സാധനങ്ങൾ, മാല, മുണ്ട്പിച്ചള സാധനങ്ങൾ , ഓർഡർ പ്രകാരം എത്തിച്ചു നൽകുന്നു. ശ്രീകൃഷ്ണ ബിൽഡിംഗ്, തളി ശിവക്ഷേത്രത്തിനു പിറകുവശം , സമൂഹം റോഡ് തളി , കോഴിക്കോട്, 673002 . ഫോൺ : 9349125151

## ഈ ആശയം കേട്ടിട്ടുണ്ടോ

# കസ്റ്റമൈസ്ഡ് സോപ്പ്

**മണം നിറം ആകൃതി ഇതെല്ലാം കസ്റ്റമർ പറയുന്ന പോലെ, അതാണ് ഫ്രിൽ സോപ്പ്**



കസ്റ്റമൈസ്ഡ് സോപ്പ് എന്ന ആശയം കേട്ടിട്ടുണ്ടോ. കസ്റ്റമറുടെ ആവശ്യാനുസരണം ഉണ്ടാക്കി നൽകുന്നവ. നിങ്ങളുടെ ഇഷ്ടമുള്ള നിറത്തിലും മണത്തിലും തയ്യാറാക്കിത്തരുന്നതാണ്.

ആയുർവേദ ചേരുവകൾ ഉപയോഗിച്ചാണ് തയാറാക്കുന്നത്. വിയർപ്പ് കാരണമുള്ള ദുർഗന്ധത്തിനും ചർമ്മ രോഗങ്ങൾക്കും ഉത്തമപരിഹാരമാണ് ഇവ. കോഴിക്കോട് ജില്ലയിലെ ചേവായൂർ ഉപസഭയിലെ അന്നദയാണ് ഇങ്ങനെയൊരു ആശയം നടപ്പാക്കുന്നത്. വിളിക്കാം ഇവരെ. അന്നദ.സി. ചെറുവക്കാട്ട് ഇല്ലം. വാളംകുളം,പി. ഒ ചേവായൂർ , പിൻ 673017 മൊബൈൽ :9447078995

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ചോറോട്ടൂരിലെ പരുത്തിപ്ര മന കൈവിഷ ചികിത്സയ്ക്ക് പേരു കേട്ടതാണ്. പി. എം രാമൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ ചികിത്സകൻ. മൊബൈൽ : 9544885294

വിവിധ നഗരങ്ങളിൽ ഔഷധശാല ഏജൻസികൾ നടത്തുന്ന നമ്പൂതിരിമാരുണ്ട്. പാലക്കാട് എച്ച് പി.ഒ റോഡിൽ നാഗാർജുന ഏജൻസി നടത്തുന്ന മാനമ്പിള്ളി മനയിലെ മാനമ്പള്ളി ചന്ദ്രൻ (9446045420) കോഴിക്കോട് താമരശ്ശേരി ഈങ്ങാപ്പുഴയിൽ നാഗാർജുന ഏജൻസി നടത്തുന്ന കളത്തിൽ ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരി ( 9495611977 ) എന്നിവർ അവരിൽ ചിലർ.



*ചേവായൂർ ഉപസഭയിലെ അന്നദയാണ് കസ്റ്റമൈസ്ഡ് സോപ്പ് എന്ന ആശയം നടപ്പാക്കുന്നത്. മൊബൈൽ :9447078995*

അഷ്ടാംഗം ആയുർവേദ ചികിത്സാലയം.എട്ടോളം അമൂല്യമായ ഔഷധങ്ങൾ അടങ്ങിയ ആയുർവേദ പ്രതിരോധ കിറ്റ് . കോവിഡ മഹാമാരിക്ക് പ്രതിരോധ ആയുർവേദത്തിലൂടെ വിളിക്കു 8281372000

കൗൺസിലിംഗ് സെന്റർ നടത്തുന്ന നമ്പൂതിരിയാണ് പ്രസാദ് വട്ടപ്പറമ്പ്. വട്ടപ്പറമ്പൻസ് സെന്റർ ഫോർ കൗൺസിലിംഗ് ആൻഡ് ട്രെയിനിങ് സെന്റർ . അതാണ് പേര്. സോഫ്റ്റ് സ്കിൽ ട്രെയിനിങ്,ടീച്ചർ ട്രെയിനിങ്,സ്ത്രീകൾക്കും യുവാക്കൾക്കും നേതൃത്വ പരിശീലനം,കുട്ടികളുടെ ക്യാമ്പ്,ബോധവത്കരണ ക്ലാസുകൾ,വെബ്ബിനാർ,വ്യക്തിത്വ വികസന ക്ലാസ്,വ്യക്തിത്വ വികസന പ്രോഗ്രാം ഓൺലൈൻ കൗൺസലിംഗ്,തൊഴിലാളികളുടെ നൈപുണ്യ ട്രെയിനിങ്,ഫാമിലി ട്രെയിനിങ്,പ്രീ- മരിറ്റൽ പോസ്റ്റ് മരിറ്റൽ ട്രെയിനിങ്,പാരന്റിങ് ട്രെയിനിങ് തുടങ്ങി എല്ലാമുണ്ട് ഇവിടെ.വിഷ്ണു പ്രസാദിനെ വിളിക്കാം. ഈ നമ്പറിൽ. : 8089156040, 8547313037 (മെയിൽ: prasadvattapparamb@gmail.com വെബ്സൈറ്റ് www.prasadvattapparamb.com)

## ആമസോണിലുണ്ട് നമ്മുടെ ഉല്പന്നം



സുകേശിയുടെ ആര്യശ്രീ

ആമസോണിലുണ്ട് നമ്മുടെ ഉല്പന്നങ്ങളിലൊന്നായ സുകേശി നാച്ചുറൽ. ഓൺലൈൻ വഴി ലഭ്യമാണ് . പേരു സൂചിപ്പിക്കുന്ന പോലെ നല്ല കേശത്തിനുള്ള നാച്ചുറൽ കാച്ചിയ വെളിച്ചെണ്ണ.അഴയുള്ള മുടിയുടെ ഉറച്ച വിശ്വാസം. മുടി കൊഴിച്ചിൽ, താരൻ, മുടി പൊട്ടിപ്പോവുക, മുടിയുടെ നിറവ്യത്യാസം, എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ തീർച്ചയായും ഉപയോഗിക്കാം. സുകേശി കിട്ടാൻ വിളിക്കൂ : 7012398147



# നമുക്കുണ്ട് മൂന്ന് മികച്ച കോളേജുകൾ

1965ൽ ശ്രീ ശങ്കര ട്രസ്റ്റ് എന്ന ഒരു സ്ഥാപനം സ്ഥാപിതമാകുന്നത് നമ്പൂതിരി വിഭാഗത്തിൽപ്പെട്ടവർക്ക് കഴിയുന്നത്ര സഹായം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ്.

ശ്രീശങ്കര വിദ്യാപീഠം കോളേജ് വളയൻചിറങ്ങര, പാലക്കാട് ശ്രീകൃഷ്ണപുരം വി.ടി. ഭട്ടതിരിപ്പാട് കോളേജ് ,നഗരൂർ ശ്രീ ശങ്കര കോളേജ്, എന്നീ മൂന്ന് സ്ഥാപനങ്ങൾ പൊതുമേഖലവിഭാഗത്തിൽ പ്രവർത്തിച്ചുവരുന്നു .

നഗരൂരിൽത്തന്നെ 1996 മുതൽ അൺഎയ്ഡഡ് വിഭാഗത്തിൽ ശ്രീശങ്കര വിദ്യാപീഠം കോളേജും ശ്രീശങ്കര വിദ്യാപീഠംഹയർസെക്കൻഡറി സ്കൂൾ എന്ന പേരിൽ ഒരു സിബിഎസ്ഇ സ്കൂളുമുണ്ട്.

നാക്ക് അക്രിഡിറ്റേഷനിൽ ശ്രീശങ്കരവിദ്യാപീഠം കോളേജിന് എ ഗ്രേഡും വി.ടി ബി കോളേജിന് ബി പ്ലസ്സും ലഭിച്ചിട്ടുണ്ട്. ശ്രീ ശങ്കരകോളേജും വി.ടി.ബി കോളേജും അക്രിഡിറ്റേഷന്റെ മൂന്നാംസർക്കിളിലാണ്.

ട്രസ്റ്റിനു കീഴിലുള്ള കോളേജുകളിലെ 20% സീറ്റും അൺ എയിഡഡ് ഭാഗത്തിൽ 50% സീറ്റും നമ്പൂതിരി



*ശ്രീകൃഷ്ണപുരം വി.ടി. ഭട്ടതിരിപ്പാട് കോളേജ്*

വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായി മാറ്റിവെച്ചിരിക്കുന്നു. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 50ശതമാനത്തിനടുത്ത് ആളുകളും നമ്പൂതിരി വിഭാഗത്തിൽപ്പെട്ടവരാണ്. ശ്രീ ശങ്കര ആചാര്യരെക്കുറിച്ച് കൂടുതൽ പഠിക്കാനായി ശ്രീ ശങ്കര സാംസ്കാരിക പഠനകേന്ദ്രം എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം ശ്രീ ശങ്കര വിദ്യാപീഠം കോളേജ് വളയൻചിറങ്ങര ആസ്ഥാനമായും ട്രസ്റ്റിനുകീഴിലുള്ള വിവിധ എയ്ഡഡ് കോളേജുകളിലുംപ്രവർത്തിച്ചു വരുന്നുണ്ട് .

വിദ്യാർഥികൾക്കായി എൻഡോവമെന്റുകളും സ്കോളർഷിപ്പുകളുംനൽകി വരുന്നുണ്ട് . ഓൺലൈൻ വിദ്യാഭ്യാസത്തിന് ബുദ്ധിമുട്ട് നേരിടുന്ന വിദ്യാർഥികൾക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ആവശ്യമുള്ള ഉപകരണങ്ങൾ നൽകാനുള്ള ശ്രമങ്ങളും നടക്കുന്നു.

2600 ലധികം സമുദായാംഗങ്ങൾ അംഗങ്ങളായിട്ടുള്ള ശ്രീശങ്കരാ ട്രസ്റ്റിൽ രണ്ടായിരത്തിലധികം എ ക്ലാസ് മെമ്പർമാർ ആണ്. ഇതുകൂടാതെ വിവിധ ക്ഷേത്രങ്ങളും ഏറ്റെടുത്തു സംരക്ഷിക്കുന്നു. രാരൂർ കാവ് ദേവീക്ഷേത്രവും തേക്കിൻ കാട് ശിവ ക്ഷേത്രവും വിഷ്ണു ക്ഷേത്രവും ഇവയിൽ പ്രധാനപ്പെട്ടതാണ് .

ശ്രീശങ്കര ട്രസ്റ്റ്,റജി. നമ്പർ:12/1695
അദ്വൈത ഭവൻ,ശ്രീ ശങ്കരപുരം
വളയൻചിറങ്ങര പി.ഒ,
പെരുമ്പാവൂർ 683556,
ഫോൺ 0484 2657338, 9447608887

# തന്മ പേപ്പർ ബാഗ്സ് ഏത് ജില്ലയിലും എത്തിക്കും

## മുരിയമംഗലത്തു മനയിലെ സതി മറ്റു അന്തർജനങ്ങൾക്കു മാതൃകയാണ്.

എറണാകുളം ജില്ലയിലെ എരൂരിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്ന തന്മപേപ്പർ ബാഗ്സ് പേപ്പർ ബാഗ് നിർമണ രംഗത്തെ പുതിയ കാൽവയ്പാണ് . എല്ലാ തരത്തിലുമുള്ള കസ്റ്റമൈസ്ഡ് പേപ്പർ ബാഗുകളും ഇവിടെ നിർമ്മിക്കുന്നു. തുണിക്കടകൾ, ബേക്കറി, കണ്ണടക്കടകൾ, ജ്വല്ലറികൾ, മൊബൈൽക്കടകൾ ,കേക്ക് സ്റ്റോറുകൾ ,ബുക്ക്സ്റ്റാളുകൾ എന്നിവടങ്ങളിലേക്കെല്ലാം അനുയോജ്യമായ തരത്തിൽ ബാഗുകൾ നിർമിച്ചു നൽകുന്നു. ആവശ്യക്കാരുടെ താല്പര്യാർത്ഥമുള്ള പേരുകളും തലവാചകങ്ങളും ലോഗോയുമെല്ലാം പ്രിന്റ് ചെയ്ത് നൽകുന്നതുമാണ്. ഏത് ജില്ലയിലെ ആവശ്യക്കാർക്കും കൊറിയർ വഴി എത്തിച്ചു നൽകുകയും ചെയ്യും. തൃപ്പൂണിത്തുറ ഉപസഭാംഗം.

സതി വി എം,മുരിയമംഗലത്തു മന,പുത്തൻകുളങ്ങര, എരൂർ N PO, തൃപ്പൂണിത്തുറ,എറണാകുളം ജില്ല,682306
ഫോ: 9446915309

## ZEST MARKETING

തിരുവനന്തപുരം നാലാഞ്ചിറ ഗായത്രിയിൽ, ഹരീഷ് കുമാറും ശ്രീകാര്യം ചെറുവയ്ക്കൽ പുത്തൻമഠത്തിൽ രാജി കൃഷ്ണകുമാറും ചേർന്ന് തുടങ്ങിയ ബിസിനസ് സംരംഭമാണ് ZEST MARKETING . തിരുവനന്തപുരം കൊച്ചുള്ളൂർ ജംഗ്ഷനിലാണ് കട .വിവാഹ ക്ഷണപത്രികകളുടെ വിൽപനയും, മറ്റ് ഇതര പ്രിന്ററിങ് ആവശ്യങ്ങളുടെ സേവനങ്ങളും അതിലേക്ക് ആവശ്യമുള്ള മെറ്റീരിയൽസിന്റെ വിതരണവും ആണ് നടത്തിവരുന്നത്. പരിസ്ഥിതി സൗഹൃദ പേപ്പർ ബാഗിന്റ്റെ നിർമാണവും വിതരണവും കൂടിയുണ്ട്.

ഹരീഷ് കുമാർ
Managing partner,Zest marketing,TC6/3420,Muttalummoodu Building,Kochulloor,Medical college P O,Thiruvananthapurm 11

## ഇലക്ട്രിക് സാധനങ്ങൾ

ഇലക്ട്രിക് സാധനങ്ങൾ ഗുണമേന്മയോടെ. വിളിക്കുക നിധിൻ എൻ നമ്പൂതിരി - 8590441945 ആംപിയർ ഇലക്ട്രിക്കൽസ്, പെരുന്താന്നി, പടിഞ്ഞാറേ കോട്ട, ഈഞ്ചക്കൽറോഡ് , വള്ളക്കടവ് പി ഒ, തിരുവനന്തപുരം 695008

## രുചികരമായ കൊണ്ടാട്ടം

അരി പപ്പടം വിവിധതരം ഉപ്പിലിട്ടത് എന്നിവയുൾപ്പെടെയുള്ള ഭക്ഷ്യ വിഭവങ്ങൾ നേരിട്ടും ഓൺലൈനായും ലഭിക്കുന്നു.

ലത തായട, കിഴിനിപുറത്ത് ഇല്ലം , കൃഷ്ണകൃപ , വെള്ളിപറമ്പ് , 673028 , 9645455648






ഇപ്പോഴുമുണ്ട് കൊട്ടാരം വൈദ്യരുടെ

# ചികിത്സാലയം

1880കളുടെ അവസാനം ശ്രീമൂലം തിരുനാൾ തിരുവിതാംകൂർ നാട് ഭരിക്കുന്ന കാലത്ത് മദ്രാസ് ഗവർണർ നാപിയർ പ്രഭുവിന്റെ പ്രൈവറ്റ് സെക്രട്ടറിയും മദ്രാസ് ലജിസ്ലേറ്റീവ് അസംബ്ലി അംഗവും ആയിരുന്ന മി. ജോൺ ഹെൻറി ഗാർസ്റ്റിൻ തിരുവനന്തപുരം സന്ദർശിച്ചു. അദ്ദേഹത്തിന് കലശലായ പ്രമേഹം ഉണ്ടായിരുന്നു. മഹാരാജാവ് കൊട്ടാരം വൈദ്യൻ ആയ വാസുദേവനുണ്ണിയെ അദ്ദേഹത്തിന്റെ ചികിത്സക്കായി നിയോഗിച്ചു. വാസുദേവനുണ്ണിയുടെ ചികിത്സയിൽ സന്തുഷ്ടനായ ഗാർസ്റ്റിൻ മദ്രാസ് ഗവർണറോട് തിരുവനന്തപുരത്ത് ഒരു ആയുർവേദ പാഠശാലയും വൈദ്യശാലയും തുടങ്ങുന്നതിന് ശുപാർശ ചെയ്തു. അങ്ങനെ കഷായപ്പുര (ആയുർവേദ നിർമ്മാണ ശാല )എന്നപേരിൽ തിരുവിതാംകൂർ കൊട്ടാരത്തിന്റെ ആയുർവേദ പാഠശാല തുടങ്ങുകയും വാസുദേവനുണ്ണിയെ അതിന്റെ പ്രധാനവൈദ്യനും സൂപ്രണ്ടും ആയി നിയമിക്കുകയും ചെയ്തു.

പിന്നീട് ഈ പാഠശാല ഗവൺമെന്റ് ആയുർവേദ കോളേജ് ആയി മാറി. അതാണ് തിരുവനന്തപുരത്തെ ഇന്ന് കാണുന്ന ആയുർവേദ കോളേജ് .

വാസുദേവനുണ്ണിയുടെ സഹോദരന്റെ മകൻ സുബ്രഹ്മണ്യനുണ്ണി അഫന്റെ കീഴിൽ വൈദ്യപരിശീലനം നടത്തിവരികയായിരുന്നു. വാസുദേവനുണ്ണിയുടെ മരണാനന്തരം അദ്ദേഹത്തിന്റെ സ്മരണാർത്ഥം ഈ ആയുർവേദസ്ഥാപനത്തെ വാസുദേവവിലാസം വൈദ്യശാല എന്ന് പുനർനാമകരണം ചെയ്തു. ഇന്നും ഈ പാഠശാലയും വൈദ്യശാലയും യഥാസ്ഥാനത്ത്, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന് സമീപം തന്നെ നിലകൊള്ളുന്നു.

പത്മതീർത്ഥത്തിൽ സ്നാനം ചെയ്യുന്ന പൂജാരിമാരും മറ്റും പത്മതീർത്ഥക്കരയുടെ സമീപം ഉള്ള ഈ സ്ഥാപനത്തിൽ നിന്നും വിശിഷ്ടമായ എണ്ണകളും ദന്തചൂർണ്ണം, രാസ്നാദി ചൂർണ്ണം തുടങ്ങിയവയും വാങ്ങി ഉപയോഗിച്ചിരുന്നു. ഇന്നും ഈ വിശിഷ്ട കൂട്ടുകൾ ചേർത്ത മരുന്നുകൾ ഉൽപാദിപ്പിക്കുന്നുണ്ട്.

1971ൽ വിവിധ ചികിത്സാപദ്ധതികൾ ഉള്ള ഒരു ആയുർവേദആശുപത്രിയായി വാസുദേവവിലാസം ഉയർന്നു. ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ചെയർമാൻ ഡോ. പ്രദീപ് ജ്യോതി ഒരു മുൻ ഐ. എസ്. ആർ ഒ ശാസ്ത്രജ്ഞൻ കൂടിയാണ്. 1884ൽ തുടങ്ങിയ കഷായപ്പുര ഇന്ന് വാസുദേവവിലാസം ഗ്രൂപ്പ് ഓഫ് കമ്പനീസ് ആയി വളർന്നു.

ഇരുപതോളം രാജ്യങ്ങളിൽ ഇവിടെ നിന്നും മരുന്നുകൾ കയറ്റി അയക്കുന്നുണ്ട്. മുപ്പത്തോളം രാജ്യങ്ങളിൽ ഇവിടെനിന്നും പരിശീലനം സിദ്ധിച്ച ആളുകൾ ജോലിചെയ്യുന്നുണ്ട്. അകളങ്കിതമായ ആയുർവേദസംരക്ഷണവും സാമൂഹികപ്രതിബദ്ധതയും ആണ് വാസുദേവവിലാസത്തിന്റെ മുഖമുദ്ര.

(സുബ്രഹ്മണ്യൻ മൂസ്സത്. എൻ
തൂമണ്ണിൽ ഇല്ലം. തിരുവനന്തപുരം.
ഫോൺ : 9895828982.)

## നാടൻ നെയ്യ് ആവശ്യം വരുമ്പോൾ

വീട്ടമ്മമാർക്കൊരു മാതൃകയാവുകയാണ്കോഴിക്കോട് കക്കോടി ഉപസഭയിൽ ഉൾപ്പെട്ട ചാത്തനാട്ടില്ലത്തെ രാധ അന്തർജ്ജനം. നല്ലൊരു അടുക്കള തോട്ടത്തിന്റെ ഉടമയാണ്. ഇതോടൊപ്പം പശുവളർത്തലുമുണ്ട്. നാടൻ നെയ്ക്കാണ് ആവശ്യക്കാർ കൂടുതൽ. ചാണകം തുളസി അരിയും (ഇലയും)കൂട്ടി ഉണക്കി ഭസ്മം ഉണ്ടാക്കാറുണ്ട്.തൊടിയിൽ ഔഷധസസ്യങ്ങളും കൃഷി ചെയ്യുന്നു. 10 ലധികം ഔഷധനീരു ചേർത്ത്വെളിച്ചെണ്ണ ഉണ്ടാക്കി ( വിധിയാംവണ്ണം ) കൊടുക്കാറുണ്ട്. മാങ്ങ, നെല്ലിക്ക, നാരാങ്ങ, അച്ചാർ തുടങ്ങിയവയുടെ വിൽപ്പനയുമുണ്ട്.

രാധ സി. ചാത്തനാട്ടില്ലം, P.o.ചേളന്നൂർ, കക്കോടി,
കോഴിക്കോട് . പിൻ 673616
Mobile :9895944894

ഒരു ദിവസത്തെ തൊഴിൽ പരിശീലനത്തിലൂടെ ജീവിതം മാറിയ

# വിദ്യാർത്ഥി സംരംഭകൻ

ഒരു ദിവസത്തെ തൊഴിൽ പരിശീലനത്തിലൂടെ ജീവിതം മാറി മറിഞ്ഞ ഒരു വ്യക്തിയെ പരിചയപ്പെടാം. കാസർകോട് നീലേശ്വരം മടിക്കൈ മേക്കാട്ട് ഇല്ലത്തെ കേശവ പട്ടേരി . പോളിടെക്നിക് അവസാന വർഷ വിദ്യാർത്ഥിയായ ഈ ഇരുപതുകാരൻ ഒരു യുവസംരംഭകൻ കൂടിയാണ്. എൽ ഇ ഡി ബൾബ് നിർമാണ യൂണിറ്റായ ലൈറ്റ്നസ് ഇൻഡസ്ട്രീസിന്റെ ഉടമ. ഒരു ദിവസത്തെ എൽ ഇ ഡി ബൾബ് നിർമ്മാണ ശില്പശാലയിൽ പങ്കെടുത്തതാണ് കേശവന്റെ ജീവിതത്തിൽ വഴിത്തിരിവായത്.



സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രോത്സാഹനം ലക്ഷ്യമാക്കിയുള്ള കേന്ദ്രസർക്കാർ പദ്ധതി പ്രകാരമാണ് കമ്പനിയുടെ പ്രവർത്തനം. ബന്ധുക്കളായ ആലമ്പാടി മാധവ പട്ടേരി, ആലമ്പാടി ഉപേന്ദ്രൻ എന്നിവരോടൊപ്പം ചേർന്ന് ഒരു വർഷം മുമ്പാണ് കേശവൻ കമ്പനി തുടങ്ങിയത്.

എൽ ഇ ഡി , ഇൻവേർട്ടർ ബൾബുകളും , എൽ ഇ ഡി ട്യൂബുമാണ് ഇപ്പോൾ നിർമ്മിക്കുന്നത്. ട്രെൻഡി ലൈറ്റുകളും നിർമ്മിക്കുന്നുണ്ട്. ഡൽഹിയിൽ നിന്ന് പാർട്സ് വരുത്തിച്ച ശേഷം മൂവരും ചേർന്ന് അസെംബിൾ ചെയ്യുന്നു. നിർമ്മാണത്തോടൊപ്പം മാർക്കറ്റിംഗും വിതരണവും ഇവർ തന്നെയാണ് നടത്തുന്നത്.

ലൈറ്റ്നസ് ഇൻഡസ്ട്രീസ്
എൽ ഇ ഡി ബൾബ് മാനുഫാക്ചേഴ്സ്,മടിക്കൈ പി ഒ,
നീലേശ്വരം വഴി,കാസർകോട്
671314,മൊബൈൽ : 8547854685

# വിജയഗാഥയല്ല വിജയ ഗീത

കൊച്ചിയിലെ ലുലു മാൾ പ്രസിദ്ധമാണ്. അതിനടുത്ത് അതു പോലെ പ്രസിദ്ധമായ ഒരു സ്ഥാപനമുണ്ട്. സിൻസിയർ അക്കാദമി. മുപ്പത് വർഷം കൊണ്ട് കൊച്ചിയിലെ ഏറ്റവും മികച്ച സമാന്തര വിദ്യാഭ്യാസ സ്ഥാപനമായി മാറിയ ഒന്ന്. ഈ സ്ഥാപനത്തിന് ചുക്കാൻ പിടിക്കുന്നത് ഒരു അന്തർജ്ജനമാണെന്ന് അധികം പേർക്കും അറിയില്ല. പെൺകരുത്തിൽ പടുത്തുയർത്തിയതാണ് സിൻസിയർ അക്കാദമി.

പാടിവട്ടം ചെമ്പകശ്ശേരി മഠത്തിലെ എ എം ഗീതാകുമാരിയാണ് സിൻസിയർ അക്കാദമിയുടെ പിന്നിലെ ശക്തി. 1990 കളിലാണ് അധികമാരും മുന്നിട്ടിറങ്ങാൻ ധൈര്യം കാണിക്കാത്ത മേഖലയിലേക്ക് രണ്ടും കൽപ്പിച്ച് ഗീതാകുമാരി കടന്നുവന്നത്. ഇപ്പോൾ ഏറ്റവും മികച്ച സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായി. അതിന് പിന്നിൽ ഗീതാകുമാരിയുടെ ആത്മാർപ്പണത്തിന്റെ കഥയുണ്ട്. നാൽപ്പതിനായിരത്തോളം കുട്ടികൾ ഇതുവരെ ഇവിടെ നിന്ന് പഠിച്ചിറങ്ങിയിട്ടുണ്ട്.

പ്ലസ് ടു, ബികോം, ബിബിഎ, എംബിഎ, എംകോം, സി എ, സി എസ്, ഐസിഡബ്ല്യുഎഐ
എന്നീ കോഴ്സുകളിലായി അക്കൗണ്ടിംഗ്, സ്റ്റാറ്റിസ്റ്റിക്സ് , കോസ്റ്റിംഗ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ക്യു ടി, ഒ തുടങ്ങിയ വിഷയങ്ങളാണ് ഇവിടെ കൈകാര്യം ചെയ്യുന്നത്.

ഗീതാകുമാരി എ.എം മൊബൈൽ: 9995467973
ചെമ്പകശ്ശേരി മഠം, പാടിവട്ടം പി.ഒ ഇടപ്പിള്ളി,കൊച്ചി 682024



*എ എം ഗീതാകുമാരി*

# ഉണ്ണാനൊരുങ്ങുമ്പോൾ ഓർക്കാം

## തിരുമേനീസ് കിച്ചൺ

Half cooked ചപ്പാത്തി, ദേശമാവ് കടുമാങ്ങ,നാരങ്ങ, ഉലുമാങ്ങ, എരിമാങ്ങ, സാമ്പാർ പൊടി, ചട്ണിപ്പൊടി, തൈരുമുളക്, നാടൻ ഉപ്പുമാങ്ങ,ഉൽപ്പന്നങ്ങൾ എറണാകുളം ജില്ലയിലെ പ്രമുഖ ബേക്കറികളിലും സൂപ്പർ മാർക്കറ്റുകളിലും കൊറിയർ വഴിയും ലഭ്യമാണ്.
V-JAY ASSOCIATES,
Edassery Mana,Elampakappilli P.O.
Perumbavoor.,Pin.683544M
ob:9447465519

## നാടൻ കണ്ണി മാങ്ങ

ഉപ്പിലിട്ടത്, കടുമാങ്ങ എന്നിവ പാരമ്പര്യത്തനിമയോടെ തയ്യാറാക്കി നൽകുന്നു. രമ അന്തർജ്ജനം, തെക്കേടത്ത് മന PO വട്ടനാത്ര, അളകപ്പ നഗർ തൃശൂർ:680302 / Ph0480 2754440

## പഴേടത്തുമന കാറ്ററിങ്ങ്സ്

കലോത്സവങ്ങൾക്കും ക്ഷേത്രങ്ങളിലെ ഉത്സവ പരിപാടികൾക്കും



മറ്റ് ബൃഹദ് സംരംഭങ്ങൾക്കും പാചകം ചെയ്തുള്ള പരിചയം.
ഉണ്ണിക്കുട്ടൻ പി. എം,പഴേടത്തു മന കർക്കിടാംകുന്ന്,അലനല്ലൂർ,പാലക്കാട്,678601 /Ph:9447900297..

## ചിത്ര ഫുഡ് പ്രോഡക്റ്റ്സ്

അതീവ രുചികരമായ ഭക്ഷണം വസ്തുക്കളുടെ രുചിക്കൂട്ടുമായി ഒരു നമ്പൂതിരി നമ്പൂതിരി സംരംഭം ചിത്ര ഫുഡ് പ്രോഡക്റ്റ്സ് പെരുമങ്ങാട്ട് ആറ്റൂർ തൃശ്ശൂർ ജില്ല 6 8 0 5 83 / Ph:9446210312

## ശ്രീ വിനായക കാറ്ററിങ്

പാരമ്പര്യത്തിന് കൈപ്പുണ്യവുമായി മുപ്പതാം വർഷത്തിലേക്ക് ശ്രീ വിനായക കാറ്ററിങ് സർവീസ് കോട്ടൂർ ഇന്ത്യനൂർ P o കോട്ടയ്ക്കൽ വിഘ്നേശ്വര എമ്പ്രാന്തേരി ( ഗണേശൻ ) 9447349291

## ഓൺലൈനിൽ ലഭ്യമാണ്

വിനാഗിരിയോ മറ്റ് രാസവസ്തുക്കളോ ചേർക്കാതെ പരമ്പരാഗത ശൈലിയിൽ തയ്യാറാക്കിയ ഉപ്പിലിട്ടത്, കറിപ്പൊടികൾ, പഴവർഗ്ഗങ്ങളുടെ ജ്യൂസ്,കുട്ടികൾക്കുള്ള കുറുക്കു പൊടികൾ കൊണ്ടാട്ടങ്ങൾ എന്നിവ ഓൺലൈൻ ലഭ്യമാണ്. വിജയശ്രീ വാസൻ , ചൂരക്കാട്ട് ഇല്ലം , കുമാരനല്ലൂർ കോട്ടയം , 686016 , 9349156195

## ഹിതശ്രീ

കായ വറവ് , ശർക്കര ഉപ്പേരി പുളിയിഞ്ചി ,നാരങ്ങ. കടുമാങ്ങാ പുളിയിഞ്ചി, തുടങ്ങിയവ ഇന്ത്യയിൽ എവിടെയും കൊറിയർ ചെയ്തു തരുന്നതാണ് ) 7356343840 & 8281443840ഹിതശ്രീ എന്റർപ്രൈസ്ഒരു അക്കരചിറ്റൂർ മന സംരംഭം



## സ്വസ്തി കറിപ്പൊടികൾ

തൃശൂർ ജില്ലയിലെ പാവറട്ടിയിൽ ഏഴ് വർഷമായി പ്രവർത്തിയ്ക്കുന്ന ഒരു അന്തർജ്ജന കൂട്ടായ്മയാണ് സ്വസ്തി ഫുഡ്സ്. 100 % പ്രകൃതിദത്തമായതും കലർപ്പില്ലാത്തതുമായ ചേരുവകളാൽ നിർമ്മിയ്ക്കുന്ന പഴമയുടെ രുചിയുള്ള സാമ്പാർ പൊടി, രസപ്പൊടി, ചട്ണിപ്പൊടി, ചമ്മന്തിപ്പൊടി, മുളക് പൊടി, മല്ലിപ്പൊടി, മസാലപ്പൊടി, പുട്ടുപൊടി, വിവിധ തരം കൊണ്ടാട്ടങ്ങൾ എന്നിവ ഇവരുടെ പ്രത്യേകതകളാണ്.

ഗുരുവായൂർ ഉപസഭാംഗങ്ങളായ പാവറട്ടി ചോമായമംഗലത്ത് രജനി ഹരി, ചെറുവക്കര ഉഷ ശ്രീകുമാർ, ചെറുവക്കര നീത കിഷോർ, ഗുരുവായൂർ കൊളങ്ങര ഇല്ലത്ത് സരിത രഞ്ജിത്ത് എന്നിവരാണ് ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നത്.

ആവശ്യക്കാർക്ക് കൊറിയർ മുഖേനയും ഉത്പന്നങ്ങൾ എത്തിക്കും കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :- രജനി - 9037712868, ഉഷ - 9497624473, നീത - 944753009 4, സരിത 9446387263.

## തിടമ്പ്, നെറ്റിപ്പട്ടം,

ക്ഷേത്രങ്ങളിലേക്ക് ആവശ്യമായ തിടമ്പ്, നെറ്റിപ്പട്ടം, കൊടിക്കൂറകൾ. മുത്തുക്കുടകൾ തുടങ്ങിയവ നിർമ്മിച്ച് നൽകുന്നു. ഗണപതി നമ്പൂതിരി, വടക്കത്തില്ലം ചെങ്ങളം സൗത്ത്. കോട്ടയം 22. മൊബൈൽ .9995006014

## തേവാരം പൂജാസ്റ്റോർ

21 വർഷത്തോളമായി തൃശൂരിൽ നമ്പൂതിരിമാരുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് തേവാരം പൂജാ സ്റ്റോർ. നമ്പൂതിരി സമുദായത്തിന്റെ എല്ലാ ക്രിയകൾക്കും ചടങ്ങുകൾക്കും ആവശ്യമായ എല്ലാ ദ്രവ്യങ്ങളും ഒരു കുടക്കീഴിൽ ലഭ്യം. ഇന്ത്യക്കകത്തും അമേരിക്ക,കാനഡ, ഇംഗ്ലണ്ട്, ആസ്ട്രേലിയ,ദക്ഷിണാഫ്രിക്ക, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കും സ്ഥിരമായി പൂജ സാധനങ്ങൾ എത്തിച്ചു കൊടുക്കാറുണ്ട്.




# ആചരിച്ച് കാണിച്ച യഥാർത്ഥ ആചാര്യൻ

**മായ മഠത്തിൽ മുണ്ടയൂർ**

അച്ഛൻ എനിക്ക് ബഹുവിധ സ്ഥാനങ്ങളാണ് അലങ്കരിച്ചിരുന്നത്. പിതാവ്,ഗുരു, വഴികാട്ടി എന്നിങ്ങനെ. എല്ലാ കാര്യങ്ങളും ആചരിച്ച് കാണിച്ചു തന്ന് ഞങ്ങളെ പഠിപ്പിച്ച യഥാർത്ഥ ആചാര്യൻ. പുലർച്ചെക്ക് എഴുന്നൽക്കുന്നത് മുതൽ തേവാരാദികൾ വരെ നേരിട്ട് കാണിച്ചു തന്നാണ് പഠിപ്പിച്ചത്. ഒരു കാര്യവും നിർബ്ബന്ധിച്ച് ശാസിച്ച് ചെയ്യിക്കില്ല. സ്നേഹത്തോടെ പറഞ്ഞ് മനസ്സിലാക്കും. എല്ലാവരോടും അവ്വിധമായിരുന്നു പെരുമാറ്റം.

എല്ലാം വളരെ ആത്മാർത്ഥമായി മാത്രം ചെയ്യുന്ന അച്ഛന് കഥകളി തന്നെയാണ് ജീവനും ജീവിതവും. കളി കഴിഞ്ഞ് എത്ര ക്ഷീണിച്ചെത്തിയാലും രാവിലെ കുളിതേവാരാദികൾ കഴിഞ്ഞു മാത്രമേ ഭക്ഷണം കഴിക്കാറുള്ളു. അത്രയ്ക്കുണ്ടായിരുന്നു തേവാരാദികളിലുള്ള നിഷ്ക്കർഷ. കലയിലും ഇതേ നിഷ്കർഷ തന്നെ. യഥാർത്ഥ കലാകാരൻ എങ്ങിനെ ആയിരിക്കണമെന്ന് കാണിച്ചു തന്നുകൊണ്ടുള്ള രീതി. ഗുരുഭക്തിക്ക് ദൈവഭക്തിയോളം തന്നെ പ്രാധാന്യം നൽകിയിരുന്ന അച്ഛന്റെ മാതൃക ഗുരുവായ വാഴേങ്കട കുഞ്ചു നായർ തന്നെയാണ്. ഔചിത്യത്തോടെയുള്ള മനോധർമ്മങ്ങൾ, ആട്ടങ്ങൾ ഒക്കെ ഗുരുവിൽ നിന്ന് പകർന്ന് കിട്ടിയത് തന്നെ. കുട്ടികളെ അഭ്യസിപ്പിക്കുന്ന ശൈലിയും ഏറക്കുറെ അതുതന്നെ. ശകാരിച്ചിട്ടല്ല അവിടെയും പഠിപ്പിക്കുന്നത്. കഥകൾ വേണ്ടവിധം പറഞ്ഞ് സന്ദർഭം പറഞ്ഞു തന്ന് പഠിപ്പിക്കുകയാണ് പതിവ്.

അച്ഛോളുടെ കയ്യിൽ നിന്ന് പകർന്ന് കിട്ടിയതാണ് കലാസ്വാദനശേഷി എന്ന് എപ്പോഴും പറയുമായിരുന്നു. പഠനത്തിനായി കലാമണ്ഡലത്തിൽ ചേരാൻ പറ്റാതിരുന്നപ്പോൾ കോട്ടക്കലിൽ കുഞ്ചു നായരാശാന്റെ കീഴിൽ അഭ്യസനം തുടങ്ങുകയാണുണ്ടായത്. അത് അനുഗ്രഹമായി കരുതി. ധാരാളം ശിഷ്യസമ്പത്ത് ഉണ്ടായിരുന്നു. അച്ഛനെക്കാൾ മുതിർന്ന കെ.പി.സി നാരായണൻ ഭട്ടതിരിയാണ് പ്രഥമ ശിഷ്യൻ എന്ന് പറയാറുണ്ട്. ശിഷ്യരെ ചൊല്ലിയാടിക്കുന്നതു കണ്ടു ഞാനും പഠിച്ചു തുടങ്ങി. എല്ലാവരേയും ഒരേപോലെ പരിഗണിക്കാറുള്ള അച്ഛനിലെ ഗുരു, ശിഷ്യർ തെറ്റിക്കളിക്കുമ്പോൾ സ്വന്തം തലയിൽ അടിക്കുമെന്നല്ലാതെ കുട്ടികളെ ശിക്ഷിക്കാറില്ല.

കഥകളിയോടൊപ്പം പാഠകവും അവതരിപ്പിയ്ക്കാറുള്ള അച്ഛന് എല്ലാകലകളോടും ബഹുമാനവും ഇഷ്ടവുമായിരുന്നു. അതുകൊണ്ട് തന്നെ കഥകളിയോടൊപ്പം മറ്റു കലാരൂപങ്ങളും കാണിച്ചു തന്ന് അതിനെ കുറിച്ചെല്ലാം പറഞ്ഞ് തരുമായിരുന്നു. തിരുവനന്തപുരത്ത് അദ്ധ്യാപകൻ ആയി എത്തിയതോടെ മുൻ ചീഫ് സെക്രട്ടറി ആർ രാമചന്ദ്രൻ നായർ മുഖേന ധാരാളം സാംസ്കാരിക നായകന്മാരുമായി സൗഹൃദമുണ്ടായി. ആ ബന്ധങ്ങളെല്ലാം അവസാനം വരെയും നിലനിന്നു.

അച്ഛന്റെ സാത്വികത എടുത്തു പറയേണ്ടതാണ്. ആരോടും അപ്രിയം പറ്റില്ല. അരങ്ങത്തായാലും അണിയറയിലായാലും. കളിസ്ഥലത്ത് നേരത്തെ എത്തും. സംഘാടകർക്കോ ചുട്ടിക്കാരനോ കൂട്ടുവേഷക്കാർക്കോ ഒന്നും യാതൊരു തലവേദനയും ഉണ്ടാക്കില്ല. കഴിവതും അടുത്ത് ഇല്ലങ്ങളിലോ, അമ്പലങ്ങളിലോ കഴിഞ്ഞു കൂടി വേഷം ഒരുങ്ങാറാകുമ്പോൾ അണിയറയിലെത്തും. വേഷത്തിനുള്ള കോപ്പുകളും മറ്റും ശരിയാക്കി ഒരുങ്ങി അരങ്ങത്തെത്തും. തൻറെ പ്രവൃത്തികൾ ഭംഗിയായി നിർവഹിച്ച് മടങ്ങും. ആരുമായി കശപിശ കൂട്ടുന്നത് കണ്ടിട്ടില്ല. കിട്ടിയ പ്രതിഫലം പോലും നോക്കാറില്ല. പലപ്പോഴും പറ്റിക്കപ്പെട്ടിട്ടുമുണ്ട്. എത്ര ജൂനിയറാണ് കൂട്ട് വേഷം എങ്കിലും അവരെ കൂടി വളർത്തുന്ന രീതിയിലാണ് കളിക്കാറുള്ളത്. കഥകളിക്കുവേണ്ടി എല്ലാ രാജ്യങ്ങളിലും സന്ദർശനം നടത്തി അവിടങ്ങളിലെ ആസ്വാദകരുടെ പ്രശംസ നേടി.

കഥകളിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ലായിരുന്നു ആ സർഗ്ഗാത്മകത. നല്ല കവിത്വവുമുണ്ടായിരുന്നു. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലെങ്കിലും മലയാളത്തിലും സംസ്കൃതത്തിലും മണിപ്രവാളതിതിലും കാവ്യരചന നടത്തിയിട്ടുണ്ട്. രാക്രീഡ എന്ന ആട്ടഥയും രചിച്ചു. സ്വതേ സാധു പ്രകൃതിയാണെങ്കിലും ബാലിവധത്തിലെ ബാലി കെട്ടുമ്പോൾ മാത്രമുണ്ടാവാറുള്ള ഒരു സ്വഭാവമാറ്റം ഞങ്ങളെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. അരങ്ങൊഴിയാൻ നേരം കെട്ടാനായി കരുതി വെച്ചിരുന്ന വേഷമായിരുന്നു അത് എന്ന് അന്നാരും കരുതിയില്ല. അച്ഛന്റെ മകളായതാണ് എന്റെ ഭാഗ്യം. എന്റെ സുകൃതം. ആ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം.

(നെല്ലിയോടിന്റെ മകൾ മായ മഠത്തിൽ മുണ്ടയൂർ ആത്തേമ്മാരാണ്
മൊബൈൽ 8281741011)

## അറിയേണ്ട നമ്പൂതിരി

# വടക്കുന്നാഥന് സുപ്രഭാതം ഈ നമ്പൂതിരിയുടേതാണ്

ബാലമുരളീകൃഷ്ണയുടെ പക്കൽ നിന്ന് സംഗീതം അഭ്യസിച്ച ഒരേ ഒരു നമ്പൂതിരിയേയുള്ളൂ. യേശുദാസ് ഫോൺ ഹോൾഡ് ചെയ്ത് കാത്തു നിന്ന ഒരേ ഒരു നമ്പൂതിരിയേയുള്ളൂ. പെരുന്തലക്കാട്ട് കേശവൻ നമ്പൂതിരി

**വിനോദ് മങ്ങത്തായ**



കേരളം ഈ പാട്ട് കേട്ടു തുടങ്ങിയിട്ട് നാൽപ്പതു വർഷമാവാൻ പോകുന്നു.1982 ലാണ് പുഷ്പാഞ്ജലി എന്ന ഭക്തി ഗാന കാസറ്റ് പുറത്തു വരുന്നത്. രചന :എസ് രമേശൻ നായർ .ആലാപനം :പി ജയചന്ദ്രൻ. വടക്കുന്നാഥന്റെ ശിവരാത്രിയുത്സവക്കാലത്ത് കാഞ്ചി ശങ്കരാചാര്യർ തിരുനാമാചാര്യൻ ആഞ്ഞം മാധവൻ നമ്പൂതിരിക്കു നൽകിയായിരുന്നു പുഷ്പാഞ്ജലിയുടെ പ്രകാശനം.

ഇന്നും തൃശൂർ പൂരം പ്രദർശനത്തിൽ എല്ലാ ദിവസവും ആരംഭിക്കുന്നത് ഈ ആൽബത്തിലെ ഗാനങ്ങളോടെയാണ് .വിഘ്നേശ്വരാ ജന്മനാളികേരം നിന്റെ തൃക്കാൽക്കലുടക്കുവാൻ വന്നു മുതൽ നെയ്യാറ്റിൻകര വാഴും കണ്ണാ നിൻ മുന്നിലൊരു നെയ് വിളക്കാകട്ടെ എന്റെ ജന്മം /കണ്ണിനു കണ്ണായൊരുണ്ണിക്കു തിരുമുമ്പിൽ കർപ്പൂരമാവട്ടെ എന്റെ ജന്മം വരെയുള്ള പത്തു ഗാനങ്ങളും മലയാളി പ്രാണനു തുല്യം സ്വീകരിച്ചു. നെഞ്ചേറ്റി ലാളിച്ചു. സൂപ്പർ ഡ്യൂപ്പർ ഹിറ്റുകളായ ഈ ഭക്തി ഗാനങ്ങൾ മലയാളത്തിന്റെ നാലതിരുകൾക്കു പുറത്തും തരംഗമായി മാറി. മലയാള ഗാനങ്ങൾ മദ്രാസിലെ അന്യഭാഷക്കാർക്കിടയിലും പെട്ടെന്ന് പ്രചാരം നേടി. ഭക്തർ പുഷ്പാഞ്ജലിയിലെ പാട്ടുകൾ ഹൃദയത്തിൽ ഏറ്റുവാങ്ങുകയായിരുന്നു. നെയ്യാറ്റിൻകര വാഴും എന്ന ഗാനം താനെന്നും കേൾക്കുമെന്ന് നടികർ തിലകം ശിവാജി ഗണേശൻ ഗായകൻ ജയചന്ദ്രനോട് പറഞ്ഞിരുന്നത്രെ.




**ഒരു ദിവസം ആകാശവാണിയിലെ ലാന്റ് ലൈനിൽ യേശുദാസിന്റെ ഫോൺ.പി കെ കേശവൻ നമ്പൂതിരിയോട് സംസാരിക്കണം. യേശുദാസിന്റെ ശബ്ദം കേട്ടപ്പോൾ ഫോൺ എടുത്ത റിസപ്ഷനിസ്റ്റ് ഞെട്ടിയത്രെ. പി കെ കേശവൻ നമ്പൂതിരിയെ കിട്ടാൻ താൻ വെയിറ്റ് ചെയ്യാമെന്ന് ഗാനഗന്ധർവ്വൻ പറയുക കൂടി ചെയ്തപ്പോൾ എല്ലാവരും അമ്പരന്നെന്നാണ് കഥ.**

പുഷ്പാഞ്ജലിക്കു സംഗീതം നൽകിയത് തൃശൂർ ആകാശവാണിയിൽ ജോലിയുള്ള ഒരു നമ്പൂതിരിയായിരുന്നു. പെരുന്തലക്കാട്ട് കേശവൻ നമ്പൂതിരി.

പുഷ്പാഞ്ജലി പുറത്തിറങ്ങി

രണ്ടു വർഷം കഴിഞ്ഞപ്പോൾ സാക്ഷാൽ യേശുദാസിനും ഒരാഗ്രഹം .ഇതുപോലെ ഒരാൽബം തന്റെ കമ്പനിയായ തരംഗിണിക്കും പുറത്തിറക്കണം. ഒരു ദിവസം ആകാശവാണിയിലെ ലാന്റ് ലൈനിൽ യേശുദാസിന്റെ ഫോൺ.പി കെ കേശവൻ നമ്പൂതിരിയോട് സംസാരിക്കണം. യേശുദാസിന്റെ ശബ്ദം കേട്ടപ്പോൾ ഫോൺ എടുത്ത റിസപ്ഷനിസ്റ്റ് ഞെട്ടിയത്രെ. പി കെ കേശവൻ നമ്പൂതിരിയെ കിട്ടാൻ താൻ വെയിറ്റ് ചെയ്യാമെന്ന് ഗാനഗന്ധർവ്വൻ പറയുക കൂടി ചെയ്തപ്പോൾ എല്ലാവരും അമ്പരന്നെന്നാണ് കഥ.

രമേശൻ നായർ – പി കെ കേശവൻ നമ്പൂതിരി ടീമിന്റെ രണ്ടാമത്തെ ആൽബമായ വനമാല യേശുദാസിന്റ ആലാപനത്തിൽ തരംഗിണി പുറത്തിറക്കുന്നത് അങ്ങനെയാണ് .ആയിരം നാവുള്ളൊരനന്തരേ ,ഗുരുവായൂർ ഏകാദശി തൊഴുവാൻ പോകുമ്പോൾ തുടങ്ങിയ വനമാലയിലെ എല്ലാ ഗാനങ്ങളും കേരളം നിറഞ്ഞ ഹൃദയത്തോടെയാണ് സ്വീകരിച്ചത് .

കേശവൻ നമ്പൂതിരിയുടെ രണ്ടാമത്തെ ആൽബം തരംഗിണിയുടെ വനമാലയാണ്. അതിലെ പാട്ടുകൾ റെക്കോർഡ് ചെയ്യുമ്പോൾ തിരുമേനി കൂടെ ഇരിക്കണം എന്ന് യേശുദാസ് നിർബന്ധം പിടിച്ചു .ഗുരുവായൂരേകാദശി തൊഴുവാൻ പോവുമ്പോൾ, നിർമ്മല മിഴികൾ ഗുരുവായൂരിലെ നിർമ്മാല്യത്തിനൊരുങ്ങീ തുടങ്ങിയ പാട്ടുകളുടെ ഭാവം ശരിയാവണമെങ്കിൽ തിരുമേനി കൂടെ വേണമെന്നാണ് യേശുദാസ് പറഞ്ഞത്.

**തനിക്ക് ഗുരുവായൂർ പോവാൻ കഴിയില്ലല്ലോ എന്നും അതിനാൽ താൻ ഭാവനയിൽ കണ്ട് പാടുമ്പോൾ പൂർണമായും ശരിയാവില്ലെന്നുമായിരുന്നു യേശുദാസിന്റെ ന്യായം. ദാസ് ആഗ്രഹിച്ചതു പോലെ തിരുമേനി സ്റ്റുഡിയോയിൽ യേശുദാസിന്റെ കൂടെയിരുന്നു.**



*പുഷ്പാഞ്ജലിയുടെ സ്രഷ്ടാക്കൾ പി.കെ. കേശവൻ നമ്പൂതിരി, പി. ജയചന്ദ്രൻ, എസ്. രമേശൻ നായർ*

## ഞാൻ വെറും ഉപകരണം

തിരുമേനി സംഗീത സംവിധായകനാണെന്ന് പറയുന്നതിനെക്കാൾ ശരി സംഗീതം തിരുമേനിയെ സംവിധാനം ചെയ്തു എന്നാണ്. മുജ്ജന്മപുണ്യം ,സംസ്ക്കാരം എന്നൊക്കെ പറയില്ലേ ,അതാണ് തിരുമേനിയുടെ ജീവിതം. അതിനു തുല്യം മറ്റൊന്നില്ല. പുഷ്പാഞ്ജലിയിലെ പാട്ടുകൾ അത്രയും യുനീക് ആണ്. രമേശൻ നായരുടെ രചനയും തിരുമേനിയുടെ സംഗീതവും. ഞാൻ വെറും ഉപകരണം. ആ പാട്ടുകൾ പാടാൻ എന്നെ നിയോഗിച്ചത് ഗുരുവായൂരപ്പനാണ്. പുഷ്പാഞ്ജലിയിലെ ഗാനങ്ങൾക്കും പ്രത്യേകതകളുണ്ട് . രമേശൻനായരുടെ സഹധർമ്മിണിക്ക് സമർപ്പിച്ചതാണ് നെയ്യാറ്റിൻകര വാഴും എന്ന ഗാനം. അതു പോലെ കൂടില്ലാത്തൊരീ നിസ്വന് നിൻ കൃപ തുണയായ് തീരണമേ ഗണേശ്വര, ഗംഗണപതയേ നമോ നമ: എന്ന് ഭഗവാനോട് പ്രാർത്ഥിക്കുന്നു. പിന്നീടാണ് തിരുമേനി തൃശൂരിൽ തനിക്കൊരു കൂട് (വീട്) പണിയുന്നത്. അതിനിട്ട പേരും പുഷ്പാഞ്ജലി എന്നു തന്നെ.

പി ജയചന്ദ്രൻ

കണ്ണനെ മനസ്സ് നിറയെ കണ്ട് ആൽബത്തിലെ പത്തു ഗാനങ്ങളും യേശുദാസ് ഒറ്റ ദിവസം കൊണ്ടാണ് പാടിയത്.

കോങ്ങാടാണ് പെരുന്തലക്കാട്ട് മന. കഥകളിക്കും സംഗീതത്തിനും പേരുകേട്ട ഇല്ലം .തിരുമാന്ധാം കുന്നിലമ്മയും പാറശ്ശേരി മൂകാംബിക ഭഗവതിയും പരദേവതമാർ . മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പറായിരുന്ന പെരുന്തലക്കാട് കേശവൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകനാണ് പി കെ.കേശവൻ നമ്പൂതിരി. ഓപ്പോളുമാർ ,സഹോദരന്മാർ അങ്ങേല്ലമായ വടശ്ശേരിയിലെ എല്ലാവരും കേശവൻ നമ്പൂതിരിയുടെ ബാല്യകാലത്തെ സമ്പന്നമായ ഓർമ്മകളാണ് .

വാഴേങ്കട കുഞ്ചുനായരാശാനെപ്പോലുള്ള പ്രതാപികളും മഹാകവി വള്ളത്തോളും ദക്ഷിണാമൂർത്തി സ്വാമികളും കഥകളി നടനും ഗാ



*അച്ഛൻ പെരുന്തലക്കാട് കേശവൻ നമ്പൂതിരിയുടെയും അമ്മ സാവിത്രി അന്തർജനവും*

# സംഗീതം ച്ചാൽ ഇവിടെ ജീവിതം തന്നെയാണ്

പ്രത്യേകം സാധകമൊന്നും ഞാൻ കാണാറില്ല .മുറിയിൽ അടച്ചിരിക്കും .ചിലപ്പോൾ പുറത്ത് കസേരയിലിരുന്ന് കാലിൽ താളം പിടിക്കുന്നുണ്ടാവും .അതൊരു പാട്ടിന്റെ സംഗീതമാണെന്ന് പാട്ട് വന്നാലാണ് മനസ്സിലാവുക .എവിടെയായിരുന്നു ഈ ഈണങ്ങൾ എന്നൊക്കെ എനിക്ക് അത്ഭുതമാവാറുണ്ട് . ഒന്നും ഞാനല്ല ,എല്ലാം ഭഗവാൻ തോന്നിക്കുന്നതാണെന്ന് പറയും .ഗുരുജി ബാലമുരളീകൃഷ്ണ ഇവിടെ വന്നിട്ടുണ്ട്. തൃശൂർ ഒരു പരിപാടിക്കു വന്നപ്പോൾ. ജയചന്ദ്രൻ ധാരാളം വരും. അത്ര അടുപ്പമാണ്. ഇവിടന്ന് ധാരാളം വർത്തമാനങ്ങളൊക്കെ പറഞ്ഞിരിക്കും. ഊണു കഴിച്ചേ പോകാറുള്ളൂ. സംഗീത നിരൂപകൻ രവിമേനോൻ ഇടക്കു വിളിക്കും. രാഗങ്ങളെക്കുറിച്ചൊക്കെ ചർച്ച ചെയ്യും.ഇദ്ദേഹത്തിന്റെ പാട്ടുകളെപ്പറ്റി ധാരാളം എഴുതിയിട്ടുമുണ്ട് .

അനവധി പേരെ പാട്ട് പഠിപ്പിച്ചിട്ടുണ്ട്. പ്രതിഫലം വാങ്ങാറില്ല. അക്കാര്യത്തിൽ ഗുരുവായ ബാലമുരളീകൃഷ്ണയുടെ വാക്കുകളെ പിന്തുടരും. സംഗീതം ദൈവികമാണ്. നൽകാം ,പക്ഷെ വിൽക്കരുത് . ആരോടും പ്രത്യേകം മമതയോ ദേഷ്യമോ തോന്നിയിട്ടില്ല. സംഘടനകളിലൊന്നും അംഗത്വവുമില്ല. ആരുടെയും പുറകേ പോവാറുമില്ല. രമേശൻ നായർ എഴുതി ഇദ്ദേഹത്തിന്റെ സംഗീതത്തിൽ ജയചന്ദ്രൻ പാടുന്ന കോമ്പിനേഷനാണ് കേമം എന്ന് മക്കൾ പറയാറുണ്ട്. മദ്രാസ് കാലത്ത് ജയചന്ദ്രന്റെ അടുപ്പം കാരണം പ്രേംനസീറും ഉമ്മറും പി ലീലയും ഇവിടത്തെ സൗഹൃദത്തിൽ ഉണ്ടായിരുന്നെന്ന് പറയാറുണ്ട്. ചലച്ചിത്ര ഗാനരംഗത്ത് ദേവരാജൻ മാഷ്



*സഹധർമ്മിണി നിർമ്മലാദേവിയുമൊത്ത്*

,ദക്ഷിണാമൂർത്തി സ്വാമികൾ ,ബാബുരാജ് ,പി ഭാസ്ക്കരൻ ,രവീന്ദ്രൻ മാഷ് തുടങ്ങി മിക്കവരുമായും നല്ല അടുപ്പമായിരുന്നു. രവീന്ദ്രൻ മാസ്റ്റർ മദ്രാസിൽ കൂടെ താമസിച്ചിരുന്നു. രാഘവൻ മാസ്റ്റർ കോഴിക്കോട് ആകാശവാണിയിൽ മേലുദ്യോഗസ്ഥനായിരുന്നു. തന്റെ ഗുരുവാണെന്ന് എപ്പോഴും പറയും. ശ്രീകുമാരൻ തമ്പിയുമായി പണ്ടേ പരിചയമുണ്ട്. ചിത്രയും ,സുജാതയും പ്രിയപ്പെട്ടവരാണ്. ചില ആൽബങ്ങളിൽ അവരെയും പാടിപ്പിച്ചു. സിനിമാഗാനങ്ങൾ ഒന്നും തന്നെ തേടി വന്നില്ലല്ലോ എന്നു നിരാശയില്ല. ആശയുണ്ടെങ്കിലല്ലേ നിരാശയുണ്ടാകൂ .

ഡോക്ടർ നിർമ്മലാദേവി
( കേശവൻ നമ്പൂതിരിയുടെ സഹധർമ്മിണി )

യകനുമായ ഇല്ലത്തെ വലിയച്ഛനെ കാണാൻ വരാറുണ്ടായിരുന്നു. വലിയച്ഛനായ കേശവൻ നമ്പൂതിരി താൻ വിവാഹം കഴിച്ച കുട്ടിമാളുവമ്മയെ മനയിൽ തന്റെ ഒപ്പം തന്നെയാണ് താമസിപ്പിച്ചിരുന്നത്. സന്താനങ്ങളില്ലാത്ത ഈ ദമ്പതിമാരെ പി കെ കേശവൻ നമ്പൂതിരിയും സഹോദരങ്ങളും സ്വന്തം അച്ഛനമ്മമാരായി തന്നെ കാണുകയും വിളിക്കുകയും ചെയതു. കഥകളിപ്പദങ്ങൾക്കൊപ്പം പെരുന്തലക്കാട്ടെ മുത്തശ്ശി ശാസ്ത്രീയമായി കൈകൊട്ടിക്കളിപ്പാട്ട് പരിശീലിപ്പിച്ചിരുന്നു .പി കെ യുടെ സംഗീതത്തിന്റെ വ്യത്യസ്തമായ വ്യക്തിത്വം രൂപപ്പെട്ടത് ഇങ്ങിനെയാവാം .പാറശ്ശേരിക്കാവിലെ താലപ്പൊലിയും തൃപ്പലമുണ്ട ക്ഷേത്രത്തിലെ കഥകളിയും കേമമാണ് .പ്രശസ്ത ഗായകരായ കലാമണ്ഡലം നീലകണ്ഠൻ നമ്പീശനും കോട്ടക്കൽ വാസു നെടുങ്ങാടിയും കേശവൻ നമ്പൂതിരിയുടെ സംഗീതസപര്യയിൽ വഴിവിളക്കുകളായി .



*ബാലമുരളീകൃഷ്ണയുമൊത്ത്*

പാലക്കാട്ടെ കോളേജ് പഠന കാലത്താണ് കേശവൻ നമ്പൂതിരി ബാലമുരളികൃഷ്ണയുടെ കച്ചേരി കേട്ടത് . അന്ന് തീരുമാനിച്ചതാണ് ;ശാസ്ത്രീയ സംഗീതം പഠിക്കേണ്ടത് ഈ ഗുരുജിയുടെ കീഴിലാണെന്ന്. ബാലമുരളീകൃഷ്ണയെ ഗുരുവായി ലഭിക്കുന്നത് വലിയ സൗഭാഗ്യമാണ്. **അന്നേ പ്രശസ്തൻ. നിറയെ കച്ചേരികളുമായി തിരക്കുള്ള ഗായകൻ. പണം വാങ്ങി സംഗീതം പഠിപ്പിക്കുന്ന ആളുമല്ല. തന്നെ തേടി വരുന്ന നൂറു കണക്കിന് സംഗീതാർത്ഥികളിൽ നിന്ന് ഒരാളെ ശിഷ്യനായി ഗുരു അംഗീകരിക്കുന്നത് ഒട്ടും എളുപ്പല്ലെന്നർത്ഥം.** സംഗീത വിദുഷിയായ രാധാമ



*ഒരു റിക്കാർഡിംഗ് വേളയിൽ യേശുദാസിനോടൊപ്പം , പുഷ്പാഞ്ജലി കാസെറ്റ് കാഞ്ചിപീഠാധിപതി പ്രകാശനം ചെയ്യുന്നു*

ണിയമ്മ ( ഗായിക സുജാതയെ വിവാഹം കഴിച്ചത് ഇവരുടെ മകനാണ് ) പി കെയെ പരിചയപ്പെടുത്തി ഒരു കത്തു നൽകിയിരുന്നു. ഗുരുജിയുടെ വീട്ടിൽ കത്തുമായി പോയത് തുടർച്ചയായി മുപ്പതു ദിവസങ്ങൾ. അവസാനം പി കെ കേശവൻ നമ്പൂതിരിയെ സംഗീത വിദ്യാർത്ഥിയായി ബാലമുരളീകൃഷ്ണ സ്വീകരിച്ചു. ആത്മസുഹൃത്തായി മാറിയ ജയചന്ദ്രനും ജയവിജയന്മാരും അക്കാലം ഗുരുജിയുടെ ശിഷ്യന്മാരായി വന്നിരുന്നു. ഗുരുകുലവാസം പോലെയാണ് സംഗീത പഠനം. കൃത്യമായ സമയമില്ല. ഗുരുജിക്ക് ഒഴിവുള്ളപ്പോൾ. അതാണ് ക്രമം. ചിലപ്പോൾ ഗുരുജി ഷേവ് ചെയ്യുമ്പോഴായിരിക്കും പാഠങ്ങൾ പറഞ്ഞു തരിക.

മഞ്ഞലയിൽ മുങ്ങിത്തോർത്തി എന്ന പാട്ടൊക്കെ പാടി ജയചന്ദ്രൻ തിരക്കുള്ള സിനിമാ ഗായകനായപ്പോൾ വഴിക്കു വെച്ച് പഠനം നിർത്തി. കേശവൻ നമ്പൂതിരി രണ്ടു വർഷങ്ങളിലധികം തുടർന്നു. ബാലമുരളീകൃഷ്ണയുടെ വത്സലശിഷ്യനായി മാറി. ഗുരുജി തന്റെ കച്ചേരികളിൽ ശിഷ്യനായ പി കെയെ കൂടെ പാടിച്ചു. ബാലമുരളീകൃഷ്ണയുടെ പക്കൽ നിന്ന് സംഗീതം അഭ്യസിക്കാൻ ഒരേ ഒരു നമ്പൂതിരിക്കേ ഭാഗ്യം ലഭിച്ചുള്ളൂ. പി കെ കേശവൻ നമ്പൂതിരിക്ക്.

പിൽക്കാലത്ത് കേശവൻ നമ്പൂതിരി സംഗീതം നൽകിയ പുഷ്പാഞ്ജലിയിലെ പാട്ടുകൾ കേട്ട് സംപ്രീതനായ ബാലമുരളീകൃഷ്ണ തനിക്കൊരു പാട്ടു തരുന്നത് എപ്പോഴാവും എന്ന് ചോദിച്ച് പ്രശംസിക്കാനും മറന്നില്ലത്രെ.

ആകാശവാണിയിൽ കോഴിക്കോട്ട് വോക്കൽ ആർട്ടിസ്റ്റ് ആയി തുടക്കം. രാഘവൻ മാസ്റ്ററുടെ ശിഷ്യത്വം. അക്കിത്തവും കക്കാടും കൊടുങ്ങല്ലൂരും പി എസ് നമ്പീശനും സഹപ്രവർത്തകർ. പിന്നെ തൃശൂരിലേക്ക് മാറ്റം. ലളിതസംഗീത പാഠങ്ങളിലൂടെ ലക്ഷക്കണക്കിന് ശ്രോതാക്കളുടെ മാനസ ഗുരുവായി മാറി. അക്കാലത്തും പി കെ കേശവൻ നമ്പൂതിരിക്ക് കച്ചേരികൾ ഉണ്ടായിരുന്നു. ചെമ്പൈ അടക്കമുള്ള പ്രമുഖരുടെ അനുഗ്രഹങ്ങളും നേടാൻ കഴിഞ്ഞു .

ഡോക്ടർ നിർമ്മലാദേവിയാണ് സഹധർമ്മിണി.തൈക്കാട്ട് മൂസിന്റെ കുടുംബാംഗം.മക്കൾ സച്ചിൻ ബംഗളൂരിൽ സോഫ്റ്റ് വേർ പ്രഫഷണൽ. സഹധർമ്മിണി വീട്ടിയോട് ശ്രീപ്രിയ, മകൾ മിഹികമകൾ സീനയെ കൊടുത്തത് പാണേക്കാട്ടേയ്ക്ക്. ബിമൽ യു എസിൽ കമ്പ്യൂട്ടർ എഞ്ചിനീയർ. കുട്ടികൾ രോഹിത്, റിയ.

മസ്ക്കറ്റിലും തുഞ്ചൻ പറമ്പിലുമടക്കം നിരവധി വേദികളിൽ പി കെ കേശവൻ നമ്പൂതിരി കച്ചേരികളുണ്ടായി. ഇരുപതിലധികം ആൽബങ്ങൾക്ക് സംഗീതം നൽകിയിട്ടുമുണ്ട് .യേശുദാസ്, ജയചന്ദ്രൻ, എസ് പി ബാലസുബ്രഹ്മണ്യം, ജി വേണുഗോപാൽ, ഉണ്ണിമേനോൻ, മധു ബാലകൃഷ്ണൻ, ചിത്ര, സുജാത, കല്യാണി മേനോൻ ,രാധികാ തിലക് എന്നിവരെല്ലാം തിരുമേനിക്കു വേണ്ടി പാടി. ആയിരത്തോളം ലളിതഗാനങ്ങളുമുണ്ട്. വർഷങ്ങൾ കഴിഞ്ഞിട്ടും മിക്ക പാട്ടുകളും ആസ്വാദകർക്ക് നിത്യഹരിതം .

അക്കാദമി പുരസ്ക്കാര ജേതാക്കളുടെ പട്ടികയിലൊന്നും പക്ഷേ, പി കെ കേശവൻ നമ്പൂതിരി എന്ന സംഗീത സംവിധായകന്റെ പേര് കാണില്ല. ജനകോടികളുടെ മനസ്സുകളിൽ ആ സംഗീതം അന്നും ഇന്നും എന്നും പുണ്യതീർത്ഥമാണ് .

പാറമേക്കാവിൽ കുടികൊള്ളും ഭഗവതിയെ ഹൃദയകമലത്തിൽ പൂജിച്ച്, അമൃതം പോലൂറി വരുന്ന നാരായണ നാമം സേവിച്ച്, തൃശൂർ കൃഷ്ണാ ഗാർഡൻസിലെ പുഷ്പാഞ്ജലിയിൽ പി കെ കേശവൻ നമ്പൂതിരി നമ്മോടൊപ്പമുണ്ട്; പുത്തൻ ഈണങ്ങളുമായി.

കേശവൻ നമ്പൂതിരി Mobile:9400875055



*ഒരു കച്ചേരിക്കിടയിൽ*



*ഒരു റിക്കാർഡിംഗ് വേളയിൽ സുജാതയോടൊപ്പം*

# ഒരു മഹാകാവ്യം പിറന്ന വിദ്യ

**ലക്ഷണങ്ങളെല്ലാം തികഞ്ഞൊരു മഹാകാവ്യമെഴുതാൻ എളുപ്പമല്ല. മഹാകാവ്യം എഴുതാൻ ആരും മെനക്കെടാറില്ല. ഈ സാഹചര്യത്തിൽ വേണം കൈതയ്ക്കൽ ജാതവേദൻ നമ്പൂതിരിയുടെ രചന വിലയിരുത്താൻ. ഇക്കഴിഞ്ഞ സെപ്തംബർ 12ന് സപ്തതി ആഘോഷിച്ച കൈതയ്ക്കൽ ജാതവേദൻ നമ്പൂതിരിയെപ്പറ്റി ശിഷ്യ ശ്രീജ പട്ടലൂർ എഴുതുന്നു**

## അങ്ങനെ ജാതവേദൻ തന്നെ മെനക്കെട്ടു



കൈതക്കൽ ജാതവേദൻ നമ്പൂതിരി

**ശ്രീജ പട്ടലൂർ**



കുറെവർഷം മുമ്പാണ്. സംസ്കൃതം അല്പം പോലും ഔപചാരികമായി പഠിച്ചിട്ടില്ലാത്ത കൈതക്കൽ മനയ്ക്കൽ ജാതവേദൻ മാഷ് ഒരിക്കൽ ഗുരുവായൂരിൽ പോയി. സാമാന്യം കവിതയെഴുതുന്ന അദ്ദേഹം ഭർതൃഹരിയുടെ ശതകത്രയത്തിന്റെ വൃത്താനുവൃത്ത തർജമയുടെ പണിപ്പുരയിലായിരുന്നു. അതിന്റെപോരായ്മകൾ പരിശോധിക്കണം. അതിന് സംസ്കൃതം നന്നായറിയുന്ന ഒരാളു വേണം. അങ്ങനെയാണ് ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ സംസ്കൃത വിഭാഗം തലവനായ ഡോ. വാസുദേവനെ ചെന്നു കണ്ടത്.

മഹാകാവ്യം എന്ന ഏർപ്പാട് തന്നെ നിന്ന കാലത്ത് ഇമ്മാതിരി ഒരു തർജമ എന്തിനെന്നായി ഡോ. വാസുദേവൻ. അങ്ങനെ ചർച്ച വേറെ വഴിക്ക് നീങ്ങി. ഇടക്ക് എപ്പഴോ ഡോ. വാസുദേവൻ പറഞ്ഞു.

'മഹാകാവ്യം പോലെ ദുഷ്കരമായൊരു രചനയക്ക് ഇക്കാലത്ത് ആരും മെനക്കെടില്ല. വേണം ച്ചാൽ ജാതവേദൻ മെനക്കെടണം'

അതൊരു കനൽത്തരിയായി കരളിൽ കിടന്നു നീറി. കനൽത്തരി ഒരു തരി മതിയല്ലൊ. ശോകത്തിൽ നിന്നാണ് ശ്ലോകമുണ്ടായതെന്ന് രാമായണകഥ ഉദാഹരിച്ചു കൊണ്ട് പറയാറുണ്ട്. കാട്ടാളൻ എയ്ത അമ്പേറ്റ് പിടയുന്ന ക്രൗഞ്ചപ്പക്ഷികളെ കണ്ടപ്പോഴാണല്ലൊ വാല്മീകിക്ക് രാമായണമെഴുതാൻ പ്രേരണയായത്. ഏതാണ്ട് അതേ മട്ടിലായി കാര്യം. മഹാകാവ്യമെഴുതിയേ പറ്റൂ എന്ന തോന്നലായി.

മിക്ക മഹാകാവ്യങ്ങളും പുരാണേതിഹാസങ്ങളിലെ കഥാപാത്ര കേന്ദ്രീകൃതമായപ്പോൾ ഉള്ളൂരിന്റെ വിഖ്യാത മഹാകാവ്യമായ ഉമാകേരളം തിരുവിതാംകൂർ ചരിത്രവുമായി ബന്ധപ്പെടുത്തി എഴുതിയതാണ്.
അത്തരത്തിൽ ഒരു ചരിത്ര രചനയാവാമെന്ന് മാഷ്ക്ക് തോന്നി. അങ്ങനെയാണ് വീരപുരുഷനായ പഴശ്ശി രാജയെ കാവ്യത്തിലാവാഹിക്കാൻ കാരണമായത്.

അതേപ്പറ്റി പറയും മുമ്പ് ഞാനെങ്ങനെ ജാതവേദൻ മാഷുടെ അടുത്തെത്തി എന്നു പറയാം.

അക്ഷരശ്ലോകത്തോടു കമ്പം മൂത്തു നിൽക്കുന്ന ഒരു ദിവസം. തെറ്റാതെ ഹൃദിസ്ഥമാക്കണമെന്ന ഓരാഗ്രഹവും ഉണ്ടായിരുന്നു. ഇത്ര അടുത്ത് കൈതയ്ക്കൽ മാഷ് ഉള്ളപ്പോൾ വേറെ എങ്ങോട്ട് പോവാൻ എന്ന് ഒരു ബന്ധു പറഞ്ഞു. അങ്ങിനെ ശ്ലോകം പഠിക്കാനായി ഗുരു ജാതവേദൻ മാഷുടെ അടുത്തെത്തി.

അദ്ദേഹവുമായുള്ള ഓരോ കൂടിക്കാഴ്ചയും അത്ഭുതപ്പെടുത്തി. ചെറിയ കുട്ടികൾ മുതൽ എൺപതു വയസ്സു വരെയുള്ളവർ വരെ പഠനത്തിനായി സമീപിക്കുന്നു. ഞാനും ഒപ്പം ചേർന്നു. എഴുതലും പഠിയ്ക്കലും ചൊല്ലലുമൊക്കെയായി ആഴ്ചയിൽ ഒരു ദിവസം കൈതയ്ക്കൽ മനയിൽ ഒത്തുകൂടും. ആരെങ്കിലും ഒരാൾ എന്തെങ്കിലും പലഹാരങ്ങൾ കൊണ്ടു വരും. മാഷുടെ പത്നി പത്മജേട്ത്തി (വടക്കുംകര മഹൾ പത്മജ ) ഉണ്ടാക്കുന്ന ചായയും കഴിക്കും.

ഒരു ദിവസം മാഷ് ചോദിച്ചു

'നാളെ തൃശ്ശൂരിൽ ഒരു പരിപാടിയുണ്ട് കാറിൽ ഒരു സീറ്റ് ഒഴിവുണ്ട് പോരുന്നോ'.

അങ്ങനെ ഞാനും ജാതവേദൻ മാഷും പത്മജേട്ത്തിയും കൂടെ അക്ഷരശ്ലോക കമ്പക്കാരായ ഡോക്ടർ വെട്ടിക്കാട് ദാമോദരേട്ടനും സാംഭവി ടീച്ചറും കൂടി ഒരു യാത്ര. തൃശ്ശൂരിലെ ചേർപ്പിലെ സോപാനം ഓഡിറ്റോറിയത്തിലായിരുന്നു പരിപാടി. പ്രശസ്തരായ പല വ്യക്തികളും പങ്കെടുത്ത ഒരു ചടങ്ങായിരുന്നു അത്. പ്രൗഢമായ ഒരു അക്ഷര ശ്ലോക സദസ്സും ഉണ്ടായിരുന്നു. ജാതവേദൻ മാഷുടെ തപസ്യ എന്ന പുസ്തകത്തിന്റെ പ്രകാശനവും 2015 ലെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ യുവ പുരസ്കാരത്തിന് അർഹയായ മലയാള കവയിത്രിയായ ആര്യാംബികയെ അനുമോദിക്കാനുമായിരുന്നു ആ പരിപാടി. 300 ൽ അധികം ശ്ളോകങ്ങളുള്ള തപസ്യ തികച്ചും അക്ഷരശ്ലോകക്കാർക്ക് ഒരു മുതൽക്കൂട്ടു തന്നെയാണ്.

പിന്നീട് ഞാൻ അദ്ദേഹത്തിന്റെ ഓരോ കൃതികളേയും കുറിച്ച് കൂടുതൽ അറിയാൻ ശ്രമിച്ചു. അങ്ങനെയാണ് ആ മഹാകാവ്യം ശ്രദ്ധയിൽപ്പെട്ടത്. 'വീരകേരളം' ഉള്ളൂരിന്റെ വിഖ്യാതമായ ഉമാകേരളത്തിനു ശേഷം ചരിത്രസംഭവങ്ങളെ പ്രമേയമാക്കി രചിക്കപ്പെട്ട ഒരേ ഒരു മഹാകാവ്യം. ബ്രിട്ടീഷ് ഭരണാധിപന്മാരോടു പോരടിച്ച് വീരമൃത്യു വരിച്ച 'കേരളസിംഹം' വീരപഴശ്ശിരാജയുടെ ചരിത്രമാണ് ഇതിൽ.

എളുപ്പമല്ല ലക്ഷണങ്ങളെല്ലാം തികഞ്ഞൊരു മഹാകാവ്യമെഴുതാൻ. ഉള്ളൂരിനു ശേഷവും കവികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ മഹാകാവ്യം എഴുതാൻ ആരും മെനക്കെടാറില്ല. ഈ സാഹചര്യത്തിൽ വേണം ജാവവേദൻ മാഷുടെ രചന വിലയിരുത്താൻ.

ചരിത്ര യാഥാർത്ഥ്യങ്ങളോട് അന്യാദൃശമായ സത്യസന്ധത പുലർത്തി, സംസ്കൃത പദങ്ങളുടെയും, മലയാള പദങ്ങളുടെയും ഔചിത്യവും ലാവണ്യവും ശ്രവണസുഖവും ഒത്തിണങ്ങുന്ന മട്ടിൽ ഭാവുകരെ പുളകം കൊള്ളിക്കുന്ന രീതിയിലുള്ള ക്ലാസിക്കൽ ശൈലി. മഹാകാവ്യത്തിന്റെ എല്ലാ ലക്ഷണങ്ങളും ഒത്തിണങ്ങിയ ഒന്ന്. അദ്ഭുതപ്പെടുത്തിയത് മറ്റൊരു കാര്യമാണ്.

അദ്ദേഹത്തിന്റെ ഇതര സാഹിത്യസംഭാവനകളെന്നായ നിലാവൊളി 2020 ഡിസംബറിൽ പുറത്തിറങ്ങി. അതിൽ ഭർതൃഹരിയുടെ ശതകത്രയം, മേല്പത്തൂരിന്റെ ശ്രീപാദ സ്പതതി നീലകണ്ഠ ദീക്ഷിതരുടെ അന്യാപദേശ ശതകം, മാങ്ങോട്ടശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ ഭൃംഗ സന്ദേശം തുടങ്ങിയ കൃതികൾ, നിരവധി സംസ്കൃത മുക്തകങ്ങൾ എന്നിവ പരിഭാഷപ്പെടുത്തിയതാണ്.

തൃശ്ശൂരിൽ നിന്നുള്ള കവന കൗതുകം,ഗുരുവായൂരിൽ നിന്നുള്ള കവന കൈരളി എന്നീ ശ്ലോക മാസികകളിൽ പ്രസിദ്ധീകരിച്ചതും അല്ലാത്തതുമായ മുപ്പതോളം ഖണ്ഡകാവ്യങ്ങൾ, ഒട്ടനവധി ഭാഷാ മുക്തകങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ആദ്യം പറഞ്ഞ തപസ്യ കാവ്യസമാഹാരം
എന്നിവയാണു മറ്റു പ്രധാന രചനകൾ.

സംസ്കൃതത്തിൽ ഔപചാരിക വിദ്യാഭ്യാസമില്ലാതെത്തന്നെ ഇത്ര ഗംഭീരമായും അയത്നലളിതമായും
ആ ഭാഷ കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് അദ്ദേഹത്തോട് ചോദിച്ചു

'സാമൂതിരി രാജാക്കൻമാരുടെ രേവതി പട്ടത്താനസദസ്സിൽ സുപ്രധാന സാന്നിദ്ധ്യം അറിയിച്ചവരുണ്ടായിരുന്നകൂടല്ലൂർ മനയിലെ പാരമ്പര്യമെന്നിലുമുണ്ടാവാം. പൂർവ പണ്ഡിതന്മാർ ചെയ്ത വ്യാഖ്യാനങ്ങളുടെ സഹായത്തോടെയാണ് ഞാൻ സംസ്കൃത കൃതികളുടെ പരിഭാഷകൾ തയ്യാറാക്കിയത്.' ഇതായിരുന്നു പറഞ്ഞത്

'ശ്രീകൃഷ്ണചരിതം മണിപ്രവാളം പോലുള്ള കൃതികളിലെ ശ്ലോകങ്ങൾ കുട്ടിക്കാലത്തു തന്നെ അമ്മ ചൊല്ലിത്തന്നത് ഉരുവിട്ട് ഹൃദിസ്ഥമാക്കിയിരുന്നു. അങ്ങനെ അവയോട് ഒരു പ്രത്യേക താല്പര്യം ഉടലെടുത്തു.'

ഹൈസ്കൂൾ തലം വരെ മാത്രമേ ഇംഗ്ലീഷ് പഠിച്ചിട്ടുള്ളുവെങ്കിലും ആംഗലേയ ഭാഷയും ഭംഗിയായി കൈകാര്യം ചെയ്യുന്നുണ്ട്. ഏതെങ്കിലും ഒരു ഭാഷയുടെ പഠനം മറ്റു ഭാഷകൾ സ്വായത്തമാക്കാൻ എളുപ്പമായിത്തീരാറുണ്ട് എന്നും ഒരു ഭാഷയുടെ അടിസ്ഥാനം വ്യാകരണമാണ്. വാചികമായ ആശയ സംവേദനത്തിനു പോലും അതാവശ്യമാണ്. ഓരോരുത്തരുടെയും താത്പര്യവും ആവശ്യബോധവുമടിസ്ഥാനമായിട്ടായിരിക്കും അവരുടെ കഴിവുകൾ വികസിക്കുന്നത്.

അതിന്റെ പിന്നിൽ നിതാന്ത പ്രയത്നവും ആത്മവിശ്വാസവുമുണ്ടാവണമെന്നു മാത്രമാണെന്നും പറയുന്നു. താരതമ്യേന ദുഷ്കരമായ സംസ്കൃത വൃത്തങ്ങളിൽ ശ്ലോകങ്ങൾ നിർമ്മിക്കുന്ന അദ്ദേഹം അക്ഷര ശ്ലോക സദസ്സുകളുടെ ഒരു വിസ്മയം തന്നെ ആണ്.

'എന്റെ രചനകളിൽ ഞാൻ തേടുന്നത് ആത്മസംതൃപ്തിയാണ്. അതിനേ സ്വാഭാവികതയുള്ളൂ' എന്നും അദ്ദേഹം കരുതുന്നു.

ഭാഷാസ്നേഹികളോട് പറയാനുള്ളത് 'നാം തന്നെ നമ്മുടെ ഭാഷയെ വികലമാക്കാതിരിക്കുക. ഏതൊരുവാക്കും വേണ്ടവിധത്തിൽ ഉച്ചരിക്കാൻ ബോധപൂർവം ശീലിക്കുക ഭാഷാപദങ്ങളുടെ അർത്ഥം ശരിയായി മനസ്സിലാക്കി മാത്രം പ്രയോഗിക്കാൻ ശ്രദ്ധിക്കുക'

വരും തലമുറയും ഇക്കാര്യങ്ങൾ നിഷ്കർഷയോടെ പുലർത്തുന്നുണ്ട് എന്ന് എല്ലാവരും ഉറപ്പു വരുത്തുക. അതെ നമ്മുടെ ഇടയിൽ ഒരു മഹാകവി, അക്ഷരശ്ലോക കമ്പക്കാരുടെ കൺകണ്ട ഗുരു അതിനപ്പുറം ഒരു ഭാഷാസ്നേഹി അതെ അതു തന്നെയാണ് ശ്രീ ജാതവേദൻ സർ.

ഒരോ വർഷവും ധാരാളം കുരുന്നുകൾ ആദ്യാക്ഷരം കുറിക്കുന്നത് അദ്ദേഹത്തിന്റെ കൈകൾ കൊണ്ടാണ് പ്രൈമറി സ്കൂൾ പ്രധാന അധ്യാപകനായി റിട്ടയർ ചെയ്ത അദ്ദേഹം മഞ്ചേരി അരുകിഴായയിലുള്ള കൈതയ്ക്കൽ മനയിൽ മഹളായ പത്മജേട്ത്തിയോടും,അരുൺ ,കിരൺ എന്നീ മക്കളോടും മരുമക്കളോടും പേരക്കുട്ടികളോടും ഒപ്പം കട്ടി കണ്ണടകൾക്കടിയിൽ തൂമന്ദഹാസം ഒളിപ്പിച്ച് എഴുപതിന്റെ നിറവിൽ ലളിത ജീവിതം നയിക്കുന്നു ●

(ശ്രീജ പട്ടലൂർ 9946188670)
ജാതവേദൻ കൈതയ്ക്കൽ മന
അരുകിഴായ,പി.ഒ.മഞ്ചേരി,
മലപ്പുറംപിൻ676121
മൊബൈൽ: 9995687659

## ഇങ്ങനെയും ഭ്രാന്താലയം

ആനക്കമ്പമൊരുത്ത,നാനനടയാൾക്കമ്പം പര,ന്നീശ്വര–
ധ്യാനക്കമ്പമൊരാൾക്ക് നൽക്കഥകളിക്കമ്പം മുറയ്ക്കന്യനും...
ഗാനക്കമ്പമതാണു പിന്നെയൊരുവ,ന്നീയുള്ളവന്നക്ഷര–
ശ്ലോകക്കമ്പവുമാട്ടെയെന്തപകടം, ഭ്രാന്താലയം കേരളം...!

# ശരീരം ആശുപത്രിയ്ക്ക് നൽകിയ വേദജ്ഞൻ

**പാലേലി മോഹൻ**



ദേഹവും ദേഹിയും. ലൗകികന്മാർ ദേഹാഭിരാമന്മാർ ആയിരിക്കും. എന്നാൽ ദേഹത്തിലും വലുത് ദേഹിയാണ് എന്ന് തിരിച്ചറിഞ്ഞ യോഗിയായിരുന്നു പാലേലി നാരായണൻ നമ്പൂതിരി. അതുകൊണ്ടാണല്ലൊ ദേഹിയുപേക്ഷിച്ച ദേഹത്തെ തന്നെ ചികിത്സിച്ച അമൃത ആശുപത്രിയ്ക്ക് നൽകിയത്. കുട്ടികൾക്ക് പഠിക്കാനെങ്കിലും ഉപകരിക്കട്ടെ. അതിലപ്പുറം ആ ദേഹത്തോട് മമതാ ബന്ധം പുലർത്തിയില്ല ഈ വേദജ്ഞൻ.

ദേഹമില്ലാത്ത ഒരാളുടെ സംസ്കാരം നടത്താൻ ചില സങ്കല്പങ്ങളും ഉപാധികളും നിയമങ്ങളുമുണ്ട്. അതിൻ പ്രകാരം ശേഷക്രിയാദികൾ പുന:സംസ്കാരമായി നടത്തുകയും ഉണ്ടായി. അവിവാഹിതനായിരുന്നു. അതിനാൽ പിൻമുറക്കാരെ സൃഷ്ടിച്ചുമില്ല. ഏകനായി വന്ന് ഏകനായി മടങ്ങിപ്പോയ ഒരു യോഗി. 2009 നവംബർ 30 നായിരുന്നു അദ്ദേഹം സ്വർഗസ്ഥനായത്. അദ്ദേഹം അബ്രാഹ്മണരേയും, സ്ത്രീകളേയും ഭാഗവത വായനയിൽ ശിഷ്യരാക്കിയിരുന്നു. അത് കോളിളക്കം ഉണ്ടാക്കിയതൊന്നും പാലേലി ഗൗനിച്ചതേയില്ല. ഭാഗവതത്തിന്റെ ഉള്ളറിഞ്ഞതിനാൽ മനുഷ്യർ തമ്മിലുള്ള വേർ തിരിവും ഉണ്ടായിരുന്നില്ല.

ഓത്തു പഠിച്ച പന്ത്രണ്ട് വർഷക്കാലം തന്റെ ജീവിതത്തിൽ നഷ്ടപ്പെട്ട ഒരു കാലമായിരുന്നു എന്നുറക്കെപ്പറഞ്ഞ ഒരു നേതാവു നമുക്കുണ്ടായിരുന്നു. എന്നാൽ കഷ്ടപ്പെട്ട് ഉരുവിട്ടു പഠിച്ച വേദത്താലാണ് എന്റെ ജീവിതം ഇത്രമേൽ തിളക്കമാർന്നതാകാൻ കാരണം എന്ന് ഊന്നിപ്പറഞ്ഞ ഉരു മഹാ പണ്ഡിതനും നമുക്കൊപ്പമുണ്ടായിരുന്നു. അദ്ദേഹമാണ് പാലേലി നാരായണൻ നമ്പൂതിരി. 1941 ൽ പിറന്ന് 2009 ൽ ജഗദീശപാദത്തിൽ ലയിച്ചു.

ഉപനയനാനന്തരം അതതു കുടുംബത്തിനർഹതപ്പെട്ട വേദം ഉരുവിട്ടു പഠിക്കണം. അതായിരുന്നു നടപ്പു നിയമം. പിഞ്ചുകുട്ടികൾ കഠിനമായ സംസ്കൃതത്തിൽ അധിഷ്ഠിതമായ വേദമന്ത്രങ്ങൾ ഉരുവിട്ടു പഠിക്കണം. അതു ചൊല്ലി നമസ്കരിക്കണം. കാലങ്ങൾ കൊണ്ട് മുപ്പത്തി അഞ്ച് മണിക്കൂറിലധികം സമയമെടുത്ത് ചൊല്ലിത്തീർക്കേണ്ട സൂക്തങ്ങളും മന്ത്രങ്ങളും കാണാതെ ചൊല്ലാൻ പഠിച്ച് തന്റെ ബുദ്ധി വികസിപ്പിക്കുന്നു. അതിനാലാണ് നമ്മുടെ പരമ്പരകൾ പ്രശസ്തരും പ്രഗൽഭരുമായിത്തീർന്നത്. സ്വാതന്ത്ര്യാനന്തരം ഓത്തുപഠിച്ചവർ സ്കൂളിൽ പോയി ആധുനിക വിദ്യാഭ്യാസവും കൂടി നേടി. അപ്പോഴാണ് നമ്പൂരാർ തനി ശാപ്പാട്ടു രാമൻമാരല്ലായെന്ന് ലോകം തിരിച്ചറിഞ്ഞത്.



*പാലേലി നാരായണൻ നമ്പൂതിരി.*

**ഓത്തുപഠിച്ച പന്ത്രണ്ട് വർഷം തന്റെ ജീവിതത്തിൽ നഷ്ടപ്പെട്ട ഒരു കാലമായിരുന്നു എന്നുറക്കെപ്പറഞ്ഞ ഒരു നേതാവു നമുക്കുണ്ടായിരുന്നു. എന്നാൽ കഷ്ടപ്പെട്ട് ഉരുവിട്ടു പഠിച്ച വേദത്താലാണ് എന്റെ ജീവിതം ഇത്രമേൽ തിളക്കമാർന്നതാകാൻ കാരണം എന്ന് ഊന്നിപ്പറഞ്ഞ ഒരു മഹാ പണ്ഡിതനും നമുക്കൊപ്പമുണ്ടായിരുന്നു. അദ്ദേഹമാണ് പാലേലി നാരായണൻ നമ്പൂതിരി.**

ഈ ലേഖനത്തിൽ പ്രതിപാദിക്കുന്ന പാലേലി നാരായണൻ നമ്പൂതിരി ആലുവയ്ക്കടുത്ത ചൊവ്വരയിലെ എടനാട് പാലേലി ഇല്ലത്തെയാണ്. ഓത്തനും, തികഞ്ഞ ഭരണാധികാരിയുമായിരുന്ന വാസുദേവൻ നമ്പൂതിരിയുടെ രണ്ടാമത്തെ മകനാണ്. ഓത്ത് പാരമ്പര്യമായി പഠിച്ച് പതിനാലാമത്തെ വയസിൽ എട്ടാം ക്ലാസിൽ പ്രവേശിച്ചു. പ്രീഡിഗ്രി കാലടി കോളേജിലും, ഡിഗ്രി തൃശൂർ കേരള വർമയിലും, എം.എ എറണാകുളം മഹാരാജാസിൽ നിന്നും പാസായി. പ്രീ യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചിരുന്ന എസ്.കെ. വസന്തൻ സാറിനും , എം എ ക്ക് പഠിപ്പിച്ചിരുന്ന എസ്. ഗുപ്തൻ നായർ സാറിനും വേദം അറിയാവുന്ന ഒരു നമ്പൂതിരിക്കുട്ടിയെ ക്ലാസിൽ അൽപ്പം ഭയന്നിരുന്നു എന്ന് അവർ തുറന്നു പറഞ്ഞിരുന്നു.

കോളേജ് അധ്യാപകനായി ജോലിക്കു കയറിയത് 1968ൽ ഐരാപുരം ശ്രീശങ്കര വിദ്യാപീഠത്തിലായിരുന്നു. അക്കാലത്ത് ആ ഭാഗത്തേക്ക് വാഹനങ്ങൾ തീരെ കുറവായിരുന്നു. അതിനാലും തൊട്ടടുത്തുള്ള പ്രശസ്തമായ കലാലയമായ ആലുവ യു.സി.കോളേജിൽ ഒരു ഒഴിവ് വന്ന കാലമായിരുന്നു. അങ്ങനെ അവിടെ പ്രവേശിക്കയായിരുന്നു. അതിനൊപ്പം സംസ്കൃതത്തിലും പി.ജിയെടുത്തു. സംസ്കൃതവും മലയാളവും പഠിപ്പിക്കുന്ന അധ്യാപകനായി.

1970 ൽ ആയിരുന്നു യു.സി. കോളേജിൽ ചേർന്നത്. 1976 ൽ പുട്ടപർത്തിയിൽ സായി ബാബയുടെ സങ്കേതത്തിൽ വേദപണ്ഡിതന്മാർ ചേർന്ന ഒരു സെമിനാറിൽ പങ്കെടുത്തു. അതോടെയായിരുന്നു അധ്യാത്മികതയിലേക്ക് തിരിഞ്ഞത്.1979 ൽ വെണ്മണി കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ നാരായണീയ സപ്താഹം കുടുംബ ക്ഷേത്രത്തിൽ നടന്നു. അങ്ങിനെയാണ് ഭാഗവതരംഗത്ത് വന്നത്. ക്രൈസ്തവരുടെ മാനേജ്മെൻറായിരുന്നു കോളേജിന്റേത്. എങ്കിലും ലീവ് എടുത്ത് സപ്താഹത്തിന് പോകാൻ അവർ അനുവാദം നൽകിയിരുന്നു. കൃത്യമായി കോളേജിൽ വരുന്നവർക്കു കൂടി പോഷൻ തീർക്കാനാവുമായിരുന്നില്ല. ഇദ്ദേഹത്തിന്റെ സ്പെഷൽ ക്ലാസുകൾ ജൂൺ മാസം ആദ്യവാരം മുതൽ ആരംഭിക്കുമായിരുന്നു. അതിനാലെല്ലാവർക്കും എതിരഭിപ്രായമില്ലായിരുന്നു.

പണിമുടക്ക് ദിവസം പോലും ഒപ്പി

ടുക നിർബന്ധമുള്ള കാര്യമായിരുന്നു. പത്ത് കിലോമീറ്റർ സൈക്കിളിൽ പോകുമായിരുന്നു. മുംബൈയിൽ വായനക്ക് പോകാൻ വിമാനം അനുവദിക്കാറുണ്ടെങ്കിലും തീവണ്ടിക്കാണ് പോകാറ് .കാരണം സംഘാടകരുടെ ചിലവ് കുറയ്ക്കുകയാണ് ഇദ്ദേഹം ചെയ്തിരുന്നത്. ഭാഗവതവും, നാരായണീയവും, ദേവീഭാഗവതവും പാരായണം ചെയ്യുവാൻ ഭാരതമെമ്പാടും യാത്ര ചെയ്തിട്ടുണ്ട്. അനാർഭാടമായിരുന്നു അദ്ദേഹത്തിന്റെ സപ്താഹ വേദി. ഒരു വിളക്കും ഭഗവൽ പ്രതിമയും മാത്രം മതി എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം

2000 ത്തിൽ ഒരു ഹൃദയ ശസ്ത്രക്രിയ ഉണ്ടായി. അതിന്റെ വിശ്രമം 6 മാസം വരെ നീണ്ടു. ആ സമയത്തെ വിരസത ഒഴിവാക്കുവാൻ ഹ്രസ്വ ഭാഗവതം എന്ന ഗ്രന്ഥം രചിച്ചു. ഭാഗവതം ഒരദ്ധ്യായം ഒരുശ് ലോകത്തിൽ തീർത്തു. അങ്ങനെ ഭാഗവതത്തിലെ 335 അധ്യായങ്ങൾ 336 ശ് ലോകത്തിൽ അവതരിപ്പിക്കയായിരുന്നു. അതിന്റെ അന്വയവും അർത്ഥവും വിവരണവുമായി കനപ്പെട്ട ഒരു സംഭവമായി ഹ്രസ്വ ഭാഗവതം. ഇത് മൂന്ന് ദിവസത്താൽ വായനയായി അവതരിപ്പിച്ചും വരുന്നുണ്ട്. പുസ്തക രചന തുടരുക തന്നെയായിരുന്നു. ഏകാദശത്തിന്റെ ഭാഗം വായനക്കാർ ഒരു മണിക്കൂറുകൊണ്ടാണ് പറയുന്നത്. ചിലയിടത്ത് അതിനുപോലും സാധിക്കാറില്ല. അതു പോരാ. ഭാഗവതത്തിന്റെ കാതലാണ് ഏകാദശസ്ക്കന്ധം. അതു വ്യക്തമാക്കിത്തീർത്ത പുസ്തകമാണ് 4 വോള്യമുള്ള ഏകാദശ സ്ക്കന്ധം. ഇത് ഗുരുവും ശിഷ്യനും തമ്മിലുള്ള സംവാദ രൂപത്തിലാണ്. □ഭാഗവത ചിന്തകൾ എന്ന ഒരു കൃതിയും കൂടി അദ്ദേഹത്തിന്റേതായിട്ടുണ്ട്. ദേവീഭാഗവതത്തിനെ അധീകരിച്ച് എഴുതിയ ദേവീ നാരായണീയം 41 ദശകമുള്ള കൃതിയും അർത്ഥവും വിവരണവുമായി രചിച്ചു. ഇതെല്ലാം ധാരാളം പേർ ചൊല്ലി വരുന്നുണ്ട്.

ദേവീ നാരായണീയം തമിഴിലേക്കും മറ്റും മാറ്റിയെടുത്ത ഒരു സംഘം മധുരയിൽ ഉണ്ടായിരുന്നു. അവർ ഈ ഗുരുവിനെ നേരിൽ കണ്ടിട്ടില്ലായിരുന്നു. നാരായണീയം കേരളത്തിലെ ഗുരുവായൂരും, പാറമേക്കാവിലും ചൊല്ലാൻ വന്നപ്പോൾ നാരായണീയം പോലെ ദേവിയെ കുറിച്ചുള്ള പുസ്തകത്തെ കണ്ടെത്തുകയായിരുന്നു. അവർ വഴിയാണ് ദേവീ നാരായണീയം തമിഴിലേക്ക് മൊഴിമാറ്റിയത്. ദേവീ നാരായണീയം ഒഴിച്ചുള്ള പുസ്തകങ്ങൾ പാലേലി ഇല്ലത്തു നിന്നുമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആവശ്യക്കാർക്ക് വിതരണം ചെയ്തു വരുന്നു.

(പാലേലി നാരായണൻ
നമ്പൂതിരിയുടെ സഹോദരനാണ്
പാലേലി മോഹൻ: 8304909076 )

# അച്ഛൻ താലികെട്ടുന്നതിലെ നമ്പൂതിരി യുക്തി

**എടവല്ല്യം ദാമോദര ശർമ്മ**



നമ്പൂതിരി സ്ത്രീകളുടെ വിവാഹക്രിയയിലെ താലികെട്ടിന്റെ ഉദ്ദേശം എന്താവാം. മറ്റു സമുദായങ്ങളെപ്പോലെ വരനല്ല, അച്ഛനാണ് താലി കെട്ടുന്നത്. അപ്പോൾ അതിലൽ എന്തെങ്കിലും യുക്തി കാണണമല്ലൊ. നടപ്പുസമ്പ്രദായം വെച്ച് ചിന്തിയ്ക്കാം.

നമ്പൂതിരിമാരിൽ പുരുഷന്മാർ ചൗളം, ഉപനയനം, സമാവർത്തനം എന്നിവ വിവാഹത്തിനു മുമ്പ് ചെയ്യുന്നു. സ്ത്രീകൾക്കാവട്ടെ ചൗളത്തിനു ശേഷം ഉപനയനസ്ഥാനത്ത് അടുത്ത വൈദികക്രിയ വിവാഹം ആണ്. ശാങ്കരസ്മൃതി അദ്ധ്യായം 5 പാദം 2 സൂത്രം 17 പ്രകാരം □സ്ത്രീണാമുപനയനസ്ഥാനേ വിവാഹസ്തു സമന്ത്രക:□ എന്നതും ഇതുതന്നെ സൂചിപ്പിയ്ക്കുന്നു.

വിവാഹപ്രായം സംബന്ധിച്ച നിയമം മൂലം ബ്രഹ്മചര്യാശ്രമം കഴിഞ്ഞ ഉടനെ ഗാർഹസ്ഥ്യം സ്വീകരിയ്ക്കാൻ പുരുഷന്മാർക്ക് സാധിയ്ക്കാതെ വരുന്നു. ഉപനയനം, സമാവർത്തനം എന്നിവയ്ക്കുശേഷം ഗാർഹസ്ഥ്യത്തിലേക്ക് കടക്കും മുമ്പ് ആശ്രമഭംഗമുണ്ടാവുന്നു. ഇതിനുള്ള പ്രായശ്ചിത്തമായ പ്രാജാപത്യകൃഛ്റം ചെയ്താണ് പുരുഷന്മാരുടെ വേളി. എന്നാൽ സ്ത്രീകൾക്ക് ഇത് പതിവില്ല. കാരണം, അവർക്ക് ചൗളത്തിനുശേഷം മറ്റു ക്രിയകൾ ഇല്ല. അതിനാൽ അവർക്ക് ആശ്രമഭംഗം വരുന്നുമില്ല. അതായത് ചൗളത്തിനു ശേഷമുള്ള അവരുടെ ഉപനയനമാണ് വിവാഹമെന്ന് സാരം.

□ദത്വാ ഗോമിഥുനം കന്യാമാദത്തേ യദസൗവിധി:ആർഷ:സഹോഭൗ ചരതം സഹധർമ്മമിതി ബ്രുവൻ...□ ശാങ്കരസ്മൃതി അദ്ധ്യായം 2, പാദം 3, സൂത്രം 8 ൽ പറയുന്നപോലെ പ്രാജാപത്യവിവാഹമാണ് നമ്പൂതിരിമാർ അനുവർത്തിച്ചു വരുന്നത്. ഇതുപ്രകാരം, ആഭരണാലങ്കാരങ്ങളോടെ വധുവിനെ സഹധർമ്മാചരണം ചെയ്യണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ഉദകപൂർവ്വം കന്യാദാനം ചെയ്യുന്നു. സഹധർമ്മത്തിനുള്ള അടയാളമായ താലിയെ ദേശാന്തര വ്യത്യാസമായി വധുവിന്റെ അച്ഛൻ പണിയിയ്ക്കുന്നു. ഗൃഹസ്ഥാശ്രമിയുടെ ദേവതയായ മംഗളാദേവിയെ ഉദ്ദേശിച്ച് താലിയ്ക്ക് പുണ്യാഹവും ചെയ്യുന്നു.

□മംഗലദേവതാഃ പ്രീയന്താം-മംഗലദേവതമാർ സന്തുഷ്ടരാവട്ടെ□. ഗാർഹപത്യയജ്ഞത്തിൽ □യജമാനത്തി□യാവാൻപോകുന്ന ഇവളിൽ എല്ലാ സൗഭാഗ്യദേവതകളും പ്രീതിപൂർവ്വം തെളിഞ്ഞുണരട്ടെ എന്നുദ്ദേശിയ്ക്കുന്നു. ബ്രഹ്മചര്യത്തിലേക്ക് ആനയിക്കപ്പെടുമ്പോൾ ദേവത മേധാകരനായ ഇന്ദ്രൻ ആണെന്നത് ഇതേപോലെത്തന്നെ ചടങ്ങിന്റെ ഉദ്ദേശം ചേർത്തു കാണേണ്ടതാണ്.

സ്ത്രീകൾക്ക് ഉപനയനസ്ഥാനത്ത് വിവാഹം ആണെന്നതും, വിവാഹത്തിന്റെ ഉദ്ദേശം സഹധർമ്മാചരണം ആണെന്നതും പറഞ്ഞുവല്ലൊ. പുരുഷന്മാർ ബ്രഹ്മചര്യം സ്വീകരിയ്ക്കുമ്പോൾ ധരിയ്ക്കുന്ന പൂണൂൽ പോലെ സ്ത്രീകൾക്ക് ഗൃഹസ്ഥാശ്രമത്തിൽ സഹധർമ്മാചരണത്തിനായി ഒരാഭരണം അണിയിയ്ക്കുന്നു. പൂണൂൽ ധരിപ്പിയ്ക്കുന്നത് ഉപനയിയ്ക്കുന്ന ആളാണല്ലോ?. അതുപോലെ വധുവിനെ, വിവാഹം ചെയ്തു നൽകുന്നയാൾ ഗൃഹസ്ഥാശ്രമത്തിലേയ്ക്ക് ഉപനയിയ്ക്കുന്നു. അതിനുള്ള അടയാളമായി ഒരാഭരണവും ധരിപ്പിയ്ക്കുന്നു.നമ്മൾ അതിനെ താലി,കണ്ഠസൂത്രം എന്നെല്ലാം പറയുന്നു.

താലിയുടെ ഭാഷ വരന്റെ പ്രാദേശിക വ്യത്യാസത്തിനനുസരിച്ച് പണിയിയ്ക്കുന്നത്, കാണുന്ന മാത്രയിൽത്തന്നെ ദേശം മുതലായവ മറ്റുള്ളവർക്ക് തിരിച്ചറിയാനുള്ള ഉദ്ദേശ്യം കൂടിവച്ചാവും. ചില ബ്രാഹ്മണർ (നമ്പൂതിരിമാർ അല്ല) വിവാഹശേഷം രണ്ടു പൂണൂൽ ധരിയ്ക്കാറുണ്ട്. പുരുഷന്മാർ വേദാധികാരത്തിലേയ്ക്ക് ആദ്യവും, പിന്നീട് വിവാഹംവഴി ഗൃഹസ്ഥാശ്രമത്തിലേയ്ക്കും രണ്ടു തവണ ഉപനയിയ്ക്കപ്പെടുന്നത് സൂചിപ്പിയ്ക്കാനാവും. അതുപോലെതന്നെ ഈ വിഭാഗം താലി തയ്യാറാക്കുമ്പോൾ അതിലെ രണ്ടു ദളങ്ങളിൽ ഒന്ന് അച്ഛനും, മറ്റേത് വരന്റെ കുടുംബവുമാണ് പണിയിയ്ക്കുന്നത്. അച്ഛൻ നൽകുന്ന ഭാഗം സഹധർമ്മാചരണത്തെ സൂചിപ്പിയ്ക്കാനാവാം.

നമ്പൂതിരിമാരുടെ ഒരു സൂത്രസമ്പ്രദായത്തിലും വരൻ താലികെട്ടാനുള്ള

വിധിയില്ല. വിവാഹച്ചടങ്ങിനിടെ വധു തുളസിമാല വരന്റെ കയ്യിൽ കൊടുക്കാറാണ് പതിവ്, കഴുത്തിൽ ഇടാറില്ല. അലങ്കാരം എന്ന ഉദ്ദേശം മാത്രമേ അതുകൊണ്ടുള്ളൂ എന്നും, വരിയ്ക്കൽ എന്ന സങ്കല്പം നമ്പൂതിരി വിവാഹത്തിൽ ഇല്ല എന്നും ഇത് സൂചിപ്പിയ്ക്കുന്നു.

ഭർത്താവിന്റെ മരണശേഷം, സഹധർമ്മാചരണം നഷ്ടപ്പെടുന്നതിനാൽ താലി ഉപേക്ഷിയ്ക്കുന്നു. സ്മൃതിപ്രകാരം സ്ത്രീയുടെ അടുത്ത സംരക്ഷണ ചുമതലയുള്ളയാളെ താലി ഏൽപ്പിയ്ക്കുന്നു. അയാൾ താലി സംസ്ക്കരിയ്ക്കുന്നു. പുനർവിവാഹം വേണ്ടിവരുമ്പോൾ, ബന്ധം വേർപെടുമ്പോൾ നഷ്ടപ്പെടുന്ന സഹധർമ്മാധികാരം നൽകാനായി വീണ്ടും ഉപനയിയ്ക്കുന്നു. അഴിച്ചുപനയനം വിധിയ്ക്കപ്പെട്ട പോലെ.

താന്ത്രിക വിധികളായ നിവേദ്യം, തേവാരം എന്നിവയെ വൈദിക ആചാരപ്രകാരം സാധൂകരിയ്ക്കാനുള്ള സാദ്ധ്യതയില്ലായ്മയും പുരുഷന്മാർക്കും സമാനമായി താന്ത്രികാധികാരം നൽകുന്ന വൈദികക്രിയകൾ ഇല്ല എന്നതും താലി മന്ത്രാധികാരം നൽകാനല്ല, എന്ന് സൂചിപ്പിയ്ക്കുന്നു. മന്ത്രദീക്ഷ ഏതൊരാചാര്യനിൽ നിന്നും സ്വീകരിയ്ക്കാവുന്നതാണ്. അച്ഛനിൽ നിന്നുതന്നെ വേണം എന്ന് നിർബ്ബന്ധമില്ല, എന്നതും ഈയൊരു കോണിൽ നിന്നുതന്നെ നോക്കിക്കാണാവുന്നതാണ്.

ഗൃഹസ്ഥാശ്രമസ്വീകരണം, സഹധർമ്മാചരണം, ഉപനയനസ്ഥാനം എന്നീ പ്രധാന ഉദ്ദേശങ്ങളോടെയാണ് വിവാഹം കഴിപ്പിയ്ക്കുന്നയാൾ വധുവിനെ താലി അണിയിയ്ക്കുന്നത്. ഇതിൽ നിന്നു വ്യത്യസ്തമായി മറ്റുള്ളവർ താലിയെ വരണമാല്ല്യം എന്ന പ്രധാന ഉദ്ദേശമായിക്കണ്ട് അണിയിയ്ക്കുന്നു. മറ്റു സമുദായക്കാർക്ക് പണ്ട് താലികെട്ട് ഉണ്ടായിരുന്നില്ല, പുടമുറിയായിരുന്നു. താലികെട്ട് പിന്നീട് കൂട്ടിച്ചേർത്തപ്പോൾ വരണമാല്ല്യം എന്ന ഉദ്ദേശ്യം സ്വീകരിച്ചതാവാം. എന്തായാലും ഈ വിഭാഗങ്ങളിലെല്ലാം താലി അണിയിയ്ക്കുന്ന രീതി, അവരവരുടെ ഉദ്ദേശങ്ങളെ സാധൂകരിയ്ക്കുന്നുണ്ട്.

(കടപ്പാട്: ബാണത്തൂർ വാസുദേവൻ നമ്പൂതിരിപ്പാട്. എടവല്ല്യം ദാമോദര ശർമ്മ: മൊബൈൽ 9447344667.കൊയിലാണ്ടി മേലൂർ സ്വദേശിയാണ്)



**വാസുദേവൻ നമ്പൂതിരിപ്പാട്**

1942 നവംബർ 21ന് കോഴിക്കോട് ആവളയിലെ ബാണത്തൂർ ഇല്ലത്ത് ജനനം. മലബാർ ക്രിസ്ത്യൻ കോളേജിൽ ഉപരിപഠനത്തിനു ശേഷം ഗവൺമെന്റ് ട്രെയിനിങ് കോളേജിൽനിന്ന് അധ്യാപനത്തിൽ ബിരുദംനേടി. തുടർന്ന്, കോഴിക്കോട് ഗുജറാത്തി ഹൈസ്കൂൾ, പൊയിൽക്കാവ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. സ്വഗൃഹത്തിൽ നിന്ന് സംസ്കൃതം, താന്ത്രികം, വൈദിക പഠനം എന്നിവ നേടി. 1998ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചതിനു ശേഷം മുഴുവൻ സമയവും താന്ത്രിക കർമ്മങ്ങൾ ചെയ്തുവരുന്നു. ഭാര്യ: പ്രഭാവതി അന്തർജ്ജനം. മക്കൾ: ഡോക്ടർ മാധവ ശർമ ബിനോയ്, ബിജോയ് വാസുദേവൻ, വിപിൻ ബാണത്തൂർ.

മൊബൈൽ +919400076515


യോഗക്ഷേമസഭ
**സ്വസ്തി**
ത്രൈമാസിക



**വാർഷിക വരിസംഖ്യ 200 രൂപ**

*യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം*

ചെക്ക് /ഡ്രാഫ്ട്, എം.ഒ. എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ താഴെ കാണിച്ച മേൽവിലാസത്തിൽ അയക്കുക.
യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,ജില്ലാ ആസ്ഥാന മന്ദിരം,കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

**സ്വസ്തി സംബന്ധിച്ച അന്വേഷണങ്ങൾക്ക്**

| | |
|---|---|
| രചനകളും ഉള്ളടക്കവും | 9400992823 |
| സ്വസ്തിയിൽ പരസ്യം ചെയ്യാൻ | 9745137987 |
| സ്വസ്തി കിട്ടാത്തത് സംബന്ധിച്ച് | 9895621493 |
| തുക അടച്ചത് അറിയിക്കാൻ | 9447332611 |

G Pay **/Net Banking**

| | |
|---|---|
| Name of A/c: | Yogakshema sabha Kozhikode Dt. Committee |
| Bank: | DhanalkshmiBank |
| Branch: | Chevarambalam |
| A/c No. | 013303800000664 |
| IFSC | DLXB0000133 |

**Missed call 9895621493**



# ആദരാഞ്ജലികൾ

## നെച്ചൂളി വിഷ്ണുനമ്പൂതിരി

**മരണം 13.07.2021**
(കോഴിക്കോട്, ചേവായൂർ ഉപസഭ)

ഭാര്യ: സതി അന്തർജനം
( പൂവാട്ടുപറമ്പ്
പൊറമണ്ണൂർ എടക്കാട് )
- മക്കൾ: ഗീത, ഹരികൃഷ്ണൻ,
സവിത,സുധ
മരുമക്കൾ: ജയാനന്ദൻ, ശ്രീദേവി,
നാരായണൻ, നന്ദകുമാർ

ഇല്ലപ്പെരുമ
കണ്ണിപറമ്പ്
കോടി തലപ്പണ

# പി.കെ



ആയുർവേ
സ്തമാക്കിയ
വൈദ്യശാല
ട്രസ്റ്റി ഡേ
മാവൂർ കണ്ണ
പ്പണ ഇല്ലത്തെ
ജന്മശതാബ്ദി
ഭാഗ്യമുണ്ടാ
മാസം മു
പിരിഞ്ഞര
ഇല്ലത്തെ
അംഗങ
ഈ ലക

**താമരക്കുളം ദിവാകരൻ നമ്പൂതിരി**



അറുപത്തിഎട്ടു വർഷം കോട്ടക്കൽ ആര്യവൈദ്യശാല എന്ന ഒരു വിശ്വപ്രശസ്ത സ്ഥാപനത്തിന്റെ അമരക്കാരനാകുക, ആയുർവേദ ചികിത്സയുടെ യശസ്സ് ലോകം മുഴുവൻ എത്തിക്കുക, അത്യുത്തമനായ ആയുർവേദ വൈദ്യൻ എന്ന കീർത്തി നേടുക. ഇതെല്ലാം ലോകത്തിൽ ഒരാൾക്കേ കഴിഞ്ഞിട്ടുള്ളു. ഡോ പി കൃഷ്ണൻ വാരിയർ എന്ന പി കെ വാരിയർക്ക്.
കോഴിക്കോട് കണ്ണി പറമ്പിലെ കോടി തലപ്പണ ശ്രീധരൻ നമ്പൂതിരിയുടേയും നമ്മണ്ട പന്ന്യംവള്ളി വാരിയത്തെ കുഞ്ചുവാരസ്യാരുടേയും മകൻ പി.കൃഷ്ണ വാരിയർ അമ്മയുടെ വാരിയവുമായി മാത്രമല്ല, അച്ഛന്റെ ഇല്ലവുമായും ആത്മബന്ധം സൂക്ഷിച്ചിരുന്നു. ആയുർവേദമഹർഷി, പദ്മശ്രീ, പദ്മഭൂ ഷൻ തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടി പുരസ്കാരങ്ങളുടെ മഹിമ വർദ്ധിപ്പിച്ചപ്പോഴും മനുഷ്യന് സാദ്ധ്യമാകാവുന്ന ഏറ്റവും വലിയ എളിമ സൂക്ഷിച്ച ആൾ. വിശ്വപൗരനായി വളർന്നപ്പോഴും ഇല്ലത്തെ മറന്നില്ല വാരിയർ.

പി കെ വാരിയരുടെ നേരെ ജ്യേഷ്ഠൻ മാധവവാരിയരായിരുന്നു , വൈദ്യരത്നം പി.എസ് വാരിയർ മരിച്ചതിനു ശേഷം 1944 മുതൽ കോട്ടക്കൽ ആര്യവൈദ്യശാലയുടെ ആദ്യത്തെ എം.ഡി. 1953 ൽ അദ്ദേ



**ദാമോദരൻ നമ്പൂതിരിയുടെ കുടുംബം** *വലത്ത് നിന്ന് ദീപക് നാരായണൻ (ഇളയ മകൻ) ദിലീപ് ശങ്കർ (മൂത ഭർത്താവ്)* **മാധവൻ നമ്പൂതിരിയും കുടുംബവും** *യദുകൃഷ്ണൻ, ലത അന്തർജനം, മാധവൻ നമ്പൂതിരി, ന ായണൻ (മകൻ)രേവതി (മകന്റെ ഭാര്യ)ദേവഭദ്ര(ചെറുമകൾ )മല്ലിക (ഭാര്യ)* **പരമേശ്വരൻ നമ്പൂതിരിയും കുട** *നമ്പൂതിരി* **ശങ്കരൻ നമ്പൂതിരിയും കുടുംബവും** *ശങ്കരൻ നമ്പൂതിരി (ജ്യോത്സ്യൻ), ഗീത ഇട കുറ്റിപ്പുറത്ത്മുല്ല ത്ത മകൾ ഗംഗ, ശ്രീരേഖ( ചെറുമകൾ) ,ഗോകുൽ (ചെറുമകൻ), മൂത്ത മകളുടെ ഭർത്താവ് അര*

# വാരിയരുടെ ഇല്ലം

ദത്തെ ലോകപ്രശ
കോട്ടക്കൽ ആര്യ
ലയുടെ മാനേജിംഗ്
ോ.പി.കെ വാരിയർ
ളിപറമ്പ് കോടിതല
ം അംഗമായിരുന്നു.
ആഘോഷിക്കാൻ
യ അദ്ദേഹം രണ്ടു
മ്പാണ് നമ്മെ വിട്ടു
ത്. അദ്ദേഹത്തിന്റെ
ക്കുറിച്ചും ഇല്ലത്തെ
ങ്ങളെക്കുറിച്ചുമാണ്
ക്കത്തെ ഇല്ലപ്പെരുമ



**മറക്കാത്ത ബന്ധം:** *പി കെ വാരിയരുടെ നവതി ആഘോഷ സമയത്ത് കോടി തലപ്പണ ഇല്ലത്തെ കുടുംബാംഗങ്ങളോടൊപ്പം*

ഹവും പത്നിയും പൂനയിൽ നിന്നു മടങ്ങുമ്പോളു ണ്ടായ വിമാനാപകടത്തിൽ മരിച്ചതിനു ശേഷമാ ണ് പി.കെ വാരിയർ എം.ഡിയായി ചാർജ് എടുക്കുത്തത്.

അച്ഛന്റെ ഇല്ലത്ത് എന്തു പരിപാടിയുണ്ടെങ്കിലും എത്തിപ്പെടുമായിരുന്നു കുടുംബസ്നേഹിയായ പി.കെ വാരിയരും ഭാര്യ മുക്കം കക്കടവത്ത് വാരിയത്തെ മാധവിക്കുട്ടി വാരസ്യാരും. കോടി തലപ്പണയിലെ അടുത്ത തലമുറകളിലെ വിവാഹം, ഗൃഹപ്രവേശം, ഉപനയനം തുടങ്ങി എന്തിനുമാകട്ടെ അദ്ദേഹത്തിന്റെ നിറസാനിദ്ധ്യം ഒഴിച്ചു കൂടാനാവാത്തതായിരുന്നു. അച്ഛന്റെ ശ്രാദ്ധത്തിനും അദ്ദേഹം സ്ഥിരമായി എത്താറുണ്ടായിരുന്നു.

പി.കെ വാരിയരുടെ വൈദ്യപഠനത്തിൽ സതീർത്ഥ്യനായിരുന്നു നാരായണൻ നമ്പൂതിരിയുടെ ജ്യേഷ്ഠൻ ഗോവിന്ദൻ നമ്പൂതിരി. പക്ഷെ പഠനം കഴിഞ്ഞ് അൽപകാലത്തിനുള്ളിൽ തന്നെ അദ്ദേഹം ജപ്പാൻ ജ്വരം ബാധിച്ചു മരിച്ചു.

കോട്ടക്കൽ വിശ്വംഭര ക്ഷേത്രത്തിലെ മേൽശാന്തി തലമുറകളായി കോടി തലപ്പണ ഇല്ലക്കാരാണ്. ഇപ്പോ ഴത്തെ മേൽശാന്തി കെ ടി പരമേശ്വരൻ നമ്പൂതിരിയാണ്. താമസിക്കാൻ എല്ലാ സൗകര്യങ്ങളുമുള്ള വീടും കൊടുത്തിരിക്കുന്നു മേൽശാന്തിക്ക്. കോടി തലപ്പണയിലെ എല്ലാവർക്കും ആയുർവേദ ചികിത്സ, മരുന്നുകൾ എന്നിവ സൗജന്യമായി കോട്ടക്കലിൽ നിന്നു തന്നെ.

കെ.ടി.മാധവൻ നമ്പൂതിരി ആര്യവൈദ്യശാല കോഴി



*ന്ത മകൻ ) ലീല അന്തർജനം ( ഭാര്യ) ഉമ (മകൾ) മഹേഷ് തെക്കേ നീലമന, ( മകളുടെ ഭർത്താവ്) മകളുടെ ഡോ. ഹരിശങ്കർ* **നാരായണൻനമ്പൂതിരിയും കുടുംബവും** *നാരായണൻ നമ്പൂതിരിആര്യ (ചെറുമകൾ) ശ്രീന* **ടുംബവും** *പരമേശ്വരൻ നമ്പൂതിരിയുടെ ഭാര്യ ലത അന്തർജനം, ദേവനന്ദ മകൾ ജയശങ്കർ മകൻ,പരമേശ്വരൻ പ്പള്ളി, രഘുശങ്കർ , സാരംഗ് സുബ്രഹ്മണ്യൻ ,* **കൃഷ്ണൻ നമ്പൂതിരിയുടെ കുടുംബം** *ഇളയ മകൾ സുമ, മൂ ിക്കര ശശി ( ബാലസുബ്രഹ്മണ്യൻ ) വിലാസിനി അന്തർജനം ( ഇപ്പോഴത്തെ മുതിർന്ന അംഗം )*



മുമ്പ് തലപ്പണ നാലുകെട്ടുണ്ടായിരുന്ന സ്ഥലവും



തറവാട്ടിലെ വേട്ടക്കൊരു മകനും തേവാരവും.

# കെ.ടി യദുകൃഷ്ണൻ

## കലാക്ഷേത്ര

നമ്മുടെ സമുദായത്തിൽ ഭരത നാട്യം പി.ജി ചെയ്യുന്ന ആൺകുട്ടികൾ ഉണ്ടോ എന്നു തന്നെ സംശയമാണ്. അതുകൊണ്ടു തന്നെ യദുകൃഷ്ണൻ മറ്റുള്ളവർക്ക് ഒരു മാതൃകയും പ്രചോദനവുമാണ്. യദുകൃഷ്ണൻ മൂന്നാം ക്ലാസ് മുതൽ തന്നെ വിഷ്ണു വെള്ളനൂരിന്റെ കീഴിൽ നൃത്തം അഭ്യസിച്ച് തുടങ്ങിയിരുന്നു. എല്ലാ വർഷവും ജില്ലാ സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കാറുമുണ്ടായിരുന്നു.

പ്ലസ് ടു പഠനശേഷമാണ് ചെന്നൈ കലാക്ഷേത്രയിലേക്ക് അപേക്ഷിക്കുന്നത്. വിഷ്ണു സാറും പ്രകാശ് സാറും പ്രസന്നടീച്ചറുമെല്ലാം പ്രോത്സാഹിപ്പിച്ചതു കൊണ്ടാണ് യദുവിന് 2017 ൽ കലാ ക്ഷേത്രയിൽ ഭരതനാട്യം ഡിപ്ലോമ കോഴ്സിന് ചേരാൻ കഴിഞ്ഞത്.

കലാക്ഷേത്രയിലെ പഠനം വളരെ വ്യത്യസ്തവും കൃത്യതയോടെയുള്ളതുമാണ്. ഒരു വലിയ ഭാഗ്യം. നല്ല പ്രോത്സാഹനം അവിടെ നിന്നും ലഭിച്ചു. അവിടെ പഠിച്ച് കൊണ്ടിരുന്ന സമയത്ത് കലാക്ഷേത്ര ഡ്രാമകളിൽ നല്ല ജ്യോത്സ്യർവേഷങ്ങൾ ചെയ്യാനും യദുവിന് അവസരം ലഭിച്ചു. കലാക്ഷേത്ര ഡിപ്ലോമക്ക് ശേഷം ഇപ്പോൾ മദ്രാസ് യൂണിവേഴ്സിറ്റിയിൽ എം എ ഭരതനാട്യം ചെയ്യുന്നു. കൂടെ തന്നെ കലാ ക്ഷേത്ര ശ്രീ ഗിരീഷ് മധുവിന്റെ കീഴിൽ പഠനവും തുടരുന്നു.

ഇപ്പോൾ ഓൺലൈൻ ആയി ഭരതനാട്യം ക്ലാസുകളുംഎടുക്കാറുണ്ട് യദുകൃഷ്ണൻ. ധാരാളം പഠിച്ച് നല്ലൊരു ഡാൻസർ ആവണം എന്നാണ് ആ ഗ്രഹം Ph 9061743038



കലാക്ഷേത്ര ഡിപ്ലോമക്ക് ശേഷം ഇപ്പോൾ മദ്രാസ് യൂണിവേഴ്സിറ്റിയിൽ എം എ ഭരതനാട്യം ചെയ്യുന്നു. കൂടെ തന്നെ കലാ ക്ഷേത്ര ശ്രീ ഗിരീഷ് മധുവിന്റെ കീഴിൽ പഠനവും തുടരുന്നു.



കോടി തലപ്പണ കുടുംബാംഗങ്ങൾ ശ്രീനാരായണന്റെ വിവാഹസമയത്ത്



*നടുവിൽ ആര്യ അന്തർജനം(പേരൂർ)ഇടത്ഉമാദേവി അന്തർജന ം(കരിപ്പാല ) വലത് വത്സല അന്തർജനം( വെണ്ടിലൊറ്റ) ഇടത് അറ്റത്ത്ഗംഗ അന്തർജനം(അരീക്കര-പുല്ലാളൂർ )വലത് അറ്റത്ത് സുമ അന്തർജനം(മൂത്തേടം- ചങ്ങരംകുളം*



*വിലാസിനി അന്തർജനം ഇപ്പോഴത്തെ സീനിയർ മോസ്റ്റ്*



*ഡോ.പി.കെ വാരിയരുടെ അച്ഛൻശ്രീധരൻ നമ്പൂതിരിയും നന്മണ്ട പന്ന്യംവള്ളി വാരിയത്തെ കുഞ്ചുവാരസ്യാരും*

ക്കോട് ബ്രാഞ്ചിൽ നിന്നും അടുത്താണ് റിട്ടയർ ചെയ്തത്. ദാമോദരൻ നമ്പൂതിരിയുടെ മകൻ കെ ടി ദിലീപ് ശങ്കർ ഇപ്പോൾ അവിടെ ജോലി ചെയ്യുന്നു. മൂത്ത പെങ്ങൾ പേരൂർ ആര്യ അന്തർജനത്തിന്റെ മകൻ ബാബു രാജ് ആര്യവൈദ്യശാല നഴ്സിംഗ് ഹോമിൽ ഡോക്ടരായി സേവനമനുഷ്ഠിക്കുന്നു. മാധവൻ നമ്പൂതിരിയുടെ മകൻ ഹരിശങ്കർ ബി എ എം എസ് ചെയ്തതും ഇപ്പോൾ എം ഡി ചെയ്യുന്നതും ബന്ധുക്കൾക്കുള്ള ക്വോട്ടയിൽ കോട്ടക്കൽ ആയുർവേദ കോളേജിൽ തന്നെ. ഇനി പറയൂ, പി കെ വാരിയരുടെ ഇല്ലം എന്നു തന്നെയല്ലേ പറയേണ്ടത്.

കണ്വ മഹർഷി തപസ്സു ചെയ്തിരുന്ന കണ്വപറമ്പ് കാലക്രമേണ കണ്ണിപറമ്പ് ആയി മാറി. കണ്വമഹർഷിയുടെ തിരുശേഷിപ്പുകളായി യാഗകുണ്ഡവും തീർത്ഥക്കുന്നും. ശിവരാത്രിക്കും വൈശാഖമാസത്തിലും മാത്രം തീർത്ഥം വരുന്ന തീർത്ഥകുന്ന് ഇന്നും ഒരദ്ഭുത പ്രതിഭാസമായി ഭക്തരെ ആവേശിച്ചു കൊണ്ടിരിക്കുന്നു.

എടലക്കുളം, മുല്ലപ്പള്ളി, പേരൂർ, കോടി തലപ്പണ എന്നിവരായിരുന്നു കണ്ണിപറമ്പിലെ തുടക്കം മുതലുള്ള ഇല്ലക്കാർ. ദത്തിരുന്നതിനാൽ നടുവിലേടം ഇല്ലവുമായി മാത്രം കോടി തലപ്പണക്ക് പത്തും പുല ബന്ധമുണ്ട്.

കോടി തലപ്പണക്ക് കാരായ്മ ശാന്തി ഉള്ള അമ്പലമാണ് കോട്ടോൽ കുനിയിൽ ശിവക്ഷേത്രം. തലമുറകളായി അവിടെ ശാന്തി കഴിക്കുന്നത് ഇല്ലക്കാർ തന്നെ.

തലപ്പണ നരസിംഹക്ഷേത്രം കോടി തലപ്പണയുടെ സ്വന്തം ക്ഷേത്രം. കിഴക്കുങ്കരക്കാവ് ഭഗവതിയുടെ പ്രധാന വഴിപാട് താലപ്പൊലിയാണ്. എല്ലാ ജാതിക്കാരും ഒരേ പോലെ അവരുടേതായ രീതിയിൽ ആരാധന നടത്തുന്ന കിഴക്കുങ്കരക്കാവ് ഭഗവതി ശക്തി സ്വരൂപിണിയാണ്. വളരെ ദൂരെ നിന്നും ആൾക്കാർ ഇവിടെ എത്താറുണ്ട്. പട്ടക്കുളങ്ങര ശ്രീകൃഷ്ണക്ഷേത്രത്തിലെ പ്രതിഷ്ഠ ചെറിയ വെണ്ണക്കണ്ണനാണ്. വെണ്ണക്കണ്ണൻ ഓടിക്കളിച്ച് നടന്നിരുന്ന പ്രദേശം. ഞാറ് നട്ട നെല്ല് തലതിരിച്ചു നടുക, പശുക്കളെ അഴിച്ചു വിടുക, പാലും തൈരും കട്ട് കഴിക്കുക തുടങ്ങി ഉണ്ണിക്കണ്ണന്റെ വികൃതികൾ സഹിക്കാൻ വയ്യാതായത്രേ. തദ്ദേശീയരായ നമ്പൂതിരിമാർ സഹികെട്ട് വിഗ്രഹത്തിന്റെ കാൽ മുറിച്ച് , പുഴയിൽ തള്ളി. 40 ഓളം ഇല്ലങ്ങൾ ഈ കാരണത്താൽ നശിച്ചു പോയി. പിന്നീട് പുഴയിൽ നിന്ന് മണൽ വാരുന്നവർക്ക് കിട്ടിയ വിഗ്രഹം പ്രശ്നചിന്തക്ക് ശേഷം അമ്പലത്തിൽ പ്രതിഷ്ഠിച്ച് നവീകരണവും നടത്തി. കുട്ടികൾക്കു ചോറൂണിന് കിട്ടുന്ന ആഭരണങ്ങളെല്ലാം ഈ വെണ്ണക്കണ്ണന് സമർപ്പിക്കാറുണ്ടായിരുന്നു. ഈ നാല് ക്ഷേത്രങ്ങളുമായി അടുത്ത ബന്ധമാണ് കോടി തലപ്പണക്കുള്ളത്.

തലപ്പണ തറവാട് ഇരുന്ന സ്ഥലത്തിന്റെ തെക്കും വടക്കും ഭാഗങ്ങളിൽ പുതിയ വാർപ്പു വീടുകളുണ്ടാക്കി ദിലീപ് ശങ്കറും, നാരായണൻ നമ്പൂതിരിയും കുടുംബ സമേതം താമസിക്കുന്നു. നടുമുറ്റും നടുഭാഗവുമെല്ലാം പൊളിച്ചു. വേട്ടക്കൊരുമകനും തേവാരങ്ങൾക്കുമായി ഒരു ശ്രീകോവിലും പണി കഴിപ്പിച്ചിരിക്കുന്നു.

തലപ്പണ നരസിംഹമൂർത്തി ക്ഷേത്രത്തിലും കണ്ണിപറമ്പ് നരസിംഹമൂർത്തിക്ഷേത്രത്തിലും 70 കൊല്ലങ്ങൾക്കു മുൻപ് ഓത്തൂട്ട് നടന്നിട്ടുണ്ട്. മുത്തച്ഛൻ ശങ്കരൻ നമ്പൂതിരി ഓത്തൂട്ടിൽ പങ്കെടുക്കുകയും കുട്ടികളെ വേദം പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉപനയനം കഴിഞ്ഞ് ശ്രീരുദ്രം പഠിച്ച എല്ലാ ഉണ്ണികളും ആദ്യം കണ്ണിപറമ്പ് ശിവക്ഷേത്തിൽ ത്തന്നെ ധാര കഴിക്കണമെന്നതാണ് നിയമം. ഇപ്പോൾ വിവിധ താവഴി കളായി ഏഴ് ഇല്ലങ്ങളാണ് കോടി തലപ്പണയിലുള്ളത്. എല്ലാവരും അടുത്തടുത്തു തന്നെ.



*പി കെ വാരിയർ കോടിതലപ്പണയിൽ*



## ലത അന്തർജനം സംഘാടകയും സാരഥിയും

28 വർഷങ്ങൾക്കു മുൻപാണ് കക്കട്ടിൽ തിനൂര് കരുമാളി ഇല്ലത്തെ ലതയെ കോടി തലപ്പണ മാധവൻ ന മ്പൂതിരി വേളി കഴിക്കുന്നത്. കോട്ടക്കൽ ആയുർവേദ കോളേജിൽ എംഡി ക്ക് പഠിക്കുന്ന ഡോ. ഹരിശങ്കറും ചെന്നൈ കലാക്ഷേത്രയിൽ നിന്നും ഭരതനാട്യത്തിൽ ഡിപ്ളോമ കഴിഞ്ഞ് എംഎ ക്ക് പഠിക്കുന്ന യദുകൃഷ്ണനുമാണ് മക്കൾ.

മക്കളെ നല്ല വിദ്യാഭ്യാസം കൊടുക്കുന്നതിൽ മാത്രമല്ല, സാമൂഹിക പ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തുന്നു , ഈ കുടുംബിനി. യോഗക്ഷേമസഭയിൽ കണ്ണി പറമ്പ് ഉപസഭാ വനിതാ സഭയുടെ പ്രസിഡണ്ട്, സെക്രട്ടറി എന്ന നിലയിൽ വളരെ ആക്ടീവായിരുന്നു ലത. ഇപ്പോൾ ഉപസഭാ ജോയൻറ് സെക്രട്ടറി, കോഴിക്കോട് ജില്ലാ വനിതാ സഭ ട്രഷറർ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ച വരുന്നു.

ഉപസഭയിൽ പുതുമന രമണി അന്തർജനത്തോടൊപ്പം ചേർന്ന് സോപ്പും സോപ്പുൽപ്പന്നങ്ങളും നിർമ്മിക്കാൻ അംഗങ്ങളെ പരിശീലിപ്പിച്ച് അതിന്റെ വിപണനവും നടത്തിവരുന്നു. മറ്റു ഉപസഭകളിലും പരിശീലനം നൽകിയിട്ടുണ്ട്. ഉപസഭയിലെ സ്വസ്തി ത്രൈമാസിക വിതരണവും ഇവർ തന്നെ ഏറ്റെടുത്തിരിക്കുന്നു.

കണ്ണിപറമ്പ് ചാത്തമംഗലം ഉപസഭകളിലെ അന്തർജനങ്ങളുടെ കൂട്ടായ്മയിൽ ഒരു ശ്രമസംഘത്തിന് രൂപം കൊടുത്ത് പ്രവർത്തിച്ച വരുന്നു. മാവൂരിലെ കുടുംബശ്രീ സെക്രട്ടറിയായും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

# തൈത്തിരീയ സംഹിത പഠിച്ച ശ്രീനാരായണൻ

മക്കളെ നമ്പൂതിരി ചിട്ടകളനുസരിച്ച് വളർത്തണം എന്ന നിർബന്ധക്കാരനായിരുന്ന അച്ഛൻ നാരായണ ൻ നമ്പൂതിരി. അങ്ങിനെ വിധിയാംവണ്ണം ഉപനയനവും 3 വർഷം ബ്രഹ്മചര്യവും എല്ലാം ഉണ്ടായി .ശ്രീനാരായണന്. പക്ഷെ ആളെ കിട്ടാത്തതു കൊണ്ട് മുറ ചൊല്ലാൻ കഴിഞ്ഞില്ല. പക്ഷെ പുളിയശ്ശേരി കേശവൻ നമ്പൂതിരിയിൽ നിന്നും ഓനിച്ചുണ്ണിയായിരിക്കേ സ്വരത്തോടെ പുണ്യാഹവും സൂക്തങ്ങളും പഠിച്ചു. സമാവർത്തനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോൾ ഊരായ്മ ക്ഷേത്രത്തിൽ മുറജപത്തിനു വന്ന ശ്രീദാസ് നമ്പൂതിരിയുടെ നിർദേശ പ്രകാരമാണ് ഇരിങ്ങാലക്കുടയിലെ വേദപാഠ ശാലയിൽ ചേരുന്നത്.



സ്വന്തക്കാരും ബന്ധുക്കളും പരിഹസിച്ചെങ്കിലും അച്ഛൻ ഉറച്ചു തന്നെ നിന്നു. അങ്ങനെ 2004 മുതൽ 2011 വരെ ഇരിങ്ങാലക്കുട കാമകോടി യജുർവേദ പാഠശാലയിൽ നടുവം വാസുദേവൻ നമ്പൂതിരി, ആമല്ലൂർ നാരായണൻ നമ്പൂതിരി, കൂറ്റമ്പിള്ളി വാസുദേവൻ നമ്പൂതിരി എന്നീ ഗുരുക്കന്മാരിൽ നിന്നും കൃഷ്ണയജുർവേദീയ തൈത്തിരീയ സംഹിത പഠനം. അതിനു ശേഷം പത്താം ക്ളാസ് എഴുതി എടുത്തു.

താന്നിയിൽ മതിയത്ത് മന സാവിത്രി ടീച്ചറിൽ നിന്നും പൊന്നടുക്കം ഹരിനാരായണൻ നമ്പൂതിരി യിൽ നിന്നുമായി സംസ്കൃതപഠനം. അതിന് ശേഷം സെൻട്രൽ സംസ്കൃത യൂനിവേഴ്സിറ്റിയുടെ ഗുരുവായൂർ കാമ്പസിൽ നിന്നും ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേഷൻ എന്നിവയും പൂർത്തിയാക്കി. 2017 മുതൽ ഇരിങ്ങാലക്കുട കാമകോടി യജുർവ്വേദ പാഠശാലയിൽ വേദാദ്ധ്യാപകനായി ജോലി ചെയ്തു വരുന്നു. തിരിഞ്ഞു നോക്കുമ്പോൾ തികഞ്ഞ അഭിമാനം, കൃതാർത്ഥത.



*കണ്ണിപറമ്പ് ചാത്തമംഗലം ഉപസഭകളിലെ അന്തർജനങ്ങളുടെ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന ശ്രമസംഘം. ഇതിന്റെ സാരഥികളിലൊരാൾ ലത തലപ്പണയാണ്*



*പി.കെ.വാരിയർ പരേതനായ കെ.ടി. നാരായണൻ നമ്പൂതിരിയോടൊപ്പം*



*പരേതനായ ദാമോദ രൻ നമ്പൂതിരി*

# വൈദ്യം മാത്രമല്ല ജ്യോത്സ്യവും

ശങ്കരൻ നമ്പൂതിരി എസ് എ സ് എൽ സി കഴിഞ്ഞ സമ യത്ത് ഒരിക്കൽ ജാതകസംബന്ധമാ യി ജ്യോത്സ്യൻ പുതുക്കുളത്തിനെ കാണുവാൻ ചെന്നു. ശങ്കരാ കുറെ ജാതകങ്ങൾ എഴുതാനുണ്ട് ,തനി ക്ക് എന്നെ ഒന്ന് സഹായിച്ചു കൂ ടെ എന്നായി പുതുക്കുളം. എന്നാൽ അന്നവിടെ പോകുകയുണ്ടായില്ല.

ആ കാലത്ത് പാലങ്ങാട് അരീ ക്കുളങ്ങര സോമൻ പണിക്കരും പുതുക്കുളവും കൂടിയുള്ള സ്വർണ്ണ പ്രശ്നം മുഴുവൻ കേട്ടിരിക്കാനുള്ള ഭാഗ്യമുണ്ടായി. അതാണ് ജ്യോതി ഷ പഠനത്തിന് ശരിക്കും താൽപ ര്യം ഉണ്ടാക്കിയത്. അടുത്തു തന്നെ പുതുക്കുളത്തിന് ദക്ഷിണ നൽകി കവടിയെ തൊഴുത് വന്ദിച്ച് പഠന മാരംഭിച്ചു. അദ്ഭുതങ്ങൾ പ്രവചി ക്കാനുള്ള കവിടി സഞ്ചി കയ്യിൽ കിട്ടിയത് അതിയായ സന്തോഷം തന്നു. കവിടി ഗണിതം, ഗ്രഹണ ഗണനം, ജാതകഗണനം, ജാതകം എഴുതുന്ന രീതി എന്നിവയാണ് ആ ദ്യം ഗുരുനാഥൻ പഠിപ്പിച്ചത്. സ്വന്തം ജാതകവും ഏട്ടൻ പരമേശ്വരന്റേതും ഗണിച്ചത് ശങ്കരൻ തന്നെയായിരു ന്നു. ശങ്കരന്റെ ജാതകം നോക്കി ഗുരുനാഥൻ ജ്യോതിഷം പഠിക്കാ നും അതിലൂടെ അറിയപ്പെടാനും യോഗമുണ്ടെന്ന് പ്രവചിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യ സ്നേഹ വും ഗുരുപത്നിയുടെ വാത്സല്യവും ആവോളം അനുഭവിച്ചു.ഗുരുനാഥൻ രോഗശയ്യയിലായതു മുതൽ അവ സാനം വരെ ഈ വത്സലശിഷ്യൻ കൂടെത്തന്നെ ഉണ്ടായിരുന്നു. അല മാറയിലെ പുസ്തകങ്ങളും കവിടി സഞ്ചിയും ശങ്കരനെ ഏൽപ്പിച്ച് ഇ തുകൊണ്ട് ജീവിതത്തിൽ ഉപകാര മുണ്ടാകട്ടെ എന്ന് അനുഗ്രഹിച്ചു.

ഗുരുനാഥനെ സ്മരിച്ച് പ്രവചിച്ച കാര്യങ്ങളെല്ലാം സത്യമായി ഭവിച്ചി ട്ടുണ്ട്. അരീക്കര സോമൻ പണിക്കർ, മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി, നല്ലൂർ രാമകൃഷ്ണപ്പണിക്കർ തു ടങ്ങി ഒട്ടേറെ പ്രമുഖരുടെ കൂടെ പ്രശ്നങ്ങളിൽ പങ്കാളികളാകാൻ കഴിഞ്ഞത് ഗുരുനാഥന്റെ അനുഗ്ര ഹം ഒന്നു കൊണ്ടു മാത്രം.



**കുഞ്ഞിച്ചെണ്ട** *ശങ്കരൻ നമ്പൂതിരി യുടെ മകൻ രഘുശങ്കരി ന്റെ ചെണ്ട അരങ്ങേറ്റം*



## ആയുർവേദത്തെ ജീവിത ശീലമാക്കിയ കുടുംബത്തിൽ നിന്ന് ഒരു ഡോക്ടർ

ആയുർവേദത്തെ ജീവിത ശീലമാക്കിയ കുടുംബ ത്തിൽ നിന്നും ആ ശാസ്ത്രത്തെ കൂടുതൽ അറിയാൻ സാധിച്ചത് പിതൃപരമ്പരകൾ ചെയ്ത സു കൃതമായെ കാണാൻ കഴിയൂ. ഇന്ത്യയിലെ ഏറ്റവും മികച്ച ആയുർവേദ കോളേജ് കോട്ട ക്കൽ ആയുർവേദ കോളെജിൽ പഠിക്കാൻ സാധിച്ചത് ഏറ്റവും വലിയ ഭാഗ്യമാണ്. അതിന് യ ശശ്ശരീരനായ പത്മഭൂഷൺ ഡോ. പി.കെ വാരിയരോടും ആര്യവൈ ദ്യശാലയോടും ഉള്ള കടപ്പാട് പറഞ്ഞറിയിക്കാൻ കഴിയാത്ത താണ്. ഡോ കെ.ടി.ഹരിശങ്കർ പറയുന്നു.

കോട്ടക്കൽ കോളേജിൽ ബിരു ദപഠനം പൂർത്തിയാക്കി , ആറുമാസം കോട്ടക്കൽ സു വൈദ്യ എന്ന ഹോസ്പിറ്റലിലും തുടർന്ന് തൃശൂർ തൈക്കാട്ടുശ്ശേ രി വൈദ്യരത്നം ഔഷധശാലയി ലും ജോലി ചെയതു. ഇപ്പോൾ കോട്ടക്കൽ ആയുർവേദ കോ ളേജിൽ ബിരുദാനന്തര പഠനം നടത്തുന്നു. ഒരു ഉത്തമനായ ആ യുർവേദ ഭിഷഗ്വരനായി സമൂഹ ത്തിന് വേണ്ടി പ്രവർത്തിക്കുക എന്നതാണ് ഡോ ഹരിശങ്കറിന്റെ ലക്ഷ്യം.

താമരക്കുളം ദിവാകരൻ നമ്പൂതിരി മൊബൈൽ 9447337337
കോടി തലപ്പണ മാധവൻ നമ്പൂതിരി മൊബൈൽ 9249765052

### ഒടുവിൽ ഐസിയുവിൽ നിന്ന്

# ജീവനോടെ തിരിച്ചെത്തി

## 'ഗുരുവായൂരപ്പന്റെ കടാക്ഷമെന്ന് വിശ്വസിക്കാനാണ് ഇഷ്ടം'

**ഈശ്വരൻ നമ്പൂതിരി**

ബാംഗ്ലൂരിൽ ഒരു സപ്താഹത്തിനു പോയതായിരുന്നു. സപ്താഹം കഴിയുന്നതിന്റെ തലേനാൾ കാലത്ത് കുളികഴിഞ്ഞ് നോക്കുമ്പോൾ വലത് കാലിനിടയിൽ ഒരു മുഴ. അത്ര കാര്യമാക്കിയില്ല. സപ്താഹം കഴിഞ്ഞ് ഗുരുവായൂരിലെത്തി. അന്ന് കാലത്ത് വീണ്ടും സപ്താഹമുണ്ട്. അത് കഴിഞ്ഞിട്ടാണ് ഡോക്ടറെ കണ്ടത്. ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. അന്ന് തന്നെ ആശുപത്രിയിൽ അഡ്മിറ്റായി. ഓപ്പറേഷൻ കഴിഞ്ഞു. മുഴ ബയോപ്സി ടെസ്റ്റിന് അയച്ചു.

സ്റ്റിച്ച് വെട്ടാൻ വീണ്ടും ആശുപത്രിയിൽ പോയപ്പോഴാണ് അറിഞ്ഞത്. ക്യാൻസറാണ്.മെഡിക്കൽ കോളേജിൽ പോകാൻ ഡോക്ടർ പറഞ്ഞു. അവിടെ പോയി. അജിത്ത് കുമാർ എന്ന ഡോക്ടറായിരുന്നു അവിടെ. അവരുടെ കൂടെ ഒരു സിസ്റ്ററും ഉണ്ടായിരുന്നു. ഞങ്ങളുടെ ഒരു ബന്ധു പരിചയപ്പെടുത്തി. വേണ്ട സഹായങ്ങൾ ഒക്കെ ചെയ്ത് കൊടുക്കാൻ പറഞ്ഞു. ആ സിസ്റ്റർ ഞങ്ങളുടെ കുടെപ്പിറപ്പിനെ പോലെ എല്ലാ സഹായങ്ങളും ചെയ്ത് തന്നു. രേഖ എന്നാണ് അവരുടെ പേര്.

എംആർഐ സ്കാൻ, കീമോ തെറാപ്പി, പെറ്റ്സ്കാൻ ,അൽട്രാസൗണ്ട്, ഓൾ ബോഡി ചെക്ക് അപ്പ് എല്ലാം നടത്തി. നട്ടെല്ല് ഉൾപ്പെടെ എല്ലാം പരിശോധിച്ചു. നാല് കിമോതെറാപ്പി കഴിഞ്ഞു. നാലമത്തെത് കഴിഞ്ഞപ്പോൾ മുടിയും താടിയും ഒക്കെ പോയി. എനിക്ക് സംസാരിക്കാൻ ബുദ്ധിമുട്ടായി. വെറും രണ്ട് വാക്കേ സംസാരിക്കാൻ സാധിച്ചുള്ളു.എന്തോ എനിക്ക് നാളെ ഉണ്ടാകില്ല എന്ന് തോന്നി.

പിറ്റേ ദിവസം കാലത്ത്5 മണിക്ക് ബാത്ത് റൂമിൽപോയി വന്ന് കിടന്നു. നാരായണ എന്ന് മുഴുവൻ പറയാൻ കഴിഞ്ഞില്ല. ജീവിതത്തിൽ ആദ്യമായാണ് ഒരു നാമം മുഴുവനാക്കാൻ കഴിയാതെ പോവുന്നത്. നല്ല വിഷമം തോന്നി. വീണ്ടും നാരായണ എന്ന് മനസിൽ പറഞ്ഞു. പക്ഷേ, ശബ്ദം പുറത്തേക്ക് വരുന്നില്ല. അൽപ്പം കഴിഞ്ഞ് വീണ്ടും പറഞ്ഞു നോക്കി. അദ്ഭുതം!, ഇത്തവണ നാരായണ എന്ന് മുഴുവൻ പറയാൻ കഴിഞ്ഞു.



**"നാരായണ എന്ന് മുഴുവൻ പറയാൻ കഴിഞ്ഞില്ല. ജീവിതത്തിൽ ആദ്യമായാണ് ഒരു നാമം മുഴുവനാക്കാൻ കഴിയാതെ പോവുന്നത്. നല്ല വിഷമം തോന്നി. വീണ്ടും നാരായണ എന്ന് മനസിൽ പറഞ്ഞു. പക്ഷേ, ശബ്ദം പുറത്തേക്ക് വരുന്നില്ല."**

അങ്ങനെ മുന്നു തവണ. നാവ് കടിച്ച് കണ്ണടച്ചു. ഉടനെ എന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു. ഓർമ്മ വന്നപ്പോൾ അശുപത്രിയിൽ കിടക്കയലാന്ന്. ചെറിയ ഓർമ്മയേ ഉണ്ടായിരുന്നുള്ളു. കുറേ ആളുകൾ വന്നു തുടങ്ങിയപ്പോൾ വല്ലാതെ വിഷമത്തിലായി. പേടികൂടി. അപ്പോൾ തന്നെ മെഡിക്കൽ കോളേജിലേക്ക് കൊണ്ട് പോയി. അവിടെ ചെന്നപ്പോൾ അജിത്ത് ഡോക്ടറും രേഖ സിസ്റ്ററും കാത്തു നിൽക്കുന്നുണ്ടായിരുന്നു. ഉടനെ ഐസിയുവിലേക്ക് മാറ്റി.

ഐസിയുവിൽ നിന്ന് പുറത്തേക്കുള്ള വരവ് എങ്ങനെയാവുമെന്നതിന് പല ദൃശ്യങ്ങളും കണ്ടിട്ടുണ്ട്. വല്ലാത്ത ഭയം തോന്നി. രക്ഷിക്കാൻ ഒരാൾക്കേ കഴിയൂ. ഗുരുവായൂരപ്പന്. ഭഗവാന്റെ സവിധത്തിൽ എത്തിയതു തന്നെ ഒരു നിയോഗമല്ലേ. അല്ലെങ്കിൽ കണ്ണൂരിലുള്ള താൻ എങ്ങനെ ഗുരുവായൂരെത്തി. എങ്ങനെ സപ്താഹ പൂജക്കാരനായി. എല്ലാം നിയോഗം.

അച്ഛൻ കണ്ണൂർ ജില്ലയുടെ അവസാനവും കാസർകോടിന്റെ തുടക്കവുമായ കോടക്കാട് ദേശത്ത് ചെന്തെൽ പുതുമന ഇല്ലത്താണ് ജനിച്ചത്. കുട്ടികാലത്ത് സുമാർ 15 വയസ്സിന് ശേഷം കോഴിക്കോട് ജില്ലയിലെ ഫറോക്കിലെ നല്ലൂർ ദേശത്തെത്തി. സാമൂതിരി കോവിലകം വക ക്ഷേത്രമായ ശിവക്ഷേത്രത്തിൽ ശാന്തിക്കാരനായിരുന്നു. അച്ഛൻ വിവാഹം കഴിച്ചത് രാമനാട്ടുകര ഇടമന ഇല്ലത്തെ സരസ്വതി അന്തർജനത്തെയാണ്. നല്ലൂരേട്ടൻ എന്നാണ് അച്ഛനെ എല്ലാവരും വിളിച്ചിരുന്നത്.

അച്ഛൻ ശ്രീകൃഷ്ണഭക്തനായിരുന്നു. തിങ്കൾ ഭജനക്കാരനായിരുന്നു. ഉപനയം കഴിഞ്ഞ ശേഷം ഞാനും കൂടെ വന്നിരുന്നു. താമസം മുത്തുക്കുട്ടി വാധാരുടെ മഠത്തിൽ. ഊണ് അമ്പലത്തിലെ വാതിൽ മാടത്തിൽ. ചായ നമ്പീശന്റെ ഹോട്ടലിലും. അങ്ങനെയിരിക്കുമ്പോൾ നല്ലൂർ ശിവക്ഷേത്രത്തിലെ ശാന്തി ഒഴിവായി. ഞങ്ങൾ പാലക്കാട്ടെത്തി.

അമ്മയുടെ അനുജത്തിയുടെ ഇല്ലത്ത് കുറച്ച് നാൾ താമസിച്ചു.സ്ഥിരമായി അങ്ങനെ ഒരിടത്ത് താമസിക്കാൻ പറ്റുമോ. അതിനാൽ എടത്തറയിൽ ഒരു വാടക വീട്ടിലേക്ക് മാറി. ദുരിതം എന്തെന്നറിഞ്ഞ നാളുകൾ. 10 മക്കളായിരുന്നു അച്ഛന്. അതിൽ 5 പേരുടെ വിവാഹം കോഴിക്കോട് വെച്ച് തന്നെ കഴിഞ്ഞു. പാലക്കാട് താമസമാക്കുമ്പോൾ ഞങ്ങൾ 7 പേരായിരുന്നു. അതിൽ രണ്ടുപേരുടെ വിവാഹം പാലക്കാട് വെച്ചായിരുന്നു. താഴെയുള്ള ഞങ്ങൾ മൂന്നു ഉണ്ണികൾ സ്ക്കൂളിൽ പോകാൻ തുടങ്ങി. ആയിടക്ക് അച്ഛൻ മരിച്ചു. സമ്പത്തിക പരാധീനതകൾ കാരണം ഞങ്ങളുടെ വിദ്യാഭ്യാസം വഴിമുട്ടി.ഭക്ഷണം ആയിരുന്നു വിദ്യാഭ്യാസത്തേക്കാൾ പ്രധാനം.




*ഈശ്വരൻ നമ്പൂതിരി ഗുരുവായൂർ ക്ഷേത്രനടയിൽ*

**വേളി കഴിഞ്ഞപ്പോ എനിക്കാകെ പേടിയായി. ഇനി എവിടെ താമസിക്കും .ലീല പറഞ്ഞു ഒന്നും പേടിക്കേണ്ട. നമുക്ക് ഗുരുവായൂരിലേക്ക് പോകാം . അവിടെ ഒരു വീട് ശരിയായി. ഇന്നിപ്പോൾ അതേ ഗുരുവായൂരിൽസ്വന്തം സ്ഥലമായി. നിത്യവും കുളിച്ചു തൊഴാൻ പാകത്തിൽ.**

പഠിപ്പ് നിന്നതിനുശേഷം പാലക്കാട് ടൗണിൽ ക്ഷേത്രത്തിൽ കീഴ്ശാന്തിക്കാരനായി ജോലി ചെയ്തു. അതൊന്നും ജീവിക്കാനുള്ള വഴി തന്നില്ല. അതിനാൽ അതുനിർത്തി ഒരു വർക്ക് ഷോപ്പിൽ ജോലിക്ക് ചേർന്നു. അതു കൊണ്ടും പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. അപ്പോൾ അതും നിർത്തി ഒരുസെയിൽസ് മേനായി നാലു വർഷം ജോലി ചെയ്തു. അതും അധികം മുന്നോട്ടു പോയില്ല. അതിനുശേഷം തൃശൂരിൽ ഒരു ക്ഷേത്രത്തിലെ ശാന്തിക്കാരനായി. വീണ്ടും അവിടെനിന്നു ശാന്തി നിർത്തി ബാഗൂളിരിലേക്കു പോയി. ബാഗൂളൂരിൽ പല ജോലികളും ചെയ്യേണ്ടി വന്നു. അങ്ങിനെ ഒരു ഓഫ്സെറ്റ്പ്രസ്സിലെ പണി പഠിച്ചു. അതൊരു വഴിത്തിരിവായി.

അതിനുശേഷമാണ് തൃശൂരിൽ ഓഫസെറ്റ് പ്രസ്സിൽ പ്രിന്ററായി ജോലിക്കു ചേർന്നു. കുറച്ചു ദിവസം താമസം പ്രസ്സിൽതന്നെയായിരുന്നു. ദിവസവും വടക്കും നാഥക്ഷേത്രത്തിൽ പോയി തൊഴുമായിരുന്നു. താമസവും ഭക്ഷണവും ക്ഷേത്രത്തിൽ മുടക്കം കൂടാതെ ഉണ്ടാകണേ എന്നായിരുന്നു എന്റെ പ്രാർത്ഥന. എന്റെ താമസം കെ.എസ്സ് ആർ ടി സി യുടെ അടുത്തുള്ള ക്ഷേത്രത്തിൽ മേൽശാന്തിയെ സഹായിച്ച് ഞാൻ അങ്ങിനെ കഴിഞ്ഞു കൂടി.

ഒഴിവു ദിവസങ്ങളിൽ ഇല്ലത്തേക്ക് ചെല്ലുമ്പോൾ ബന്ധുക്കൾ ചോദിക്കും ഇങ്ങിനെ നടന്നാൽ പോരാ ഒരു വേളി ഓക്കെ വേണ്ടേ എന്ന്. ആ നോക്കി കൊള്ളൂ.......... വെറുതെ ഒന്നു പറഞ്ഞുപോയതാ. ഭഗവാൻ തോന്നിച്ചതായിരിക്കും. ഏട്ടന്മാരു ചോദിക്കാൻ തുടങ്ങി. നീ നാരായണേട്ടനോട് വേളിയുടെ കാര്യം പറഞ്ഞിരുന്നുവോ..

അങ്ങിന ഞാൻ അതിനായി ഏട്ടൻ പറഞ്ഞപ്രാകാരം ഗുരുവായൂരിൽ നാരായണാലയത്തിന്റെ കീഴിൽ ഒരു പ്രസ്സു ഉണ്ട്. അവിടെ ഒരു കുട്ടി വർക്കു ചെയ്യുന്നുണ്ട്. ഇ.എം.എസ്സ്

(ബ്രോക്കർ) പറഞ്ഞിട്ടാണ് ഞാൻ വന്നത് എന്ന് പറഞ്ഞാൽ മതി. ഒന്ന് കണ്ടു വരു എന്നു പറഞ്ഞു. എന്റെ ഒരു ഓപ്പോൾ ചൂണ്ടലിൽ താമസിക്കുന്നുണ്ടായിരുന്നു. അവരെയും കൂട്ടി ഞാൻ ഗുരുവായൂരിൽ പോയി .അമ്പലത്തിൽ പോയതിനു ശേഷം അവരുടെ പ്രസ്സിൽ പോയി. അവിടെ ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം എന്നോടു ചോദിച്ചു. എന്തേ.......... ഞാൻ പറഞ്ഞു ലീല എന്ന കുട്ടിയെ കണാൻ വന്നതാണ്. അദ്ദേഹം വിളിച്ചുപറഞ്ഞു ലീലേ ഇതാ ആരോ കണാൻ വന്നിട്ടുണ്ട്. ലീല ചോദിച്ചു ആരാ............ മനസ്സിലായില്ലല്ലോ? ഞാൻ ഇ.എം.എസ്സ് പറഞ്ഞപ്രകാരം വന്നതാണ്. ഇത് എന്റെ ഓപ്പോളാണ്. കാര്യങ്ങൾ സംസാരിച്ചു. ലീല കട്ടൻ ചായ കുടിക്കുകയായിരുന്നു. ചായ കുടിക്കണോ ചോദിച്ചു. ഞാൻ കുടിച്ചു ഓപ്പോൾ കുടിച്ചില്ല. കാര്യങ്ങൾ എല്ലാം സംസാരിക്കുന്നത് കേട്ട് നിന്നു .ലീല പാലക്കാട് ജില്ലയിലെ മണ്ണർക്കാട് പുല്ലിശ്ശേരി പാക്കത്ത് മനയാണ് ഇല്ലം അച്ഛൻ വാസുദേവൻ നമ്പൂതിരി അമ്മ ലീല അന്തർജനം( രണ്ടുപേരും ഇല്ലോ ജീവിച്ചിരിപ്പില്ല)അവരുടെ കുടുബ്ബം 4 പെൺകുട്ടികളും രണ്ടു ആൺകുട്ടികളും അടങ്ങുന്നതാണ്. അവരുടെ കുടുബത്തിനെ പറ്റി എല്ലാം ലീല വിശദമായി സംസാരിച്ചു. ഏട്ടൻ മിലിട്ടറിയിലാണ്. 15 ദിവസത്തെ ലീവിന് വന്നതാണ്. അതിനുള്ളിൽ വേളി കഴിയണം എല്ലാം പെട്ടന്നായിരുന്നു. ഗ്രാമത്തിൽ സമൂഹമഠത്തിൽ വെച്ചായിരുന്നു വേളി. വേളി കഴിഞ്ഞപ്പോ എനിക്ക് ആകെ പേടിയായി ഇനി എവിടെ താമസിക്കും എന്ന്...........ലീല പറഞ്ഞു ഒന്നും പേടികേണ്ട നമുക്ക് ഗുരുവായൂരിലേക്ക് പോകാം എന്ന് പറഞ്ഞു. ഒരു വീട് ശരിയായി എനിക്ക് സമാധാനമായി. അങ്ങനെ കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ലീല എന്നോട് പറഞ്ഞു അന്ന് കുടിച്ച കട്ടൻ ചായ ഞാൻ കുടിച്ച ബാക്കിയായിരുന്നു. വേറേ ഒന്നും ഉണ്ടായിരുന്നില്ല. അത് കൊണ്ടാണ്.

അങ്ങനെ ഞാൻ തൃശ്ശൂരിലുള്ള പ്രസ്സിൽ നിന്ന് രാജി വെച്ച് കുന്നംകുളത്തുള്ള പ്രസ്സിൽ ചേർന്നു. താമസവും മാറേണ്ടിവന്നു. കിഴക്കെ നടയിലെ ഒരു സ്വാമിയുടെ വീട്ടിലേക്ക് താമസം മാറ്റി. സമയം കിട്ടുമ്പോഴെല്ലാം വടക്കുംനാഥന്റെ മുന്നിൽ പോയി പ്രാർത്ഥിക്കാറുണ്ട്. ഒരു കുഞ്ഞിക്കാല് കാണാൻ. അങ്ങനെ ഒരു ഉണ്ണിയുണ്ടായി. ഉണ്ണിയുടെ ചോറുണ് ഗുരുവായൂർ അമ്പലത്തിലായിരുന്നു.അതിനിടയിൽ അമ്മ മരിച്ചു. പിന്നത്തെ പ്രാർത്ഥന ഒരു 4 സെന്റ് ഭൂമിയെങ്കിലും സ്വന്തമായി വേണമെന്നായിരുന്നു. അതും ശരിയായി. അതിൽ വച്ചായിരുന്നു മകന്റെഉപനയനം. വാച്ച വാദ്ധ്യാനായിരുന്നു ഞങ്ങളുടെ വാദ്ധ്യാൻ മരുമകൻ ഈശ്വരൻ വാദ്ധ്യാനാണ് കഴിപ്പിച്ചത്. മകന്റെ വിദ്യാഭ്യാസവും അതിനിടയിൽ നടക്കുന്നുണ്ടായിരുന്നു. ബികോം. കമ്പ്യൂട്ടർ, എം.ബി.എ എല്ലാം കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ മാക്സ് വാല്യൂ എന്ന സ്ഥാപനത്തിൽ എച്ച് ആർ മാനേജറാണ്.



*ഈശ്വരൻ നമ്പൂതിരി ഒരു സപ്താഹത്തിനിടയിൽ*

**ഗുരുവായൂരിൽ വച്ചായിരുന്നു രോഗം പിടിപെട്ട് സപ്താഹം നിർത്തിയത്. അവിടെ വെച്ച് തന്നെ വീണ്ടും സപ്താഹ വായന തുടങ്ങി. ഇതെല്ലാം നാമജപത്തിന്റെയും സപ്താഹ ത്തിന്റെയും ഗുണം കൊണ്ടാണെന്ന് വിശ്വസിക്കുന്നു.**

കുന്നംകുളത്തെ ജോലി വേണ്ടെന്ന് വച്ചപ്പോൾ ആഞ്ഞം കൃഷ്ണൻ നമ്പൂതിരി എന്നോട് പറഞ്ഞു. എന്റെ കൂടെ നിന്നോളൂ ജീവിതമാർഗ്ഗത്തിന് ബുദ്ധിമുട്ട് ഉണ്ടാകില്ല. പിന്നെ ഞാൻ അദ്ദേഹത്തിന്റെ കൂടെ വായനക്ക് പൂജക്കായും പ്രധാന ശിക്ഷ്യനായും സഞ്ചരിച്ചു.

അനവധി പുണ്യസ്ഥലങ്ങൾ. ഹരിദ്വാർ, ബദരിനാഥ്, വൃന്ദാവനം, മധുര, കേദാർ നാഥ്, ദ്വാരക എന്നീ പുണ്യസ്ഥലത്തെല്ലാം സപ്താഹത്തിന് സജീവമായി പങ്കെടുക്കാൻ സാധിച്ചു. കേരളത്തിന് പുറമെ ബോംബെ, ഡൽഹി, കൊൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സപ്താഹത്തിന് പൂജക്കാരനായി പങ്കെടുത്തു. വിദേശ രാജ്യങ്ങളായ ദുബായ് അബുദാബി എന്നിടങ്ങളിലും സപ്താഹത്തിൽ പങ്കാളിയായി. അതിനിടെ ആഞ്ഞം കൃഷ്ണൻ നമ്പൂതിരിയ്ക്ക് അസുഖം ബാധിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ പോകാറായി തനിക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അദ്ദേഹത്തിന്റെ വാക്ക് സത്യമായി. ഇപ്പോഴുംപല ആചാര്യന്മാരുടെ കൂടെ സപ്താഹത്തിന് പോകുന്നു.

12 ദിവസത്തെ ഐസിയു വാസത്തിനു മുമ്പും രണ്ട് തവണ ഐസിയുവിലും വാർഡിലും ഒക്കെ ആയി കിടന്നിരുന്നു. 8 മാസം. എല്ലാം ഭേദമായി. വീണ്ടും വായനയ്ക്ക് പോകാൻ തുടങ്ങി. ഗുരുവായൂരിൽ വച്ചായിരുന്നു രോഗം പിടിപെട്ട് സപ്താഹം നിർത്തിയത്. അവിടെ വെച്ച് തന്നെ വീണ്ടും സപ്താഹ വായന തുടങ്ങി. ഇതെല്ലാം നാമജപത്തിന്റെയും സപ്താഹത്തിന്റെയും ഗുണം കൊണ്ടാണെന്ന് വിശ്വസിക്കുന്നു.

മകൻ അരുൺ ശങ്കർ വേളികഴിച്ചത് ചാത്തമംഗലം കൽപ്പള്ളി ഇല്ലത്തെ വാസുദേവൻ നമ്പൂതിരിയുടെയും പ്രേമലതയുടെയും മകൾ ആതിരയെ ആണ്. ആതിര ഇപ്പോൾ ചാവക്കാട് വക്കീൽ ഓഫീസിൽ ജോലി ചെയ്യുന്നു. ●

ഈശ്വരൻ നമ്പൂതിരി
അരുൺ വിഹാർ(പുതുമന)
നാരങ്ങാത്ത് പറമ്പ്, മമ്മിയൂർ,
ഗുരുവായൂർ പി.ഒ, പിൻ:680101
മൊബൈൽ:9447031835




*യോഗക്ഷേമസഭ കോഴിക്കോട് ജില്ലാമന്ദിരത്തിന്റെ പണി തീർത്ത് താക്കോൽ കോൺട്രാക്റ്റർ ജില്ലാ പ്രസിഡണ്ട് മധു അരീക്കരക്ക് കൈമാറുന്നു*

*സ്വസ്തി ഓഫീസിന്റെ താക്കോൽ പാറക്കോട് ശങ്കരൻ നമ്പൂതിരി സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരിക്ക് കൈമാറുന്നു*

## ജില്ലാ കമ്മിറ്റിയും സ്വസ്തിയും

# ഇനി സ്വന്തം ഓഫീസുകളിൽ

മെമ്പർഷിപ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചും വാർഷികങ്ങൾ സമയബന്ധിതമായി നടത്തിയും മാസ മീറ്റിംഗുകൾ ഓൺ ലൈനായി നടത്തിയും കർക്കിടകമാ സാചരണം, ഓണാഘോഷം എന്നിവ സംഘടിപ്പിച്ചും ഉപസഭകൾ പ്രവർത്തന മികവ് തെളിയിച്ചു.

എ.കെ.ബി.എഫിന്റെ കോഴിക്കോട് ജില്ലാപ്രതിനിധിയായി താമരക്കുളം വാസുദേവൻ നമ്പൂതിരിയെ തിരഞ്ഞെടുത്തു. വിദ്യാർത്ഥികൾക്കും മൊബൈൽ ഫോൺ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ 2 പേർക്ക് ജില്ലാ സഭ മൊബൈൽ ഫോൺ വാങ്ങി നൽകി. കോഴിക്കോട് ഈ വർഷം പെൻഷൻ ലഭിച്ചത് 8 പേർക്കാണ്. സംസ്ഥാന നേതൃത്വത്തിന്റെ അഭ്യർത്ഥന പ്രകാരം പെൻഷൻ ഫണ്ടിലേക്ക് കോഴിക്കോട് നിന്ന് 12 പേർ ആകെ 36650 രൂപ സംഭാവന നൽകി. അതിൽ തന്നെ ജില്ലാ യുവജനസഭ 3650 രൂപ സമാഹരിച്ചു നൽകിയത് മാതൃകാപരമായി.

കഴിഞ്ഞവർഷം കോഴിക്കോട് നിന്ന് വിദ്യാനിധി പുരസ്കാരത്തിനർഹരായവർ 30 പേരായിരുന്നു. ഈ വർഷം 37 പേരായി. എല്ലാവർക്കും ജില്ലാസഭ അഭിനന്ദന കത്തുകൾ അയച്ചു. 1200 ൽ 1200 മാർക്കും നേടി താമരശ്ശേരി ഉപസഭയിലെ മുണ്ടോളി കളം വിഷ്ണുനമ്പൂതിരിയുടെ മകൾ വേദയും, നരിക്കുനി നീലമന ഇല്ലത്തെ ദിലീപ് കുമാറിന്റെ മകൻ ശ്രീരാമും ഇരട്ടിമധുരം നൽകി.

കോഴിക്കോട് ജില്ലയുടെ സ്വപ്ന പദ്ധതിയായ ആസ്ഥാനമന്ദിരം ഫിനിഷിംഗ് വർക്കുകളിലേക്ക് എത്തിനിൽക്കുകയാണ്. കോവിഡ് കാലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെയേറെ പ്രശ്നങ്ങൾ നിറഞ്ഞതായിരുന്നെങ്കിലും കോർകമ്മിറ്റിയുടെ ഒറ്റക്കെട്ടായ പ്രവർത്തനങ്ങളാണ് അതിനെ അതിജീവിച്ചത്. അതീവ പ്രാധാന്യമുള്ള കുറേ പ്രവൃത്തികൾ ഉടൻ ചെയ്യേണ്ടതായിട്ടുണ്ട്. 3.5 ലക്ഷത്തോളം ചെലവു പ്ര തീക്ഷിക്കുന്ന ഈ പ്രവർത്തികൾക്ക് ഫണ്ട് / സ്പോൺസർഷിപ് കണ്ടത്തേണ്ടതുണ്ട്.

**യോഗക്ഷേമസഭ**
കോഴിക്കോട് ജില്ലാ
യുവജനസഭ ഫേസ് ബുക്ക് പേജും ഇൻസ്റ്റഗ്രാം പേജും തുടങ്ങി.ഫേസ്ബുക്ക് പേജ്: fb.com/yjskkd ഇൻസ്റ്റാഗ്രാം പേജ്: @the_facegram : https://www.instagram.com/invites/act/?i=1e395wg3cc3q6&utm_content=mjuq9t5

സ്വസ്തി ത്രൈമാസികയുടെ അണിയറപ്രവർത്തകരെ അഭിനന്ദിക്കുന്നു. ഫർണിഷിംഗ് വർക്കുകൾ ക്കായി സ്വസ്തി ത്രൈമാസികക്ക് നമ്മുടെ ബിൽഡിംഗിൽ അലോട്ട് ചെയ്ത ഓഫീസ് മുറി ആഗസ്ത് 15 ന് നിർമാണ കമ്മറ്റി ചെയർമാൻ ശ്രീ പാറക്കോട് ശങ്കരൻ നമ്പൂതിരി സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരിക്ക് കൈമാറി.

ഉപസഭകൾ

യോഗക്ഷേമസഭ പെരുമണ്ണ ഉപസഭയുടെ ഓണാഘോഷവും, മികച്ച വിജയം നേടിയ കുട്ടികൾക്കുള്ള അനുമോദനവും കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് വേദവാടികയിൽ വെച്ച് നടന്നു. താമരശ്ശേരി ഉപസഭ സാമൂഹ്യ മാദ്ധ്യമങ്ങളുടെ ഫലപ്രദമായ ഉപയോഗവും പ്രയോഗവും എന്ന വിഷയത്തെ പുരസ്കരിച്ച് വെബിനാർ സംഘടിപ്പിച്ചു. ശ്രീനാഥ് കെ. നമ്പൂതിരി, പി. നിഥിൻ, കെ.ഗോപികൃഷ്ണൻ, അശ്വിൻ ദേവ്, ഇ.ആർ.ശ്യാമ എന്നിവർ നേതൃത്വം നൽകി. രാമായണമാസ പരിപാടിയായ സായകം ജൂലൈ 17ന് പ്രമുഖ ആദ്ധ്യാത്മിക പ്രഭാഷക ജീജാ ബായ് സി. മൂത്തേടത്ത് ഉദ്ഘാടനം ചെയ്തു. രാമായണ സംബന്ധമായ പ്രസ്തുത പരിപാടികൾ മാസം മുഴുവൻ നിശ്ചിത സമയത്ത് Japam ykstsy എന്ന ഉപസഭാ യുട്യൂബ് ചാനൽ വഴിയാണ് അവതരിപ്പിക്കപ്പെട്ടത്.

കക്കോടി ഉപസഭ ശ്രാവണം 2K21 എന്ന പേരിൽ വിപുലമായ ഓൺലൈൻ മത്സരങ്ങൾ നടത്തി വിജ യികൾക്ക് സർട്ടിഫിക്കറ്റും കാഷ് പ്രൈസും നൽകി. ടിക്ടോക് /വെബ് മാഷ്, സ്കിറ്റ്, മൊബൈൽ ഫോൺ ഫോട്ടോ ഗ്രാഫി, ഓണപ്പാട്ട്, രാമായണ പാരായ ണം, പ്രഭാഷണം , കഥ പറയൽ, രാമായണ പ്രശ്നോത്തരി എന്നിവയിലായിരുന്നു മത്സരങ്ങൾ . കേരളത്തിലെ വിവിധ ഉപസഭകളിൽ നിന്നും പങ്കാളി ത്തം ഉണ്ടായി. ആഗസ്ത് 15 ന്റെ സമാപന സമ്മേളനത്തിൽ പറമ്പിടി പുതുശ്ശേരി നീലകണ്ഠൻ നമ്പൂതിരി അവതരിപ്പിച്ച പ്രശ്നോത്തരി വൈവിധ്യം കൊണ്ടും സാങ്കേതികത്വത്തിലും ഉന്നതനിലവാരം പുലർത്തി.

കൊയിലാണ്ടി ഉപസഭ രാമായണ പാരായണവും കഥാപാത്രവിവരണങ്ങളുമായി കർകിടക മാസം വളരെ ചിട്ടയോടെ ആചരിച്ചു.സുധ അകപ്പുറം, പുരുഷോത്തമൻ എടവല്ല്യം എന്നിവർ നേതൃത്വം നൽകി.

ഫറോക്ക് ഉപസഭ രാമായണ മാസത്തോടനുബന്ധി ച്ച് നല്ല പ്രാതിനിധ്യത്തോടെ രാമായ ണം പ്രശ്നോത്തരി അവതരിപ്പിച്ചു. ബാലുശ്ശേരി ഉപസഭ രാമായണം കഥാകഥനം, രാമായണ കഥാ നിരൂപണം, രാമായണം കഥാപാത്ര നിരൂപണം, രാമായണം ചിത്രരചന,

രാമായണം കുടുംബ പ്രശ്നോത്തരി എന്നിവ നടത്തി. മുയിപ്പോത്ത് ഉപ സഭ ശ്രീകൃഷ്ണ ജയന്തി പ്രമാണിച്ച് നൃത്തനൃത്യങ്ങൾ, നൃത്താവിഷ്കാരം, ശ്രീകൃഷ്ണസ്തുതികൾ, കൃഷ്ണന്റെ പെയിൻറിംഗുകൾ എന്നിവ അവതരി പ്പിക്കുന്നതിൽ ചെറിയ കുട്ടികൾ മുതൽ മുത്തശ്ശിമാർ വരെ പങ്കെടുത്തു.മുക്കം ഉപസഭ ഐശ്വര്യ കാഞ്ഞിരത്തോട്ടം കോ ഓർഡിനേറ്ററായി ബാലസഭ രൂപീ കരിച്ചു. കലാപരിപാടികൾ അവതരിപ്പി ച്ചു. ആതുര ശുശ്രൂഷയുടെ ഭാഗമായി ഒരു അംഗത്തിന് 17000 രൂപ ചികിത്സാ സഹായമായി നൽകി. ഉപസഭയിലെ ഒരു അലമാറയും 9 ചെയറുകളും ജി ല്ലാ സഭക്ക് കൈമാറി.

ജില്ലാ വനിതാ സഭ ഓണാഘോഷം ഡിജിറ്റലായി ആഘോഷിച്ചു. ഫോട്ടോ കൾ എടുത്ത് വീഡിയോ നിർമ്മിച്ചും ഡിജിറ്റൽ ഓണസദ്യ തയ്യാറാക്കിയും വിവിധതരത്തിലുള്ള ഓണത്തപ്പനിവേ ദ്യ വീഡിയോവും തയ്യാറാക്കിയായി രുന്നു ഇത്തവണത്തെ ആഘോഷം. ഓണക്കളികൾ ,ഓണപ്പാട്ട്, പ്രച്ഛന്നവേ ഷം എന്നിവ ചെയ്ത് പല കുട്ടികളും വീഡിയോ അയച്ചു തന്നു.

വൈജ്ഞാനിക മേഖലയായ ശങ്ക രായണം കർക്കിടകത്തിൽ രാമായണ പാരായണവും കഥാപാത്ര നിരൂപണ വും പൂർത്തീകരിച്ചു.

വളരെ നല്ല പ്രവർത്തനമാണ് കോ ഴിക്കോട് ജില്ലയിൽ ബാലസഭ നടത്തു ന്നത്. 8 ഉപസഭകളിൽ ബാലസഭ രൂ പീകരിക്കാൻ കഴിഞ്ഞതും ബാക്കി ഉപസഭകളിൽ കോ ഓർഡിനേറ്റർമാ രെ നിയമിക്കാൻ കഴിഞ്ഞതും നേട്ടം തന്നെയാണ്. ആഗസ്ത് പതിനാലിന് ജില്ലാ ബാലസഭയുടെ ഉദ്ഘാടനം ജി ല്ലാ പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ടോപ് സിംഗർസ്റ്റാർ ശ്രീഭുവൻ ഓൺ ലൈനായി നിർവ്വഹിച്ചു .ഇതിന്റെയെ ല്ലാം മുഴുവൻ ക്രഡിറ്റും ബാലസഭാ കോർഡിനേറ്റർ ശ്രീരേഖ മാടമനക്കും ജില്ലാ സെക്രട്ടറി ശ്രീജ അരീക്കരക്കും അവകാശപ്പെട്ടതാണ്.

ജില്ലാ യുവജനസഭ കണ്ണിപറമ്പ് ഉപ സഭയിൽ മുൻ നിശ്ചയിച്ചപോലെ സ ജീവമായ വാട് സ്ആപ് ഗ്രൂപ്പ് അടക്കം നല്ലരീതിയിൽ പ്രവർത്തനങ്ങൾ മുന്നോ ട്ടുപോകുന്നു. യുവജനസഭ മുൻകൈ യെടുത്ത് നട ത്തിയ PPE കിറ്റ് ചാലഞ്ച് വൻ വിജയമായിരുന്നു.യുവജനസഭയു ടെ വേദികളായ കലാത്മിക നൃത്ത-സം ഗീത വേദിയും, യുവ സിനിമാവേദിയും നല്ലരീതിയിൽ പ്രവർത്തിക്കുന്നു. യുവ ജനസഭയുടെ സഹിത്യവേദി ആരംഭിച്ചു കഴിഞ്ഞു. ഒരു ലൈബ്രറി ആരംഭിക്കു വാനും തീരുമാനിച്ചു.

**താമരക്കുളം ദിവാകരൻ**
ജില്ലാ സെക്രട്ടറി ,
യോഗക്ഷേമസഭ , കോഴിക്കോട്
മൊബൈൽ: 9447337337

**വിദ്യാലയാനുഭവവുമായി ഒരു ടീച്ചർ**

# യാത്ര അയപ്പില്ലാതെ

**വി.എം.ഹേന, പരിയാനമ്പറ്റ**



37വർഷം. അതൊരു ചെറിയ കാലമല്ല. സെക്കൻഡ് സൂചിയേക്കാൾ വേഗതയിൽ കാലം കടന്നു പോ കുന്നു. ആരുടെ മനസ്സലും ചിതലരിക്കാത്ത ഓർമ്മകൾ വിദ്യാലയത്തെക്കുറിച്ചാവും. അധ്യാപകർക്ക് അതൊരു പുണ്യമാണ്. എന്നും വിദ്യാലയത്തിലല്ലേ.

തിരിഞ്ഞു നോക്കുമ്പോൾ സുഖമുള്ള ഓർമ്മകൾ.ഒപ്പം പുതിയ സാഹചര്യങ്ങളും അനുഭവങ്ങളും. സ്കൂളിൽ പഠിക്കുമ്പോൾ എന്തോ മത്സരത്തിന് മുളയങ്കാവ് സ്കൂ ളിൽ എപ്പഴോ വന്ന ഓർമ്മ. അദ്ധ്യാപിക ആവുമെന്ന തോന്നൽ ഉണ്ടായിരുന്നോ അന്ന്. അറിയില്ല.

പിന്നീട് ഈ സ്കൂളിന്റെ പടി കടന്നത് ഭർത്താവിന്റെ ഏട്ടനോടൊപ്പമാണ്. അദ്ധ്യാപികയായി ജോയിൻ ചെയ്യാൻ. നിറഞ്ഞൊരു കൂട്ടുകുടുംബത്തിലേക്കു കയറിവരുന്നൊരു നവവധുവിന്റെ അങ്കലാപ്പായിരുന്നു വീണ്ടും. വിവാഹം കഴിഞ്ഞു ഭർത്തൃഗൃഹവുമായിതന്നെ പൊരുത്തപ്പെട്ടു വരുന്നതേ യുള്ളു. അച്ഛനമ്മമാരേക്കാളും പ്രായം ചെന്ന അധ്യാപകർ. നിറഞ്ഞ സ്റ്റാഫ് റൂം. കാഴ്ചയിൽ എന്നേക്കാൾ മുതിർന്നതെന്നു തോന്നിക്കുന്ന ശിഷ്യർ. ആരെ യും പരിചയമില്ല.

സോഷ്യൽമീഡിയ സജീവമല്ലാത്ത നാളുകൾ അല്ലേ. ഇടക്കെപ്പോഴോ ടിടിസി സഹപാഠിയായ ഹരിദാസൻ മാഷെ ഒരു മിന്നൽ പോലെ കണ്ടു. ആശ്ചര്യ വും ഒപ്പം ഒരു നനുത്ത മഴ ചാറിയ സുഖവും. ഉച്ചക്ക് സമപ്രായക്കാരിയായ ഷീലടീച്ചറെ കണ്ടു. അമ്മയെ പോലെ സൗദാമിനി ടീച്ചർ. പിന്നെ ഉറക്കെ ഉറക്കെ ചിരിക്കുന്ന ഇബ്രാഹിം മാഷ്. അമ്മയുടെ സുഹൃത്ത് ഗോവിന്ദൻകു ട്ടി മാഷ്. മഞ്ഞുരുകാൻ തുടങ്ങി മെല്ലെ മെല്ലെ.

നാലാം ക്ലാസ്സ് ആയിരുന്നു ആദ്യം അനുവദിച്ചു തന്ന കളരി. എവിടെ തു ടങ്ങണം എന്നറിയാതെ പകച്ചു നിന്ന നിമിഷങ്ങൾ. ഒന്നുറപ്പാണ്. ആ ക്ലാ സ്സിലെ കുട്ടികളാരും എന്നെ ശപിച്ചിട്ടില്ല. അവിടുന്നിങ്ങോട്ട് വലിയ പരിക്കു കളില്ലാതെ ഇവിടെ വരെ എത്തിയത് ആ പുണ്യം കൊണ്ടാണ്. സുവർണ്ണ കാലം തന്നെയായിരുന്നു പിന്നെ. കലയിലും സാഹിത്യത്തിലും എന്നുവേണ്ട ഏതുമേഖലയിലും എണ്ണം പറഞ്ഞ സഹപ്രവർത്തകർ. നിറഞ്ഞൊഴുകുന്ന ക്ലാസ്സ് മുറികൾ. ഒഴിവുസമയങ്ങളിൽ നിന്നുതിരിയാൻ ഇടം ഇല്ലാതെ നിറയുന്ന സ്കൂൾ മൈതാനം. തൊട്ടതൊക്കെ പൊന്നാക്കി വരുന്ന ശിഷ്യഗണങ്ങൾ . നാടകവും തിരുവാതിരകളിയുമായി കലോത്സവനാളുകൾ. അതിലൊക്കെ നമ്മുടെ കൈയൊപ്പിനും അവസരം തരുന്ന സഹപ്രവർത്തകർ. ആഗ്രഹി ച്ചതിലും അപ്പുറത്തായിരുന്നു, സ്വപ്നതുല്യമായിരുന്നു ആ നാളുകൾ രണ്ടാ യിരത്തിനടുത്ത കുട്ടികളും മുപ്പത്തിയഞ്ചോളം അധ്യാപകരും.

മാനേജരുടെ മരണത്തിന്റെ രൂപത്തിൽ കാറ്റ് വളരെ പെട്ടെന്നായിരുന്നു മാറി വീശാൻ തുടങ്ങിയത്. പരസ്പരധാരണയുടെ കുറവും, താങ്ങും തണലും ആവേണ്ടിയിരുന്നവരുടെ അലസതയും തളർച്ചയിലേക്കു കൂപ്പുകുത്താൻ അ ധികം വേണ്ടിവന്നില്ല. എങ്കിലും സഹവർത്തിത്വം അതൊന്നുകൊണ്ടുമാത്രം അതിജീവിച്ചു. കാലം നഷ്ടപ്പെടുത്തിയ സൗഭാഗ്യങ്ങൾ ഓരോന്നായി തിരി ച്ചെടുക്കാനായി.

തിരിഞ്ഞു നോക്കുമ്പോൾ സംതൃപ്തിയുണ്ട്. സർവീസ് ജീവിതത്തിലെ ഒരു ദിവസം പോലും വേണ്ടെന്നു തോന്നിയിട്ടില്ല. നേടിയതും തേടിയതും വന്നുചേർന്നതും ഒന്നും. നന്ദി കാലത്തിനോടണ്. ഈ കാലത്തു എന്നെ പ്രിയപ്പെട്ടവർക്കും എനിക്കു പ്രിയപ്പെട്ടവർക്കും ഒപ്പം എന്നെ നടത്തിയതിന്. വിദ്യാലയഇടനാഴികളിൽ ഒരുപാട് തവണ പേരുവിളിച്ചും ചേർത്തുനിർത്തി യും കടന്നുപോയ കുഞ്ഞുമക്കൾ ഏറെ.

പക്ഷേ ഇന്ന് എന്റെ ചിന്തകൾ അവരെക്കുറിച്ചല്ല. വിദ്യാലയനാളുകളിൽ ക്ലാ സ്സ്മുറികളിൽ ഉണ്ടായിട്ടും ഒന്നു ചേർത്തു നിർത്താതെ ഒരു നോട്ടം പോലും നൽകാതെ പടിവാതിൽ വിട്ടു നടന്നപ്പോൾ ഒരു യാത്രപോലും പറയാതെ പിരിഞ്ഞ ചിലർ ഉണ്ടാവുമോ. ഇപ്പോൾ എവിടെയാണെന്നോ എങ്ങനെയാ ണെന്നോ അറിയാത്ത, ഓർമ്മകളിൽ തെളിയുന്ന മുഖം പോലും ഇല്ലാത്ത ശിഷ്യർ ഉണ്ടാകുമോ. ഉണ്ടാവാതിരിക്കട്ടെ.ക്ലാസ്സ് മുറികളിൽ അവരവരുടെതാ യ നിമിഷങ്ങൾ നഷ്ടപ്പെട്ട ആരും ഇല്ലാതിരിക്കട്ടെ. എന്നും

( ഹേന വി എം. പരിയാനംപറ്റമന. കുലുക്കല്ലൂർ. പാലക്കാട് ജില്ല 9495743188 )

# ആഗസ്റ്റ് 25 വേർപാടിന്റെ രണ്ടാം വർഷം



## വിഷ്ണു നമ്പൂതിരി

പാലക്കാട്ടില്ലം, തൃക്കുറ്റിശ്ശേരി

സ്നേഹാഞ്ജലികളോടെ

**ഭാര്യ ഉമാദേവി**

മക്കൾ: ശ്രീരേഖ, ശ്രീകല, ശ്രീവിദ്യ

പേരക്കുട്ടികൾ: അഖിൽ വിഷ്ണു, ആതിര, ആർദ്ര, ഭദ്ര, തീർത്ഥ

# പുസ്തക പ്രകാശനം

**മാന്തിട്ട വിഷ്ണു നമ്പൂതിരി രചിച്ച ചിത്രജാലകം എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം 25/06/2021 ന് തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങിലുള്ള മാന്തിട്ട ഇല്ലത്തു വെച്ച് വടക്കുന്നാഥ ക്ഷേത്രം തന്ത്രി ബ്രഹമശ്രീ പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാട് നിർവ്വഹിച്ചു. ശ്രീ സുധാകരൻ മൂർത്തിയേടം പുസ്തകത്തിന്റെ ആദ്യത്തെ കോപ്പി സ്വീകരിച്ചു. ഗുരുവായൂർ ക്ഷേത്രത്തിലെ മുൻ മേൽശാന്തി ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരി ആശംസകളർപ്പിച്ചു. ശ്രീ ജാതവേദൻ ഭട്ടതിരിപ്പാട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. മഹിത പരമേശ്വരന്റെ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ബ്രഹ്മശ്രീ മാന്തിട്ട വിഷ്ണു നമ്പൂതിരി(സീനിയർ) ഭദ്രദീപം തെളിയിച്ചു. ഡോ. എം എസ് പരമേശ്വരൻ നമ്പൂതിരി നന്ദിയും പ്രകാശിപ്പിച്ചു.**

അഡ്രസ്സ്:

M.V. Vishnu Namboothiri, Manthitta Mana,
(P.O.) VenkiTangu, (Dist.) Thrissur
(P.I.N.) 680 510,
Contact Number : 8714839298

വില: Rs.400/-

Punjab National Bank, Pavaratty Branch,
Account No : 4333000100098326
IFSC Code : PUNB0433300, Google pay
Mobile Number 9446967893, (Anitha A)





### വേളി കഴിക്കണമെങ്കിൽ മന്ത്രം മുഴുവൻ മനഃപാഠമാക്കണം

# അതായിരുന്നു നിബന്ധന

**വേളി കഴിക്കാൻ വേണ്ടി വേളി മന്ത്രം മുഴുവൻ പഠിക്കേണ്ടി വരിക. അപൂർവമായിരുന്നു ആ അനുഭവം. വേളി മന്ത്രമല്ല വേദം മുഴുവനും പഠിച്ചാലേ പെണ്ണിനെ തരൂ എന്നായിരുന്നു കണ്ടീഷൻ വച്ചിരുന്നതെങ്കിൽ അതിനും തയ്യാറായിരുന്നു അന്ന്. കാരണം ആ പെൺകുട്ടിയോടുള്ള അഭിനിവേശം അസ്ഥിയിൽ പിടിച്ച കാലമായിരുന്നു.**



*പൊത്തോപ്പുറം കേശവൻ ജയന്തനും പത്നി ജയശ്രീയും*

## പൊത്തോപ്പുറം കേശവൻ ജയന്തൻ

ഡൽഹിയിൽ വച്ചായിരുന്നു അത്. ആ പെൺകുട്ടിയെ ആദ്യമായി കണ്ടുമുട്ടിയത്. വേളി മന്ത്രം പഠിക്കേണ്ടി വന്നതിന് കാരണക്കാരൻ അവളുടെ ഏട്ടനും.

അച്ഛൻ 1979-ൽ വിഷ്ണുപദം പൂകിയതിനു ശേഷമായിരുന്നു അനുജത്തി ഗിരിജയുടെ വിവാഹം. പിന്നീട് അമ്മയെ ഡൽഹിക്കു കൊണ്ടുപോന്നു. നേതാജി നഗറിൽ വാടകവീട്ടിൽ താമസം തുടങ്ങി. രാമകൃഷ്ണപുരം (ആർ കെ പുരം) അയ്യപ്പ ക്ഷേത്രത്തിലേക്ക് അവിടെനിന്നും നടക്കാവുന്ന ദൂരമേയുള്ളൂ. പല ദിവസങ്ങളിലും, പ്രത്യേകിച്ച് ശനി, ഞായർ ദിവസങ്ങളിൽ, അമ്പലത്തിൽ തൊഴാൻ പോവാറുണ്ട്. ഹിന്ദി അറിയില്ലായിരുന്ന അമ്മക്ക് ഒന്നു വെളിയിൽ ഇറങ്ങി നടക്കാനും നാലു മലയാളികളെ കാണാനും സംസാരിക്കാനും പറ്റിയ അവസരം കൂടിയായിരുന്നു അത്. അമ്പലത്തിൽ വച്ച് മേൽശാന്തി പാലക്കുളം ത്രിവിക്രമൻ ഉണ്ണിയുടെ കുടുംബാംഗങ്ങളെയും അമ്മ പരിചയപ്പെട്ടു.

ത്രിവിക്രമൻ ഉണ്ണിയുടെ ഭാര്യ ഭദ്രയുടെ സഹോദരി ജയശ്രി ജോലി അന്വേഷിച്ചു വന്നിട്ടുണ്ടായിരുന്നു. ഏട്ടൻറെയും ഏടത്തിയുടെയും കൂടെയായിരുന്നു താമസം. ആ കുട്ടിക്ക് വിവാഹാലോചനകൾ തുടങ്ങിയിരുന്നു. സംസാരത്തിനിടക്ക് ഞങ്ങളുടെ കാര്യവും ഇടക്കെപ്പോഴോ പൊങ്ങി വന്നു. ഞങ്ങളുടെ നാളുകൾ ഒത്തു നോക്കി, ചേരുമെന്നു കണ്ടു. (ഈയുള്ളവൻറെ തലക്കുറി എന്നേ നഷ്ടപ്പെട്ടിരുന്നു!)

ഒരു ദിവസം അമ്പലത്തിൽ നിന്നു മടങ്ങുന്ന വഴി അമ്മ പറഞ്ഞു, □നിനക്കു വേണ്ടി മേൽശാന്തിയുടെ ഭാര്യയുടെ അനുജത്തിയുടെ ആലോചന വന്നിട്ടുണ്ട്. എന്നോടവർ ചോദിച്ചു. നിന്നോടു ചോദിച്ചിട്ടു പറയാമെന്നു പറഞ്ഞു.□

**കാണാൻ തരക്കേടില്ലെന്നും മിടുക്കിയാണെന്നുമൊക്കെ ഈ കുട്ടിയെപ്പറ്റി മുമ്പു തന്നെ കേട്ടിരുന്നു. അപ്പോൾത്തന്നെ മോഹത്തിൻറെ ഒരു ചെറിയ വിത്ത് ഉള്ളിൽ പൊട്ടി മുളച്ചിരുന്നു. അമ്മയുടെ വാക്കുകൾ അതിനു വെള്ളമൊഴിച്ചു, വളവും ഇട്ടു.**

അമ്മ തുടർന്നു, □ഞാൻ കുട്ടിയെ കണ്ടു. നല്ല കുട്ടി. നിനക്കു ചേരും.□ ഈശ്വരാ, ആ ചെടി വളരാനും തുടങ്ങിയല്ലോ!

അതു ശരി, അപ്പോൾ പെണ്ണു കാണലൊക്കെ കഴിഞ്ഞിട്ടാണ് അഭിപ്രായം ചോദിക്കുന്നത്! അൽപം നീരസം ഭാവിച്ചു. ഒരൊഴുക്കൻ മട്ടിൽ പറഞ്ഞു, □ങാ, അമ്മക്കു നല്ലതെന്നു തോന്നുന്നുണ്ടെങ്കിൽ ആലോചിച്ചോളൂ.□

പിന്നീട് സൂത്രത്തിൽ കുട്ടിയുടെ പേരും ഓഫീസിന്റെ വിവരങ്ങളും അമ്മയോടു ചോദിച്ചു മനസ്സിലാക്കി. പിറ്റേന്ന് ഓഫീസിൽ എത്തിയതും ടെലഫോൺ ഡയറക്ടറിയിൽ ജയശ്രീയുടെ ഓഫീസിൻറെ ഫോൺ നമ്പർ തിരഞ്ഞു. 1980കളിൽ മൊബൈൽ ഫോണും ഇന്റർനെറ്റും മറ്റും സ്വപ്നങ്ങളിൽ പോലും എത്തിയിരുന്നില്ല. ലാൻഡ്ലൈൻ തന്നെ ശരണം. ഫോൺ ഉള്ളവരുടെ പേരും വിലാസവും ഫോൺ നമ്പറും രേഖപ്പെടുത്തിയ 3000-ൽ പരം പേജുകളുള്ള വമ്പൻ ഡയറക്ടറിയായിരുന്നു അക്കാലത്തു ഫോൺ ഉപയോഗിക്കുന്നവരുടെ ജീവനാഡി.

ഉച്ചഭക്ഷണത്തിന് എല്ലാവരും പുറത്തു പോയ സമയത്ത്, പടപടാ മിടിക്കുന്ന ഹൃദയത്തോടെയും വിറയ്ക്കുന്ന കരങ്ങളോടെയും ദാമോദർ സൺസിന്റെ നമ്പർ ഡയൽ ചെയ്തു ജയശ്രീയോടു സംസാരിച്ചു. പേരു പറഞ്ഞിട്ട് ഇത്രയും കൂടി പറഞ്ഞു, □ഇന്നലെ അമ്മ അവിടെ വന്നിരുന്നില്ലേ, കാണാൻ?□

ജയശ്രീക്ക് ആളെ മനസ്സിലായി. ഒന്നു കണ്ടാൽ കൊള്ളാമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. വേണ്ടെന്നു പറഞ്ഞില്ല. ഇവിടെ തോന്നിയ ആഗ്രഹം അവിടെയും ഉണ്ടായിരുന്നിരിക്കണം. വൈകീട്ട് പ്ലാസ സ്റ്റോപ്പിൽ നിന്നാണു ബസ്സിൽ കയറാറുള്ളതെന്നു പറഞ്ഞു. പിറ്റേന്നു വൈകീട്ട് സ്റ്റോപ്പിൽ വച്ചു കാണാമെന്ന ധാരണയിലെത്തി.

പിറ്റേന്ന് പ്ലാസ സ്റ്റോപ്പിലെ ബസ്സ് കാത്തിരിപ്പു കേന്ദ്രത്തിൽ അക്ഷമനായി നിലയുറപ്പിച്ചു. ബസ്സിൽ കയറാനുള്ളവരുടെ ഒരു നീണ്ട വരി അപ്പോൾ തന്നെ ഉണ്ടായിരുന്നു. ചുറ്റുപാടും ഒന്നു കണ്ണോടിച്ച്, അവിടെയെങ്ങും □ആ□ സുന്ദരി ഇല്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം വരിയിൽ തന്നെ ശ്രദ്ധിച്ചു. വരിയിൽ നിൽക്കുന്നവരാരും ഈയുള്ളവൻ അന്വേഷിക്കുന്ന ആൾ അല്ലെന്നു മനസ്സു പറഞ്ഞു. ഓരോ മിനിറ്റിനും ഓരോ മണിക്കൂറിന്റെ ദൈർഘ്യം തോന്നി.

ഇതു വരെയും തമ്മിൽ കണ്ടിട്ടില്ലാത്തതുകൊണ്ട് കണ്ടാൽ തിരിച്ചറിയുമോ എന്ന ശങ്ക ഒരു വശത്ത്, എങ്ങനെയും കണ്ടേ അടങ്ങൂ എന്ന വാശി മറുവശത്ത്. കുറെ സമയമായിട്ടും കാണാത്തപ്പോൾ പരിഭ്രമിച്ചു.

□എവിടെ? എവിടെ?□□ എന്നോർത്തു വിഷമിച്ചിരിക്കുമ്പോഴാണ് ബസ്സ് സ്റ്റോപ്പിലേക്ക് മന്ദം മന്ദം അൽപം പരിഭ്രമത്തോടുകൂടി നടന്നു വരുന്ന ആ കുട്ടിയെ ശ്രദ്ധിച്ചത്. പൊക്കം കുറഞ്ഞു, കറുത്ത ദാവണി ധരിച്ച്, നാണം കുണുങ്ങിയായ ഒരു തനി നാടൻ മലയാളി പെൺകുട്ടി! അവൾ നേരെ നടന്നു കയറിയത് ഈയുള്ളവന്റെ ലോലഹൃദയത്തിൻറെ ഉള്ളറകളിലേക്കാണെന്നു പറഞ്ഞാൽ തെറ്റാവില്ല. വന്ന ഉടൻ തന്നെ അവൾ വരിയുടെ വാലറ്റത്തു നിലയുറപ്പിച്ചു.

ഹൃദയമിടിപ്പ് കൂടി. കാലിൽ അൽപം വിറയൽ ബാധിച്ചോ? □ഇവൾ തന്നെ, ഇവൾ തന്നെ□, എന്നു മനസ്സ് വിളിച്ചു പറഞ്ഞപ്പോഴും ഒന്നു മടിച്ചു. അവളിൽ നിന്നു കണ്ണെടുക്കാനും തോന്നിയില്ല. ഒടുവിൽ ആ കുട്ടി മടിച്ചും ശങ്കിച്ചും പരിഭ്രമിച്ചും ചുറ്റുപാടും നോക്കുന്നതും ബസ്സു കാത്തിരിപ്പു കേന്ദ്രത്തിലേക്കു രണ്ടു മൂന്നു തവണ കണ്ണുകൾ പായിക്കുന്നതും കണ്ടപ്പോൾ തീരുമാനിച്ചു, □ഇതവൾ തന്നെ. ഇനി കാത്തിരിക്കുന്നതിൽ അർത്ഥമില്ല, ചെന്നു നേരിടുക തന്നെ□.

അപ്പോഴേക്കും ആറേഴുപേർ കൂടി വരിയിൽ അണി നിരന്നു കഴിഞ്ഞിരുന്നു. ധൈര്യം സംഭരിച്ച് സമീപിച്ചു. അടുത്തു ചെന്നു നിന്നപ്പോൾ അവൾ ഒന്നുകൂടി പരിഭ്രമിച്ചെന്നു തോന്നി.

□ജയശ്രീയല്ലേ?□ മുഖവുരയുടെ ആവശ്യമൊന്നും തോന്നിയില്ല.

□ഉം□, മടിച്ചു മടിച്ചൊന്നു മൂളിയപ്പോഴാണ് ശ്വാസം നേരെ വീണത്.

□ജയന്തൻ□, എന്ന് സ്വയം പരിചയപ്പെടുത്തി.

അടുത്തെത്തിയപ്പോഴാണ് ചീകാത്ത മുടിയും മേക്കപ്പ് ഇല്ലാത്ത മുഖവും (ഒരു പൊട്ടു മാത്രം തൊട്ടിരുന്നു) മറ്റും ശ്രദ്ധിച്ചത്.

എന്തൊക്കെയോ സംസാരിച്ചു. വരിയുടെ ഇടയ്ക്കു കയറുന്നതിൽ നിന്ന് ആരും തടഞ്ഞില്ല. അതുകൊണ്ട് ഈയുള്ളവൻ വരിയിൽ ജയശ്രീയുടെ പിറകിൽ സ്ഥാനം പിടിച്ചു.

മുമ്പിൽ നിന്നിരുന്നവരിൽ ഭൂരിഭാഗവും മുമ്പു വന്ന ബസ്സിൽ കയറി പോയിരുന്നതിനാൽ ഞങ്ങൾ വരിയുടെ ഏകദേശം മുമ്പിൽ എത്തിയിരുന്നു. അതുകൊണ്ട് ബസ്സിൽ കയറിയപ്പോൾ ഇഷ്ടം പോലെ കാലി സീറ്റുകൾ ഉണ്ടായിരുന്നു.

**ജയശ്രീയാണ് ആദ്യം കയറിയത്. എന്തെങ്കിലും സാധാരണ സീറ്റിൽ പോയി ഇരിക്കുമെന്നും അപ്പോൾ അടുത്തിരിക്കാമെന്നും വെറുതെ സ്വപ്നം കണ്ടു. സ്ത്രീകളും പുരുഷന്മാരും ഒരു സീറ്റിൽ ഇരുന്നു യാത്ര ചെയ്യുന്നത് വടക്കെ ഇന്ത്യയിൽ സർവ്വസാധാരണമാണ്. എന്നാൽ കേറിയ ഉടൻ തന്നെ അവൾ സ്ത്രീകൾക്കു മാത്രമായുള്ള ഒരു സീറ്റിൽ പോയി സ്ഥാനം പിടിച്ചു. ആദ്യദിവസം തന്നെ നിരാശനാകാനായിരുന്നു വിധി.**



*വിവാഹസമയത്തെ ഫോട്ടൊ*

വൈകീട്ട് ഓഫീസിൽ നിന്ന് തിരിച്ചു പോരുമ്പോൾ ജയശ്രീയോടൊപ്പം യാത്ര ചെയ്യുന്നതു പതിവാക്കി. പിന്നെപ്പിന്നെ ആദ്യം എത്തുന്നയാൾ ക്യൂവിൽ നിൽക്കാതെ മാറിനിൽക്കാൻ തുടങ്ങി. രണ്ടു പേരും എത്തിക്കഴിയുമ്പോൾ ക്യൂവിൽ ചേരും. മൂന്നു നാലു ദിവസം കഴിഞ്ഞപ്പോൾ, പരിചയക്കേടു കുറഞ്ഞെന്നു തോന്നി. സാധാരണ സീറ്റിൽ ഇരിക്കാമെന്നു പറഞ്ഞപ്പോൾ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു.

ഡൽഹിയിലുള്ള മറ്റു ബന്ധുക്കളെ കാണിക്കാനായി അമ്മ ജയശ്രീയുടെ ഒരു ഫോട്ടോ ചോദിച്ചു വാങ്ങിച്ചിരുന്നു. വെള്ള നിറത്തിൽ പൂക്കളും ഇലകളും മറ്റും നിറഞ്ഞ സാരിയുടുത്തുകൊണ്ടുള്ള ഫോട്ടോ. കണ്ടിട്ടും കണ്ടിട്ടും മതിയായില്ല. ഓഫീസിൽ പോകുമ്പോൾ അതും കൊണ്ടു പോകുക പതിവായിരുന്നു. രണ്ടു നിലകളുള്ള ബസ്സിലാണു സാധാരണ കേറുക പതിവ്. മുകളിലെ നിലയിൽ ഏറ്റവും മുമ്പിലെ സീറ്റിൽ പോയി ഇരിക്കും. ഇറങ്ങാറാകുന്നതു വരെ ആ ഫോട്ടോയിൽ നോക്കി മൗനമായി സല്ലപിച്ചു കൊണ്ടിരിക്കുമ്പോൾ, സ്വപ്നങ്ങൾ പങ്കു വച്ചുകൊണ്ടിരിക്കുമ്പോൾ, സമയം പോകുന്നത് അറിയുകയേയില്ലായിരുന്നു.

ഒരു പ്രവൃത്തി ദിവസം ആരെയോ കാണിക്കാൻ വേണ്ടി അമ്മ ആ ഫോട്ടോക്കു വേണ്ടി മുറി മുഴുവൻ പരതി. കിട്ടിയില്ല. വൈകീട്ട് ഓഫീസിൽ നിന്നു വന്നപ്പോൾ ഡയറിയിൽ നിന്ന് അമ്മ ആ ഫോട്ടോ കണ്ടെ(ട്ടെ)ടുത്തു. സ്ഥിരമായി കുട്ടിയുടെ ഫോട്ടോയും കയ്യിൽ വച്ചു നടക്കുന്നത് അത്ര ശരിയല്ലെന്ന് അമ്മക്കു തോന്നിക്കാണണം.

അമ്മ അന്നേരം തന്നെ അതെടുത്ത് ഒളിച്ചു വച്ചു!

പിറ്റേന്ന് ബസ്സിലിരുന്ന് ഡയറിയിൽ തിരഞ്ഞപ്പോൾ ഫോട്ടോ കണ്ടില്ല. ഓരോ താളും മറിച്ചു നോക്കി. ഡയറി വച്ചിരുന്ന തോൾ സഞ്ചിയിലും അതിലുണ്ടായിരുന്ന മറ്റു കടലാസുകളുടെ കൂട്ടത്തിലും എല്ലായിടത്തും നോക്കി. ഒരിടത്തു നിന്നും ഫോട്ടോ കിട്ടിയില്ല. ഈശ്വരാ, ഇനിയെന്തു ചെയ്യും? തലയിൽ ഇടിത്തീ വീഴുക എന്നൊക്കെ കേട്ടിട്ടേയുണ്ടായിരുന്നുള്ളു, അന്ന് അതനുഭവിച്ചു. അന്നു മുഴുവൻ ആ ഫോട്ടോയുടെ കാര്യം മാത്രമായിരുന്നു ചിന്ത.

വൈകുന്നേരം തിരികെയെത്തിയപ്പോൾ, മുഖത്തെ വിവശത കണ്ടിട്ടായിരിക്കാം അമ്മ ചോദിച്ചു, □എന്തു പറ്റി? നിനക്കു സുഖമില്ലേ?□

□ഓ, ഒന്നുമില്ല□, എന്നു പറഞ്ഞ് ഒഴിഞ്ഞു മാറി.

പിന്നീട് സൂത്രത്തിൽ, അമ്മ കാണാതെ, മുറിയിലുണ്ടായിരുന്ന മേശയിൽ തിരഞ്ഞു. ഒരു പുസ്തകത്തിൽ വച്ചിരുന്ന ഫോട്ടോ കണ്ടപ്പോഴാണ് ശ്വാസം നേരെ വീണത്. അത് അമ്മയെടുത്ത് ഒളിച്ചു വച്ചതാണെന്നും മനസ്സിലായി. അതിൽ പിന്നെ ഫോട്ടോ ഓഫീസിൽ കൊണ്ടുപോകുന്ന പരിപാടി നിർത്തി. അല്ലെങ്കിൽത്തന്നെ, അപ്പോഴേക്കും ആ ഫോട്ടോ മാത്രമല്ല ജയശ്രീ തന്നെയും ഇനി അടർത്തി മാറ്റാനാവാത്ത വിധം മനസ്സിൽ പതിഞ്ഞു കഴിഞ്ഞിരുന്നു. ഫോട്ടോ കയ്യിലില്ലാതെയും സ്വപ്നങ്ങൾ കാണാമെന്ന പാഠവും പഠിച്ചു.

ആദ്യദിവസം തമ്മിൽ കണ്ടതു മുതലുള്ള എല്ലാ കാര്യങ്ങളും ജയശ്രീ ഏടത്തിയോടും ഏട്ടനോടും പറയാറുണ്ടായിരുന്നു. കാര്യങ്ങൾ കേട്ടപ്പോൾ ഏടത്തിക്കു വലിയ അങ്കലാപ്പായി. ഏട്ടത്തി അങ്ങനെയാണ്, പരിഭ്രമിക്കാൻ പ്രത്യേകിച്ചു കാരണമൊന്നും വേണ്ട. വിവാഹം ആലോചിക്കുകയും ഏറെക്കുറെ തീരുമാനമായി എന്ന നിലയിൽ എത്തുകയും ചെയ്തുവെങ്കിലും ബസ്സ് സ്റ്റോപ്പിലും മറ്റും വച്ചു തമ്മിൽ കാണുന്നതും സംസാരിക്കുന്നതും ഒരുമിച്ചു യാത്ര ചെയ്യുന്നതും മറ്റും ഏടത്തിക്ക് അത്രക്കങ്ങോട്ടു ദഹിച്ചില്ല.

□ഇതൊന്നും അത്ര ശരിയല്ല□, എന്നൊക്കെ പിറുപിറുക്കുകയും മറ്റും ഉണ്ടായി പോലും.

എന്നാൽ ഏട്ടൻ പറഞ്ഞത്, □ഇനിയിപ്പോൾ അയാൾ എന്തു ചെയ്താലും ഒരു വിരോധവുമില്ല, എനിക്കൊരു പേടിയുമില്ല□, എന്നായിരുന്നത്രെ. ചൂണ്ടയുടെ കൊളുത്തിൽ കടിച്ച മത്സ്യം രക്ഷപ്പെടില്ലെന്ന് ഏട്ടന് അറിയാമായിരുന്നു; ചൂണ്ടക്കോൽ ആണെങ്കിൽ അവരുടെ കയ്യിലും. ആ ചൂണ്ടക്കോലിന്റെ ബലത്തിലാണ് വേളി മന്ത്രം പഠിക്കണമെന്ന നിബന്ധന വച്ചത്.

അന്നൊരു ബുധനാഴ്ചയായിരുന്നു. അതോ വ്യാഴാഴ്ചയോ? ഓർമ്മയില്ല. അവധിയെടുത്തു, എന്തായാലും. ജയശ്രീയുടെ ഏട്ടൻ തലേ ദിവസം പറഞ്ഞിരുന്നു, □നാളെ ഇങ്ങോട്ടൊന്നു വരൂ, ഒരു ചെറിയ കാര്യമുണ്ട്.□

ഉള്ളിൽ ഒരാളൽ! ഈശ്വരാ, ഇപ്പോഴെന്താണാവോ? എന്തെങ്കിലും കുഴപ്പം ഉണ്ടാകുമോ? വേളി നിശ്ചയിച്ചത് ഒരാഴ്ച്ച മുമ്പാണ്. ജയശ്രീയുടെ ചേച്ചിയെ വേളി കഴിച്ച ഏട്ടനാണ് വിളിക്കുന്നത്. അവരുടെ കൂടെയാണ് ജയശ്രീ താമസിക്കുന്നതും. ജയശ്രീയെ ഇടക്കിടക്ക് (മിക്കവാറും എന്നും തന്നെ എന്നർത്ഥം!) കാണാറും സംസാരിക്കാറുമുണ്ട്. ഇനി ആ കുട്ടി ഏട്ടനോട് എന്തെങ്കിലും പരാതി പറഞ്ഞിരിക്കുമോ? അരുതാത്തതെന്തെങ്കിലും എപ്പോഴെങ്കിലും ഈയുള്ളവൻ പറഞ്ഞുപോയോ? ആലോചിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല. എന്താ കാര്യമെന്നൊട്ടു പറഞ്ഞുമില്ല, ചോദിക്കാൻ മടിയും പേടിയും.

ഭയപ്പാടോടെയാണ് പിറ്റേന്ന് ചെന്നത്, ഒരു കുറ്റവിചാരണക്കു ചെല്ലുന്നതുപോലെ. ഒരു സർക്കാർ ഉദ്യോഗസ്ഥൻറെ ഔദ്യോഗിക വസതിയിലെ ഒരു മുറി വാടകക്കെടുത്താണ് അവർ താമസിച്ചിരുന്നത് – ഏട്ടനും ഏടത്തിയും രണ്ടു കുട്ടികളും പിന്നെ ജയശ്രീയും. ചെന്നപ്പോൾ ഏട്ടൻ വരാന്തയുടെ അരമതിലിൽ ഇരിപ്പുണ്ടായിരുന്നു. □ങാ, ജയന്തൻ വന്നല്ലോ. ഇരിക്കൂ.□

**അരമതിലിൽ ഇരുന്നു. ഏട്ടൻറെ മുഖത്തു ദേഷ്യമൊന്നും കാണുന്നില്ല. ചിരിച്ചുകൊണ്ടാണ് സംസാരിച്ചതും. അപ്പോൾ തന്നെ അൽപ്പം ആശ്വാസമായി. എന്നാൽ ആ ആശ്വാസം ഉത്ക്കണ്ഠക്കു വഴി മാറാൻ വലിയ താമസമൊന്നുമുണ്ടായില്ല. ഏട്ടൻ കൈയിലുന്ന ചടങ്ങു പുസ്തകം കാണിച്ചിട്ടു പറഞ്ഞു, വേളിക്കു ചൊല്ലാനുള്ള മന്ത്രങ്ങളൊക്കെ കാണാതെ പഠിക്കണം. എങ്കിലേ വേളി നടക്കൂ.**

ഉള്ളിൽ ഒരാളൽ! ഈശ്വരാ, മന്ത്രങ്ങളൊക്കെ കാണാതെ പഠിക്ക്യേ?! അങ്ങനെ കേട്ടിട്ടു പോലുമില്ലല്ലോ. പതിവായി ചെയ്യുന്ന ഷോഡശക്രിയകൾക്കും പൂജകൾക്കും മറ്റുമുള്ള മന്ത്രങ്ങൾ കാണാതെ പഠിക്കണം, അതറിയാം. കുറെയൊക്കെ പഠിച്ചിട്ടുണ്ടു താനും. പ്രയോഗത്തിൽ വരുത്തിയിട്ടുമുണ്ട്. എന്നാൽ ജീവിതത്തിൽ ഒരിക്കൽ മാത്രം ചെയ്യുന്ന വിവാഹത്തിന്റെ മന്ത്രങ്ങൾ ഹൃദിസ്ഥമാക്കണമെന്നു പറയുന്നത് അൽപം കടന്ന കയ്യായിപ്പോയി. എന്നാൽ ഏട്ടനെ ദേഷ്യപ്പെടുത്താനും കഴിയില്ല. പുത്തരിയിൽ തന്നെ കല്ലു കടിക്കാതിരിക്കുന്നതല്ലേ നല്ലത്? എന്തായാലും അന്നു മുഴുവൻ അവിടെയിരുന്ന് ഏട്ടൻ പറഞ്ഞു തന്ന മന്ത്രങ്ങൾ പല ആവർത്തി ഉരുവിട്ടു.

ഒരു ഞായറാഴ്ച പോരായിരുന്നോ, എന്തിനാണ് ഒരു പ്രവൃത്തി ദിവസം അവധി എടുപ്പിച്ചത് എന്നൊക്കെ ആലോചിച്ചു. എന്നാലത് ഏട്ടനോടു ചോദിക്കാനുള്ള ധൈര്യം ഇല്ലായിരുന്നു താനും. ഒടുവിൽ അതിനുള്ള മറുപടിയും സ്വയം കണ്ടെത്തി. ഞായറാഴ്ച ആണെങ്കിൽ ജയശ്രീ വീട്ടിൽ ഉണ്ടാകും. കണ്ണും കാതും മനസ്സും ജയശ്രീയെ അന്വേഷിച്ചു കൊണ്ടേയിരിക്കും; മന്ത്ര പഠനത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞെന്നു വരില്ല. അതറിഞ്ഞു കൊണ്ടു തന്നെ ആയിരിക്കണം ഒരു പ്രവൃത്തി ദിവസം വിളിപ്പിച്ചത്.

□നിങ്ങൾക്കു വേറെ പണിയൊന്നുമില്ലേ? ആ പാവത്തിനെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്തിനാ?□ എന്നൊക്കെ ഏടത്തി ഇടക്ക് അകത്തു നിന്ന് ഏട്ടനെ ശകാരിക്കുന്നുണ്ടായിരുന്നു.

ഈശ്വരാ, ഏട്ടൻ കാര്യമായി പറഞ്ഞതായിരിക്കുമോ? മന്ത്രങ്ങൾ പഠിച്ചില്ലെങ്കിൽ വേളി നടക്കില്ലായിരിക്കുമോ?

ഒരു ദിവസം മുഴുവൻ ചിലവഴിച്ച് മന്ത്രങ്ങൾ ആവർത്തിച്ച് ഉരുവിട്ടെങ്കിലും അവയൊന്നും തന്നെ കാര്യമായി മനഃപാഠമാക്കിയെന്നു പറയാനാവില്ല. (ഭാഗ്യവശാൽ പരീക്ഷയൊന്നും ഉണ്ടായില്ല!) എങ്കിലും വേളി സമയത്ത് മന്ത്രങ്ങൾ ചൊല്ലിത്തന്നപ്പോൾ ആത്മവിശ്വാസത്തോടേയും തെറ്റില്ലാതേയും എളുപ്പത്തിലും അവ ആവർത്തിക്കാൻ കഴിഞ്ഞു. ഒരു പക്ഷേ ഏട്ടനും അത്രയേ ഉദ്ദേശിച്ചിട്ടുണ്ടാവൂ. വേളി നടക്കില്ലെന്നൊക്കെ ഒന്നു പേടിപ്പിക്കാൻ പറഞ്ഞെന്നു മാത്രം.

അങ്ങനെ 1981 ഫെബ്രുവരി എട്ടാം തീയതി ഞായറാഴ്ച രാവിലെ ഡൽഹിയിലെ രാമകൃഷ്ണപുരത്തുള്ള അയ്യപ്പ ക്ഷേത്രത്തിൽ വച്ച് ഞങ്ങൾ ഒന്നായി.

ഈ ഏട്ടൻ ഗുരുകുല വിദ്യാഭാസ രീതിയിൽ ഏഴു വർഷം സംസ്കൃതം പഠിച്ചിട്ടുണ്ട്. അത്യാവശ്യം ജ്യോതിഷവും അറിയാം. സ്വസ്തിയുടെ വരിക്കാരനുമാണ്. ത്രിവിക്രമൻ ഉണ്ണി, പാലക്കുളം ഇല്ലം, കടമ്പഴിപ്പുറം, പാലക്കാട്.

( ഡൽഹിയിൽ സ്ഥിരതാമസമാക്കിയ പൊത്തോപ്പുറം കേശവൻ ജയന്തൻ എഴുത്തുകാരനും ഗ്രന്ഥകർത്താവുമാണ്. 9810453289) )

# ചെറുപ്പക്കാർക്ക് ഒരു ഉറക്കുഗുളിക

**വിഷ്ണു തേൻകൂട്**

ഐടി ജോലിയും മറ്റുമായി ഉറക്കം നഷ്ടപ്പെടുന്ന പുതുതലമുറക്കാർക്ക് ഒരു ഉറക്കുഗുളിക തരാം. ഉറങ്ങാനുള്ള ടിപ്പ്. വെറും മൂന്നു മണിക്കൂർ ഉറങ്ങിയാൽ പിന്നത്തെ 21 മണിക്കൂർ പ്രവർത്തനനിരതരാകാനുള്ള കുറുക്കു വഴി. വളഞ്ഞ വഴിയല്ല, നേരായവഴി.

ഇരുപത്തിനാല് മണിക്കൂറും ഉണർന്നിരിക്കുന്നവരേക്കുറിച്ച് പത്രവാർത്തകൾ കണ്ടിട്ടുണ്ട്. ആശുപത്രികളിലെ തീവ്രപരിചരണവിഭാഗങ്ങളിൽ നീണ്ട ഉറക്കത്തിൽ കഴിയുന്നവരുമുണ്ട്. ആറ് മാസം ഉറക്കവും ആറ് മാസം ജാഗ്രത്തുമായ അവസ്ഥയിലുള്ള രാമയണകഥാപാത്രം കുംഭകർണ്ണനേക്കുറിച്ചും നമുക്കറിയാം. ഇത് അവരെക്കുറിച്ചല്ല, മര്യാദയ്ക്ക് ഉറങ്ങാനറിയാത്ത പുതുതലമുറയിലെ കുട്ടികളെക്കുറിച്ചാണ്.

ഉറക്കത്തെക്കുറിച്ച് ആയുർവ്വേദത്തിന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്, നിർദ്ദേശങ്ങളുമുണ്ട്. അത് ഏതാണ്ട് ഇപ്രകാരമാണ്:

നിദ്ര ആഹാരവും വ്യായാമവും പോലെ ആവശ്യമാണ്. വേണ്ടത്ര ഉറങ്ങിയശേഷം ആഹാരമോ വ്യായാമമോ രണ്ടുമോ ഒഴിവാക്കിയാൽ ഉണ്ടാവുന്ന അസ്വസ്ഥതയേക്കാൾ കൂടുതലായിരിക്കും ഉറക്കം ഒഴിവാക്കിയാലുള്ള അസ്വസ്ഥതകൾ.

വൈദ്യുതി വന്നതോടെയാണ് രാവിനെ പകലാക്കുന്ന പരിപാടി സാർവത്രികമായത്. ഐ.ടി ജോലി കൂടി വന്നതോടെ അത് വീണ്ടും വർദ്ധിച്ചു. ജീവിതവും ശൈലികളും മാറി. ജീവിതശൈലീരോഗങ്ങൾ കൂടി.

രാത്രി ഉറങ്ങാനുള്ളതാണ്, ഉറങ്ങണം. പകൽ ഉറങ്ങരുത് .ചുരുങ്ങിയത് ആറ് മണിക്കൂർ ഉറങ്ങണം, ഏഴ് മണിക്കൂറിലധികം ഉറങ്ങരുത്, രാത്രി ജോലിക്കാർ നട്ടുച്ചക്കുമുമ്പ് ഉറങ്ങിക്കഴിയണം, രോഗികൾക്കും വൃദ്ധർക്കും വേണമെങ്കിൽമാത്രം പകൽ അര മണിക്കൂർ ഉറങ്ങാം എന്നിങ്ങനെയുള്ള ആയുർവ്വേദനിർദ്ദേശങ്ങൾ അവഗണനയിലാണിന്ന്. അതിന്റെ ദുരന്തമാണ് ജീവിതശൈലീരോഗങ്ങൾ. കൊളസ്ട്രോൾ, രക്തസമ്മർദ്ദം, പ്രമേഹം, മൂലക്കുരു, മൈഗ്രേൻ അങ്ങിനെ രോഗങ്ങളുടെ പട്ടിക നീളുകയാണ്.

ഈവക അറിവുകൾ ശരിയല്ലെന്ന് വാദിക്കുന്നവരുണ്ടാകാം. അവർ ഒരു പരീക്ഷണം നടത്താൻ തയ്യാറാവുക.

ഒരാഴ്ച രാത്രി ഒമ്പത് മണിക്ക് ഉറങ്ങാൻ കിടക്കുക. സമയം നിജപ്പെടുത്തി പിറ്റേന്ന് മൂന്ന് മണിക്കോ (ആറ് മണിക്കൂർ ഉറങ്ങുന്നവർ) നാല് മണിക്കോ (ഏഴ് മണിക്കൂർ ഉറങ്ങുന്നവർ) എഴുന്നേല്ക്കുക. പിന്നെ ഉറങ്ങരുത്. പിന്നത്തെ ഒരാഴ്ച പത്ത് മണിക്കാവട്ടെ ഉറക്കം. അതിനനുസരിച്ച് എഴുന്നേൽക്കലും. മൂന്നാമത്തെ ആഴ്ച പതിനൊന്ന് മണിക്ക് ഉറങ്ങാൻ കിടക്കുക. കൂടുതൽ വ്യക്തതക്ക് നാലാമത്തെ ആഴ്ച പന്ത്രണ്ട് മണിക്ക് ഉറങ്ങാം.പരീക്ഷണത്തിന് തയ്യാറാവുന്ന വ്യക്തിക്ക് കാണാം, ഒമ്പത് മണിക്ക് കിടന്ന് ഉറങ്ങി എഴുന്നേറ്റ ആഴ്ചയിലെ ദിവസങ്ങളായിരുന്നു ഏറ്റവും ഉന്മേഷപ്രദങ്ങളെന്ന്. കാരണമെന്തെന്നോ?

| ത്രിദോഷങ്ങളുടെ അധീശത്വത്തിന്റെ സമയം | | |
|---|---|---|
| പകൽ | 6 മണി മുതൽ 11 മണി വരെ | കഫം |
| | 11 മണി മുതൽ 5 മണി വരെ | പിത്തം |
| | 5 മണി മുതൽ 9 മണി വരെ | വാതം |
| രാത്രി | 9 മണി മുതൽ 12 മണി വരെ | കഫം |
| | 12 മണി മുതൽ 3 മണി വരെ | പിത്തം |
| | 3 മണി മുതൽ 6 മണി വരെ | വാതം |

കഫപിത്തവാതങ്ങളുടെ മേധാവിത്വമുള്ള സമയങ്ങളിൽ രാത്രി കഫത്തിന്റെ മേധാവിത്വ സമയമാണ് ഒമ്പത് മണി മുതൽ അർദ്ധരാത്രിവരെയുള്ള മൂന്ന് മണിക്കൂർ. ഉറങ്ങാൻ ഏറ്റവും പറ്റിയ സമയം. കഫത്തിന്റെ മേധാവിത്വമുള്ള പകൽ ആറ് മണി മുതൽ പതിനൊന്ന് മണി വരെയുള്ള സമയം ഉറങ്ങാൻ നല്ലതുമല്ല. അതുകൊണ്ടുതന്നെ പ്രഭാതത്തിൽ ആറ് മണിക്കപ്പുറം ഉറങ്ങുന്നത് നല്ലതല്ല.

അതുകൊണ്ട് സാദ്ധ്യമായവർ നേരത്തേ ഉറങ്ങി നേരത്തേ എഴുന്നേൽക്കുന്ന സ്വഭാവത്തിലേക്കെത്തുക. രാത്രി ഏറെ വൈകി ഉറങ്ങുകയും വൈകി എഴുന്നേൽക്കുകയും ചെയ്യുന്നവർ വൈകി ഉറങ്ങാൻ കാരണമായ കാര്യങ്ങൾ (ഫേസ് ബുക്ക്, വാട്സപ്പ്, ഇന്റർനെറ്റ്, മറ്റ് കമ്പ്യൂട്ടർ വ്യായാമങ്ങൾ എന്നിവ) സമയബന്ധിതമായി രാത്രിയുടെ ആദ്യഭാഗത്തുനിന്ന് അവസാനഭാഗമായ വെളുപ്പാൻകാലത്തേക്ക് മാറ്റുക. വാതമേധാവിത്വമുള്ള, ബുദ്ധിയും ഓർമ്മയും ശരിയായി പ്രവർത്തിക്കുന്ന പുലർകാലം കൂടുതൽ ആക്ടീവ് ആക്കുക.

ശരിയായ ആരോഗ്യമുള്ളവർക്ക് രാത്രി ഒമ്പത് മണി മുതൽ പന്ത്രണ്ട് മണി വരെയുള്ള മൂന്ന് മണിക്കൂർ ഉറങ്ങിയാൽ പിന്നത്തെ 21 മണിക്കൂർ പ്രവർത്തനനിരതരാകാം. ചരിത്രത്തിൽ ഇടം പിടിച്ചിട്ടുള്ള പല മഹദ്വ്യക്തികളും മൂന്നോ നാലോ ഏറിയാൽ അഞ്ചോ മണിക്കൂറേ ഉറങ്ങാറുള്ളൂ.

**വിഷ്ണു, തേൻകൂട്,**
**9074324393, ചേർപ്പ്**



**വിഷ്ണു തേൻ കൂട്**

തൃശൂർ ചേർപ്പിലെ കിഴിയേടത്ത് ഇല്ലം.1980 മുതൽ 2014 വരെ ധനലക്ഷ്മി ബാങ്കിൽ. ജോലിക്കാലത്ത് ആമാശയരോഗങ്ങളും അമിതവണ്ണവും കാരണം വല്ലാതെ ബുദ്ധിമുട്ടി. ഒരു സുഹൃത്തിന്റെ ഉപദേശ പ്രകാരം രാവിലെ 1ലിറ്റർ വെള്ളത്തിൽ 2 ടേബിൾ സ്പൂൺ തേൻ കഴിക്കാൻ തുടങ്ങിയപ്പോൾ എല്ലാം കുറഞ്ഞു നോർമലായി. ഇപ്പോൾ തേൻചികിത്സ, പ്രകൃതിജീവനം, പ്രകൃതികൃഷി, ആയുർവേദം എന്നിവയിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്നു.ഭാര്യ താമരക്കുളം രമണി അന്തർജനം.മക്കൾ: കീർത്തിരാജ്, പഴമ പൂച്ചിന്നിപ്പാടം, തൃശൂർ, രവിരാജ,ടെലകോം കമ്പനി. മൊബൈൽ: 8089000375

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"

# സ്വസ്തി കുട്ടിക്കൂട്ടം



# ഒരേ ഇല്ലത്തേക്ക് മൂന്നാം വട്ടവും ഫുൾ മാർക്ക്

**മംഗലപ്പിള്ളി നാരായണൻ നമ്പൂതിരി**



ഏട്ടൻ അഭിനവ് 1200 ൽ 1200 മാർക്കും നേടിയാണ് പ്ലസ് ടു വിജയിച്ചത്. അതൊരു വെല്ലുവിളിയായി അനിയത്തിക്ക് ആര്യേന്ദുവും ഏറ്റെടുത്തു. അങ്ങനെ പത്താംക്ലാസ്സിൽ 600 ൽ 600 മാർക്കും അവൾ നേടി. അവിടെയും നിർത്തിയില്ല, പ്ലസ് ടു വിജയിച്ചതും ഫുൾമാർക്കോടെ. അങ്ങനെ ഒരേ ഇല്ലത്തേക്ക് മൂന്നു തവണ ഫുൾമാർക്ക്! ഒരു പക്ഷേ, ഇങ്ങനെയൊന്ന് ആദ്യമായിരിക്കും.

മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ പരത ഇല്ലത്തു നന്ദകുമാറിന്റെയും സുമയുടെയും മകളാണ് ഈ മിടുക്കി. പ്ലസ് ടുവിന് മാർക്ക് 1200 / 1200

ഇതിൽ പറയാൻ എന്തിരിക്കുന്നു? സ്വാഭാവികം, എന്ന മട്ടിൽ ഞങ്ങൾ ഒരു അഭിനന്ദനങ്ങൾ, ആര്യേന്ദുവിൽ ഒതുക്കി. കാരണം, ഫുൾമാർക്ക് എന്നത് ആ ഇല്ലത്ത് ഇതിപ്പോൾ മൂന്നാം തവണയാണ്. അതിനാൽ ഞങ്ങൾക്ക് അതിശയത്തിനു കാരണമില്ലായിരുന്നു.

എന്നാൽ ഒരു സാധാരണ പഠിപ്പിസ്റ്റ് വിദ്യാർത്ഥിനിയുടെ കഥയാണ്

## 1200 / 1200



എ പ്ലസ് അല്ല എ ടു ഇസഡ്

1200 1200 മാർക്ക്

*ഏട്ടൻ അഭിനവിന് ഫുൾമാർക്ക് കിട്ടിയപ്പോൾ സ്വസ്തിയിൽ വന്ന ഫീച്ചറിന്റെ ഫയൽ*

പറയുന്നത് എന്ന് ധരിച്ചെങ്കിൽ തെറ്റി.ഇതാ കേട്ടോളു, ഈ മിടുക്കിയെ പ്പറ്റി. വേണ്ട ഒരു ലിസ്റ്റ് തരാം.

1) നാലു വർഷം തുടർച്ചയായി സംസ്ഥാന ഐ.ടി മേളയിൽ എ ഗ്രേഡ്
2) 2019 മൾട്ടീമീഡിയ പ്രെസന്റേഷനിൽ രണ്ടാം സ്ഥാനവും എ ഗ്രേഡും
3) സംസ്ഥാന കലോത്സവത്തിൽ ചവിട്ടു നാടകത്തിൽ തുടർച്ചയായി 3 വർഷം എ ഗ്രേഡ്
4) ഭരത നാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, നങ്ങ്യാർ കൂത്ത് എന്നിവയിൽ പ്രാവീണ്യവും അനേകം രംഗാവതരണങ്ങളും അംഗീകാരങ്ങളും
5) സ്കൗട്ട് ആൻഡ് ഗൈഡിന്റെ ഭാഗമായി കേന്ദ്ര ഗവണ്മെന്റ് രാജ്യ പുരസ്കാർ, ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡ്.

ഇങ്ങനെ മൾട്ടി ടാസ്കിംഗ്. അതിലെല്ലാം എക്സലൻസ്. അതെല്ലാം നില നിർത്തിക്കൊണ്ടു തന്നെ പഠനത്തിൽ ഫുൾമാർക്കും. അതാണ് ആര്യേന്ദുവിനെ വ്യത്യസ്തയാക്കുന്നത്.

ഭാവിയിൽ എന്താകാനാണ് ആഗ്രഹം എന്ന് ചോദിച്ചാൽ ആര്യേന്ദു പറയും ഗവേഷണരംഗം എന്ന്. ആരറിഞ്ഞു ഈ മിടുക്കിക്കായി ഇനിയും എത്രയോ ബഹുമതികൾ കാലം കാത്ത് വച്ചിട്ടില്ല എന്ന്...

ആര്യേന്ദു അഭിമാനമാണ്, ഞങ്ങളേവർക്കും...! ഞങ്ങൾക്ക് മാത്രമല്ല നമുക്കേവർക്കും. അഭിനന്ദിക്കാം. വിളിക്കാം അച്ഛനെ, പരത ഇല്ലത്തു നന്ദകുമാറിനെ. മൊബൈൽ: 9388856625

മംഗലപ്പിള്ളി നാരായണൻ നമ്പൂതിരി. മൊബൈൽ:7559960659

**ജേണലിസത്തിൽ ഇന്റേൺഷിപ്പ് ചെയ്യാൻ കുട്ടിൾക്ക് അവസരം നൽകുമെന്ന് സ്വസ്തി ഓണപ്പതിപ്പിൽ അറിയിച്ചിരുന്നു. പലരും സമീപിച്ചു. അവരിൽ ഒരു ഒമ്പതാം ക്ളാസുകാരി അസ്സലൊരു ഫീച്ചർ തയ്യാറാക്കി. പാക്കനാരുടെ പലകയെപ്പറ്റി. ആ കുട്ടിയുടെ അമ്മേടെ അമ്മാത്ത് നരിപ്പറ്റയാണ്. അവിടെ ഇപ്പോഴും ആ പലക സൂക്ഷിച്ചു വച്ചിട്ടുണ്ടത്രെ. പറയി പെറ്റ പന്തിരുകുലത്തിന്റെ കഥ നമുക്കറിയാം. വരരുചിപ്പെരുമയും അറിയാം. എന്നാൽ ആ പലകയെപ്പറ്റി അധികമറിയില്ല. അതേപ്പറ്റി അറിയാം നിയതിയുടെ കുറിപ്പിലൂടെ**

# എന്റെ അമ്മേടെ അമ്മാത്ത് പാക്കനാരുടെ പലകയുണ്ട്



*പട്ടാമ്പി കൊടുമുണ്ടയിലെ നരിപ്പറ്റ മന*

**നിയതി ദർശൻ**



ഇത് കൊടുമുണ്ടയിലെ നരിപ്പറ്റ മന. ഇവിടെ ഒരപൂർവ്വ വസ്തുവുണ്ട്. പറയിപെറ്റ പന്തിരുകുലത്തിലെ പാക്കനാർ ഇരിക്കാനുപയോഗിച്ച ആവണപ്പലക. ഇത് കേൾക്കുമ്പോൾ അതെങ്ങനെ അവിടെയെത്തി എന്ന കാര്യത്തിൽ നിങ്ങൾക്ക് സംശയമുണ്ടാകും. അതൊരു കഥയാണ്.

മുത്തശ്ശനിൽ നിന്നാണ് ഞാൻ ഈ കഥയെല്ലാം കേട്ടത്. വേറെയും ചിലതെല്ലാം കേട്ടിട്ടുണ്ട്. അതിലൊന്ന് ഈ പലകയെപ്പറ്റി നടന്ന ഗവേഷണമാണ്. നൂറ്റാണ്ടുകൾ പഴക്കമുണ്ടെങ്കിലും ഇപ്പോഴുള്ള നരിപ്പറ്റ തറവാടിന് തൊണ്ണൂറ് കൊല്ലം പഴക്കമേയുള്ളൂ. രണ്ട് അഗ്നിബാധകൾ അവിടെ ഉണ്ടായിട്ടുണ്ട്. പണ്ടുണ്ടായിരുന്ന പല ഗ്രന്ഥകളും മറ്റും അതിൽ പെട്ട് നശിച്ചു. എങ്കിലും ഈ പലക അതിലൊന്നും പെടാതെ ഇന്നും കേടുകൂടാതിരിക്കുന്നു. ഇത് ഇവിടത്തെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട് താനും.

പലകയെറ്റി കേട്ടറിഞ്ഞ് 2005 ൽ ചരിത്രകാരനായ ഡോ. രാജൻ ചുങ്കത്ത് ചരിത്രം മനസ്സിലാക്കുകയും ഇത് ബീർബൽ സാഹ്നി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയോ സയൻസിൽ കാർബൺ ഡേറ്റിങിന് വിധേയമാക്കുകയും ചെയ്തു. അതിൽ നിന്ന് ഈ പലക 1500 മുതൽ1700 വർഷം വരെ പഴക്കമുള്ളതാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതെല്ലാം അദ്ഭുതത്തോടെയാണ് കേട്ടത്.

പട്ടാമ്പിയിൽ ഭാരതപ്പുഴയുടെ തീരത്ത് കൊടുമുണ്ട ദേശത്താണ് നരിപ്പറ്റ മന. സാമവേദികളാണ്. ശുകപുരം ഗ്രാമക്കാരും. ആഢ്യൻമാരും ഭട്ടതിരിമാരും ആണ്. ഇവിടെ പുഴയ്ക്ക് കൊടും വളവ് ആണ് അത് കൊണ്ടാണ് സ്ഥലത്തിന് കൊടും മുണ്ട( വളവ്) എന്ന പേര് സിദ്ധിച്ചത്. കൊടുമുണ്ടക്ക് നേരെ അക്കരെ വരണ്ടുകുറ്റിക്കടവ് ആണ്.



*നരിപ്പറ്റ കേശവൻ ഭട്ടതിരിപ്പാട് പലകയെക്കുറിച്ച് പേരക്കുട്ടിയുമായി സംസാരിക്കുന്നു.*

തൃത്താല അപ്പനെ പുഴമണൽ കൊണ്ട് പ്രതിഷ്ഠിച്ച സമയത്ത് പുഴവെള്ളം കൊണ്ട് ക്ഷേത്രം നശിക്കാതിരിക്കാൻ അഗ്നിഹോത്രി തന്നെ തപഃശക്തിയാൽ പുഴയെ വഴി മാറ്റി ഒഴുക്കി എന്ന് പറയപ്പെടുന്നു. പടിഞ്ഞാറെ കൊടുമുണ്ട എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഇപ്പോഴത്തെ മന 1925 ൽ ഉണ്ടാക്കിയതാണ്. എന്നാൽ 2001ൽ നാലുകെട്ടിന്റെ ഭൂരിഭാഗവും പൊളിച്ചു മാറ്റി. അതിനു മുൻപ് 2 തവണ മന അഗ്നിബാധ കാരണം നശിച്ചിട്ടുണ്ട്.

കൊടുണ്ടയിലെ ഏക സാമവേദി ഇല്ലമാണ് നരിപ്പറ്റ. നാല് വേദങ്ങളും കൊടുമുണ്ടയിലുണ്ട്. തടം ചേകൂര്, കാഞ്ഞൂർ നരിപ്പറ്റ. നാല് ഇല്ലങ്ങളും നാല് വേദങ്ങളാണ്. തടം ഋഗ്വേദത്തിലെ കൗഷീതക വിഭാഗം. കാഞ്ഞൂർ അശ്വലായന വിഭാഗവും. ചേകൂര് യജുർ വേദികളാണ്. നാല് ഇല്ലങ്ങളും തമ്മിൽ ധാരാളം വിവാഹ ബന്ധങ്ങളും ഉണ്ട്.

ഒരു പറയിപെണ്ണിനെ താൻ വിവാഹം ചെയ്യേണ്ടി വരും എന്നതാണ് വിധി എന്ന ദേവതമാരുടെ വാക്കു കേട്ട് ബ്രാഹ്മണ പണ്ഡിതനായ വരരുചി ഒരാഴ്ച പോലും പ്രായമില്ലാത്ത ആ പറയിപ്പെൺകുട്ടിയെ തലയിൽ പന്തം കൊളുത്തി വാഴപ്പിണ്ടി കൊണ്ടുണ്ടാക്കിയ ചങ്ങാടത്തിൽ കിടത്തി പുഴയിൽ ഒഴുക്കി വിട്ടു. ആ

കുട്ടിയെ എടുത്തു വളർത്തിയത് കൊടുമുണ്ടയിലെ നരിപ്പറ്റ മനയിലുള്ള ഹിരണ്യഗർഭൻ എന്ന ബ്രാഹ്മണനും അദ്ദേഹത്തിന്റെ പത്നിയും ചേർന്നാണ് എന്ന് വിശ്വസിക്കുന്നു. പൊക്കിൾകൊടി വിച്ഛേദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കുട്ടിയെ എടുത്ത് വളർത്തിയവരുടെ സമുദായത്തിലാണ് ആ കുട്ടിയും വളരുക.

പഞ്ചമി ദിനത്തിൽ ജനിച്ചതിനാൽ ആ കുട്ടിക്ക് പഞ്ചമി എന്നാണ് പേരിട്ടത് എന്ന കഥയായിരിക്കും നിങ്ങൾ കേട്ടിരിക്കുക. എന്നാൽ ഇത് സത്യമാവാൻ സാദ്ധ്യതയില്ലെത്ര. കാരണം നമ്പൂതിരിമാർക്കിടയിൽ പഞ്ചമി എന്ന പേര് വിരളമാണ്. പണ്ടുകാലത്ത് പ്രത്യേകിച്ചും ഇത്തരം പേരുകൾ ഉണ്ടാകാറില്ല. മുറപ്രകാരം ആ കുട്ടിയുടെ പേര് ആതി എന്നാണെന്ന് നരിപ്പറ്റ മനയിലെ നീലകണ്ഠൻ ഭട്ടതിരിപ്പാട് പറയുന്നു. അഗ്നിഹോത്രിയുടെ മൂന്നാമത്തെ പത്നിയും കലികാലചോളന്റെ പുത്രിയും ആയത് ആതി എന്ന സ്ത്രീ ആണ്. അവരിൽ നിന്നാണ് വേമഞ്ചേരി തറവാട് ഉണ്ടായതത്രെ.

ഇത് ആ കുടുംബത്തിൽ ആതി എന്ന പേര് ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. അതിന്റെ പിന്നിൽ മറ്റൊരു കഥ കൂടിയുണ്ട്. ശിവസന്നിധിയിലെ സേവകരായിരുന്നു പുഷ്പദണ്ഡനും ജയയും. അവർക്ക് ഒരു ശാപം കിട്ടുകയും അവർ ഭൂമിയിൽ മനുഷ്യരായി ജനിക്കുകയും ചെയ്തു. പുഷ്പദണ്ഡന്റെ മകനായിട്ടാണ് വരരുചി ജനിച്ചത്. ജയയാകട്ടെ ഒരു പറയക്കുടിലിൽ ആതിയായിട്ടും. ആ പെൺകുട്ടി ജനിച്ച വീട് ഇതുവരെ കണ്ടെത്താനായില്ലെങ്കിലും അവിടെ നിന്ന് ഒരു കുട്ടി ഒഴുകി നരിപ്പറ്റ മനയിൽ എത്തണമെങ്കിൽ ആ വീട് വാടാനംകുറിശ്ശി മുതൽ ഷൊർണൂർ വരെയുള്ള സ്ഥലത്തായിരിക്കണം എന്നാണ് അനുമാനിക്കപ്പെടുന്നത്.

മറ്റൊരു കാര്യം വിക്രമാദിത്യ രാജസദസ്സിലെ നവരത്നങ്ങളിൽ ഒരാളായ വരരുചി തന്നെയാണ് പന്തിരുകുലത്തിന്റെ പിതാവ് എന്നുറപ്പിക്കാൻ കഴിയില്ല. മാത്രമല്ല വരരുചി ഒരു ബിരുദനാമമാണെന്നും കരുതുന്നു. അതിനാൽ ഈ വരരുചി വിക്രമാദിത്യ സദസ്സിലെ വരരുചിയാണെന്ന് ഉറപ്പില്ല. എന്തു തന്നെയായാലും പിന്നീട് വരരുചി ദേശാടനത്തിന്റെ ഭാഗമായി നരിപ്പറ്റ മനയിൽ എത്തുകയും പഞ്ചമിയുടെ ബുദ്ധിശക്തിയിൽ ആകൃഷ്ടനായി അവളെ വേളി കഴിക്കുകയും ചെയ്തു. അവർക്കുണ്ടായ പന്ത്രണ്ട് മക്കളും പലയിടത്ത്

**നരിപ്പറ്റ മനയിലെ ഏറ്റവും പഴക്കമുള്ള ആവണപ്പലകയാണ് ഇത്. പണ്ട് പ്രധാന വ്യക്തികൾ ഇരിക്കാനുപയോഗിച്ചിരുന്ന ഈ പലക ഇന്ന് ചാത്തം മുതലായ ചടങ്ങുകൾക്കാണ് ഉപയോഗിക്കാറ്. പലക ഇപ്പോൾ നരിപ്പറ്റ കേശവൻ ഭട്ടതിരിപ്പാടിന്റെ പത്തായപ്പുരയിലാണ് സൂക്ഷിക്കാറ്. രണ്ടു താവഴിയായി 43 പേരാണ് ഇപ്പോൾ നരിപ്പറ്റ മനയിലുള്ളത്. രണ്ട് തലമുറ മുമ്പ് വരെ കൃഷിയായിരുന്നു പ്രധാന തൊഴിൽ. അവരുടെ മക്കളിൽ ഭൂരിഭാഗം പേരും അധ്യാപനം, ബിസിനസ്, ശാന്തി എന്നീ മേഖലകളിലാണിപ്പോൾ.**

പലജാതിയിലാണ് വളർന്നത്. പറയി പെറ്റ പന്തിരുകുലം എന്ന കഥ ഓർക്കുക.

അതിൽ വായില്ലാക്കുന്നിലപ്പനൊഴികെ മറ്റു പതിനൊന്ന് പേരും അമ്മയുടെ മരണശേഷം അമ്മാത്തായ നരിപ്പറ്റ മനയിൽ ഒത്തു ചേരും. ഈ സമയത്ത് ചാത്തത്തിന് ഇരിക്കാനായി പാക്കനാർ ചത്ത പശുവിന്റെ എല്ല് കൊണ്ട് വരുമായിരുന്നു. ഇത് സഹിക്കാൻ പറ്റാതായതോടെയാണ് പാക്കനാർക്ക് ഇരിക്കാനായി പശു മുൻകാൽ മടക്കിയിരിക്കുന്ന പോലെയുള്ള ആകൃതിയിൽ ഒരു പലകയുണ്ടാക്കി കൊടുത്തതെന്നാണ് വിശ്വസിക്കപ്പെടുന്നത്.

ഈ ആവണപ്പലക തേക്കിൻ തടി കൊണ്ടാണത്രേ ഉണ്ടാക്കിയത്. പൂർണമായും ഉളികൊണ്ട് മാത്രം ഉണ്ടാക്കിയ ഈ പലക ഒരു അത്ഭുതം തന്നെയായി ഇന്നും നരിപ്പറ്റ മനയിൽ നിലനിൽക്കുന്നു.

ഐതിഹ്യമാലയാണല്ലോ പറയി പെറ്റ പന്തിരുകുലത്തെപ്പറ്റിയുള്ള കഥകൾ അടങ്ങിയ ആദ്യലിഖിത രേഖ. അതിൽ പഞ്ചമിയെ എടുത്തു വളർത്തിയ ഇല്ലം നരിപ്പറ്റയാണെന്ന് പറയുന്നില്ല. പക്ഷേ, നദിയിലൂടെ ഒഴുകി വന്ന ആ കുട്ടിയെയാണ് ബ്രാഹ്മണ ദമ്പതിമാർ എടുത്തു വളർത്തിയത് എന്ന് പറയുന്നു.

നദിപെറ്റ മന അല്ലെങ്കിൽ നദിയോട് പറ്റി ചേർന്ന് കിടക്കുന്ന മന നരിപ്പറ്റ മനയായി. മാത്രമല്ല ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വച്ച് നോക്കുമ്പോഴും ആ ഇല്ലം ഭാരതപ്പുഴയുടെ തീരത്തുള്ള നരിപ്പറ്റയാകാനേ വഴിയുള്ളൂ. ആ പുഴയിലൂടെ ഒരു ചങ്ങാടം ഒഴുകി വന്നാൽ നരിപ്പറ്റ മനയുടെ ഓരം ചേർന്നാണ് പോവുക.

ആതിയെ (പഞ്ചമിയെ) വിവാഹം ചെയ്തതിനുശേഷം സ്വയം ഭ്രഷ്ടായി വരരുചിയും പത്നിയും നരിപ്പറ്റ മനയിൽനിന്നു കുറച്ചു മാറിയുള്ള കുഴിപ്പറമ്പിലുള്ള ഒരു വീട്ടിലാണ് താമസിച്ചതെന്നും വിശ്വസിക്കുന്നുണ്ട്. അവിടെ വരരുചി പൂജക്കായി നിർമ്മിച്ച വിഗ്രഹങ്ങളൊക്കെ ഇന്നും നിലനിൽക്കുന്നുണ്ട്. അതോടൊപ്പം തന്നെ മന്നങ്ങോട് ഉള്ള മൂത്തിരിങ്ങോട് മനയും നരിപ്പറ്റ മനയും ഒന്നായിരുന്നു എന്നതും ചരിത്രം.

നരിപ്പറ്റ മനക്ക് പറയിപെറ്റ പന്തിരുകുലവുമായി മറ്റു ചില ബന്ധങ്ങൾ കൂടിയുണ്ട്. പഞ്ചമിയുടെ ആദ്യ പുത്രനായ അഗ്നിഹോത്രിയുടെ 99 യാഗങ്ങളിലും പങ്കെടുക്കുകയും സാമവേദം ചൊല്ലുകയും ചെയ്ത ഭവത്രാതൻ ഭട്ടതിരിപ്പാട് പിന്നീട് ഭവത്രാതീയം എന്ന പുസ്തകം എഴുതുകയും ചെയ്തു. പിന്നീട് അത് അഗ്നിബാധയിൽ നശിച്ചു പോകുകയും ചെയ്തു. 1975 ൽ ഫ്രഞ്ചുകാരനായ ഫ്രിറ്റ്സ് സ്റ്റാൾ നരിപ്പറ്റ സന്ദർശിച്ച് ഭവത്രാതീയം എന്ന പുസ്തകത്തെപ്പറ്റി അന്വേഷിച്ചിരുന്നു. പക്ഷേ അപ്പോഴേക്കും ആ പുസ്തകം നശിച്ചുപോയിരുന്നു. എങ്കിലും ഒരു തലമുറയിലെ മൂന്നാമത്തെ ആൺകുട്ടിക്ക് ഭവത്രാതൻ എന്ന് നാമകരണം ചെയ്യുന്ന രീതിയും അവിടെ നിലനിന്നുപോന്നിരുന്നു. കഥകൾ എന്തുതന്നെയായാലും ഈ കാലത്തും നിലനിൽക്കുന്ന ഒരു ചരിത്ര ശേഷിപ്പ് തന്നെയാണ് ആവണപ്പലക എന്ന കാര്യത്തിൽ സംശയമില്ല.

അച്ഛൻ കെ.പി പ്രിയദർശൻ പേരാമ്പ്ര സി കെ ജി എം ഗവ. കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്. അമ്മ എൻ ടി നിഷ ബാലുശ്ശേരി എസ്.ബി.ഐ ഉദ്യോഗസ്ഥയും (ഞാറ്റ്യാല മകൾ നരിപ്പറ്റ മരുമകൾ).കൂടുതൽ അറിയാൻ വിളിക്കാം.കേശവൻ ഭട്ടതിരിപ്പാട് നരിപ്പറ്റ മന മൊബൈൽ: 7510849725 ●

നിയതി ദർശൻ കാരാട്ട്
കാരാട്ട് ഇല്ലം (സുപ്രിയ )
പി.ഒ:കോട്ടൂർ, വഴി:നടുവണ്ണൂർ
കോഴിക്കോട് ജില്ല. പിൻ:673614
മൊബൈൽ: 9447960758

## പ്രകൃതിയിൽ നിന്ന് പഠിച്ചത്



# കുളത്തിലെ കുഞ്ഞിമീൻ

**ആര്യ എൻ**

ഒന്നു വേഗം വൈകുന്നേരമായാൽ മതിയായിരുന്നു. കുളത്തിൽ നീന്താൻ കൊതിയാവുന്നു. കുഞ്ഞിമീൻ എന്നെ കാത്തിരിയ്ക്കയാവും. മുമ്പൊക്കെ ഈ കുഞ്ഞിമീൻ കാരണം നീന്താൻ പോവാൻ മടിയായിരുന്നു. വെള്ളത്തിൽ ഇറങ്ങാൻ തുടങ്ങുമ്പോഴേ അവളെന്റെ കാലിൽ ഇക്കിളിയാക്കാൻ വരും. അപ്പോഴെല്ലാം നീന്തൽ മതിയാക്കി വേഗം കുളിച്ചു കയറും. ഈ ഇക്കിളിയാക്കൽ പതിവാക്കിയപ്പോൾ ഞാനത് ആസ്വദിക്കാൻ തുടങ്ങി. അവളെ എനിക്കിഷ്ടമായി. ഞങ്ങൾ നല്ല കൂട്ടുകാരായി.

ഒരു ദിവസം ഞാനവളെ കൈക്കുമ്പിളിൽ കോരിയെടുത്ത് ചോദിച്ചു. □നീയെന്താ എന്നോട് മാത്രം കൂട്ടുകൂടുന്നത് ? എന്നെ എന്നുമിങ്ങനെ കാത്തിരിയ്ക്കുന്നത് ?□ അവൾക്ക് മറുപടി പറയാനാവില്ലല്ലോ. അവൾ കണ്ണു ചിമ്മിക്കാട്ടി. എല്ലാ ദിവസവും ഞാനവളെ ഇങ്ങനെ കയ്യിൽ ക്കോരിയെടുക്കും. അവളോട് പലതും സംസാരിക്കും. അവളെന്റെ കയ്യിലിരുന്ന് കണ്ണു ചിമ്മും. എന്റെ കയ്യിൽ ഇക്കിളിയാക്കും.

ഒരു ദിവസം ഞങ്ങളങ്ങനെ സംസാരിച്ചു നിൽക്കുമ്പോൾ ഒരു പൊൻമാൻ കുഞ്ഞിമീനിനെ കൊത്താൻ ലക്ഷ്യമിട്ട് പറന്ന് വന്നു. ഞാൻ



**ആര്യ എൻ**
**(തിരുവനന്തപുരം കോട്ടൺഹിൽ ഗവണ്മെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായ ആര്യ ഫറോക്ക് ഉപസഭയിലെ നാറാണിയാട് ശ്രീജിത്തിന്റെയും ശ്രീഭയുടെയും മകളാണ്. മൊബൈൽ: 9447276760 )**

കൈകൾ കൂപ്പി അവളെ എന്റെ കൈയ്ക്കുള്ളിലെ വെള്ളത്തിലൊളിപ്പിച്ചു. എങ്കിലും സൂത്രത്തിൽ അവളെ പൊൻമാൻ കൊത്തിയെടുത്തു പോയോ എന്ന പേടിയായി. അതോർത്തപ്പോൾ തന്നെ വല്ലാത്ത സങ്കടമായി. കൈ പതുക്കെ തുറന്നു നോക്കിയപ്പോൾ അവളതാ കണ്ണു ചിമ്മുന്നു . ഹൊ ! ആശ്വാസമായി. അവളെ വേഗം കുളത്തിലേക്കിട്ടു. എന്റെയടുത്തേക്ക് വരണ്ടായെന്നും പറഞ്ഞു. ഞങ്ങൾക്ക് രണ്ടു പേർക്കും സങ്കടമായി.

അന്ന് രാത്രി ഉറക്കം വന്നില്ല. മുത്തശ്ശിയോട് ചോദിച്ചു: □□ആ പൊൻമാനെന്തിനാ പാവം മീനിനെ ഉപദ്രവിക്കുന്നത്.□□ പൊൻമാനിന് വിശന്നിട്ടാവുമെന്ന് മുത്തശ്ശി പറഞ്ഞിട്ടും സമാധാനമായില്ല. പാവം കുഞ്ഞിമീൻ ആരേയും ഉപദ്രവിക്കുന്നില്ലല്ലോ? പൊൻമാനിന് വിശന്നാൽ വേറെയെന്തെങ്കിലും തിന്നാൽ പോരേ? ആലോചിച്ചു കിടന്നു. കുറേ നേരം ആലോചിച്ചപ്പോൾ മനസ്സിലായി എന്റെ സ്വാർഥതയാണ് കുഞ്ഞിമീനിന് ആപത്തുവരാൻ കാരണമെന്ന് . ഇഷ്ടം കൊണ്ട് അവളെ കുളത്തിൽ നിന്നു കയ്യിലെടുത്തതാണ് പ്രശ്നമായതെന്നും.

ഇപ്പോഴും വൈകുന്നേരമായാൽ നീന്താൻ പോവാറുണ്ട്. കാലിൽ ഇക്കിളിയാക്കിക്കൊണ്ട് കുഞ്ഞിമീൻ എന്നോട് കൂട്ടുകൂടാനും വരും. ഞങ്ങൾ ഒരുമിച്ച് നീന്തുകയും ചെയ്യും. പക്ഷേ, ഞാനവളെ കയ്യിലെടുക്കാറില്ല. എന്റെ സ്വാർഥതയ്ക്ക് വേണ്ടി ഇനി ഒരു ജീവിയെയും ഉപദ്രവിക്കില്ല.

# ഷഷ്ഠ്യബ്ദപൂർത്തിയും ഒന്നാം പിറന്നാളും




2021 സെപ്തംബർ 21 ന് ഷഷ്ഠ്യബ്ദ പൂർത്തി പിറന്നാൾ ആഘോഷിച്ച
**താമരക്കുളം മീര ദിവാകരന് ആശംസകൾ.**
ദിവാകരൻ നമ്പൂതിരി, മക്കൾ വിഷ്ണു പ്രസാദ്, ഡോ: തുളസി, മരുമക്കൾ ദേവിപ്രിയ, ഡോ: കേശവൻ വെദിരമന, പേരക്കുട്ടികൾ നിവേദ് വിഷ്ണു, ധ്രുവ് ദിവാകരൻ.

2021 ആഗസ്ത് 23 ന് ഒന്നാം പിറന്നാൾ ആഘോഷിച്ച താമരക്കുളം വിഷ്ണുപ്രസാദിന്റേയും ദേവിപ്രിയയുടേയും മകൻ
**ധ്രുവ് ദിവാകരന് ആശംസകൾ.**

# ദേശീയ സംഗീത മത്സരത്തിൽ
# ഒന്നാമതെത്തിയ കുട്ടി
## പിന്നെയുമുണ്ട് നിരവധി ഒന്നുകൾ

**സുബാഷ് മുല്ലനേഴി**



ആകാശവാണിയുടെ 2019ലെ ദേശീയ സംഗീത മത്സരത്തിൽ പെൺകുട്ടികളുടെ വിഭാഗം കർണ്ണാടക വോക്കൽ ഇനത്തിൽ അഖിലേന്ത്യാ തലത്തിൽ ഒന്നാം സ്ഥാനം ഗായത്രിക്കായിരുന്നു. അങ്ങനെ ആകാശവാണിയിൽ ബി ഗ്രേഡ് ആർടിസ്റ്റായി. ഇപ്പോൾ വലിയൊരു ഫെല്ലോഷിപ്പും. അതാകട്ടെ ഭാരത് രത്ന ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ പേരിലുള്ളത്. 2020-22 കാലഘട്ടത്തിലേക്കാണ് ഫെല്ലോഷിപ്പ്.

ഷണ്മുഖാനന്ദ ഫൈൻ ആർട്സ് ആൻഡ് സംഗീത സഭയുടെ വളരെ പ്രസ്റ്റീജ്യസ് ഫെല്ലോഷിപ്പാണിത്.

സംഗീത സാമ്രാട്ടുകളായ പദ്മവിഭൂഷൺ യേശുദാസ്, പത്മവിഭൂഷൺ എസ്. പി ബാലസുബ്രമണ്യം, പത്മഭൂഷൺ എസ് ജാനകി, പത്മശ്രീ ഡോ. അരുണ സായിറാം, സംഗീത കലാനിധി ഡോ എസ് സൗമ്യ തുടങ്ങിയ പല പ്രശസ്തരിൽ നിന്നും പരിതോഷികങ്ങളും അനുഗ്രഹവും ഏറ്റു വാങ്ങാനും ഗായത്രിക്ക് സാധിച്ചു. അതും ചെറു പ്രായത്തിൽ. ഇനി പറയാം ഗായത്രി ആരെന്ന്. മുംബൈയിൽ കേന്ദ്ര ഗവ. ഉദ്യോഗസ്ഥനായ തൃശ്ശൂർ പേരാമംഗലത്തു അവണാവ് ഇല്ലത്ത് കൃഷ്ണചന്ദ്രന്റെയും സുജ(മുല്ലനേഴി)യുടെയും മകളാണ്.

നമുക്കിടയിലെ ഒരു കുട്ടി. വളരെ ചെറുപ്പത്തിൽ തന്നെ സംഗീതത്തിനോട് അഭിരുചി കാണിച്ച, ഇപ്പോൾ മുംബൈ വേദികളിൽ നിറഞ്ഞ സാന്നിധ്യമാണ് ഗായത്രി കൃഷ്ണചന്ദ്രൻ എന്ന ഈ മിടുക്കി. 2000 ആണ്ടിൽ ജനനം. അമ്മ സുജയുടെ സംഗീത സപര്യ അപ്പാടെ കിട്ടിയിട്ടുണ്ടെന്ന് കുട്ടിയായിരിക്കുമ്പോൾ തന്നെ തെളിയിച്ച ഗായത്രി, ഏഴാം വയസ്സിൽ ശ്രീ ഷണ്മുഖാനന്ദ ഭാരതീയ സംഗീത വിദ്യാലയയിൽ ഏഴു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് ചേർന്ന് പല ഗുരുക്കന്മാരുടെ കീഴിൽ സംഗീതാഭ്യാസം തുടർന്നു.

ആകാശവാണിയിൽ ഗ്രേഡഡ് ആർട്ടിസ്റ്റായ





അമ്മ സുജയുടെ കീഴിൽ അഞ്ചാം വയസ്സിൽ കർണാട്ടിക് സംഗീതാഭ്യാസം തുടങ്ങി. ഇപ്പോൾ പ്രശസ്ത സംഗീതജ്ഞ സംഗീത കലാ ആചാര്യ രാധാ നമ്പൂതിരിയുടെ ശിഷ്യ. കഴിഞ്ഞ പന്ത്രണ്ടു വർഷം ധാരാളം വേദികളിലും മത്സരങ്ങളിലും പങ്കെടുത്ത പരിചയം. ഇന്ന് ഓൺലൈൻ മീഡിയകളിലും കച്ചേരികളിലും മികവ് തെളിയിച്ച് മുന്നേറുന്നു.

2008 ൽ, എട്ടാമത്തെ വയസിൽ, കൈരളി ചാനലിലെ ഗന്ധർവ്വസംഗീതം ജൂനിയർ പ്രോഗ്രാമിൽ പങ്കെടുത്തു. അതിനു ശേഷം, മുംബൈയിലെ ഷണ്മുഖാനന്ദ ഫൈൻആർട്സ് സഭ, മുലുന്ദ് ഫൈൻആർട്സ് , രസിക രഞ്ജിനി സഭ, മ്യൂസിക് ട്രയാംഗിൾ, മൈസൂർ ലസോസിയേഷൻ, കേരളീയ കേന്ദ്ര സംഘടന, മുലുന്ദ് കേരള സമാജം, മദ്രാസ് മ്യൂസിക് അക്കാദമി എന്നീ മത്സര വേദികളിലും, രാഗലയ പോലെയുള്ള മുംബൈ മലയാളികൾക്കിടയിലെ പ്രശസ്തമായ മത്സരവേദിയിലും സമ്മാനങ്ങൾ നേടി.

2012 ൽ ഗായത്രിക്ക് ഇന്ത്യാ ഗവർമെന്റിന്റെ □സി സി ആർ ടി സ്കോളർഷിപ്പ് ഫോർ ജൂനിയേഴ്സ് ഇൻ കർണ്ണാടിക് വോക്കൽ ലഭിച്ചു. ഇതിന് ശേഷം പത്മവിഭൂഷൺ Dr.ശെമ്മാങ്കുടി ശ്രീനിവാസ അയ്യരുടെ ശിഷ്യയായ, സംഗീത കലാ ആചാര്യ രാധാ നമ്പൂതിരിയുടെ കീഴിൽ സംഗീതാഭ്യാസം ഇപ്പോഴും തുടരുന്നു.

ത്യാഗരാജ ആരാധനയുടെ ഭാഗമായി ഷണ്മുഖാനന്ദ സംഗീത സഭ സംഘടിപ്പിക്കാറുള്ള പഞ്ചരത്ന കീർത്തനാലാപനത്തിലും ഗായത്രി പങ്കെടുക്കാറുണ്ട്. 2012ൽജയ ടിവിയിലെ കർണ്ണാടിക് മ്യൂസിക് ഐഡിൽ ജൂനിയർ എന്ന പ്രോഗ്രാമിൽ സെമിഫൈനൽ വരെ എത്തി. 2020 ൽ ശ്രീശങ്കര ടിവി സംഘടിപ്പിച്ച ശങ്കര സൂപ്പർ സിംഗർ ഓൗലൈൻ മത്സരത്തിൽ ഫൈനലിസ്റ്റ് ആയിരുന്നു. ചെമ്പൂർ ഫൈൻ ആർട്സ് സഭ, അന്നമനട ശിവക്ഷേത്രത്തിലെ ഉത്സവകച്ചേരി, വാഷി വിനായക ക്ഷേത്രം, ഡോബിവല്ലി യോഗക്ഷേമ സഭ തുടങ്ങി പല വേദികളിലും കച്ചേരികൾ നടത്തി. ഗുരു ശ്രീമതി രാധാ നമ്പൂതിരിയുടെ ചില കച്ചേരികളിൽ വോക്കൽ സപ്പോർട്ട് ആയി പാടാനും ഗായത്രിയ്ക്ക് അവസരം ലഭിച്ചു

കർണ്ണാടിക് സംഗീതത്തിൽ മികവ് തെളിയിച്ച് മുന്നേറുമ്പോഴും, ലളിതഗാനത്തോടും സിനിമാഗാനത്തോടുമുള്ള താൽപ്പര്യം പല ഓൺലൈൻ മാധ്യമങ്ങളിലും ലൈവ് പ്രോഗ്രാമുകളിലുമായി സംഗീത പ്രിയർക്ക് കൂടുതൽ ഗാനങ്ങൾ ആലപിക്കാൻ അവസരമൊരുക്കി. സംഗീതജ്ഞനായ ശ്രീ സജിത് പള്ളിപ്പുറത്തിന്റെ മ്യൂസിക് മുംബയ് എന്ന യുട്യൂബ് ചാനലിൽ അദ്ദേഹം തന്നെ ഈണം നൽകിയ □പതിവിലും നേരത്തെ□ എന്ന മനോഹരഗാനം പാടാനും ഗായത്രിയ്ക്ക് ഭാഗ്യം ലഭിച്ചു. ഇപ്പോൾ കോയമ്പത്തൂർ അമൃത കോളേജിൽ ബിരുദാനന്തര ബിരുദത്തിന് (സ്റ്റാറ്റിസ്റ്റിക്സ്) ചേർന്ന ഗായത്രി, സംഗീതത്തെ ഒരു കൂടപ്പിറപ്പിനെ പോലെ ചേർത്ത് പിടിച്ച് ഒരിക്കലും അവസാനിക്കാത്ത സംഗീതസപര്യ തടർന്നു കൊണ്ടിരിക്കുന്നു. ●

സുബാഷ് മുല്ലനേഴി
9823390638
കൃഷ്ണചന്ദ്രൻ
C G S Quarters,
Wadala, Mumbai
99873 31939



*എസ്.ജാനകി, എസ് പി ബാലസുബ്രഹ്മണ്യം, യേശുദാസ് എന്നിവരിൽ നിന്ന് ഗായത്രി സമ്മാനങ്ങൾ ഏറ്റു വാങ്ങുന്നു*

# ലക്ഷ്യം 98.76% ലഭിച്ചത് 98.75%

**സാവിത്രി പി.**

പത്താം ക്ലാസ്സിൽ നല്ല ഗ്രേഡിൽ പാസ്സായി. ഫുൾ എ പ്ളസ്. പക്ഷേ, എത്ര ശതമാനം മാർക്ക്. അതറിയില്ല. തൊണ്ണൂറിനു മുകളിൽ എത്രമുമാവാം. എന്നാൽ പ്ളസ് വണ്ണിൽ ചേർന്ന സമയത്ത് റിസൽട്ടിനെ ശതമാനത്തിൽ അനുഭവിക്കാൻ തീരുമാനിച്ചു. അങ്ങനെയാണ് 98.76 ശതമാനം എന്നൊരു അക്കം മനസ്സിൽ കടന്നു വന്നത്.

പ്ളസ് വണ്ണിനു സയൻസ് ഗ്രൂപ്പ് എടുക്കുവാൻ തീരുമാനിച്ചു. ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ നല്ല ശതമാനത്തോട് കൂടി പ്ളസ് ടു പാസ്സാകണം എന്നുണ്ടായിരുന്നു. എല്ലാവരും ഫുൾ എ പ്ളസ് അല്ലെങ്കിൽ ഫുൾ മാർക്ക് ലക്ഷ്യം വെക്കാൻ പറഞ്ഞപ്പോൾ ഞാൻ വെച്ചത് 98.76 എന്നതായിരുന്നു.



സാവിത്രി പി.
(മലപ്പുറം ജില്ലയിലെ അരീക്കോട് ഉപസഭാംഗം പാനാട്ട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും സുജയുടെയും പുത്രിയാണ്. മൊബൈൽ: 7356341560 )

എന്തുകൊണ്ടാണെന്നറിയില്ല, മനസ്സിൽ എപ്പോഴും ഈ ഒരു നമ്പർ വരും. പുസ്തകത്താളിലെ മയിൽപ്പീലി പോലെ ഈ നമ്പർ മനസ്സിൽ പെറ്റു പെരുകി. അങ്ങനെ അതായി എന്റെ വിജയ ലക്ഷ്യം.

പ്ളസ് വൺ 97ശതമാനതോടു കൂടി പാസ്സ് ആയി. ശ്രമിച്ചാൽ കിട്ടുമെന്ന് തോന്നി. ലക്ഷ്യത്തിലേക്ക് ചെറിയ വ്യത്യാസം മാത്രം. അതു കൊണ്ട് പ്ളസ് ടു നന്നായി നോക്കി. പ്ളസ് ടുവിന് എല്ലാ വിഷയത്തിലും ഫുൾ മാർക്കും കിട്ടി.

അങ്ങനെ റിസൾട്ട് വന്നപ്പോൾ 98.75%. ലക്ഷ്യം വെച്ചതിൽ നിന്നു .01% കുറവായിരുന്നു. പക്ഷെ ഒരു കാര്യം മനസിലായി, നന്നായി പ്രയത്നിച്ചാൽ ലക്ഷ്യം നേടാമെന്ന്. ലക്ഷ്യമുണ്ടാവുകയാണ് പ്രധാനമെന്നും തിരിച്ചറിഞ്ഞു. ഒരു ലക്ഷ്യവുമുണ്ടെങ്കിൽ ആഗ്രഹിച്ചത് നേടാൻ സാധിക്കും. ഇപ്പോൾ മറ്റൊരു ലക്ഷ്യം കുറിച്ചിട്ടുണ്ട്.

ഇനി ബി.എസ്.സി കെമിസ്ട്രിക്ക് ചേരണം.

പിന്നിട് ഐ.ഐ.ടി ജാം എഴുതി മികച്ച കോളേജുകളിൽ തുടർ പഠനം നടത്തണം. ഇനി അതിനായുള്ള തയ്യാറെടുപ്പിലാണ്. കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.അതാണ് പ്രാർത്ഥന.





ധന്വന്ത് കെ.
S/O ദിലീപ്കുമാർ കെ
കോതാവൂർ ഇല്ലം
കൊയ്യം, കണ്ണൂർ
മൊബൈൽ : 9447371377





ദേവപ്രിയ പി





ദീത്യ ഹരി

ദേവപ്രിയ പി കോഴിക്കോട് കരുവശ്ശേരി നിർമാല്യത്തിൽ (പുത്രികോവിൽ ഇല്ലം) ജയകുമാറിന്റെ പുത്രിയാണ്. മൊബൈൽ: 9349983771

ദീത്യ ഹരി
കൈതപ്രം അണലക്കാട്ട് ഇല്ലത്തെ ഹരിയുടെ പുത്രിയാണ്. മൊബൈൽ 9886221936






ശിവാനി ശ്രീജിത്ത്





ശിവാനി ശ്രീജിത്ത്
ഗുരുവായൂർ വടക്കേനടയ്ക്കൽ ചെറുതയ്യൂർ മനയ്ക്കൽ ശ്രീജിത്തിന്റെ പുത്രിയാണ്.
മൊബൈൽ 9747163762

ശിവദ ശ്രീശൻ പുതിയടം ഇല്ലം
D/O ശ്രീശൻ നമ്പൂതിരി, സുഭദ്ര ഹൗസ്,കൂട്ടങ്ങാരം, യോഗാഭാരതിക്കു സമീപം, പി.ഒ മയ്യന്നൂർ വടകര
മൊബൈൽ 9447262680

## ഹിമാലയത്തിൽ നിന്നു പഠിച്ചത്

# തണുപ്പ് കാരണം കരഞ്ഞുപോയി



ശ്രുതദേവ് എം

അച്ഛനും അമ്മയും മുത്തശ്ശിയും ഓപ്പോളും ഞാനുമൊക്കെ ഹിമാലയത്തിലേക്ക് ഒരു യാത്ര പോയി. പോകുമ്പോൾ തന്നെ അച്ഛൻ പറഞ്ഞിരുന്നു നല്ല തണുപ്പാകുമെന്ന്. അവിടെ എത്തിയപ്പോഴല്ലേ ശരിക്കും തണുപ്പ് എന്താണെന്ന് മനസിലായത്. മൂന്നു കുപ്പായം ഇട്ടിട്ടും തണുപ്പ് ഒട്ടും കുറഞ്ഞില്ല. ഇത്ര ഉണ്ടാവും എന്ന് വിചാരിച്ചില്ല. തണുത്തുവിറച്ചു ഞാൻ കരഞ്ഞു പോയി. അത്രക്ക് തണുപ്പ്.

ഞങ്ങൾ ബദരി കേദാർ തുംഗനാഥ് ഡെറാഡൂൺ ഒക്കെ പോയി. വിമാനത്തിലാണ് പോയത്. ഏറ്റവും ഇഷ്ടമായത് കേദാർനാഥിലേക്കുള്ള യാത്രയാണ്. കുതിരപ്പുറത്താണ് ഏകദേശം 18 കിലോമീറ്റർ പോയത്. ഞാനും വസുധോപ്പോളും ഒരു കുതിരപ്പുറത്തായിരുന്നു. ആദ്യം കുറച്ചു പേടി തോന്നി. പിന്നെ നല്ല രസമായി. താഴേ വലിയ കൊക്കകൾ. മുകളിലേക്ക് എത്തും തോറും തണുപ്പ് കൂടിക്കൂടി വന്നു. ഞങ്ങളെ കൊണ്ടു പോയ കുതിരക്കാരൻ നല്ല ചൂടുള്ള ചായ വാങ്ങിത്തന്നു. അതു കുടിച്ചപ്പോൾ കുറച്ച് സുഖമായി.

കുറച്ചു ദൂരം പോയപ്പോൾ തന്നെ മഞ്ഞുമലകൾ കണ്ടുതുടങ്ങിയിരുന്നു. അത് ശരിക്കും ബ്ലാക്ക് ഫോറസ്റ്റ് കേക്ക് പോലെയാണ്. മലയിൽ മഞ്ഞു വന്നു നിൽക്കുന്നത് കറുപ്പും വെളുപ്പും കൂടി ഒരു നിറം. കുറച്ചുകൂടി ദൂരം ചെന്നപ്പോൾ ഞങ്ങൾ പോകുന്ന വഴിയിൽ ഒക്കെ മഞ്ഞുണ്ടായിരുന്നു. കുതിരക്കാരൻ എൻറെ കയ്യിലേക്ക് മഞ്ഞെടുത്തു തന്നു. കയ്യ് തണുത്തുവിറച്ചു. എന്നാലും അത് വളരെ ഇഷ്ടമായി. ഇനിയും മഞ്ഞിൽ കളിക്കണമെന്ന് തോന്നി. അപ്പോൾ കുതിരക്കാരൻ പറഞ്ഞു കേദാർനാഥ് എത്തിയാൽ നിറയെ മഞ്ഞുണ്ടാവും. അയാൾ ഹിന്ദിയിലാണ് പറഞ്ഞത്. ഏകദേശം ഒക്കെ അയാൾ പറഞ്ഞത് മനസ്സിലായി.

കേദാർനാഥ് അമ്പലത്തിനടുത്തു വരെ കുതിര പോവില്ല. ഏകദേശം രണ്ട് കിലോമീറ്റർ ദൂരെ കുതിരപ്പുറത്തു നിന്ന് ഇറങ്ങണം. അപ്പോഴേക്കും ചെറുതായി മഴയും പെയ്തിരുന്നു. തണുപ്പ് അതി ഭയങ്കരമായി. എനിക്ക് വല്ലാതെ കരച്ചിൽ വന്നു. കുതിരപ്പുറത്തു നിന്ന് ഇറങ്ങിയപ്പോൾ എന്നെയും മുത്തശ്ശിയെയും ഓപ്പോളേയും ആളുകൾ ചുമക്കുന്ന ഒരു കൊട്ടയിൽ ഇരുത്തി കൊണ്ടുപോകാൻ നിശ്ചയിച്ചു. അതും പുതിയൊരു അനുഭവമായിരുന്നു.

നമ്മൾ ബാഗ് തോളത്ത് ഇട്ടു സ്കൂളിലേക്ക് പോവുന്നതുപോലെയാണ് അവർ നമ്മളെ തോളത്ത് ഒരു കൊട്ടയിൽ ഇരുത്തി കൊണ്ടുപോവുന്നത്. അതിൽ കയറി ഇരുന്നപ്പോഴേക്കും ക്ഷീണിച്ച് ഉറങ്ങിപ്പോയി. ഉണർന്നപ്പോൾ താമസിക്കാൻ കിട്ടിയ സ്ഥലത്തെത്തിയിരുന്നു. അത് എങ്ങിനെയാണെന്ന് അറിയോ ....? നമ്മുടെ ഇവിടുത്തെ കിടക്കയുടെ കനം ഉണ്ട് അവിടുത്തെ പുതപ്പിന്. ഞാനും അമ്മയും കൂടി ഷൂസ് പോലും ഊരി വയ്ക്കാതെ ആ പുതപ്പിനുള്ളിൽ കയറി കുറെ നേരം കിടന്നു. തണുപ്പ് കുറെ പോയി ഞാൻ നല്ല ഉഷാറായി.

പിന്നെ എല്ലാരും കൂടി കേദാർനാഥിൽ തൊഴാൻ പോയി. അവിടെയൊക്കെ ചുറ്റി നടന്നു. നല്ല തണുപ്പായിരുന്നു. ചുറ്റും മഞ്ഞ് മലകൾ മാത്രം. എത്ര കണ്ടിട്ടും മതിയായില്ല. പിറ്റേ ദിവസമാണ് ഞങ്ങൾ തിരിച്ചു പോന്നത്. ഹെലികോപ്റ്ററിൽ. അങ്ങോട്ട് പോവുമ്പോൾ ഒരു ദിവസം മുഴുവൻ കുതിരപ്പുറത്ത് ആയിരുന്നു. തിരിച്ചുവരുമ്പോൾ വെറും 15 മിനുട്ട് കൊണ്ട് താഴെ എത്തി. ഹെലികോപ്റ്ററിൽ നിന്ന് ഇറങ്ങിയപ്പോൾ ചെറുതായി ചെവി വേദനിക്കുന്നുണ്ടായിരുന്നു.

പിന്നെ ഞങ്ങൾ തുംഗനാഥ് ബദരി എല്ലാം പോയി. അവിടെയൊന്നും ഇതുപോലെ മഞ്ഞുണ്ടായിരുന്നില്ല. ഇന്ത്യയിലെ അവസാനത്തെ ഗ്രാമം എന്നറിയപ്പെടുന്ന മാനാഗാവും ഞങ്ങൾ കണ്ടു.ഗംഗാ നദിയും സരസ്വതി നദിയും അളകനന്ദയും മന്ദാകിനിയും ഭാഗീരഥിയും അളകനന്ദ മന്ദാകിനി നദികളുടെ സംഗമവും ഒക്കെ ഞങ്ങൾ കണ്ടു. ഒരിക്കലും ഈ യാത്ര മറക്കില്ല ഇനി എപ്പോൾ അവസരം വന്നാലും ഞാൻ പോകുമെന്ന് ഉറപ്പാണ്. അത്രക്ക് ഇഷ്ടായി.

ഗുരുവായൂർ മേച്ചേരി
മനയിൽ ഹരികൃഷ്
ണന്റെ മകനാണ്
ശ്രുതദേവ്
മൊബൈൽ
9496839974/
9446628385

# ദത്തന്റെ ക്രിയേഷൻസ്

**ദേവദത്തൻ ആലംപാടി**




കൊറോണ കാരണം സ്കൂളടച്ചപ്പോൾ ഇല്ലത്ത് തന്നെയിരുന്ന് മടുത്തു. അപ്പോഴാണ് ഏച്ചി എനിക്ക് വേണ്ടി ഇൻസ്റ്റഗ്രാം അക്കൗണ്ട് ആക്കിയത്. കഴിഞ്ഞ മേയ് 21 നായിരുന്നു അത്. ആദ്യം ഏച്ചി പ്രകൃതിയുടെയും പൂക്കളുടെയും ഫോട്ടോ എടുത്തു. പിന്നെ ഓരോ ആളുകൾ ഫോട്ടോ ഇടുന്നതൊക്കെ കണ്ടപ്പോൾ എന്റേയും ഫോട്ടോ ഇൻസ്റ്റഗ്രാമിൽ ഇടാൻ മോഹം. എന്റെ ഫോട്ടോ കണ്ട് ഒരാളെന്നെ കളിയാക്കി. അതോടെ വല്ലാത്ത വിഷമമായി. എന്നാൽ,ഏച്ചി അതൊന്നും കാര്യമാക്കേണ്ടെന്ന് പറഞ്ഞ് എനിക്ക് ആത്മവിശ്വാസം പകർന്നു.

അതോടെ ഇൻസ്റ്റഗ്രാമിൽ എന്റെ വീഡിയോകൾ ഇടാൻ തുടങ്ങി. കുറച്ച് ലൈക്കും കിട്ടി. അപ്പോൾ കണ്ണേട്ടൻ ചോദിച്ചു, എടാ നിനക്ക് യൂട്യൂബ് ചാനൽ തുടങ്ങിക്കൂടേന്ന്? പിന്നെ അമ്മയും യൂട്യൂബ് ചാനൽ തുടങ്ങാൻ നിർബന്ധിച്ചു. ആദ്യമൊക്കെ എന്ത് വീഡിയോ ഇടണമെന്ന് ആകെ കൺഫ്യൂഷൻ ഉണ്ടായിരുന്നു. പിന്നെ ഏച്ചി എന്റെ ഇൻസ്റ്റഗ്രാം വീഡിയോസ് എടുത്ത് യൂട്യൂബിലും ഇട്ടു.

ആദ്യമായി കൊറോണ വല്യമ്മ എന്ന വീഡിയോയാണ് ഇട്ടത്. സ്ക്രിപ്റ്റും ഡയലോഗും ഒന്നും എഴുതിയില്ല. ഏച്ചി ഡയലോഗ് പറഞ്ഞുതരും. ഞാനത് തോന്നിയപോലെ പറയും. എഡിറ്റ് ചെയ്യാനും അഭിനയിക്കാനും ആദ്യമൊക്കെ കുറച്ച് ബുദ്ധിമുട്ടി. വീഡിയോ എടുക്കുന്നതും എഡിറ്റ് ചെയ്യുന്നതും ഡയറക്ഷനുമെല്ലാം ഏച്ചിയാണ് ചെയ്യുന്നത്. കുറച്ചുപേർ കാണാൻ തുടങ്ങിയപ്പോൾ എനിക്കും ഉത്സാഹം വന്നു. ആശയം കിട്ടുന്നതിന് അനുസരിച്ചാണ് ഓരോ വീഡിയോയും എടുക്കുന്നത്.

എനിക്ക് ഏറ്റവും ഇഷ്ടമായ വീഡിയോ പബ്ജി വല്യമ്മയാണ്. എം.എ യ്റ്റി മൂസയ്ക്കാണ് ഏറ്റവും അധികം ലൈക്ക് കിട്ടിയത്. വനിതാ കമ്മീഷൻ അധ്യക്ഷ ജോസഫൈനെക്കുറിച്ച് ചെയ്ത വീഡിയോയും ഒരുപാടുപേർക്ക് ഇഷ്ടപ്പെട്ടു. എന്നെ പലരും വിളിച്ച് ഗംഭീരമായി എന്ന് പറഞ്ഞു.

ഒരാൾ കളിയാക്കിയെന്ന് വച്ച് പിൻമാറിയിരുന്നെങ്കിൽ ഇതൊന്നും നടക്കില്ലായിരുന്നു. ഇപ്പോൾ എനിക്ക് നല്ല കോൺഫിഡൻസുണ്ട്.

മുന്നേറാൻ എല്ലാവരുടെയും പ്രാർത്ഥനയും പിന്തുണയും വേണം. എല്ലാവരും എനിക്ക് വേണ്ടി പ്രാർത്ഥിക്കണേ.

(ദേവദത്തൻ ആലംപാടി , S/O ശ്രീകല &എ.പി.മാധവ പട്ടേരി, ആലംപാടി ഇല്ലം, പെരിയോട്ട്,പി ഒ: കാഞ്ഞിരപ്പൊയിൽ, വഴി: ആനന്ദാശ്രമം, കാസർകോട് – 671531,മൊബൈൽ: 91884 38195 / 94469 43125)

# കണ്ണടയുടെ പവർ കൂട്ടേണ്ടി വന്നു (–3.5 ഉള്ളത് –5 ആയി)

**നവമി ഇ എസ്**



കോവിഡ് കാരണം സ്കൂൾ അടച്ചപ്പോൾ ആദ്യം വലിയ സന്തോഷമായി. പിന്നിടാണ് അതു മൂലം ഉണ്ടാകുന്ന വിഷമങ്ങൾ മനസ്സിലായത്. ലോക്ഡൗൺ എന്ന പേര് കേട്ടപ്പോഴേ പേടിയായി. പരീക്ഷക്ക് ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ സ്കൂൾ അടച്ചു. സ്കൂളിൽ കൂട്ടുകാരുമൊത്ത് പഠിച്ചും, കളിച്ചും, രസിച്ചും നടന്നിരുന്ന ഞങ്ങൾ ഒരു വീടിനകത്ത് ഒതുങ്ങിക്കഴിയേണ്ടിവന്നു.

ഞാൻ പോലും വിചാരിച്ചിട്ടില്ല സ്കൂൾ ഇങ്ങനെയൊക്കെ അടച്ചിടും എന്നും, ഇങ്ങനെ വീട്ടിൽത്തന്നെ ഇരിക്കേണ്ടിവരും എന്നും. ഇടക്കൊക്കെ ബന്ധുവീട്ടിൽ സന്ദർശിച്ചിരുന്ന ഞങ്ങൾക്ക് ലോക്ഡൗൺ കാരണം അതിനു പറ്റാതെയായി. ആഴ്ചയിലൊരു ദിവസം എല്ലാവരുംകൂടി പുറത്തുപോയി സാധനങ്ങൾ ഒക്കെ വാങ്ങിയും ഭക്ഷണം കഴിച്ചും വരുമായിരുന്നു. അതിനും പറ്റാതെയായി. സ്കൂൾ പഠനത്തിനുവേണ്ടി ഓൺലൈൻ ക്ലാസ് നടക്കുന്നതു കാരണം അധ്യാപകരും കൂട്ടുകാരുമൊത്ത് കളിക്കാൻ സാധിക്കാത്തതിലും വലിയ വിഷമമുണ്ട്. അക്വഡേറ്റ് പാലത്തിലൂടെ സ്കൂളിലേക്ക് നടക്കുമ്പോൾ കൂളിത്തോടും ഭംഗിയുള്ള പാടവും കാണാമായിരുന്നു. അതിനും പറ്റാതെയായി. മാത്രമല്ല ഓൺലൈൻ പഠനം കാരണം എന്റെ കണ്ണടയുടെ പവർ വല്ലാതെ കൂടുകയും ചെയ്തു. (–3.5 ഉള്ളത് –5 ആയി). എപ്പോഴും സ്ക്രീനിൽ നോക്കുന്നതു കൊണ്ടുള്ള കുഴപ്പം.

ലോക്ഡൗൺ കാരണം ഇങ്ങനെ കുറേ വിഷമങ്ങൾ നേരിടേണ്ടിവന്നെങ്കിലും സന്തോഷമുള്ള കാര്യങ്ങളും ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ അടുത്തുള്ള പാടത്ത് കൊയ്ത്തുയന്ത്രം വന്ന് നെല്ല് കൊയ്യുന്നത് കണ്ടു. ആദ്യമായാണ് കൊയ്ത്തുയന്ത്രം കാണുന്നത്. കൊയ്യുമ്പോൾ നെല്ല് വന്ന് വീഴുന്നതും വൈക്കോൽ ഉണ്ടകളാക്കി ഇടുന്നതും വളരെ അത്ഭുതമായി തോന്നി. കൊയ്ത്ത് കഴിഞ്ഞ് കൂട്ടംകൂട്ടമായി വന്ന താറാവുകളെ കാണാൻ കഴിഞ്ഞു. അവ കൂളിത്തോട്ടിൽ മണിക്കൂറോളം വെള്ളത്തിൽ ശബ്ദമുണ്ടാക്കി നീന്തുന്നത് കണ്ടു ഞാനും അനുജത്തിയും കൗതുകത്തോടെ കുറേനേരം നോക്കിനിന്നു.

പിന്നെ സ്കൂളിലെ മാഷ് വീട്ടിൽ വന്നതിൽ വളരെയധികം സന്തോഷം തോന്നി. മാഷുടെ വൈകുന്നേരത്തെ ക്ലാസ് വളരെയധികം ഇഷ്ടപ്പെട്ടു. മാഷ് ഓരോ വിഷയവും എല്ലാവരെയും കൊണ്ട് വായിപ്പിക്കും. എന്നും ഓരോ കവിത അയച്ചുതരും. അത് പഠിച്ച് അയച്ചുകൊടുക്കുമായിരുന്നു. പിന്നെ ചിത്രങ്ങൾ വരയ്ക്കുന്നതിനും, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനും പാഠപുസ്തകമല്ലാതെ മറ്റു പുസ്തകങ്ങൾ വായിക്കുന്നതിനും (മിന്നാമിന്നി, ബാലഭൂമി, ദിനപത്രം, ചെറുപുസ്തകങ്ങൾ).കാരണമായി. കളർ ചെയ്യാനും കൂടുതൽ സമയം കിട്ടി.

രണ്ടു കൊല്ലമായി നീന്താൻ ശ്രമിക്കുന്ന എനിക്ക് വേഗത്തിൽ നീന്താൻ കഴിഞ്ഞു. പിന്നെ സമയം ചെലവഴിച്ചിരുന്നത് സൈക്കിളിലായിരുന്നു. കാരംസ് കളിച്ചും, സ്കിപിംഗ് റോപ്പ് ഉപയോഗിച്ചും ഒഴിവുള്ള സമയം അനിയത്തിയുടെ കൂടെ കളിച്ചും നടന്നു. അമ്മയുടെ സഹായത്തോടുകൂടി പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവയിൽ ഏർപ്പെടാറുണ്ട്. അധ്യാപക ദിനത്തിൽ ടീച്ചർക്ക് ആശംസ അറിയിച്ചത് ദിനപത്രത്തിൽ വന്നത് എനിക്ക് വളരെ സന്തോഷമായി. അങ്ങനെ പത്രത്തിൽ വരുമെന്നൊന്നും കരുതിയതല്ല.

ലോക വനദിനത്തിൽ വാഴാലിപ്പാടം, വല്ലങ്ങിപ്പാറ വനസംരക്ഷണ സമിതി നടത്തിയ ചിത്രരചന മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു. ശിശുദിനത്തിൽ സാമൂഹ്യനീതി വകുപ്പ് നടത്തിയ പരിപാടിയിൽ കവിതാ പാരായണത്തിനും ചിത്രരചനയ്ക്കും പങ്കെടുത്ത് സമ്മാനം ലഭിച്ചു. പൈങ്കുളം സൗഹൃദ കലാകായിക സാംസ്കാരിക കൂട്ടായ്മയുടെ ഭാഗമായി നടത്തിയ കളിയൂഞ്ഞാൽ പരിപാടിയിൽ കവിതാ പാരായണത്തിൽ പങ്കെടുക്കാൻ കഴിഞ്ഞു. ഇതൊക്കെയാണ് ഏറെ സന്തോഷം തന്നത്.



നവമി ഇ.എസ്
എഴിക്കോട്
ശ്രീജിത്തിന്റെ
മകളാണ്:
എഴിക്കോട് മന,
പൈങ്കുളം
തൃശ്ശൂർ–679531,
ഫോൺ: 8078307656

# ഡിജിറ്റൽ ബന്ധങ്ങളും ഇൻററ്‍നെറ്റ് പക്വതയും

**നന്ദകിഷോർ പി**



**നന്ദകിഷോർ പി**
S/o **ഭാർഗ്ഗവൻ നമ്പൂതിരി**
**പാലിക ഇല്ലം**
**കക്കോടി, കോഴിക്കോട്**
**മൊബൈൽ 6282923358**

ചില നവയുഗ ഡിജിറ്റൽ സംവിധാനങ്ങൾ (സാങ്കേതിക ബന്ധങ്ങൾ) സമൂഹത്തിൽ ചെലുത്തിയ സ്വാധീനം വലുതാണ്. ഡിജിറ്റൽ ബന്ധങ്ങളുടെയും, ഡിജിറ്റൽ ഇമോഷനുകളുടെയും കാലഘട്ടത്തിലൂടെയാണ് നാം സഞ്ചരിക്കുന്നത്. മനുഷ്യർക്ക് ജീവിക്കാൻ ഓക്സിജനും വെള്ളവും മാത്രമല്ല, സാങ്കേതിക സംവിധാനങ്ങളും കൂടി വേണമെന്നായിരിക്കുന്നു.

ആളുകൾക്ക് ക്രിയാത്മക സാങ്കേതികവിദ്യ പ്രദർശിപ്പിക്കാൻ കഴിയുമെന്ന് മാത്രമല്ല, കൂടുതൽ വിദ്യകളുപയോഗിച്ച് മനുഷ്യരാശിയെ മുൾമുനയിൽ നിർത്താനും കഴിയുമെന്നായിരിക്കുന്നു. അതിനൊക്കെ ഇവിടെ സംവിധാനങ്ങളുണ്ട്. നവമാധ്യമങ്ങൾ വളർന്നുവരാൻ കാരണം അതിലെ ഡിജിറ്റൽ ബന്ധങ്ങളുടെ വളർച്ചയാണ്.

ഇന്നത്തെ കാലത്ത് ഡിജിറ്റൽ ബന്ധങ്ങൾ ഇല്ലാത്തവർ വളരെ വിരളമാണ്. സമയാധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യ പദ്ധതികൾ, വിവാഹം, പ്രണയം, രാഷ്ട്രീയം, വൈദേശിക വിഷയങ്ങൾ, കായികം, ഭക്ഷണം തുടങ്ങി എല്ലാ ഘടകങ്ങളിലും ഇതു കാണാം.

ഊഹാപോഹങ്ങളുടെ നടുവിൽ നിന്നു വട്ടം കറങ്ങുന്നവർക്ക് ഒരു പരിധി വരെ ആശ്വാസകരമാണ് ഈ ഡിജിറ്റൽ ബന്ധങ്ങൾ. പക്ഷേ, അതിന്റെ ഇരുവശവും അറിയണമല്ലോ! ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് സാങ്കേതിക ബന്ധങ്ങളെയും സാങ്കേതിക സംവിധാനങ്ങളെയും വളരെ ആഴത്തിൽ തൊട്ടറിഞ്ഞൊരു സംവിധാനമാണ്.

ഇൻററ്‍നെറ്റ് പക്വതയെക്കുറിച്ച് ഒരു വിഭാഗം ആളുകൾക്ക് ഇപ്പോഴും വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് ഉപയോഗിക്കുന്നവയിൽ അധികമാളുകൾക്കും ഈ ഇന്റർനെറ്റ് പക്വതയെ കുറിച്ച് അറിയാമെങ്കിലും തങ്ങളുടെ ആനന്ദലബ്ധിക്കായി അവർ ആ പക്വത മറന്ന് മറ്റു ചില ദുഷ്കർമ്മങ്ങളിലേക്ക് പോകുന്നു. ഇക്കാലത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ തന്നെ വളരെ ഗൗരവമായി ഉൾപ്പെടുത്തേണ്ട ഒന്നാണ് ഡിജിറ്റൽ ബന്ധങ്ങളും ഇൻററ്‍നെറ്റ് പക്വതയും.

ഓരോ വളർന്നുവരുന്ന തലമുറകൾക്കും ഇതിൻറെ ഗുണദോഷങ്ങളെ പറ്റി മനസ്സിലാക്കി കൊടുക്കണം. വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട ഒന്നാണ് ഇൻററ്‍നെറ്റ് . നമ്മുടെ മനസ്സ് ഒന്നിടറിയാൽ അതു വേറെ ചില സംഗതികളിലേക്ക് ചേക്കേറും. ഒരു സ്മാർട്ട്ഫോൺ കിട്ടിയാൽ അതിന്റെ ഉപയോഗം പക്വതയോടെ കൈകാര്യം ചെയ്യാൻ അറിയണം. കാലം അത്രയുമധികം പുരോഗമിച്ചു കഴിഞ്ഞു. നിമിഷനേരം കൊണ്ട് തന്നെ പലവിധ മാറ്റങ്ങൾ ഉണ്ടാക്കാൻ ഡിജിറ്റൽ മേഖലയ്ക്ക് സാ

## സി.ബി.എസ്.ഇ സ്കൂൾ നാഷണൽ ലെവലിൽ നടത്തിയ മത്സരങ്ങളിൽ സമ്മാനം നേടിയിട്ടുണ്ട് ആരാധ്യ




**ഒരു ഓണച്ചിത്രം**
**ആരാധ്യ പി ശ്രീരാജ്**

D/o **ശ്രീരാജ് പഴയില്ലം**
**പഴയില്ലം, ആട്ടേ പറമ്പ് റോഡ്**
**വെണ്ണല, കൊച്ചി 28**
**(തൃക്കാക്കര ഉപസഭയിലെ അംഗവും കാക്കനാട് അസീസ്സി വിദ്യാനികേതൻ പബ്ലിക്ക് സ്കൂളിലെ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയുമാണ്**
**മൊബൈൽ : 9995800126 )**



ധിക്കും. അതുകൊണ്ട് ഈ കാലത്ത് മേൽപ്പറഞ്ഞ കാര്യങ്ങൾ അറിയണം, പഠിക്കണം.

ഉദാഹരണമായി ഡാർക്ക് വെബ്. എത്രപേർക്കറിയാം ഇത്. ഡാർക്ക് നെറ്റ് വെബിൽ ഉൾപ്പെടുന്ന വേൾഡ് വൈഡ് വെബിന്റെ ഭാഗമാണ് ഡാർക്ക് വെബ്. ചില പ്രത്യേക സോഫ്റ്റ്‌വേർ ഉപയോഗിച്ച് മാത്രം ഇന്റർനെറ്റ് ഉപയോഗിക്കാൻ കഴിയുന്നതാണ് ഓവർലേ നെറ്റ്‌വർക്ക്സ്. ഡീപ്പ് വെബിൽ ഡാർക്ക് വെബ് ചെറിയൊരു ഇടം സൃഷ്ടിക്കുന്നു. സാധാരണ സെർച്ച് എഞ്ചിനുകൾ ഉപയോഗിച്ച് അവിടേക്ക് പോകാൻ കഴിയില്ല. ഉപയോഗം ഈ കാലഘട്ടത്തിൽ കൂടുതലാണ്....പലരും ഡാർക്ക് വെബിന്റെ ചതിക്കുഴിയിൽ വീഴുന്നു. ഇവിടെയാണ് ഇന്റർനെറ്റ് പക്വത കൈകാര്യം ചെയ്യുന്നതിൽ പാളിച്ച സംഭവിച്ചത്. ഇത് ഒരുദാഹരണം മാത്രം.

കൊറോണ ആയതു മൂലം പരസ്പരം ബന്ധുജനങ്ങളെ കാണാനുള്ള ബുദ്ധിമുട്ടു കാരണം പലരും വീഡിയോ കാൾ എന്ന സംഗതിയിലേക്ക് നീങ്ങുന്നു.ഇവിടെയാണ് ഡിജിറ്റൽ ബന്ധങ്ങൾ സൃഷ്ടിക്കപ്പെടുന്നതും, വളരുന്നതും. നല്ലതിനു മാത്രമല്ല ചീത്തതിനും അത് വഴി വയ്ക്കുമെന്ന് കുട്ടികളും രക്ഷിതാക്കളും അറിഞ്ഞിരിക്കണം.



ഗുരുവായൂർ മേലേടത്ത് ഇല്ലത്ത് പദ്മനാഭൻ നമ്പൂതിരിയുടെ മകൾ ദേവമിത്ര വരച്ചത് മൊബൈൽ 9446995268

**ഭവ്യ എ ജി**

**ഗുരുവായൂർ പെരുന്തിട്ട കക്കാട് മനയിൽ അനീഷിന്റെയും ഗായത്രീദേവിയുടെയും മകൾ ഭവ്യ എ ജി വരച്ചത്. മൊബൈൽ : 9446926658 / 7844998800**










**അനന്തകൃഷ്ണൻ പി**

S /o അംഗിരസ് പി
പാക്കത്തില്ലം
തെക്കേ മണക്കാട്
പിഒ കരിവെള്ളൂർ
കണ്ണൂർ ജില്ല മൊബൈൽ
96054 31241







**ഹരിശങ്കർ നമ്പൂതിരി കെ.കെ**

കല്ലംവള്ളി ഇല്ലത്ത്
വിഷ്ണു നമ്പൂതിരിയുടെ
മകനാണ്.വിലാസം: അറത്തിൽ,
പി ഒ നരിക്കാംവള്ളി,
പിൻ:670504, കണ്ണൂർ ജില്ല
ഫോൺ : 9495326344







**നിവേദ്യ നമ്പൂതിരി**

(കെ. പി. ദാമോദരൻ
നമ്പൂതിരിയുടെ മകൾ )
കൊട്ടില പാപ്പനോട്ട് ഇല്ലം
പി. ഒ കൊട്ടില, ഏഴോം,
തളിപ്പറമ്പ്, കണ്ണൂർ ജില്ല
മൊബൈൽ 94006 20863

V K Sankaran
namboodiri
Full page color



# മാളിക നാരായണൻ നമ്പൂതിരി

**റിട്ട. പ്രധാനാധ്യാപകൻ ,ഗ്വാളിയോർ റയോൺസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ,മാവൂർ ,കോഴിക്കോട്**
**മുൻ മേൽശാന്തി, തൃക്കൈപ്പറ്റ സുബ്രഹ്മണ്യ ക്ഷേത്രം, കോഴിക്കോട് .**

## ചരമം: ജൂലൈ 20, 2021

രണ്ടു വർഷങ്ങൾ നാരായണേട്ടൻ രോഗങ്ങളോട് പൊരുതി ജീവിക്കുകയായിരുന്നു. തങ്ങളുടെ അധ്യാപകന്റെ ചികിത്സാ ച്ചിലവുകൾക്കായി ലോകമെമ്പാടുമുള്ള പൂർവ്വ വിദ്യാർത്ഥികളുടെ സൗഹൃദക്കൂട്ടായ്മ സ്വരൂപിച്ചത് മുപ്പത് ലക്ഷത്തിലധികം രൂപ . ഗുരുശിഷ്യബന്ധത്തിന്റെ ഒളിമങ്ങാത്ത വീരഗാഥ രചിച്ചവരെ ഞങ്ങൾ ഈശ്വരതുല്യം പ്രണമിക്കട്ടെ. പ്രതിസന്ധികളിൽ ഞങ്ങൾക്കു താങ്ങും തണലുമായി നിന്ന ബന്ധുമിത്രാദികളോടും നാട്ടുകാരോടും കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിന്റെയും ഡോക്ടർമാരോടും ആരോഗ്യ പ്രവർത്തകരോടും തീരാത്ത കടപ്പാടോടെ.

സന്തപ്ത കുടുംബാംഗങ്ങൾ.

സഹധർമ്മിണി: **രാജി (ടീച്ചർ ,സാബു കോളേജ് ,പൂവാട്ടുപറമ്പ ,കോഴിക്കോട്)**

മകൾ: **ആർദ്ര (അമ്മു)**

# പത്ത്പേർ അറിയട്ടെ എന്ന് കരുതിയാണ് ഓണപ്പതിപ്പ് സ്പോൺസർ ചെയ്തത്

എനിക്ക് സ്വസ്തി വളരെയധികം ഇഷ്ടമായി. ലോക നിലവാരമുള്ള, മറ്റേതൊരു പ്രസിദ്ധീകരണത്തെയും പോലെയോ അതിലധികമോ സ്റ്റാൻഡേർഡ് ഉള്ളതാണ് നമ്മുടെ മാസിക. പല സമുദായങ്ങളുടെയും മാസികകൾ എനിക്ക് വായിക്കാൻ കിട്ടാറുണ്ട്, അവയൊന്നും ഇതിന്റെ നാല് അയലത്ത് വരില്ല. നമുക്കും ഒരു ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഉള്ള മാസിക ഉണ്ടന്ന് പത്ത് പേര് അറിയട്ടെ എന്ന് കരുതിയാണ് കുറച്ചു പേർക്ക് ഓണപ്പതിപ്പ് സ്പോണ്സർ ചെയ്തത്. അത് കിട്ടിയ എല്ലാവർക്കും വളരെയധികം ഇഷ്ടമായെന്ന് വിളിച്ചു പറഞ്ഞു. പിന്നെ നമ്മുടെ ഒരു സംരംഭം വിജയിപ്പിക്കേണ്ടത് എല്ലാവരുടെയും കടമയല്ലേ, അതിൽ എന്റെ വക ഒരു ചെറിയ സഹായം ചെയ്തു എന്നേയുള്ളൂ..

**_നവനീത് കൃഷ്ണൻ**
ഹൗസ് നമ്പർ 24ഡി,താന്നി
മൂട് മഠം, അയ്യമ്പിള്ളിമന
ലെയിൻ,പി.ഒ എരൂർ,
തൃപ്പൂണിത്തുറ, പിൻ 682306,
മൊബൈൽ: 9447921212

## പുതുഊർജ്ജം ലഭിച്ചു

ഒരു റഫറൻസ് ബുക്ക് പോലെ ഷെൽഫ് ലൈഫ് ഉള്ള നല്ല ലേഖനങ്ങളാണ് ഈ ത്രൈമാസികയെ വ്യത്യസ്തമാക്കുന്നത്.

നമ്പൂതിരി സമുദായത്തിൽപ്പെട്ട പ്രഗത്ഭരായ വ്യക്തികളെ അടുത്തറിയുവാനും അവരുടെ പ്രവർത്തനങ്ങളെ മനസിലാക്കുന്നതിലൂടെ ഒരു പുതുഊർജ്ജം ലഭിക്കാനും സാധിച്ചു . ഒരേ സമയം ഉണരുവാനുള്ള ശക്തിയും അതോടൊപ്പം ഈ സമൂഹം വളർന്നു വരാനുള്ള വളമായും ഈ പുസ്തകം മാറും. പുതു തലമുറക്കാർ സ്വസ്തി വായിക്കുന്നുണ്ടോ എന്നറിയില്ല.അവരെയും ഇത് വായിക്കാൻ പ്രേരിപ്പിക്കുന്നത് നല്ലതാണ്. എല്ലാ അണിയറ പ്രവർത്തകർക്കും ആശംസകൾ.

**സുരേഷ് ചന്ദ്രമന,**
സുരേഷ് ഭവൻ, പെരിങ്ങോൾ,
കാവുംഭാഗം, തിരുവല്ല,പത്തനം
തിട്ട പിൻകോഡ് 689102
മൊബൈൽ: 9446269400

## അഭിനന്ദനങ്ങൾ മനോജ്കുമാറിന്



കത്തിച്ചു വച്ച നിലവിളക്ക്. കഴുകിത്തുടച്ച നാക്കില. വാല് ഇടത്തോട്ട് ആക്കിയ പലക. വെള്ളം നിറച്ചു വച്ച കിണ്ടിയും. എന്നാൽ നാക്കിലയിൽ വിളമ്പിയതോ സ്വസ്തിയുടെ ഓണപ്പതിപ്പ്.! സ്വസ്തിപ്രവർത്തകരെ വല്ലാതെ സ്പർശിച്ച ഒന്നാണ് ഈ ദൃശ്യം. കക്കോടി ഉപസഭയിലെ പറമ്പിടി മനോജ് കുമാറാണ് നാക്കിലയിൽ സ്വസ്തി വിളമ്പിക്കൊണ്ട് വാട്ട്സ് അപ്പ് ഗ്രൂപ്പിൽ സർഗ്ഗാത്മകസദ്യ ഒരുക്കിയത്.

പറമ്പിടി മനോജ് കുമാർ മൊബൈൽ 9495039842

## പി.ഡി.എഫുകൾ കണ്ടു

സ്വസ്തി ത്രൈമാസികയുടെ പി.ഡി.എഫുകൾ കണ്ടു. ചിലതൊക്കെ വായിച്ചു. നന്നായിട്ടുണ്ട്.

**ഡോ. നാരായണൻ നമ്പൂതിരി,**
പ്രൊഫസർ, കാർഡിയോളജി, ശ്രീചിത്ര ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ
സയൻസസ്, തിരുവനന്തപുരം
മൊബൈൽ: 9447223340

## വളരെ നന്നായി

സ്വസ്തി ഓണപ്പതിപ്പ് വളരെ നന്നായിട്ടുണ്ട്. കെട്ടും മട്ടും വിഭവങ്ങളും.

**പി.എൻ.വിജയൻ**
പുളിക്കത്തൊടി മന, കരിക്കാട്,
മഞ്ചേരി മൊബൈൽ: 9496304123

## ഇല്ലവിശേഷങ്ങൾ

സന്തോഷം.നമുക്കിടയിലെ ഇല്ലവിശേഷങ്ങൾ മനസ്സിലാക്കാൻ നല്ല അവസരം ഒരുക്കുന്ന സ്വസ്തിക്ക് ആശംസകൾ

**അഡ്വ ഇ. എം. ദാമോദരൻ**
എറിയാട് മന,കൊളപ്പറമ്പ് പി.ഒ,
പാണ്ടിക്കാട്, മലപ്പുറംജില്ല.
മൊബൈൽ:9447477390

## ഐ.ഐ.എസ്.സി അല്ലേ

ഡോ.ഭട്ടതിരിയെപറ്റിയുള്ള ലേഖനം നന്നായിട്ടുണ്ട്. അഭിനന്ദനങ്ങൾ! പക്ഷേ,19 ാംപേജിൽ ബെംഗളൂരു ആൾ ഇന്ത്യ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നത് ഐ.ഐ.എസ്.സിയെ ഉദ്ദേശിച്ചായിരിക്കണം; എയിംസ് ഡൽഹിയിലാണല്ലൊ.

**പ്രൊഫ. എ കൃഷ്ണൻ**
അവിഞ്ഞിക്കാട്, ഗാന്ധി നഗർ,
പുതുപ്പരിയാരം , പാലക്കാട്.
മൊബൈൽ 9447035559

## അഭിനന്ദനങ്ങൾ

ഓരോ ലക്കവും ഒന്നിനൊന്നു മെച്ചമാവുന്നുണ്ട്.

**പി. എം. വിഷ്ണു,** പാമ്പുരയത്തു
മന, തേജസ്, പി.ഒ. കരമ്പത്തൂർ
പാലക്കാട് ജില്ല പിൻ 679305
മൊബൈൽ 9446560985

## വിഷയസമൃദ്ധി

കഴിഞ്ഞ ലക്കങ്ങളിലും വിഷയസമൃദ്ധി തന്നെയായിരുന്നു. അറിയുന്നവരും, അറിയുന്ന കാര്യങ്ങളും, വ്യക്തികളും.പറയാനില്ല.അഭിപ്രായങ്ങൾ എവിടെ തുടങ്ങണം. അവസാനിപ്പിയ്ക്കണം എന്ന ഭയം മൂലം മൗനം ദീക്ഷിച്ചതാണ്.

**രമേശൻ മുല്ലപ്പള്ളി** ശ്രീ ശൈലം
രാമപുരം ക്ഷേത്രത്തിനു സമീപം
കാഞ്ഞൂർ, എറണാകുളം
പിൻ 683575,മൊബൈൽ 9961817117

## കാത്തിരുന്ന സ്വസ്തി

വളരെ അധികം വിഭവങ്ങളായി കാത്തിരുന്ന സ്വസ്തി ഇന്നു വന്നു.

**രവി വർമ്മ തൃശൂർ**

## അഭിനന്ദനങ്ങൾ

സ്വസ്തി ഓണപ്പതിപ്പ് കിട്ടി. എല്ലാം വളരെ നന്നായിട്ടുണ്ട്.ഇതിനു പിന്നിൽ പരിശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ശിവപ്രസാദ് വേണാട് മന,**
പി.ഒ ഒതളൂർ വെസ്റ്റ്,
വഴി കോക്കൂർ, മലപ്പുറം ജില്ല. പിൻ
679591 മൊബൈൽ:9846299816

## സ്വസ്തി ഓണപ്പതിപ്പ്

ഇന്നു കിട്ടി. നന്ദി .

**എം എൻ പി നമ്പൂതിരി**
കീർത്തനം,പുലിയൂർ ചെങ്ങന്നൂർ
ആലപ്പുഴ 9447347558

## Creative criticism needed

At least the cover page of it can be better , instead of portraying a perosn , something

# ചില വിമർശനങ്ങൾ കേൾക്കേണ്ടി വന്നു

മാസങ്ങൾക്കുമുമ്പ് കാറൽമണ്ണയുമായി ബന്ധപ്പെട്ട ചില ഓർമകൾ വാട്സാപ്പ് ഗ്രൂപ്പിൽ എഴുതുകയുണ്ടായി. തുടർന്ന് ചില യാഗാനുഭവങ്ങളും എഴുതി.എല്ലാം തികച്ചും വ്യക്തിപരം മാത്രം.

അവയിലൊന്ന് കാറൽമണ്ണക്കാരനായ സുഹൃത്ത് കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി സ്വസ്തി മാസികയുടെ ഓണപ്പതിപ്പിൽ പേജ് നൂറ്റിയെട്ടിൽ ചേർത്തുകണ്ടു. സന്തോഷം.

പക്ഷേ, ലേഖനത്തിൻെറ ആദ്യഭാഗത്ത് ഞാനെഴുതിയതല്ലാത്ത കുറേ വാചകങ്ങൾ കാണുന്നുണ്ട്. അവയെക്കുറിച്ച് ചില വിമർശനങ്ങൾ കേൾക്കുവാൻ ഇടയായി എന്ന ഖേദം രേഖപ്പെടുത്തുന്നു. അവ മാത്രമാണ് വിമർശനകാരണം എന്നും ഞാൻ വിശ്വസിയ്ക്കുന്നു.

ശ്രൗതകർമങ്ങളിൽ ആധികാരിക ശബ്ദത്തിന്നുടമയായ ആരാദ്ധ്യനായ വ്യക്തിയുടെ മുഖത്തുനിന്നു തന്നെയാണ് വിമർശനം കേൾക്കേണ്ടിവന്നത്. ഇത്രയൊക്കെ പാരമ്പര്യം അവകാശപ്പെടാനുള്ള കാറൽമണ്ണക്കാർ അതൊക്കെ മറന്ന് താരതമ്യേന ലഘുവായ ഇഷ്ടിയ്ക്ക് പ്രചരണം കൊടുക്കുന്നത് ഭംഗിയായില്ല എന്നായിരുന്നു അദ്ദേഹം പ്രസ്താവിച്ചതിൻെറ രത്നച്ചുരുക്കം. സ്വസ്തിയിൽ അച്ചടിച്ച ലേഖനം ആ സമയത്ത് ഞാൻ കണ്ടിരുന്നില്ല. പിന്നീട് ബന്ധുഗൃഹത്തിൽനിന്ന് ഒരു കോപ്പി കിട്ടി, അപ്പോഴാണ് യാഥാർത്ഥ്യം മനസ്സിലായത്. ഞാൻ കുളിയ്ക്കാതെ ഈറൻ ചുമക്കേണ്ടിവന്നു .

ഈയിടെ കാറൽമണ്ണ വേദഗുരുകുലത്തിൽ നടന്ന ശ്രൗതേഷ്ടിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് എൻെറ കുറിപ്പ് വായിയ്ക്കാനിടയായതാണ് മേൽപ്പറഞ്ഞ പരാമർശത്തിനിടയാക്കിയത്. ശ്രൗതേഷ്ടിയുടെ ഉത്തരവാദപ്പെട്ട വ്യക്തിയുമായി, ഈയിടെ വാട്സാപ്പിലൂടെ നടത്തിയ ആശയവിനിമയത്തിൽ നിന്ന് അദ്ദേഹത്തിന് ഇക്കാര്യം ഒന്നുമറിയില്ല എന്നും മനസ്സിലാക്കാൻ കഴിഞ്ഞു. മേൽപ്പറഞ്ഞ വിമർശനം കേൾക്കേണ്ടിവന്നതിനാലാണ് ഇതെഴുതാൻ ഞാൻ നിർബന്ധിതനായത്. പരമേശ്വരൻെറ ഉദ്ദേശശുദ്ധിയെ മാനിച്ചുകൊണ്ടുതന്നെ, അതിൽനിന്നുണ്ടായ അനുഭവം വിപരീതഫലമായി എന്നു പറയേണ്ടി വരുന്നതിന് ക്ഷമാപണം. സ്വസ്തിയ്ക്കും അനുവാചകർക്കും സ്വസ്തി ഭവിയ്ക്കട്ടെ,

**നരിപ്പറ്റ നാരായണൻ നമ്പൂതിരി, കാറൽമണ്ണ.**

# പ്രായശ്ചിത്തം ചെയ്യാൻ തയ്യാർ

ശ്രൗത കർമങ്ങളിൽ ആധികാരികനായ വ്യക്തി (അങ്ങയുടെ സന്ദേശത്തിൽ സൂചിപ്പിച്ച വ്യക്തി) യജമാനൻ എന്ന നിലയിൽ ഞാൻ ചെയ്ത തെറ്റ് എന്താണ് എന്ന് പ്രമാണസഹിതം പറഞ്ഞുതന്നാൽ വൈദികവിധി പ്രകാരമുള്ള പ്രായശ്ചിത്തം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഗുരുകുലരീതിയിൽ ശ്രൗതസൂത്രങ്ങൾ ശാസ്ത്രീയമായ രീതിയിൽ വ്യാഖ്യാന സഹിതം പഠിച്ച ഒരു ആചാര്യന്റെ മാർഗ്ഗദർശനത്തിലാണ് ഞാൻ ഇഷ്ടി ചെയ്തത്. കാത്യായനശ്രൗതസൂത്രം 2,3 അധ്യായങ്ങളിൽ വിവരിക്കുന്ന വിധി അനുസരിച്ചാണ് അത് അനുഷ്ഠിച്ചത്. അതിന്റെ മലയാളം തർജ്ജമ എന്റെ പക്കൽ ഇല്ല. സംസ്കൃതം നോക്കി മനസ്സിലാക്കാൻ കഴിയുന്നവർക്ക് അത് അയച്ചുകൊടുക്കുകയും ചെയ്യാം. നമ്മുടെ പൂർവ്വസൂരികൾ ചെയ്ത യാഗസംസ്കാരം കാറൽമണ്ണയിൽ വീണ്ടും കൊണ്ടുവരാൻ ആഗ്രഹിക്കുന്ന ഞാൻ വേദത്തെ പരമപ്രമാണം ആയി കാണുന്നു. അതൊരു മഹാപരാധം ആയെങ്കിൽ അതിന് എന്ത് ശിക്ഷയും സ്വീകരിക്കാൻ ഞാൻ ഒരുക്കമാണ്. അതിനുള്ള വൈദിക പ്രമാണം കൂടി പറഞ്ഞുതരാൻ ദയവുണ്ടാകണം.

ശ്രീനാരായണ ഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠയെ ചിലർ വിമർശിച്ചപ്പോൾ താൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചത് എന്നു പറഞ്ഞപോലെ, ഞാൻ ചെയ്തത് ശാസ്ത്രാനുകൂലമായ വൈദിക ഇഷ്ടി എന്ന് വേണമെങ്കിൽ പറയാം. ഞാൻ ധർമ്മം സ്വജീവിതത്തിൽ ആചരിക്കാൻ പരിശ്രമിക്കുന്ന ഒരു വ്യക്തിയാണ്. ഒരു പിരിവും നടത്താതെ ആർക്കും ഒരു ദ്രോഹവും വരുത്താതെയാണ് ഈ ഇഷ്ടി ചെയ്തത്. സാത്വികമായ ശ്രുതി പ്രമാണം ഉള്ള ഒരു അനുഷ്ഠാനം ചെയ്ത - നിത്യവും ഔപാസനം ചെയ്യുന്ന - മെയ് 26,27 ന്റെ യജ്ഞത്തിന് ശേഷം എല്ലാമാസവും മുടങ്ങാതെ ഇഷ്ടി ചെയ്യുന്ന ഞാൻ മൂലം അറിയാതെ ആണെങ്കിലും അങ്ങേക്ക് വന്ന ദുഃഖത്തിൽ ഒരിക്കൽ കൂടി ക്ഷമ ചോദിക്കുന്നു.

ഭദ്രം നോ അപി വാതയ മനഃ എന്ന് ഋഗ്വേദം (10.20.1) അല്ലയോ പ്രകാശ സ്വരൂപാ! അങ്ങ് ഞങ്ങളുടെ മനസ്സിനെ ഉത്തമ മാർഗ്ഗത്തിലേക്ക് നയിച്ചാലും എന്ന് ഭാവാർത്ഥം.

**രാജൻ, വേദഗുരുകുലം കാറൽമണ്ണ**

related to the seaosn can be attractive. Instead of praising each and everything, creative criticism needed . Need to cover Educational, future career related , etc to face upcoming tough time .

**Suresh Namboodiri,** 9446269400

## കാത്തിരിക്കാൻ തുടങ്ങി

കെട്ടിലും മട്ടിലും നല്ല ഒരു മാസിക. ഇപ്പോൾ ഇതിന്റെ അടുത്ത പതിപ്പിന്നായി കാത്തിരിക്കാൻ തുടങ്ങി.നല്ല അച്ചടി നല്ല ലേ ഔട്ട്. ഇതിന്റെ സർക്കുലേഷൻ നാൾക്കുനാൾ വർധിക്കാൻ പ്രാർത്ഥിക്കുന്നു .അണിയറയിൽ പ്രവർത്തിക്കുന്നവർക്ക് അഭിനന്ദനങ്ങൾ

**ജനാർദ്ദന കുറുപ്പ്**

പെരുമണ്ണ,കോഴിക്കോട്,9633582555

## ഒറ്റ വാക്കിൽ ഉഗ്രൻ

സ്വസ്തി ഇന്നത്തെ തപാലിൽ ലഭിച്ചു ഒന്നു മറിച്ചു നോക്കി.ഒറ്റ വാക്കിൽ ഉഗ്രൻ അണിയറ പ്രവർത്തർക്ക് എല്ലാവർക്കും അനുമോദനങ്ങൾ.

**സുബ്രഹ്മണ്യൻ മൂസത്**

റിട്ട. സയിന്റിസ്റ്റ്ഐ.എസ് ആർ ഒ,
തിരുവനന്തപുരം, 9895828982

## ചെറിയ വരിസംഖ്യയിൽ!

ഹൈദരാബാദിൽ എല്ലാ വരിക്കാർക്കും കിട്ടി. സന്തോഷം, അഭിമാനം.നല്ല ഡിസൈൻ, ഉള്ളടക്കം, വായിക്കാൻ ഒരുപാട് ഉണ്ട് -ഗംഭീരം. ഇത്ര ചെറിയ വരിസംഖ്യയിൽ അത്ഭുതം, ആശങ്ക .

**ഉണ്ണികൃഷ്ണൻ,**

ഹൈദരാബാദ് +91 95500 45994

## കൊറോണ കെടുത്തി സ്വസ്തി നികത്തി

കൊറോണ, ഓണാഘോഷത്തിൻെറ പൊലിമ കെടുത്തിയെങ്കിലും ആ കുറവ് സ്വസ്തി ഓണപ്പതിപ്പ് നികത്തി. വിഭവങ്ങൾ അതിമനോഹരവും ഹൃദ്യവും. അണിയറശില്പികൾക്ക് ഹൃദയംഗമമായ അഭിനന്ദനം..

**നാരായണൻ നമ്പൂതിരി,**

കക്കാട് മന,
ആലങ്കോട്, മലപ്പുറം.
മൊബൈൽ 9446456794

# ആ ലക്കം വായിച്ചപ്പോൾ എനിക്ക് ചെറിയൊരു വിഷമം ഉണ്ടായി

ഓണപ്പതിപ്പ് ഇന്ന് രാവിലെ കിട്ടി. വൈകിട്ട് മൂന്നര മണിയോടെ തന്നെ വളരെ ആവേശപൂർവം മുഴുവൻ വായിച്ചു തീർത്തു. വളരെ നല്ല അഭിപ്രായമാണെനിക്ക് . ഗോവയിലുള്ള ശ്രീ പുളിയശ്ശേരി കൃഷ്ണൻ നമ്പൂതിരി വഴിയാണ് ഞാൻ സ്വസ്തി വരിക്കാരനാവുന്നത്. സ്വസ്തിയുടെ 2021 ജനുവരി ലക്കമാണ് ഞാൻ ആദ്യമായി കാണുന്നത്. ആ ലക്കം വായിച്ചപ്പോൾ എനിക്ക് ചെറിയൊരു വിഷമം ഉണ്ടായി.

അതു കൂടി സൂചിപ്പിക്കട്ടെ. അതിലെ മുഖചിത്രവും അതിനോട് അനുബന്ധിച്ച ഫീച്ചറും വന്നിരുന്നല്ലോ... അതിൽ ആറ് വേളി കഴിച്ച ഒരില്ലത്തെ കുറിച്ചും ദോഷങ്ങളും ദുരിതങ്ങളും ഒക്കെയാണ് അതിൽ ആദ്യം തന്നെ ഞാൻ വായിക്കാനിടയായത്. ഇങ്ങനെ നമ്മുടെ പഴയ കാലത്ത് ഉണ്ടായിരുന്ന മൂല്യച്യുതികൾ, വഴിവിട്ട രീതികൾ എന്നിവയെ ഒരിക്കലും അവയെ പൊക്കിപ്പിടിക്കുകയല്ല വേണ്ടത്. പുതിയ തലമുറക്ക് നന്മകളാവണം കൈമാറേണ്ടത്. നന്മയും അതിലൂടെ ഉയർന്ന് വന്നവരും അവരുടെ പ്രചോദനാത്മകമായ ജീവിതവും ആവണം മുഖചിത്രം. എന്തായാലും അന്നത്തെ ആ മനോവിഷമം ഓണപ്പതിപ്പ് കിട്ടിയതോടെ മാറിക്കിട്ടി. ഇത്തവണത്തെ ലക്കത്തിൽ മുഴുവൻ പോസിറ്റീവായ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.സ്വസ്തിക്ക് എല്ലാ നന്മകളും നന്ദിയും നമസ്കാരവും.

**നാരായണൻ നമ്പീശൻ**
അക്ഷരം പാറമ്മൽ,
മാവൂർ, പിൻ 673661
മൊബൈൽ: 9447637718

## ധീരവനിത തന്നെ അവർ

ഓണപ്പതിപ്പിലെ ഓരോ ലേഖനങ്ങളും മികച്ച നിലവാരം പുലർത്തുന്നതാണ്. അറിയേണ്ട അന്തർജനം എന്ന ലേഖനം എന്നെ ഒരുപാട് ആകർഷിച്ചു. ഒരു കാലത്ത് നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ പുറത്തേക്ക് തനിയേ യാത്ര ചെയ്യാൻ മടിക്കുന്ന കാലത്ത് മുടങ്ങിപ്പോയ പഠിത്തം പൂർത്തിയാക്കി ഒരു ഡോക്ടർ ആയി. അതും എം.ബി.ബി.എസ് ഡിഗ്രി. സമൂഹത്തിലെ നിർധനരായ രോഗികൾക്ക് സാന്ത്വനമായി. നമ്മുടെ എല്ലാം പ്രിയപ്പെട്ട ഡോക്ടർ. സാവിത്രി കാഞ്ഞൂർ മന. ഏറെ അഭിനന്ദനമർഹിക്കുന്നു.

പൊതു വേദിയിൽ സാരി ധരിച്ച് വന്നതിന് ഒരുപാട് പ്രഹസനം നേരിട്ട ഒരു യുവതി - പാർവ്വതി മനേഴി - ശരിക്കും ഒരു ധീര വനിതയായിരുന്നു, എന്നാണ് വി.ടി. ഭട്ടതിരിപ്പാട് അവരെ വിശേഷിപ്പിച്ചത്.യുവതലമുറ അറിയേണ്ട ഒരുപാട് അറിവ് ഈ മാസികയിലെ ലേഖനങ്ങൾക്ക് തരാൻ കഴിയും.

**മിനി രാമൻ,** പഴേടത്ത് മന,
പടിഞ്ഞാട്ട്മുറി, ചേർപ്പ്, തൃശൂർ ജില്ല
,പിൻ680561. ഫോൺ : 9400880536

## ഒരുമിച്ചു നിർത്താൻ



സ്വസ്തിയുടെ 2021 ഓണപ്പതിപ്പ് ഓടിച്ചൊന്നു വായിച്ചു. അഭിനന്ദനാർഹം .എണ്ണത്തിൽ വളരെ കുറവായ നമ്മൾ നമ്പൂതിരിമാരെ അറിയാനും അറിയിപ്പിക്കാനും നമ്മൾ മാത്രമേ ഉള്ളു . പല കാരണങ്ങൾ കൊണ്ടും പിന്നാക്കം നിൽക്കുന്ന നമ്മുടെ സംസ്കാരത്തെ കഴിയും വിധം നില നിർത്തേണ്ടത് കാലത്തിന്റെ ആവശ്യമായി തോന്നുന്നു. യാതൊരു വിധ ഉയർച്ച -താഴ്ചകളും ഇല്ലാതെ നമ്പൂതിരിമാരെ ഒത്തൊരുമിച്ചു നിർത്താൻ ടീം സ്വസ്തിക്കു സാധിക്കട്ടെ എന്ന് ആശംസിക്കുന്നു .

ആഴ്‌വാഞ്ചേരി കൃഷ്ണൻ
തമ്പ്രാക്കൾ,
ആഴ്‌വാഞ്ചേരി മന,
ആതവനാട്.പി.ഒ,മലപ്പുറം,
മൊബൈൽ: 9446947120

## ഉള്ളടക്കത്തിന്റെ ശുദ്ധി

ഞാൻ സ്വസ്തി കുടുംബാംഗമാണ്. കുറെ വരിക്കാരെ ചേർക്കാനും സാധിച്ചിട്ടുണ്ട്. മറ്റുള്ള പ്രസിദ്ധീകരണങ്ങളിൽ നിന്നും ഉയർന്നു നിലക്കുന്നത് അതിലെ ഉള്ളടക്കത്തിന്റെ ശുദ്ധി തന്നെ എന്നതിൽ സംശയമില്ല.സ്വസ്തിക്ക് ഉത്തരോത്തരം പ്രശസ്തിയുണ്ടാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ശ്രീകുമാർ നമ്പൂതിരി** കോൽപ്പുറത്തില്ലം, പി.ഒ കുരുവട്ടൂർ,
കോഴിക്കോട് ജില്ല, പിൻ 673611, മൊബൈൽ 9495175742

## ഓണപ്പതിപ്പ് അസ്സലായി

നമുക്ക് ശ്ശി അങ്ട് ബോധിച്ചൂട്ടോ

**കമ്പളത്ത് നീലകണ്ഠൻ നമ്പൂതിരി** മൊബൈൽ 9446164218

## ഇല്ലപ്പേര് തെറ്റിപ്പോയി

കേരളത്തിൽ ഏറ്റവുമധികം കാവ്യകേളി ജേതാക്കളെ സമ്മാനിച്ച തൈ വാമനൻ നമ്പൂതിരിയുടെ ഇല്ലപ്പേര് മേലേടം എന്ന് സ്വസ്തി ഓണപ്പതിപ്പ് പേജ്105 ൽ തെറ്റായി പരാമർശിക്കപ്പെടാനിടയായി. ശ്രദ്ധക്കുറവു കാരണം ഇങ്ങനെയൊരു തെറ്റു സംഭവിക്കാനിടയായതിൽ ഖേദിക്കുന്നു.

**- പത്രാധിപർ സ്വസ്തി.**

## തിരുശേഷിപ്പുകൾ

നമ്മുടെ പൗരാണികതയുടെ ഓർമ്മ ചെപ്പുകൾ തുറന്ന് മൺമറഞ്ഞു കൊണ്ടിരിയ്ക്കുന്ന ചില തിരുശേഷിപ്പുകൾ




സ്വസ്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വാട്ട്സ് അപ്പിൽ എഴുതി അറിയിക്കൂ.

**ഈ നമ്പറിൽ 9400992823**

എഡിറ്റർ, സ്വസ്തി,
യോഗക്ഷേമസഭ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണു ക്ഷേത്രത്തിനു
സമീപം, പി.ഒ ചേവായൂർ,
കോഴിക്കോട് പിൻ: 673017

അക്ഷരങ്ങളിലൂടെ വായനക്കാരുടെ ഹൃദയമാകുന്ന ചെപ്പിലാക്കാനുള്ള ചെപ്പടി വിദ്യ ഫലം കണ്ടു. ഓരോരുത്തർക്കും വേണ്ടത് അറിഞ്ഞ് വിളമ്പുവാൻ ആത്യാവശ്യം വേണ്ട വിഭവങ്ങൾ പാകപ്പെടുത്തിയാണ് സ്വസ്തി കാറ്ററിങ്ങ് സർവ്വീസ് ചെയ്തത്. ഉപസഭ പ്രവർത്തനങ്ങളുടെ ഒരു ചെറു വിവരണം കൊടുത്തതിനാൽ ഉപസഭകളുടെ താൽക്കാലിക വിശപ്പ് മാറി കിട്ടി.

പിന്നെ പൊതുവെ എല്ലാം ഭംഗിയായി. കോവിഡ് രോഗബാധിതരായി കഷ്ടപ്പെടുന്ന നമ്പൂതിരിമാർക്ക് എന്തെങ്കിലും വില കറഞ്ഞ വിറ്റാമിൻ ഗുളികൾ കൊടുക്കാമായിരുന്നു.

**നാരായണൻ നമ്പൂതിരി കെ.കെ.**
കുന്നത്ത് കണ്ടമംഗലത്ത് ഇല്ലം
പി.ഒ:ചൂലൂർ, വഴി:എൻ.ഐ.ടി,
പിൻ:673601, മൊബൈൽ: 8547813272
(മേൽശാന്തി, കോഴിക്കോട്
മുതലക്കുളം ശ്രീഭദ്രകാളി ക്ഷേത്രം
പോലീസ് അമ്പലം)

## മികച്ച അഭിപ്രായമാണ്

സ്വസ്തിയെ കുറിച്ച് എല്ലാവർക്കും മികച്ച അഭിപ്രായമാണ്

**ശ്രീരാജ് പഴയില്ലം** തൃക്കാക്കര ഉപസഭ,ആട്ടേ പറമ്പ് റോഡ്വെണ്ണല,
കൊച്ചി 28,മൊബൈൽ: 9995800126

## ഓണപ്പതിപ്പ് അസ്സലായി

**കെ.പി. ശൈലജ അന്തർജനം**
മാത്തൂർ മന,മൊബൈൽ 9946331863

## മുഴുവൻ വായിച്ചു.

വിജ്ഞാനപ്രദമാണെന്ന് മാത്രമല്ല, പൂർവികരുടെയും പുതുതലമുറയിൽ ഉള്ളവരുടെയും നൈരന്തര്യം തിരിച്ചറിയാൻ ഉതകുന്ന തരത്തിലാണ് ഇതിലെ ഉള്ളടക്കം. പലർക്കും അറിയാത്ത ചരിത്രപരമായ കാര്യങ്ങൾ ഉൾകൊള്ളിച്ചത് പ്രശംസനീയമാണ്. ടെക്നോളജിയിലും കലാ സാഹിത്യ രംഗത്തും വൈവിധ്യമുള്ള പലരേയും വായിച്ചറിയാൻ കഴിഞ്ഞു .

**ദിവാകരൻ നമ്പൂതിരി**
പാലനാട് മന,ചേലക്കാട്
പുലാമന്തോൾ,മലപ്പുറം ജില്ല ..
മൊബൈൽ 9446455713

## അത്തിപ്പറ്റ രവിയുടെ കഥ

അസ്സലായി .ടച്ചിംഗ് ആയ അവതരണം .ഇതു പോലുള്ള സംഭവ കഥകൾ കേട്ടിട്ടുമുണ്ട് .സ്വസ്തിയുടെ പ്രസ്റ്റീജ് കഥയായി ഞാൻ ഇതിനെ കാണുന്നു.കഥാകൃത്തിനും സ്വസ്തിക്കും അഭിനന്ദനങ്ങൾ .

**പരമേശ്വരൻ ടി.ജെ**
തുരുത്തിപ്പള്ളിൽ ഇല്ലം,
പി.ഓ. പുലിയന്നൂർ, പാലാ,
പിൻ: 686573,മൊബൈൽ :9446859797

# സ്വസ്തിക്ക് പ്രോക്സിമിറ്റിയുണ്ട്

മാധ്യമ രംഗത്തെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് ലെവൽ ഓഫ് പ്രോക്സിമിറ്റി . അതായത് ആഫ്രിക്കയിൽ വെള്ളപ്പൊക്കമുണ്ടായത് വായിക്കുന്നതിനെക്കാൾ ആകാംക്ഷയോടെയാണ് നമ്മൾ തൊട്ടടുത്തുള്ള പുഴ കരകവിയുന്നുവെന്ന വാർത്ത വായിക്കുക.

സ്വസ്തി വായിക്കുന്നതും ഇതേ പ്രോക്സിമിറ്റി ലെവൽ ഉള്ളതുകൊണ്ടാണ്. വിവാഹ, ആശംസ, മരണ അറിയിപ്പുകളിൽ പലതും പരിചിത മുഖങ്ങളും പേരുകളും. അച്ഛന്റെ ചെറിയമ്മ മരിച്ച വിവരം ഞാൻ സ്വസ്തിയുടെ വായനക്കൂട്ടം എന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇട്ടിരുന്നു. അതുപോലും എടുത്തു ചരമ അറിയിപ്പിൽ വെച്ചിട്ടുണ്ട്. പി.എൻ. വിജയൻ മാങ്ങോട്ടിരി നമ്പ്യാത്തേട്ടനെയും ലീലേടത്തിയെയും കുറിച്ചെഴുതിയ ലേഖനവും അതിലെ ആളുകൾ പരിചയക്കാർ ആയതുകൊണ്ട് ഒരു വാക്ക് വിടാതെ വായിച്ചു.

ഇല്ലത്തെ മുത്തശ്ശിയുടെ ബന്ധുവും കളിക്കൂട്ടുകാരിയുമാണ് ലീലേടത്തി. മൂസത് ബ്രദേഴ്സിലെ കൃഷ്ണൻ മൂസതിന്റെ പത്നി പാർവതിയേടത്തി സ്വസ്തി കയ്യിലെത്തുന്നതിന് ഏതാനും ദിവസം മുമ്പ് മരിച്ചിരുന്നു. ഏറെ പ്രിയപ്പെട്ട ഒരു ബന്ധുവാണ് ആ ഏടത്തി.

കൊയ്ത്തടി പരമേശ്വരേട്ടന്റെ അമ്മാത്തുകളെക്കുറിച്ചുള്ള ലേഖനവും കൗതുകമായി. ഒരു മൂന്നു അമ്മാത്തുകൾക്കപ്പുറം എനിക്ക് അറിയില്ല. എന്തായാലും ഒന്ന് അന്വേഷിക്കണം എന്ന് വായിച്ചപ്പോൾ തോന്നി. വായിച്ചപ്പോൾ എനിക്ക് ഓർമയിൽ വന്നത് തറവാട്ടിലെ കുടുംബയോഗത്തിലെ ഒരു സംഭവമാണ്. 2015ൽ ചെർപ്പുളശ്ശേരി മോഴികുന്നത്ത് വെച്ചു നടന്ന യോഗത്തിൽ പരമേശ്വരേട്ടൻ പ്രത്യേക ക്ഷണിതാവ് ആയിരുന്നു. ഫാമിലി ട്രീ അഥവാ കുടുംബ വൃക്ഷം ഒരു വലിയ ബോർഡിൽ വരച്ചു വെച്ചിട്ടുണ്ട്. ഇടയിൽ ഒരു കണ്ണി ചേരുന്നില്ല. രണ്ടു തലമുറ മുൻപത്തെയാണ്. പരമേശ്വരേട്ടൻ വന്നിട്ടാണ് യോജിപ്പിച്ചത്.

സ്വസ്തിയിൽ സത്യം പറഞ്ഞാൽ ലേഖനങ്ങളെക്കാൾ ആത്മാർത്ഥമായി ഞാൻ വായിക്കുക അറിയിപ്പുകളും പരസ്യങ്ങളും ആണ്, ജാതകപരസ്യമടക്കം. ചുരുക്കിപ്പറഞ്ഞാൽ ഇത്തവണത്തെ സ്വസ്തി കേമം. പുതുഭാഷയിൽ പറഞ്ഞാൽ കിടു. അക്ഷരത്തെറ്റുകൾ ഒന്നും കൂടെ മനസ്സിരുത്തിയാൽ കൂടുതൽ മികച്ചതാവും.

**കെ.എം.രൂപ,**
സ്വസ്തി, 112, സി ബ്ലോക്ക്, കെ.എസ്.എച്ച്. ബി. ഫ്ളാറ്റ്സ്,
ചേവരമ്പലം, കോഴിക്കോട് ഫോൺ: 9947533474

# യോഗക്ഷേമസഭ ആതുരശുശ്രൂഷാനിധി

2009ലാണ് ആതുരസഹായനിധി രൂപീകരിക്കാൻ യോഗക്ഷേമസഭ തീരുമാനിച്ചത്.രോഗാതുരരും പരാശ്രയമില്ലാത്തവരുമായ നിരവധി സഹോദരങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായിക്കഴിഞ്ഞു. 2017ൽ ഒരു'കോടി നിധി' എന്ന പുതിയൊരാശയം സഭ മുന്നോട്ട് വെച്ചു. ഏറ്റവും ഗുരുതര രോഗം ബാധിച്ചവർക്കും കൂടുതൽ സാമ്പത്തികസഹായം അനിവാര്യമായവർക്കും 5000രൂപയെന്ന പരിധി നീതിനിഷേധമാവുമെന്ന തിരിച്ചറിവാണ് ഒരു കോടി നിധിയെന്ന ആശയത്തിലേക്ക് നയിച്ചത്.സഭാംഗങ്ങളിൽ സഹായങ്ങൾ സംഭരിച്ച് പ്രത്യേക നിധിയാക്കി ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത്, അതിന്റെ പലിശ കൊണ്ട് ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം ഒരുക്കുകയായിരുന്നു ലക്ഷ്യം.

പതിനാല് ജില്ലകളിലും ജില്ലാ കോർഡിനേറ്റർമാരെ നിശ്ചയിച്ച് ജില്ലകളിൽ പര്യടനം നടത്തി ഇതിലേക്കുള്ള ധനം കണ്ടെത്താൻ കഴിയും.ഈ കോവിഡ് മഹാമാരിക്കിടയിലും നാല് ലക്ഷം രൂപ ഗുരുവായൂർ സ്റ്റേറ്റ് ബാങ്കിൽ ഒരു പ്രത്യേക ഫണ്ടാക്കി മാറ്റാൻ ഇതിനകം സാധിച്ചത് തീർച്ചയായും ശുഭസൂചന തന്നെയാണ്.

നിങ്ങളുടെ വിഹിതം Yogakshema sabha,State Bank Of India,East Nada, Guruvayur,Mobile:67083444001,IFSC SBIN00070257ഈ അക്കൗണ്ടിലേക്ക് തുക നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. അയച്ചതിന്റെ സ്ക്രീൻ ഷോട്ടെടുത്ത് 9447352488എന്ന വാട്സ് ആപ്പ് നമ്പറിലേക്കയക്കുക.തുക അയച്ച ആളെ തിരിച്ചറിയാൻ ഇത് വളരെ സഹായകരമാവും.ചെമ്മരംനാരായണൻ (തൃശ്ശൂർ) കോ ഓർഡിനേറ്റർ,ആതുര ശുശ്രൂഷാനിധി,ദാമോദരൻ പി.എൻ (കണ്ണൂർ) കൺവീനർ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ടി.സി നാരായണൻ നമ്പൂതിരി**

കവിയും എഴുത്തുകാരനുമായ കോഴിക്കോട് പെരുമൺപുറ തരിപ്പ ഇല്ലത്ത് ടി സി നാരായണൻ നമ്പൂതിരി 92 വയസ്സ് (റിട്ടയേർഡ് ഡപ്യൂട്ടി ക ലക്ടർ , യോഗക്ഷേമ സഭ മുൻ സം സ്ഥാന സെക്രട്ടറി) വിഷ്ണുപദം പൂകി. ചാത്തമംഗലം താഴത്തും കു ന്നത്ത് കണ്ടമംഗലത്തെ ശ്രീദേവി അന്തർജനം പത്നിയാണ്. ഏകമ കൾ ശ്രീന നാരായണൻ ഭൂട്ടാനിൽ അധ്യാപകനായിരുന്ന മേലാറ്റൂർ ന ല്ലൂർ പള്ളി സജീവ് നമ്പൂതിരിയുടെ പത്നിയാണ്. സഹോദരങ്ങൾ : പരേതനായ ദാ മോദരൻ നമ്പൂതിരി, പാറക്കോട് ശ്രീദേവി അന്തർജനം, കുന്നത്ത് കണ്ടമംഗലം ദേവി അന്തർജനം

1987 – 1988 കാലത്ത് യോഗക്ഷേമസഭയുടെ ജനറൽ സെക്രട്ട റിയായിരുന്നു. റവന്യൂ ഡിപാർട്മെന്റിൽ ക്ലാർക്കായി ചേർന്ന് ഡെപ്യൂട്ടി കലക്റ്ററായി വിരമിച്ച നാരായണൻ നമ്പൂതിരിക്ക് ദീർഘമായ 38 വർഷത്തെ സർവീസ് ഉണ്ടായിരുന്നു. കവിതയിൽ ധാരാളം കത്തുകളെഴുതിയിരുന്നു. തന്റെ സർവീസ് സ്റ്റോറി അഭിനവനാരായണീയം, പൂർണമായും കവിതയിലാണ് രചിച്ചത്.



**സരസ്വതി അന്തർജ്ജനം**

പരേതനായപാലവയൽ മാടമന ഇല്ലത്ത് ഈശ്വരൻ എംബ്രാന്തിരിയുടെ ഭാര്യ മാടമന സരസ്വതി അന്തർജ്ജനം (90) വിഷ്ണുപാദം പൂകി. കൈതപ്രത്ത് തെക്കെ കോറമംഗലം ഇല്ലത്ത് ദേവകി അന്തർജ്ജനം, ഈശ്വരൻ മാടമന (റിട്ട. ബ്ലോക്ക് സെവലപ്മെന്റ് ഓഫീസ്സർ & യോഗ ക്ഷേമസഭ സംസ്ഥാന സമിതി അംഗം) മാടമന വിഷ്ണുനമ്പൂതിരി ,കാഞ്ഞങ്ങാട് വാഴക്കോട് പുതുമന ഇല്ലത്ത് അംബിക അന്തർജ്ജനം, പയ്യന്നൂർ മാത്തിൽ മാടമന കേശവൻനമ്പൂതിരി, പിലാത്തറ കൊളപ്രത്ത് വാരണക്കോട്ടില്ലത്ത് അംബിളി അന്തർജ്ജനം എന്നിവർ മക്കളും, പരേതനായ കൈതപ്രം തെക്കെ കോറമംഗലത്തില്ലത്ത് ശ്രീധരൻ നമ്പൂതിരി ,കൈതപ്രംതെക്കെ മേച്ചറ ഇല്ലത്ത് ശോഭനകുമാരി അന്തർജനം, കമ്മന നാടുകാണി പെരിഗമന ഇല്ലത്ത് ശാന്തകുമാരി അന്തർജ്ജനം, വാഴക്കോട് പുതുമന ഈശ്വരൻ നമ്പൂതിരി , മാത്തിൽ കാശിമാങ്കുളം ഇല്ലത്ത് ശോഭന അന്തർജ്ജനം, പിലാത്തറ കൊളപ്രത്ത് വാരണക്കോട്ടില്ലത്ത് മുരളീധരൻ നമ്പൂതിരി എന്നിവർ മരുമക്കളുമാണ്.



**രാമൻ നമ്പൂതിരി**

ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തി വേങ്ങേരി രാമൻ നമ്പൂതിരി നിര്യാതനായി. ഗുരുവായൂർ നഗരസഭ വൈസ് ചെയർമാനായി പ്രവർത്തിച്ചിട്ടുണ്ട്. വേങ്ങേരി രാമൻ നമ്പൂതിരി (65) ഇന്ന് പുലർച്ചെ 4.30 ന് തിരുവനന്തപുരത്ത് മകളുടെ വീട്ടിലാണ് അന്തരിച്ചത്.

സംസ്കാരം ഇന്ന് 4 ന് കരമന ബ്രാഹ്മണ ശ്മശാനത്തിൽ. ഭാര്യ: വെള്ളിനേഴി കല്ലൂർ മന ഉഷ അന്തർജനം. മക്കൾ: വൃന്ദ, വന്ദന (ഡിഡിആർസി ലാബ്, തിരുവനന്തപുരം). മരുമക്കൾ: തിരുവനന്തപുരം മാറാശേരി മഠത്തിൽ പ്രവീൺ (ഇന്റേണൽ ഓഡിറ്റർ, എച്ച്ഡിഎഫ്സി ബാങ്ക്, കൊച്ചി), ചെർപ്പുളശേരി കാരൂർ മന രജിത് (ടെക്നോപാർക്ക്, അലൈൻസ് കോൺഹിൽ



**കുബേരൻ നമ്പൂതിരി**

കണ്ണൂർ: തളിപ്പറമ്പ് തലോറ മേപ്പള്ളി ഇല്ലത്ത് കുബേരൻ നമ്പൂതിരി (മുൻ ഹെഡ് മാസ്റ്റർ തലോറ എ എൽ പി സ്കൂൾ) 79 വയസ് വിഷ്ണുപാദം പൂകി. ഭാര്യ ശാന്ത മക്കൾ ഡോ: രഞ്ജിനി ശാസ്ത്ര സാഹിത്യ പരിക്ഷത്ത് സംസ്ഥാന വൈസ് പ്രസിഡന്റ്, രഘു നാരായണൻ, ശാലിനി, മരുമക്കൾ സംഘമേശൻ (പെരുമ്പാവൂർ) , അപർണ്ണ, വിനോദ് കുമാർ (പുതിയതെരു) സഹോദരങ്ങൾ നാരായണൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, മഹേശ്വരൻ നമ്പൂതിരി, നാരായണി, സാവിത്രി.



**മാളിക നാരായണൻ നമ്പൂതിരി**

കോഴിക്കോട്: മാവൂർ ഗ്വോളിയോർ റയോൺസ് ഹൈസ്കൂൾ അധ്യാപകനായി വർഷങ്ങൾ സേവനമനുഷ്ഠിച്ച മാളിക നാരായണൻ നമ്പൂതിരി (57) വിഷ്ണുപദം പൂകി. ഏറെക്കാലമായി അസുഖബാധിതനായിരുന്നെങ്കിലും മെഡിക്കൽ സയൻസിന് വിശ്വസിക്കാൻ പറ്റാത്ത രീതിയിൽ, രോഗാവസ്ഥയിലെ അനവധി പ്രതിസന്ധി ഘട്ടങ്ങൾ അതിജീവിച്ചു.സർജറികളും മരുന്നുകളുമായി വേണ്ടി വന്ന ഭീമമായ ചിലവിൽ സിംഹഭാഗവും സ്വരൂപിച്ചത് ലോകത്ത് പല ഭാഗങ്ങളിലുമുള്ള പഴയ ശിഷ്യന്മാരുടെ കൂട്ടായ്മയായിരുന്നു. സഹധർമ്മിണി രാജി (ടീച്ചർ, സാബു കോളേജ്) മകൾ: ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി ആർദ്ര



**പാർവതി അന്തർജനം**

ഓമശ്ശേരി നടുകിൽ തെക്കെപ്പാട്ട് ഇല്ലത്തെ പരേതനായ ഗോവിന്ദൻ നമ്പൂതിരിയുടെ പത്നി പാർവതി അന്തർജനം (99) അന്തരിച്ചു. മക്കൾ – കൃഷ്ണൻ നമ്പൂതിരി, പരേതനായ വിഷ്ണു നമ്പൂതിരി ശങ്കരൻ നമ്പൂതിരി, ദേവകി അന്തർജനം. മരുമക്കൾ: ഉഷ അന്തർജനം (ഉണ്ണിമുറകരിപ്പം ഇല്ലം അരീക്കോട്), നന്ദിനി അന്തർജനം (പ്രാണബലം ഇല്ലം കൂട്ടാലിട), പരേതയായ രാധാമണി അന്തർജനം (പാലുള്ളി മന പെരിന്തൽമണ്ണ), ശശി നമ്പൂതിരി (ചാത്തനാട്ട് ഇല്ലം കോഴിക്കോട്)



**നാരായണൻ നമ്പൂതിരി**

മേൽമണ്ടോടി ഇല്ലത്ത് മുണ്ടോട്ട നാരായണൻ നമ്പൂതിരി (കുനിയിൽ കുഞ്ഞോമന) വിഷ്ണുപാദം പൂകി.



**സുഭദ്രാ അന്തർജനം**

വേണാട്ടില്ലത്ത് പരേതനായ കേശവൻ നമ്പൂതിരിയുടെ പത്നി – കടുങ്ങമംഗലത്ത് ഇല്ലം സുഭദ്രാ അന്തർജനം വിഷ്ണുപദം പൂകി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ഡോ. കെ.വി. ദേവിദാസ് നമ്പൂതിരിപ്പാട്**

തൃശ്ശൂർ: മൂഴിക്കുളങ്ങര കറുത്തേടത്ത് മനയിലെ ഡോ. കെ.വി. ദേവിദാസ് നമ്പൂതിരിപ്പാട് (75) അന്തരിച്ചു. കോവിഡ് ബാധിതനായിരുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ ആയുർവേദ ഗവേഷണ കേന്ദ്രത്തിൽ അസിസ്റ്റൻഡ് ഡയറക്ടറായും ബെംഗളൂരു നിംഹാൻസിൽ റിസർച്ച് ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്. പരേതനായ വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും ആര്യാദേവിയുടെയും മകനാണ്.

ഭാര്യ: വസന്ത (കിഴക്കേടത്ത് മന). മക്കൾ: പ്രശാന്ത്, പ്രമോദ്, കൃഷ്ണൻ. മരുമക്കൾ: ശരണ്യ (ഭസ്മത്തിൽ മേയ്ക്കാട്ട്). സഹോദരങ്ങൾ: നാരായണൻ നമ്പൂതിരിപ്പാട്, ശുഭദ, സനൽ, മേദിനി, ഡോ. ലീന.



**ദേവകി അന്തർജനം**

നന്മണ്ട:ബാലുശ്ശേരി കോട്ട പരദേവത ക്ഷേത്രം തന്ത്രിയായിരുന്ന പരേതനായ പന്ന്യംവള്ളി വിഷ്ണു ഭട്ടതിരിപ്പാടിന്റെ പത്നി ദേവകി അന്തർജനം (82) സ്വവസതിയിൽ അന്തരിച്ചു. മക്കൾ: ഹരിദാസൻ ഭട്ടതിരിപ്പാട് (CA ബാംഗ്ലൂർ), വിഷ്ണു ഭട്ടതിരിപ്പാട് (ആര്യവൈദ്യശാല കോട്ടക്കൽ,തലയാട്),വിനോദ് ഭട്ടതിരിപ്പാട്(ബാംഗ്ലൂർ)
മരുമക്കൾ: രാധ(CA),രാധിക(V.E.O കാക്കൂർ),സുനന്ദ.



**ഡോ.ദാമോദരൻ ഉണ്ണി**

സംസ്കൃത സർവ്വകലാശാല കൊയിലാണ്ടി പ്രാദേശിക കേന്ദ്രം മുൻ ഡയരക്ടറും സാഹിത്യ വിഭാഗം പ്രൊഫസറുമായിരുന്ന പന്തലായനി നീലിമന ഡോ.ദാമോദരൻ ഉണ്ണി വിഷ്ണുപദം പൂകി.



**രാധ അന്തർജനം**

കല്ലൂരില്ലത്ത് മുരളി നമ്പൂതിരിയുടെ അമ്മ രാധ അന്തർജനം വിഷ്ണുപാദം പൂകി



**ശ്രീധരൻ നമ്പൂതിരി**

വടകര: ചെമ്മരത്തൂർ നീർവ്വേലി ഇല്ലം ശ്രീധരൻ നമ്പൂതിരി (സോമൻ) വിഷ്ണുപാദം പൂകി. വടകര മേമുണ്ട നാഗക്ഷേത്രം മേൽശാന്തി ആയിരുന്നു.



**നാരായണൻ**

വലിയകുന്ന് കാലടി പടിഞ്ഞാറേടത്ത് മനക്കൽ നാരായണൻ വിഷ്ണുപാദം പൂകി



**പാർവ്വതി അന്തർജനം**

യോഗക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡണ്ട് സി.കൃഷ്ണൻ മൂസദിന്റെ പത്നി പാർവ്വതി അന്തർജനം വിഷ്ണുപദം പൂകി. മക്കൾ ജ്യോതി, സുരേഷ് കുമാർ, ഇന്ദിര. മരുമക്കൾ പരേതനായ കണ്ണഞ്ചേരി പന്നിക്കോട്ടില്ലത്ത് രാജേന്ദ്രൻ മൂസദ്, തളിപ്പറമ്പ് എളേടത്ത് കോളശ്ശേരി ഗായത്രി അന്തർജനം, ആലുവ വള്ളോപ്പള്ളി ഇല്ലത്ത് വി.എസ്. എസ് നമ്പൂതിരി.



**ശാന്താദേവി**

താഴമൺ മഠം തന്ത്രി പരേതനായ കണ്ഠരു നീലകണ്ഠരുവിന്റെ ധർമ്മപത്നി ശാന്താദേവി വിഷ്ണുപാദം പൂകി



**രാമൻ വാസുദേവൻ നമ്പൂതിരി**

മാമ്മലശ്ശേരി: കല്ലൂർ മന രാമൻ വാസുദേവൻ നമ്പൂതിരി (97) അന്തരിച്ചു. ഭാര്യ: മാന്നന്നൂർ പോതായത്തു മനയ്ക്കൽ പാർവ്വതി (സതി. വി. നമ്പൂതിരി). കിരാതൻ നമ്പൂതിരി, ദുർഗ്ഗാദേവി (ശോഭന), ശങ്കരനാരായണൻ നമ്പൂതിരി, ശ്രീരാമൻ നമ്പൂതിരി എന്നിവർ മക്കളാണ്. വൈക്കം പെരുമ്പിള്ള്യാഴത്ത് മന വാസുദേവൻ നമ്പൂതിരി (രാജൻ) മരുമകനാണ്.



**വിഷ്ണുനമ്പൂതിരി**

കോഴിക്കോട് ചേവായൂർ നെച്ചൂളി ഇല്ലത്ത് വിഷ്ണുനമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ സതി അന്തർജനം (എടക്കാട്ഇല്ലം) മക്കൾ ഗീത,ഹരികൃഷ്ണൻ ,സവിത,സുധ .മരുമക്കൾ: ജയാനന്ദൻ,ശ്രീദേവി, നാരായണൻ ,നന്ദകുമാർ



**പാർവ്വതി അന്തർജനം**

താനൂർ പരിയാപുരം ആട്ടീരി മന ക്കൽ നാരായണൻ നമ്പൂതിരിയു ടെ പത്നി പാർവ്വതി അന്തർജനം (75) വിഷ്ണു പദം പൂകി. കല്ലാനിക്കാട് ഇല്ലത്തെ മകളാണ്. മക്കൾ പരേതനായ നാരായണൻ, മഹേഷ്, രാജേഷ്. മരുമകൾ ലസിത.



**പരമേശ്വരൻ നമ്പൂതിരി**

പൊന്നടുക്കം പരമേശ്വരൻ നമ്പൂതിരി വിഷ്ണു പാദം പൂകി



**വിഷ്ണു നമ്പൂതിരി**

കൊയിലാണ്ടി വടക്കുമ്പാട്ടില്ലത്ത് വിഷ്ണു നമ്പൂതിരി വിഷ്ണുപദം പൂകി.

## വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പുരുഷോത്തമൻ നമ്പൂതിരി**

വാടനാംകുറുശ്ശി ചൊവ്വല്ലൂർ മന പുരുഷോത്തമൻ നമ്പൂതിരി (95) വിഷ്ണുപാദം പൂകി. ഭാര്യ: മങ്കട പുന്നപ്പുഴ മന ശ്രീദേവി അന്തർജനം. മക്കൾ: ഹരി, ശ്രീനാഥ്. മരുമക്കൾ: ദിവ്യ, അനുപമ



**ഗംഗാദേവി അന്തർജനം**

പരേതനായ കാഞ്ഞിരത്തോട്ടം ശങ്കരൻ നമ്പൂതിരിയുടെ പത്നി ഗംഗാദേവി അന്തർജനം (90) അന്തരിച്ചു. ചെറുവക്കാട് മകളാണ്. മക്കൾ നാരായണൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, ശ്രീധരൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി.

## പാണിഗ്രഹണം

ശി   ര മ

| | | | |
|---|---|---|---|
| | ശി | ച | |
| മ | | | |
| | | | ല |
| | ഗു കു ഭൃ | ര ബു സ | മാ |

ഗു ബു മാ   കു   ച

ഭൃ   സ   ല

**കിരൺകുമാർ എ.എം.,** ജനനം: 10.11.1995, സമയം: 1.55 am, നക്ഷത്രം: രോഹിണി. ജനനസ്ഥലം: ഷൊർണൂർ. ജാതി: ഭട്ടതിരി. ഉയരം: 170.5 സെ.മീ, വിദ്യാഭ്യാസം: ബി.ബി.എ, ഡി.എം.ഇ, ഐ.ടി.ഐ. ജോലി: എ.സി. ടെക്നീഷ്യൻ. പരിഗണന: വിദ്യാസമ്പന്നരായ യുവതികൾ. അച്ഛൻ: ലക്ഷ്മണൻ ഭട്ടതിരി എ.എം, അമ്മ: സുമ എ.എം, സഹോദരന്മാർ: അരുൺകുമാർ, വരുൺകുമാർ. വിലാസം: 22/2, നാരായണ അപ്പാർട്ട്മെന്റ്സ്, അസിസ് നഗർ, ഫസ്റ്റ് സ്ട്രീറ്റ്, കോടമ്പാക്കം, ചെന്നൈ. ഇല്ലം: മേലേപ്പാട്ട് മന (എടപ്പാൾ), അമ്മാത്ത്: അമ്മൻകോട് മന (ഷൊർണൂർ). ഫോൺ: 944980612, 7598320015

## പാണിഗ്രഹണം

ല

| | | | |
|---|---|---|---|
| മ | ശു ശി | ര ബു | |
| | | | ച |
| | | | കു |
| | ഗു | സ ല മാ | |

ച   ര ശി മാ   കു ബു മ

ശു സ   ഗു

**സൗമ്യ ആർ.** ജനനം: 04.06.1995, സമയം: 04.48 pm, നക്ഷത്രം: ആയില്യം. ജനനസ്ഥലം: കൂത്താട്ടുകുളം. ഉയരം: 173 സെ.മീ. വിദ്യാഭ്യാസം: ബി.എ.എം.എസ്, എം.ഡി. (ongoing), മുൻഗണന: ആയുർവ്വേദ ഡോക്ടർ/ ഗവ. ജോലിക്കാർ. അച്ഛൻ: രാജൻ ടി.പി, അമ്മ: രേഖ എം.എൻ. സഹോദരി: സൂര്യ രാജൻ (വിവാഹിത), വിലാസം: മുല്ലക്കൽ മന, പുതുവേലി, കോട്ടയം. അമ്മാത്ത്: മാപ്രാംപിള്ളി മന, വെസ്റ്റ് കൊരട്ടി, തൃശൂർ. ഫോൺ: 9495313550, 04822245243

ഗർഭശിഷ്ട ബുധദശ
4 വർഷം 3 മാസം 22 ദിവസം

മാ   ഗു ശു   ല

| | | | |
|---|---|---|---|
| | | ശി | |
| ര ബു ശു ശ | | | |
| കു | | | ച |
| | സ മാ | ല ഗു | |

ശി   ര   ശ   ച   സ   കു

ബു

**ആശിഷ് എ.പി.,** ജനനം: 25.02.1994 (1169 കുംഭം 13), സമയം: 11.24 pm, നക്ഷത്രം: മകം, ഉയരം: 170 സെ.മീ. ഗോത്രം: വിശ്വാമിത്ര ഗോത്രം, വിദ്യാഭ്യാസം: എം.എസ്.സി (വൈൽഡ് ലൈഫ്), ജോലി: റിസർച്ച് ബയോളജിസ്റ്റ്, ആനക്കട്ടി. അച്ഛൻ: പുരുഷോത്തമൻ നമ്പൂതിരി (Late), റിട്ട. റെയിൽവേ, അമ്മ: ശ്രീലത ടി.കെ. ഹൈസ്കൂൾ ടീച്ചർ. വിലാസം: അമ്പലപ്പുത്തൂർ ഇല്ലം, അവിടനല്ലൂർ, നടുവണ്ണൂർ (വഴി), കോഴിക്കോട്-673614. സഹോദരി: ഡോ. നമിത എ.പി., ഡെന്റിസ്റ്റ്, വിവാഹിത. അമ്മാത്ത്: പെരിങ്ങര ഇല്ലം. ഫോൺ: 8289940378, 8547457278, 9495862378

ശി   കു   മാ   ല ച

| | | | |
|---|---|---|---|
| മ | മാ | ല | |
| ഗു കു ശി | | | |
| ര ബു | | | ച സ |
| ശു | | | |

മ   ബു

ഗു   ശു   ര സ

**അളക നാരായണൻ.പി,** ജനനം: 12.02.1998.(1173 മകരം 30) സമയം: 1.20 pm, നക്ഷത്രം: മകം, വിശ്വാമിത്ര ഗോത്രം, ഉയരം: 165cm, വിദ്യാഭ്യാസം: BA sociology, D.El.ED (TTC),K-Tet qualified, doing Post Graduation, ഇല്ലം: പഴങ്ങോട്ടുപൊറ്റ ഇല്ലം, കിഴിശ്ശേരി,മലപ്പുറം. അച്ഛൻ: നാരായണൻ നമ്പൂതിരി.പി (ശാന്തി),അമ്മ: ശ്രീജ, ഒരു സഹോദരി. ശിഷ്ടദശ: 1.11.21 ശിഖി Ph: 9745740289,9744140289

# അനുമോദനങ്ങൾ



## ഒന്നാം പിറന്നാൾ

സുതീർത്ഥ എം വിവേക്
D/o വിവേക് മാധവൻ & സ
വിത എംവി
മാക്കന്തേരി ഇല്ലം
കക്കോടി കോഴിക്കോട്
മൊബൈൽ: 9633310199



## വിഷ്ണുകെ.പി

S/o മനീഷ് Kp., ധന്യ, കുന്നത്തൂർപടിഞ്ഞാറേടത്തു മന, ചേർപ്പ് രണ്ടു കൊല്ലം മുമ്പ് മുംബെയിൽ കൈരളി TV നടത്തിയ മയിൽപ്പീലി കാവ്യാ ലാപന റിയാലിറ്റി ഷോയിൽ നാലാം സ്ഥാനം ലഭിച്ചു.മലയാളോത്സവത്തിൽ കവിതയ്ക്ക് ഒന്നാം സ്ഥാനവും. ബോംബെ യോഗക്ഷേമം മത്സരങ്ങളിലും മാതൃഭൂമി കലോത്സവത്തിലും കവിതയ്ക്ക് സമ്മാനം ലഭിച്ചു



## ആര്യ കെ.പി

D/o മനീഷ് Kp., ധന്യ, കുന്നത്തൂർപടിഞ്ഞാറേടത്തു മന, ചേർപ്പ് മാതൃഭൂമി കലോത്സവം, മലയാളോത്സവം മത്സരങ്ങൾ, ബോംബെ യോഗക്ഷേമസഭ നടത്തിയ മത്സരങ്ങൾ മുതലായവയിൽ ശാസ്ത്രീയ നൃത്തത്തിനും നാടോടി നൃത്തത്തിനും, സംഘനൃത്തം, ഒപ്പന മുതലായവയ്ക്കും സമ്മാനങ്ങൾ കിട്ടിയിട്ടുണ്ട്. ചിത്രകാരിയാണ്.



## ഗീതാഞ്ജലി

കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ പി.എം. ഗീതാഞ്ജലി.തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. യോഗക്ഷേമ സഭ കോഴിക്കോട് ജില്ല വൈസ് പ്രസിഡണ്ട് ചൂലൂർ മേലേടം പി.എം.ഗംഗാധരൻ നമ്പൂതിരിയുടെയും ഭാർഗ്ഗവി അന്തർജനത്തിന്റെയും മകളും കാടാച്ചിറ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ എം.വി. ധനേഷിന്റെ ഭാര്യയുമാണ്.

സമാവർത്തനാശംസകൾ...



## ശ്രാവൺ EM..

എറിയാട്ട് മനക്കൽ ദാമോദരൻ നമ്പൂതിരിയുടെയും ഗായത്രിയുടെയും മകൻ.

ഫെബ്രുവരി 17 – ന് ഉപനയനം
ഫോൺ നമ്പർ 9447477390

കാർമ്മികൻ:
മൂത്തേടത്ത് മനക്കൽ ദാമോദരൻ നമ്പൂതിരി



## ദീക്ഷിത

പാറോളി പുരുഷോത്തമൻ ( ഉണ്ണി) നമ്പൂതിരി, ശ്രീലതാ അന്തർജനം എന്നിവരുടെ പേരക്കുട്ടിയും ലിതേഷ് പത്മനാഭൻ - ഡോക്ടർ ശരണ്യ ദമ്പതിമാരുടെ മകളുമായ ദീക്ഷിതയുടെ ചോറൂൺ ജൂലൈ 8 ന് നടന്നു.

# SSLC ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ

     

**ഋഷീകേശ്** | **കൃഷ്ണപ്രിയ** | **ശ്രീനന്ദന. കെ.വി** | **അനുഗത്** | **മാനസ കൃഷ്ണൻ** | **ഹരിശങ്കർ**

*ഋഷീകേശ് എസ് നമ്പൂതിരി, കാഞ്ഞിരത്തോട്ടം നാരായണൻ നമ്പൂതിരിയുടെ മകൻ. ഇരിഞ്ഞാലക്കുട കാമകോടി യജുർവേദ പാഠശാലയിൽ നിന്നും വേദ പഠനത്തോടൊപ്പം എസ് എസ് എൽ സി ക്ക് എല്ലാ വിഷയങ്ങൾക്കും A+ നേടി, കൃഷ്ണപ്രിയ, കാഞ്ഞിരത്തോട്ടം പള്ളിയാളി പരേതനായ വാസുദേവൻ നമ്പൂതിരിയുടേയും അനിത അന്തർജനത്തിന്റേയും മകൾ, ശ്രീനന്ദന. കെ.വി, D/o രവി നമ്പൂതിരി, കക്കാട്ടില്ലം, വൈക്കിലശ്ശേരി, അനുഗത് നാരായണൻ, കിഴിനിപ്പുറം, മാനസ കൃഷ്ണൻ, D/o കുഴിപ്പുറം കൃഷ്ണൻനമ്പൂതിരി, ചാത്തമംഗലം ഉപസഭ, ഹരിശങ്കർ എം.എസ്, കോയിമഠം ഇല്ലം.*

     

**ആദിത്യ കെ.** | **ഹൃദ്യശ്രീ** | **ആർദ്ര ജയകുമാർ** | **ശ്രീരാജ്** | **ശ്രീലക്ഷ്മി** | **പാർവതി**

*ആദിത്യ കെ. മാങ്കാവ് കല്ലൂർ അരുൺ കുമാറിന്റെ മകൾ, ഹൃദ്യശ്രീ D/o ത്രിവിക്രമൻ നമ്പൂതിരി, ആർദ്ര ജയകുമാർ, D/o ജയകുമാർ ബാലുശ്ശേരി ഉപസഭ, ശ്രീരാജ് s/o നാരായണൻ നമ്പൂതിരി പാതിരിശ്ശേരി മേലേടം, ശ്രീലക്ഷ്മി. കണ്ണി പറമ്പ് വീട്ടിക്കാട്ട് ഇല്ലത്ത് സന്തോഷ് നമ്പൂതിരിയുടെ മകൾ, പാർവതി. കണ്ണി പറമ്പ് വീട്ടിക്കാട്ട് ഇല്ലത്ത് സന്തോഷ് നമ്പൂതിരിയുടെ മകൾ*

     

**ഹരികൃഷ്ണൻ** | **അമൃത പി. ഇ** | **ഹരികൃഷ്ണൻ** | **അയന ദേവകി** | **ശ്രീനാഥ് കെ.സി.** | **നവനീത് വിഷ്ണു**

*ഹരികൃഷ്ണൻ. കണ്ണി പറമ്പ് ഉപസഭയിലെ നടുവിലേടത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ മകൻ, അമൃത പി. ഇ ഫറോക്ക് ഉപസഭയിലെ പി.ഇ മോഹൻ കുമാറിന്റെ മകൾ, ഹരികൃഷ്ണൻ. കൊയിലാണ്ടി എടവല്യം കൃഷ്ണ ശർമ്മയുടെ മകൻ, അയന ദേവകി, D/o ശ്രീകുമാർ, മുഡുവമ്പുറത്ത് ഇല്ലം, ശ്രീനാഥ് കെ.സി. ചെറുവാറ്റ ഇല്ലം, നവനീത് വിഷ്ണു s/ o വിഷ്ണുഭട്ടതിരിപ്പാട്, പന്നിയം വള്ളി ഇല്ലം, രാമല്ലൂർ ഉപസഭ*

     

**വൈഷ്ണവ്** | **ഒ.പി ഗോപിക** | **നന്ദ എടമന** | **കാശ്യപ് സി.കൃഷ്ണൻ** | **V.N. ശ്രീകൃഷ്ണൻ** | **K P ഭവ്യ**

*വൈഷ്ണവ്.പുല്ലങ്കോട്ടില്ലത്ത് മധുസൂദനൻ നമ്പൂതിരിയുടെ മകൻ, ഒ.പി ഗോപിക, പാടേരി ഒ.പി. ഗോപിനാഥൻ നമ്പൂതിരിപ്പാടിന്റെ മകൾ, നന്ദ എടമന D/o ഹരികുമാർ, എടമന മന, ഞാങ്ങാട്ടിരി പി.ഒ ,പട്ടാമ്പി, പാലക്കാട് ജില്ല, കാശ്യപ് സി.കൃഷ്ണൻ. S/o ഉണ്ണികൃഷ്ണൻ, ചെറുതയൂർ മന വടക്കേ നട, ഗുരുവായൂർ, V.N. ശ്രീകൃഷ്ണൻ S/o നാരായണൻ, വേങ്ങേരി മന തിരുവെങ്കിടം, ഗുരുവായൂർ, K P ഭവ്യ, അച്ഛൻ പരമേശ്വരൻ കെ എം, അമ്മ ജസിത, കവപ്ര മാറത്ത് മന,മുദൂർ പി. ഒ, വട്ടംകുളം, മലപ്പുറം*

     

**ഗായത്രി** | **ദേവിക. വി.കെ.** | **കൃഷ്ണപ്രസാദ്** | **അലിന ടി എസ്** | **അശുതോഷ് കൃഷ്ണൻ** | **ശ്രേയാ ദേവ്**

*ഗായത്രി. D/o അമ്പാഴപ്പുറത്തില്ലത്ത് പദ്മകുമാർ, ചേവായൂർ ഉപസഭ, ദേവിക. വി.കെ. D/o വാസുദേവൻ, വി.കെ. അമ്പിളി. എം.കെ., കരുപ്പത്ത് ഇല്ലം, അരിക്കോട്, കൃഷ്ണപ്രസാദ്, S/o ശങ്കരനാരായണൻ നമ്പൂതിരി. നടുവിലേടത്ത് ഇല്ലത്തൊടിയിൽ, ഇല്ലം. പി. ഒ മുക്കം, അലിന ടി എസ്, S/o സോമനാഥൻ ടി. എസ്സ്, തുരുത്ത്യാഴത്ത് മന, എരവിമംഗലം, കുട്ടനെല്ലൂർ ഉപസഭ, അശുതോഷ് കൃഷണൻ, S/o ശ്രീകാന്ത് ചെറുവക്കാട്ട്, ചെറുവക്കാട് ഇല്ലം, ചെറുവായൂർ മലപ്പുറം ജില്ല, ശ്രേയാ ദേവ്, D/o ദേവൻ തിരുവാലൂർ & ലതാ ദേവൻ, തിരുവാലൂർ ഇല്ലം, ചെറുവായൂർ പി.ഒ, എടവണ്ണപ്പാറ*

# SSLC ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ


ഗായത്രി

വരദസരസ്വതി എം.പി.

വിഷ്ണു പ്രസാദ് ഐ

അശ്വിൻ നാരായണൻ

അശ്വനി ദേവി

ശിവപ്രകാശ്

*ഗായത്രി, D/o ഹരിദാസൻ നമ്പൂതിരി, ഇരിപ്പമണ്ണ ഇല്ലം, മുതുവല്ലൂർ, മലപ്പുറം, വരദസരസ്വതി എം.പി., മുണ്ടക്കാശേരി പുല്ലൂർ മണ്ണ ഇല്ലം. വാഴയൂർ ഈസ്റ്റ്, വിഷ്ണു പ്രസാദ് ഐ, D/o ഹരിദാസൻ ഇരുപ്പമണ്ണ ഇല്ലം, മുതുവല്ലൂർ.പി.ഒ, കൊണ്ടോട്ടി, അശ്വിൻ നാരായണൻ, S/o തൃക്കാരിയൂർ കണ്ണേത്ത് മഠം നാരായണൻ ഉണ്ണി & ശ്രീദേവി , കണ്ണേത്തുമഠം, തൃക്കാരിയൂർ പി.ഒ, കോതമംഗലം, അശ്വനി ദേവി, D/o തൃക്കാരിയൂർ കണ്ണേത്ത് മഠം നാരായണൻ ഉണ്ണി & ശ്രീദേവി , കണ്ണേത്തുമഠം, തൃക്കാരിയൂർ പി.ഒ, കോതമംഗലം, ശിവപ്രകാശ്- S/o തൃക്കാരിയൂർ പുല്ലേരി ഇല്ലത്ത് പ്രകാശ് കൃഷ്ണൻ നമ്പൂതിരി & കുമാരനല്ലൂർ കീരന്തിട്ട ഇല്ലത്ത് ശ്രീനു*


ഗൗരിപ്രിയ എം.എസ്

വാസുദേവൻ എം.എം,

അങ്കിത എൻ.എം

ഗൗരി പാർവ്വതി

നിവേദ് നാരായണൻ എം

ഗൗരി പി.എം

*ഗൗരിപ്രിയ എം.എസ്, മാങ്കുളം ഇല്ലം, അശമന്നൂർ പി.ഒ., പെരുമ്പാവൂർ, ഫോൺ 9605139916, വാസുദേവൻ എം.എം, S/o മധു എം.വി, മുതുകുറുശ്ശി മന, ഷൊർണ്ണൂർ, അങ്കിത എൻ.എം, D/o പ്രകാശ് എൻ.എം, നടുവിൽ മണ്ണഴി മന, മഞ്ചേരി, ഗൗരി പാർവ്വതി പാലശ്ശേരി, D/o ഡോ. സഞ്ജു & ഡോ. ഹീര, മൂത്തേടത്ത് പാലശ്ശേരി മന, കരിക്കാട്, നിവേദ് നാരായണൻ എം, S/o നാരായണൻ ഭട്ടതിരിപ്പാട് & വൃന്ദ നാരായണൻ, മേലേപ്പാട്ട് മന, അരുകിഴായ, മഞ്ചേരി ഉപസഭ, ഗൗരി പി.എം, D/o മധുസൂദനൻ പി.എം. പട്ടല്ലൂർ മന, ശാന്തിഗ്രാമം, മഞ്ചേരി.*


വിഷ്ണു .എം.

അഭയ് വാസുദേവ്

*വിഷ്ണു .എം., S/o മോഹനകൃഷ്ണൻ നമ്പൂതിരി കെ.കെ. കരിപ്പത്ത് ഇല്ലം. അത്താണി, കരുവമ്പ്രം- പി.ഒ. മഞ്ചേരി, അഭയ് വാസുദേവ്, D/o ശ്രീകുമാർ, മുഡുവമ്പുറത്ത് ഇല്ലം, കാക്കൂർ പി.ഒ, കോഴിക്കോട്*

CBSC 10


ഹൃഷീകേശ്

ഭദ്രപ്രിയ. ടി

അദ്വൈത് പി.

അശ്വിനി രാജഗോപാൽ

*ഹൃഷികേശ് നാരായൺ ടി. അച്ഛൻ: രാജ്കുമാർ ടി, അമ്മ: ധന്യ സാവിത്രി ടി., തലയൂർ, ഭദ്രപ്രിയ.ടി, അച്ഛൻ: മോഹൻ കുമാർ. അമ്മ: ആര്യ ദേവി. കെ, തലയൂർ ഇല്ലം, രാജസൂയം,മഞ്ചേരി ഉപസഭ, 9447638338, അദ്വൈത് പി, അച്ഛൻ: എ.രാജൻ,അമ്മ: സ്മിത കെ, ആറ്റുപുറം, അരുകിഴായ, മഞ്ചേരി, ഫോൺ 9447185900, അശ്വിനി രാജഗോപാൽ, ശ്രീ നിവാസ്, ലയം റോഡ്, തൃപ്പൂണിത്തുറ,*


സപര്യ

കാർത്തിക് സുബ്രഹ്മണ്യൻ

ഗോപിക സുമിത്

ശങ്കർഹരികൃഷ്ണൻ

*സപര്യ പനക്കാട്ട് എല്ലാ വിഷയങ്ങൾക്കും എ വൺ ഉം 94.8% മാർക്കും നേടി. ചേവായൂർ ഉപസഭയിലെ ജിതേഷ് പനക്കാട്ടിന്റെ മകൾ, കാർത്തിക് സുബ്രഹ്മണ്യൻ, പുലിയന്നൂർ പ്രശാന്ത് നമ്പൂതിരിപ്പാടിന്റെയും ശ്രീമതി നിഷയുടേയും മകൻ, ഗോപിക സുമിത്.ഊരുമന., ശങ്കർഹരികൃഷ്ണൻ. കൃഷ്ണന്റെയും Dr. സരിതയുടേയും മകൻ. തലമുണ്ട മൂത്തേടം ഇല്ലം,*

CBSC 12


നേത്രൻ ഇ എസ്.

ഗൗരി പി വാസുദേവൻ

*നേത്രൻ വടക്കുംഭാഗത്തു മന, എരൂർ എർണാകുളം ജില്ല. ശശികുമാർ-ശുഭ ദമ്പതികളുടെ മകൻ, ഗൗരി പി വാസുദേവൻ, പുലിയന്നൂർ വാസുദേവൻ നമ്പൂതിരിപ്പാടിന്റേയും സാവിത്രി അന്തർജ്ജനത്തിന്റെയും മകൾ*


ആത്മജ പി.എം.

നിരഞ്ജൻ

താര

ശ്രീലക്ഷ്മി എം.എസ്

അശ്വിൻ കൃഷ്ണ ടി.പി

JM സ്വാതി കൃഷ്ണ

ദേവി ഇ എസ്.

*ആത്മജ പി.എം, മുക്കം പുറങ്കൽ മുതുമന ശ്രീധരൻ നമ്പൂതിരിയുടെ മകൾ, നിരഞ്ജൻ, കൊയിലാണ്ടി കലൂർ ഇല്ലത്തു സന്തോഷിന്റെയും തൃപ്പൂണിത്തുറ എളമണ്ണ് ഇല്ലത്തു Dr. സിന്ധുവിന്റെയും മകൻ, താര, കുഴിയടി ദുർഗേഷ് – ജിഷ ദമ്പതികളുടെ മകളാണ്, ശ്രീലക്ഷ്മി എം.എസ്, മുരിയമംഗലത്തു മന സതീശന്റെയും സൗമ്യയുടെയും മകൾ, അശ്വിൻ കൃഷ്ണ ടി.പി S/o പ്രകാശ്, തൃക്കഴിപ്പുറത്ത് മന, അകത്തേതറ, പാലക്കാട്. സ്വാതി കൃഷ്ണ, D/o SR ജയകൃഷ്ണൻ – മഞ്ജു ദേവി. മാധവപ്പിള്ളി ഇല്ലം ഭൂതകുളം, കൊല്ലം. ദേവി ഇ എസ്, വടക്കുംഭാഗത്തു മന, എരൂർ, D/o ശശികുമാർ–ശുഭ*

## Plus2 ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ


**കൃഷ്ണാനന്ദ്**


**പല്ലവി**


**ആര്യ**


**വേദ വി നമ്പൂതിരി**


**ആരതി**


**നിർമൽ കക്കാട്**

*കൃഷ്ണാനന്ദ്. S/o ചാത്തമംഗലം കുന്നത്ത് കണ്ടമംഗലം പരമേശ്വരൻ നമ്പൂതിരി & സതി, പല്ലവി. D/o പുൽപമ്പിൽ രമേശൻ നമ്പൂതിരി & സാവിത്രി, ആര്യ. D/o ചേവായൂർ ഉപസഭയിലെ നടുവിലേടത്ത് വിനോദ് & മഞ്ജുഷ, വേദ വി നമ്പൂതിരി. D/o താമരശ്ശേരി മുണ്ടോളി കളം വിഷ്ണുനമ്പൂതിരി, ആരതി. D/o കക്കാട് ദയാനന്ദൻ നമ്പൂതിരി. ബാലുശ്ശേരി ഉപസഭ, നിർമൽ കക്കാട്. S/o കേശവൻ നമ്പൂതിരി & സന്ധ്യ കേശവ്, ബാലുശ്ശേരി ഉപസഭ*


**ശ്രീഹരി**


**നിഖില ടി**


**അനന്യ കൃഷ്ണൻ**


**പാർവ്വതി**


**ദയ. കെ.പി.**


**ശങ്കരനാരായണൻ**

*ശ്രീഹരി യു.എസ്. S/o തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി (രാമല്ലൂർ ഉപസഭാ സെക്രട്ടറി)നിഖില ടി, D/o ടി നാരായണനുണ്ണി - മല്ലിക. തിരുവാലൂർ ഇല്ലം , പുൽപ്പറ്റ, അനന്യ കൃഷ്ണൻ, +2 കേരള ഹുമാനിറ്റീസ് 1200 ൽ 1200. D/o കൃഷ്ണൻ മൂത്തേടത്ത് മന, എടപ്പാൾ. മലപ്പുറം, പാർവ്വതി. തിരുവാലൂർ ഇല്ലം. D/o സുരേന്ദ്രൻ നമ്പൂതിരി&പാർവതി അന്തർജനം, ദയ.കെ.പി. D/o അരിക്കോട് പുല്ലങ്ങോട്ടില്ലം ദാമോദരൻ (രഞ്ജിത്) നമ്പൂതിരി & രഞ്ജിനി, ശങ്കരനാരായണൻ K.V., S/o K.S. വാസുദേവൻ, കുന്നപ്പിള്ളി മന R.ലത*


**കൃഷ്ണപ്രകാശ്**


**സാവിത്രി പി.**


**രമ്യ രാമൻ**


**ആര്യ പി**


**അതുൽ നാരായണൻ.ടി.**


**സാരജ.ടി.**

*കൃഷ്ണപ്രകാശ്, S/o തൃക്കാരിയൂർ പുല്ലേരി ഇല്ലത്ത് പ്രകാശ് കൃഷ്ണൻ നമ്പൂതിരി & കുമാരനല്ലൂർ കീരന്തിട്ട ഇല്ലത്ത് ശ്രീനു, സാവിത്രി പി. D/oപാനാട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി & സുജ, വിളയിൽ, മലപ്പുറം ജില്ല, രമ്യ രാമൻ, പാക്കത്ത് മന, കല്ലടിപ്പറ്റ പി.ഒ. ഓങ്ങല്ലൂർ, പട്ടാമ്പി, ആര്യ പി. D/o സന്തോഷ്കുമാർ എം.പി & ഇന്ദു പി.ആർ. പാലശ്ശേരി മന, തൊട്ടിലങ്ങാടി പി.ഒ. അരീക്കോട്, മലപ്പുറം, അതുൽ നാരായണൻ.ടി. എസ്., S/o തെക്കുംപാട്ട് സുധീശൻ & ശ്രീദേവി, സാരജ.ടി. D/o തെക്കുംപാട് ഇല്ലത്ത് സുനിൽകുമാർ - ധന്യ*


**അതുൽനാരായണൻ സി.**


**അർത്ഥ D നമ്പൂതിരി**


**വിഷ്ണു**


**അർജുൻ**


**അനുരഞ്ജ് വി ദേവ്**


**നവീൻ ദേവ്**

*അതുൽ നാരായണൻ സി. S/o ചേരമംഗലത്ത് ഇല്ലത്ത് രാമൻ നമ്പൂതിരി & സുധ, അർത്ഥ D നമ്പൂതിരി, D/o അജി, ശാലിനി പി.എം. പു തുക്കുളത്ത് ഇല്ലം, മണക്കാട്, തൊടുപുഴ, വിഷ്ണു, S/o കമ്പളത്തില്ലത്ത് നാരായണൻ നമ്പൂതിരി, ഫറോക്ക് ഉപസഭ, അർജുൻ, S/o നീലമന ചന്ദ്രകാന്തൻ നമ്പൂതിരി, കൊയിലാണ്ടി ഉപസഭ, അനുരഞ്ജ് വി ദേവ്, അകപ്പുറത്തില്ലത്ത് വാസുദേവൻ നമ്പൂതിരി, കൊയിലാണ്ടി ഉപസഭ, നവീൻ ദേവ് കളത്തില്ലം, താമരശ്ശേരി ഉപസഭ.*


***ദീപ പാലനാട്***


***രേവതി കോരമ്പറ്റ***


***ശരത് പാനാട്***


***അനർഘ പഴേടത്തില്ലം***


***നിദുല മുല്ലപ്പിള്ളി***

1 വെൺമണി ഹരിദാസ് പുരസ്കാരം നേടിയ കഥകളി സംഗീതജ്ഞ ദീപ പാലനാട്.പെരിന്തൽമണ്ണ പാലനാട് ഇല്ലത്തെ കഥകളി സംഗീതജ്ഞൻ ദിവാകരന്റെയും സുധയുടെയും മകളും തെന്നാട്ട് പ്രദീപിന്റെ ഭാര്യയുമാണ്. മലപ്പുറം പോരൂർ എ.യു.പി. സ്കൂൾ അധ്യാപികയാണ്. 2 എം എസ് സി മാത്തമാറ്റിക്സിൽ ആറാം റാങ്ക് ലഭിച്ച ചാത്തമംഗലം ഉപസഭയിലെ കോരമ്പറ്റ നാരായണൻ നമ്പൂതിരിയുടെ മകൾ രേവതി. 3 ദേശീയ തലത്തിൽ എൻ.എക്സ്.പി നടത്തുന്ന സ്മാർട്ട് കാർ ഡിസൈൻ മത്സരത്തിൽ ഫസ്റ്റ് റണ്ണറപ്പ് ആയ കോഴിക്കോട് എൻ.ഐ.ടിയിലെ ബി.ടെക് വിദ്യാർത്ഥിയായ ശരത് പാനാട്. അരീക്കോട് ഉപസഭയിലെ പാനാട്ട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും ഇ.എം. ശോഭയുടെയും പുത്രനാണ്. 4 കേന്ദ്രീയ സംസ്കൃത സർവ്വകലാശാലയിൽ നിന്നും പ്രാക് ശാസ്ത്രി പരീക്ഷയിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ അനർഘ കെ. തലശ്ശേരി പത്തായക്കുന്ന് പഴേടത്തില്ലം രതീശൻ നമ്പൂതിരിയുടെയും രോഷ്നിയുടെയും മകളാണ് മൊബൈൽ 94462 51798. 5 ഇറ്റലിയിലെ വെറോണ സർവ്വകലാശാലയിൽ നിന്ന് ബയോമോളിക്യുലാർ മെഡിസിനിൽ (കാൻസർ ബയോളജി) ഡോക്ടറേറ്റ് നേടിയ നിദുല മുല്ലപ്പിള്ളി. പാലക്കാട് മുല്ലപ്പിള്ളി നാരായണന്റെയും അജിതയുടെയും മകളാണ്. എച്ച്.എസ്.ബി.സി.യിൽ സീനിയർ ഡാറ്റാ എൻജിനീയറായ പാതിരപ്പിള്ളിമന അഖിലാണ് ഭർത്താവ്



കാന്തക്കര പുല്ലൂർ മണ്ണ ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും കൃഷ്ണയുടെയും പുത്രൻ ജിതിൻ നാരായണനും പത്തിരിപ്പാല പുലാച്ചേരി മനയിലെ സുരേഷിന്റേയും പ്രീതയുടേയും പുത്രി ആരതിയും 2021 ജൂലൈ 16 ന് വരന്റെ ഗൃഹത്തിൽ വിവാഹിതരായി.



വെള്ളോർ  വൈക്കത്ത് മന സതീഷ് നാരായണൻ നമ്പൂതിരിയുടെയും അനിതയുടെയും മകൾ കാവ്യശ്രീയും തലയോലപറമ്പ് മനയത്താറ്റ് ഇല്ലാത്ത് നാരായണ നമ്പൂതിരിയുടേയു സൂര്യകലാദേവിയുടെയും മകൻ ഗോകുൽ എൻ നമ്പൂതിരിയും 2021 ജൂൺ 26ന് വരന്റെ ഗൃഹത്തിൽ വച്ച് വിവാഹിതരായി



തൃശൂർ തലപ്പിള്ളി താലൂക്കിൽ കിള്ളിമംഗലം കൊണവൂർ ഇല്ലത്ത് കെ .നന്ദകുമാറിന്റെയും പി. അനുപമയുടെയും മകൻ അജയ്യും കൊല്ലം കരുനാഗപ്പള്ളി താലൂക്കിൽ ചങ്ങൻകുളങ്ങര തെങ്ങനത്ത് മഠത്തിൽ എൻ. ഉണ്ണികൃഷ്ണൻ പോറ്റിയുടെയും ശ്രീലതയുടെയും മകൾ ഗായത്രിയും 2021 ആഗസ്റ്റ് 30 ന് കൊല്ലം വവ്വാക്കാവ് കോസ്മോ കൺവെൻഷൻ സെന്ററിൽ വിവാഹിതരായി



വെള്ളോർ  വൈക്കത്ത് മന സതീഷ് നാരായണൻ നമ്പൂതിരിയുടെയും അനിതയുടെയും മകൾ കാവ്യശ്രീയും തലയോലപറമ്പ് മനയത്താറ്റ് ഇല്ലാത്ത് നാരായണ നമ്പൂതിരിയുടേയു സൂര്യകലാദേവിയുടെയും മകൻ ഗോകുൽ എൻ നമ്പൂതിരിയും 2021 ജൂൺ 26ന് വരന്റെ ഗൃഹത്തിൽ വച്ച് വിവാഹിതരായി



കാന്തക്കര പുല്ലൂർ മണ്ണ ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും കൃഷ്ണയുടെയും പുത്രൻ ജിതിൻ നാരായണനും പത്തിരിപ്പാല പുലാച്ചേരി മനയിലെ സുരേഷിന്റേയും പ്രീതയുടേയും പുത്രി ആരതിയും 2021 ജൂലൈ 16 ന് വരന്റെ ഗൃഹത്തിൽ വിവാഹിതരായി.



വെള്ളോർ  വൈക്കത്ത് മന സതീഷ് നാരായണൻ നമ്പൂതിരിയുടെയും അനിതയുടെയും മകൾ കാവ്യശ്രീയും തലയോലപറമ്പ് മനയത്താറ്റ് ഇല്ലാത്ത് നാരായണ നമ്പൂതിരിയുടേയു സൂര്യകലാദേവിയുടെയും മകൻ ഗോകുൽ എൻ നമ്പൂതിരിയും 2021 ജൂൺ 26ന് വരന്റെ ഗൃഹത്തിൽ വച്ച് വിവാഹിതരായി

Back cover
Mecon Pumbs
Cannur